15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 347 **23-01-2025 - ൽ മറുപടിയ്ക്ക്**

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്

ചോദ്യം		ഉത്തരം	
ശ്രീ. പി. കെ. ബഷീർ		**ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)**	
(എ)	സംസ്ഥാനത്ത് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നത് എന്ന് മുതലാണെന്ന് അറിയിക്കുമോ; ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നിട്ട് വകുപ്പിന്റെ കാര്യശേഷി വർദ്ധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;	(എ)	തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17.07.2020 ലെ സ.ഉ.(കൈ) നം.106/2020/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. 27.10.2022 ലെ സ.ഉ.(പി) നം.74/2022/തസ്വഭവ, 75/2022/തസ്വഭവ ഉത്തരവുകൾ പ്രകാരം വകുപ്പിന്റെ സ്റ്റേറ്റ്/ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. നിലവിലുണ്ടായിരുന്ന അഞ്ചു വകുപ്പുകൾ സംയോജിച്ച് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമായപ്പോൾ വകുപ്പിന്റെ കാര്യശേഷി വർദ്ധിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റേയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക് സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴിയൊരുക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ ഏകീകൃത സംവിധാനം നിലവിൽ വന്നതോടുകൂടി ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ അവരുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സഹായിക്കാൻ ഏകീകരണം കാരണമായിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട വിവിധ ജനക്ഷേമ പ്രവർത്തനങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവ തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തി സംയുക്ത സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനും ദുരന്തനിവാരണം, പകർച്ചവ്യാധി നിവാരണം പോലുള്ള സുപ്രധാന വിഷയങ്ങളിൽ

			കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി കൈകാര്യം ചെയ്യുന്നതിനും ഏകീകരണം സഹായകരമായിട്ടുണ്ട്. വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി വിവിധ വിഭാഗം ജീവനക്കാർക്ക് മുൻപുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി ഗ്രാമ നഗര വ്യത്യാസമില്ലാതെ വിവിധ തലങ്ങളിൽ സ്ഥലംമാറ്റം അനുവദിക്കാൻ സാധിക്കുന്നുണ്ട്. ഇത്തരം സാഹചര്യം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിന് ജീവനക്കാർക്ക് സഹായകമായിട്ടുണ്ട്.
(ബി)	നിലവിൽ വകുപ്പിന് ഫംഗ്ഷണൽ മാനുവൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഫംഗ്ഷണൽ മാനുവൽ പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;	(ബി)	ഇല്ല. ഫംഗ്ഷണൽ മാനുവൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.
(സി)	23.08.2023-തീയതിയിലെ ജി.ഒ.(ആർ.ടി)നം.1722/2023/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിങ് വിഭാഗത്തിന്റെ പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;	(സി)	23.08.2023 ലെ G.O.(Rt) No.1722/2023/LSGD ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.
(ഡി)	പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വെളിപ്പെടുത്തുമോ?	(ഡി)	പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ



തദ്ദേശ സ്വയംഭരണ വകുപ്പ്

എഞ്ചിനീയറിംഗ് വിഭാഗം

സാങ്കേതിക സമിതി പഠന റിപ്പോർട്ട്

(സ.ഉ. (സാധാ) നമ്പർ. 1722/2023/ തസ്വഭവ, തീയതി 23/8/2023)

മേയ് 2024

കൃതജ്ഞത

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക സമിതി പഠനം വിജയകരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ സഹകരണം നൽകിയ ജനപ്രതിനിധികളുടെ സംഘടനകൾ, ജീവനക്കാരുടെ സംഘടനകൾ, കരാറുകാരുടെ സംഘടനകൾ, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് (സി.എം.ഡി), മറ്റ് ജീവനക്കാർ എന്നിവർക്ക് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

സാങ്കേതിക സമിതി

ഉള്ളടക്കം

കൃതജ്ഞത

ഉള്ളടക്കം

1. ആമുഖം 1

2. സാങ്കേതിക സമിതിയും പരിഗണനാവിഷയങ്ങളും 2

3. ശുപാർശയുടെ സംക്ഷിപ്തം 4

4. രീതി ശാസ്ത്രം 11

5. നിലവിലെ സ്ഥിതി 13

6. ജോലിഭാര പഠനം 40

7. സർവീസ് സംഘടനകളുടെയും ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും നിർദേശങ്ങൾ 42

8. വസ്തുതകളും അപഗ്രഥനവും 43

9. ശുപാർശകൾ 80

10. ചെലവുകളും നേട്ടങ്ങളും – വിശകലനം 103

11. ഉപസംഗ്രഹം 107

അനുബന്ധം 1: സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ 109

അനുബന്ധം 2: പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകളുടെ നിലവിലെ ഘടന 119

അനുബന്ധം 3: സിഎംഡിയുടെ ജോലിഭാര പഠന റിപ്പോർട്ട് 127

അനുബന്ധം 4: വിവിധ സംഘടനകളുടെ ജനപ്രധിനിധികളുടെയും ജീവനക്കാരുടെയും കരാറുകാരുടെയും നിർദ്ദേശങ്ങൾ 147

അനുബന്ധം 5: വിവിധ സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ 303

അവലംബം 421

1. ആമുഖം

ഭരണഘടനയുടെ 73, 74 ഭേദഗതിയുടെ ഭാഗമായി, 1994-ൽ സംസ്ഥാനത്ത് പുതിയ മുനിസിപ്പാലിറ്റി ആക്റ്റും പഞ്ചായത്ത് രാജ് ആക്റ്റും നിലവിൽ വന്നു. തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനവും എടുത്തിരുന്നു. വിവിധ വകുപ്പുകളിലെ അധികാരം താഴെത്തട്ടിലേക്ക് കൈമാറ്റം ചെയ്യുകയായിരുന്നെങ്കിലും ത്രിതലപഞ്ചായത്തുകളിലെയും നഗരസഭകളിലെയും സാങ്കേതിക പ്രവർത്തനത്തിന് ഒരു കേഡർ സംവിധാനം ഇല്ലായിരുന്നു. 13-11-2007-ലെ ജി.ഒ.(എം. എസ്) 253/07/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ കേഡർ സംസ്ഥാനത്തു രൂപീകരിക്കുകയും വകുപ്പിന്റെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുകയും ചെയ്തു.

തുടർന്ന് പൊതുമരാമത്ത്, ജലവിഭവം എന്നീ സാങ്കേതിക വകുപ്പുകളിൽ നിന്നു മുള്ള നിശ്ചിത എണ്ണം ജീവനക്കാരെ ഓപ്ഷൻ അടിസ്ഥാനത്തിലും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ദാരിദ്യ നിർമ്മാർജ്ജന വിഭാഗം, റൂറൽ ഡവലപ്പ് മെന്റ് ബോർഡ് എന്നിവിടങ്ങളിൽ നിലവിലുണ്ടായിരുന്ന സാങ്കേതിക വിഭാഗം ജീവന ക്കാരെ നേരിട്ടും ഉൾപ്പെടുത്തിയാണ് എഞ്ചിനിയറിംഗ് കേഡർ രൂപീകരിച്ചത്. പുതി യതായി സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർ പബ്ളിക് സർവ്വീസ് കമ്മീഷൻ വഴി തിരഞ്ഞെടുക്കപ്പെട്ടവരാണ്. കേരളത്തിലെ ത്രിതലപഞ്ചായത്തുകളിലേയും നഗരസ ഭകളിലേയും എഞ്ചിനിയറിംഗ് വിഭാഗവും, മേഖലാതലങ്ങളിലെ സൂപ്രണ്ടിങ് എഞ്ചി നീയറുടെ ഓഫീസും, സംസ്ഥാനതലത്തിലെ ചീഫ് എഞ്ചിനീയറുടെ ഓഫീസും പുതിയതായി രൂപീകരിച്ച എഞ്ചിനിയറിംഗ് കേഡറിൽ ഉൾപ്പെടുന്നു.

സ.ഉ.(കൈ) നം. 106/2020/തസ്വഭവ, തീയതി 17.07.2020 ഉത്തരവിന്റെ അടി സ്ഥാനത്തിൽ 5 വകുപ്പുകൾ കൂട്ടിയോജിപ്പിച്ച് ഏകീകൃത പൊതു സർവീസ് രൂപീകരി ക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിങ് വിഭാഗം നേരിടുന്ന ഭരണപരവും വ്യവസ്ഥാപിതവും സാങ്കേതികവുമായ വിവിധ പ്രശ്നങ്ങൾ വകുപ്പിന്റെ പ്രൊഫഷണൽ സ്വഭാവത്തെ മോശമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധ യിൽപ്പെടുകയുണ്ടായി. ഇത്തരം പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് ഏകീകൃത വകു പ്പിലെ എഞ്ചിനീയറിങ് വിഭാഗത്തിനെ നവീന സാങ്കേതിക നൈപുണ്യത്തോടെ സജ്ജരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും ആവശ്യമായ ശുപാർശകൾ തയ്യാ റാക്കുന്നതിന് സ.ഉ.(സാധാ)നം.1722/2023/തസ്വഭവ,തീയതി. 23.08.2023 പ്രകാരം ശ്രീ. സുന്ദരൻ കെ., റിട്ട. ചീഫ് എഞ്ചിനീയർ, (പൊതുമരാമത്ത്) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തുന്നതിന് ഉത്തരവായി.

2. സാങ്കേതിക സമിതിയും പരിഗണനാവിഷയങ്ങളും

എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഭരണപരവും വ്യവസ്ഥാനുസാരമായതും സാങ്കേതികവുമായ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് ഈ വിഭാഗത്തിനെ ആധുനിക സാങ്കേതിക നൈപുണ്യത്തോടെ പ്രവർത്തിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ നിർദ്ദേശിക്കുന്നതിനായി സ.ഉ.(സാധാ)നം.1722/2023/തസ്വഭവ, തീയതി 23.08.2023 പ്രകാരം ശ്രീ.സുന്ദരൻ കെ., റിട്ട. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ചെയർമാനായി ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സാങ്കേതിക സമിതി രൂപീകരിച്ച് പഠനം നടത്തുന്നതിന് ഉത്തരവായി.

1. ശ്രീ. സുന്ദരൻ കെ, റിട്ട. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ചെയർമാൻ)
2. ശ്രീ. അൻവർ ഹുസൈൻ, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ (മെമ്പർ)
3. ഡോ. ശൈലജ നായർ, റിട്ട. പ്രൊഫസർ, എഞ്ചിനീയറിംഗ് കോളേജ് (മെമ്പർ)
4. ശ്രീ. പദ്മകുമാർ ആർ.ഡി, റിട്ട. ജനറൽ മാനേജർ, HUDCO (മെമ്പർ)
5. ഡോ. ബിനോയ് ജെ. കാറ്റാടിയിൽ, ഡയറക്ടർ, CMD (മെമ്പർ)
6. ശ്രീ. സന്ദീപ് കെ. ജി., ചീഫ് എഞ്ചിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യൂ (കൺവീനർ)
7. ശ്രീമതി. ബീന എ.,ഡെപ്യൂട്ടീ ചീഫ് എഞ്ചിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യൂ (ജോയിന്റ് കൺവീനർ)

2.1 പരിഗണനാവിഷയങ്ങൾ

എൽ.ഐ.ഡി & ഇ.ഡബ്ല്യൂ എഞ്ചിനീയർമാരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങളെയും വർത്തമാനകാല സാഹചര്യത്തിൽ കൈക്കൊള്ളേണ്ട നടപടികളെയും സംബന്ധിച്ച് പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ഈ സാങ്കേതിക സമിതി രൂപീകരിച്ചിട്ടുള്ളത്. ചുവടെ പറയുന്ന 9 പോയിന്റുകളെ അടിസ്ഥാനമാക്കി റിപ്പോർട്ട് സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

i) സമയക്രമം പാലിച്ച് ഡി.പി.ആർ തയ്യാറാക്കലും സാങ്കേതികാനുമതി നൽകലും കാര്യക്ഷമമാക്കൽ. പദ്ധതി രൂപീകരണം, സാങ്കേതിക വിശകലനം, ഡി.പി. ആർ തയ്യാറാക്കൽ, പ്രവർത്തനമാനദണ്ഡം നിശ്ചയിക്കൽ തുടങ്ങിയ മേഖലകളിൽ സാങ്കേതിക പരിഹാരങ്ങൾ നിർണ്ണയിക്കുന്നതിൽ, സാങ്കേതിക വിഭാഗം ജീവനക്കാരുടെ ചുമതല. പരിമിതമായ സാഹചര്യങ്ങളിൽ നൂതന ആശയങ്ങൾ ഉൾപ്പെടുത്തി ബൃഹത്തായ പദ്ധതികളുടെ രൂപീകരണത്തിൽ സാങ്കേതിക വിഭാഗത്തിന്റെ പങ്ക്.

ii) സാങ്കേതിക വിഭാഗത്തിന്റെ മെച്ചപ്പെട്ട പ്രവർത്തനക്ഷമത - സംവിധാനത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുക.

iii) എഞ്ചിനീയറിംഗ് വിഭാഗത്തിലെ നിലവിലെ സ്ഥിതിക്ക് അനുസരിച്ച് മാന്വ വൽ പരിഷ്കരിക്കൽ, ചെറിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നേരിടുന്ന വെല്ലുവിളികൾ ഉൾക്കൊള്ളുന്നതിനായി PRICE-3 സോഫ്റ്റ് വെയറിൽ വരുത്തേണ്ട മാറ്റങ്ങൾ ഉൾപ്പെടെ പ്രാദേശിക നിർമ്മിതികളിൽ നേരിടുന്ന വെല്ലുവിളികൾ.

iv) ഭരണ / സാങ്കേതിക വിഭാഗങ്ങൾ പ്രത്യേകിച്ച് സെക്രട്ടറി / എഞ്ചിനീയറിംഗ് ജീവനക്കാരുടെ ചുമതലകൾ സംബന്ധിച്ച് വ്യക്തത - ഏൽപ്പിക്കേണ്ട ചുമതലകളും ഉത്തരവാദിത്തങ്ങളും - ഭരണസമിതിയും അംഗങ്ങളുമായുള്ള ബന്ധം.

v) ഏകീകൃത തദ്ദേശസ്വയംഭരണ സംവിധാനം നിലവിൽ വന്നതിനു ശേഷം സാങ്കേതികവും ഭരണപരവുമായ കാര്യങ്ങളുടെ നിയന്ത്രണം സംബന്ധിച്ച്.

vi) ഗുണനിലവാരനിയന്ത്രണം - നിലവിലുള്ള സംവിധാനങ്ങളിലെ വെല്ലുവിളി കൾ, സർട്ടിഫൈഡ് കൺസ്ട്രക്ഷൻ പ്രൊഫഷണലുകളെ (CCPs) ഉൾപ്പെ ടുത്തിയും, നൂതന സാങ്കേതികവിദ്യകളും സംവിധാനങ്ങളും ഉൾപ്പെടുത്തി ഗുണമേന്മ പരിശോധന നടത്തുന്നതിനുള്ള സാധ്യത.

vii) മാലിന്യ സംസ്കരണം - സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ചുമതലകൾ - മാലിന്യ സംസ്കരണം ആരോഗ്യവിഭാഗം ജീവനക്കാരുടെ മാത്രം ചുമതലയായി കാണാതെ നിലവിലെ സംവിധാനം പ്രയോജനപ്പെടുത്തി കാര്യക്ഷമമായി ഏതെല്ലാം രീതിയിൽ ഇടപെടാം.

viii) ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സേവനമില്ലാത്തതിനാൽ ഇലക്ട്രിക്കൽ പ്രവൃ ത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് വലിയ പോരായ്മയാണ്. ഇത്തരം കാലതാമസം മറികടക്കാനുള്ള വഴികൾ എന്തെല്ലാം?

ix) ജൽജീവൻ മിഷൻ, ദുരന്തനിവാരണം, പ്രാദേശിക കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ ജലം ഉൾപ്പടെയുള്ള പ്രകൃതി വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗ ത്തിന്റെ സാങ്കേതിക സഹായം ആവശ്യമാണ്. ആയത് എങ്ങനെ ഉറപ്പാക്കാം എന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ.

മേൽപറഞ്ഞ വിഷയങ്ങളിൽ സംഘടനകളും വ്യക്തികളും ജനപ്രതിനിധികളുമായി നടന്ന ചർച്ചകളും CMD യുടെ ജോലിഭാര പഠന റിപ്പോർട്ടും വിശദമായി പരിഗണി ച്ചാണ് കമ്മിറ്റി ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത് .

3. ശുപാർശയുടെ സംക്ഷിപ്തം

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് എണ്ണം പരിമിതമായതിനാൽ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ജോലിഭാരം കുറയ്ക്കുന്നതിനും ആവശ്യമായ ജീവനക്കാരെ പുതിയതായി നിയമിക്കുകയോ മറ്റു വകുപ്പുകളിൽ അധികമായി നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുകയോ ചെയ്യാവുന്നതാണ്.
2. വകുപ്പ് വിട്ടുപോകുന്ന എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അസ്വാഭാവികമായ എണ്ണത്തിലുള്ള വർദ്ധനവ് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അസാധാരണവും അനാരോഗ്യകരവുമായ പ്രവർത്തന സാഹചര്യത്തിന്റെ നേർക്കാഴ്ചയാണ്. അമിതമായ ജോലിഭാരം കുറയ്ക്കുക, അനാവശ്യ സാമൂഹിക രാഷ്ട്രീയ സമ്മർദ്ദങ്ങൾക്ക് വിധേയരാകാനിടവരാത്തവിധം സംവിധാനം മെച്ചപ്പെടുത്തുക (system improvement), സമാനമായ ഇതര വകുപ്പുകളിൽ ലഭ്യമാകുന്നതിന് ആനുപാതികമായി പ്രൊമോഷൻ സാധ്യതകൾ സൃഷ്ടിക്കുക, മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം വാഹനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, സാങ്കേതികേതര ചുമതലകൾ നൽകുന്നതിൽ നിന്നും ഒഴിവാക്കുക തുടങ്ങിയ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാവുന്നതാണ്.
3. ജില്ലാതലത്തിൽ നിലവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സംവിധാനമില്ല. ഇതു പരിഹരിക്കുന്നതിനായി ജില്ലാ തലത്തിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഓഫീസ് സംവിധാനം ഏർപെടുത്താവുന്നതാണ്. മാലിന്യ-ശുചിത്വ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കുന്നതിനും പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും, Special design ആവശ്യമായ നിരവധി പദ്ധതികൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ design തയ്യാറാക്കി നൽകുന്നതിനും പ്ലാൻ ഫണ്ടിൽ വരാത്തതും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക പരിധിക്കു പുറത്ത് അടങ്കൽ തുക വരുന്നതുമായ ഗ്രാമപഞ്ചായത്തുകളുടെ major projects/ special projects ന്റെ നിർവ്വഹണത്തിനും, electrical, mechanical പ്രവൃത്തികൾ മേൽനോട്ട നിർവ്വഹണത്തിനും സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്. ശുപാർശ ചെയ്യുന്ന ഘടന ഖണ്ഡിക 9.2 ൽ നൽകിയിട്ടുണ്ട്
4. സംസ്ഥാനതലത്തിൽ ആവശ്യമായ മേൽനോട്ടം/ഏകോപനം നിർവ്വഹിക്കുന്നതിനായി സംവിധാനം ഉണ്ടാകേണ്ടതാണ്. Structural, Geotechnical, Transportation എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള senior design എഞ്ചിനീയർമാരുടെ സേവനം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉപയോഗപ്പെടുത്താവുന്നതാണ്. Design, environmental, monitoring &

evaluation മുതലായ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിനാവശ്യമായ ജീവനക്കാരെ കൂടി ഉൾപ്പെടുത്തി ചീഫ് എഞ്ചിനീയറുടെ ഓഫീസ് സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്. സാങ്കേതിക കാര്യങ്ങളിലുള്ള വിജിലൻസ് പരാതി സംബന്ധമായ ഫയലുകൾ അന്വേഷിക്കുന്നതിനും, റിപ്പോർട്ട് ഗവൺമെന്റിലേക്ക് നൽകുന്നതിനും ചീഫ് എൻജിനീയറെ ചുമതലപ്പെടുത്താവുന്നതാണ്.

5. എല്ലാ ഗ്രാമപഞ്ചായത്തിലും ഒരു ക്ലർക്ക്, കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഒരു ബിൽഡിംഗ് ഇൻസ്പെക്ടർ (FGO) എന്നീ തസ്തികകൾ അത്യാവശ്യമാണ്. 300 ച.മീ വിസ്തീർണം വരെയുള്ള പ്ലാനുകൾ ബിൽഡിംഗ് ഇൻസ്പെക്ടർ നോക്കിയതിനുശേഷം നേരിട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകാവുതാണ്. 300 ച.മീ വിസ്തീർണത്തിനു മുകളിലുള്ളത് ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പരിശോധനയ്ക്കുശേഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകാവുന്നതാണ്.

6. ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രവൃത്തികളുടെ മേൽനോട്ടത്തിനു ഒരു TGO യുടെ സേവനം ആവശ്യമാണ്. മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ ഘടന ഏകീകരിക്കുന്നത് ഉചിതമായിരിക്കും.

7. എല്ലാ തലങ്ങളിലും ഉള്ള എഞ്ചിനീയറിങ് വിഭാഗത്തിന് ആവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം ഉറപ്പാക്കേണ്ടതാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് നിയമിക്കപ്പെടുന്ന മിനിസ്റ്റീരിയൽ വിഭാഗം ജിവനക്കാർ കേരള PW Account Code, കേരള PW Department Code എന്നിവ പാസ്സായവർ ആയിരിക്കേണ്ടതാണ്. വിവിധ തലങ്ങളിൽ ആവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്താവുന്നതായി കാണുന്നു. എഞ്ചിനീയറിംഗ് വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർക്ക് 1985 ലെ Pay Revision പ്രകാരമുള്ള Staff Pattern / Cadre Strength കൊണ്ടു വരുന്നത് ഉചിതമായിരിക്കും. ശുപാർശ ചെയ്യുന്ന ഘടന ഖണ്ഡിക 9.2 ൽ നൽകിയിട്ടുണ്ട്. അധിക ചെലവുകളും നേട്ടങ്ങളും അദ്ധ്യായം 10-ൽ നൽകിയിട്ടുണ്ട്.

8. എഞ്ചിനീയറിംഗ് വിഭാഗം മേധാവി തദ്ദേശ സ്ഥാപന അദ്ധ്യക്ഷൻ മുമ്പാകെയും, ഇതര ജീവനക്കാർ എഞ്ചിനീയറിംഗ് വിഭാഗം മേധാവി മുമ്പാകെയും റിപ്പോർട്ട് ചെയ്യുന്നത് നന്നായിരിക്കും. ജീവനക്കാരുടെ ഹാജർ/വിടുതൽ/ ചാർജ്ജ് എടുക്കൽ വിശദാംശങ്ങൾ തദ്ദേശ സ്ഥാപന അദ്ധ്യക്ഷനെ അറിയിക്കേണ്ടതാണ്. ഇതര വകുപ്പുകളിൽ നിന്നുള്ള നിർദ്ദേശങ്ങളും ചുമതലകളും ചീഫ് എഞ്ചിനീയർ മുഖേന നൽകാവുന്നതാണ്

9. സാങ്കേതിക വിഭാഗം മേലുദ്യോഗസ്ഥർക്ക് കീഴുദ്യോഗസ്ഥരുടെ മേൽ ഭരണപരമായ നിയന്ത്രണം, സാങ്കേതിക ചുമതലകൾ ശരിയായ രീതിയിൽ നിർവ്വഹിക്കാൻ പര്യാപ്തമാക്കുന്നതാണ്

10. ഏകീകരണത്തെ തുടർന്ന് രൂപീകരിച്ച ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ സാങ്കേതിക റിപ്പോർട്ടുകളും മറ്റും തയ്യാറാക്കുന്നതിന് സാങ്കേതിക വിഭാഗം ജീവനക്കാരുടെ പങ്കാളിത്തം ആവശ്യമാണ്.

11. പുതുതായി സർവീസിൽ പ്രവേശിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കും ശമ്പളത്തോടെ മൂന്നുമാസത്തെ ട്രെയിനിങ് നൽകിയതിന് ശേഷം മാത്രമേ നിയമനം നൽകാവു.

12. പൊതുമരാമത്ത് വകുപ്പിനുവേണ്ടി തയ്യാറാക്കിയ PWD manual, പദ്ധതി മാർഗ്ഗരേഖകൾ, സോഫ്റ്റ് വെയറുകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി ഇവയിൽനിന്ന് വ്യത്യസ്തമായി പല ചട്ടങ്ങളും മാർഗ്ഗരേഖകളും പ്രത്യേകമായി ഇറക്കിയിട്ടുണ്ട്. ആയതിനാൽ പൊതുമരാമത്ത് വകുപ്പ് ചട്ടങ്ങളിലും മാർഗ്ഗരേഖകളിലും പറഞ്ഞതിൽനിന്നും വ്യത്യസ്തമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പിന് മാത്രമായി പ്രത്യേക കൈപ്പുസ്തകം (handbook) തയ്യാറാക്കേണ്ടതുണ്ട്.

13. ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള പദ്ധതി അംഗീകാരത്തിന് ജില്ലാതല ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കുമ്പോൾ പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, Rough cost estimate, നിർവ്വഹണ രീതി മുതലായ അടിസ്ഥാന ഭാഗങ്ങൾ മാത്രം രേഖപ്പെടുത്തി അനുമതി വാങ്ങുന്നതിനുള്ള ക്രമീകരണങ്ങൾ പ്ലാനിംഗ് സോഫ്റ്റ്വെയറിൽ ഏർപ്പെടുത്തേണ്ടതാണ്.

14. സാമ്പത്തിക വർഷത്തിന്റെ തുടക്ക മാസങ്ങളിൽ തന്നെ നിർവഹണം നടത്തേണ്ടുന്ന സ്കൂൾ, അങ്കണവാടി അറ്റകുറ്റപ്പണികൾ പോലെയുള്ള പ്രവൃത്തികൾ, ജലസേചന പ്രവൃത്തികൾ, അടിയന്തിര പ്രാധാന്യമുള്ള മറ്റു പ്രവൃത്തികൾ എന്നിവ ബഹുവർഷ പദ്ധതികളായി തലേവർഷം തന്നെ ഏറ്റെടുത്ത് ഏപ്രിൽ, മേയ് മാസങ്ങളിൽ തന്നെ നിർവ്വഹണം പൂർത്തിയാക്കാവുന്നതാണ്.

15. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിലെ സമാന സ്വഭാവമുള്ള പ്രവൃത്തികൾ ഒരുമിപ്പിച്ച് പ്രോജക്ട് തയ്യാറാക്കുന്നത് പ്രവൃത്തികളുടെ എണ്ണം കുറയ്ക്കുന്നതിന് സഹായകരമാകും.

16. ഇതര സാങ്കേതിക വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പദ്ധതി മാർഗ്ഗരേഖ മുഖേന എഞ്ചിനീയർമാർക്ക് സാങ്കേതിക അധികാരപരിധി വർദ്ധിപ്പിക്കുന്നത് പുനഃപരിശോധിക്കാവുന്നതാണ്.

17. ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമാണ അപേക്ഷ/ റെഗുലറൈസേഷൻ അപേക്ഷകൾ പരിശോധിക്കുന്നതിന് നിർബ്ബന്ധമായി ഒരു ഗ്രേഡ്-1

ഓവർസിയർ തസ്തിക ആവശ്യമാണ്. ടി തസ്തികയുടെ പേര് സബ് എഞ്ചിനീയർ എന്ന് മാറ്റം വരുത്തുന്നതിന് 11- ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ (7.56.D.(i)) ചെയ്തിട്ടുണ്ട്. ആയതിനാൽ വകുപ്പിലെ ഗ്രേഡ്-1 ഓവർസിയർമാരുടെ തസ്തിക നാമകരണം സബ് എഞ്ചിനീയർ എന്നാക്കി മാറ്റുന്നത് ഉചിതമാകുന്നതാണ്.

18. ഇതര വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് വാല്യുവേഷനുകൾ യൂണിറ്റ് കോസ്റ്റ് അടിസ്ഥാനത്തിൽ അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ തന്നെ നൽകുന്നതായിരിക്കും ഉചിതം. പദ്ധതി പ്രവർത്തനങ്ങൾക്കുപരിയായി ആവശ്യപ്പെടുന്ന valuation / സേവനങ്ങൾക്ക് PWD Manual പ്രകാരമുള്ള സെന്റേജ് ചാർജ്ജ് ഈടാക്കി നൽകുന്നത് നന്നായിരിക്കും

19. കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൂടുതൽ ജനകീയമാക്കുകയും പെർമിറ്റ് / ഒക്യുപ്പൻസി നിരസിക്കപ്പെടുന്ന അപേക്ഷകർക്ക് അപ്പീൽ സംവിധാനം ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും.

20. ടെണ്ടർ സംബന്ധമായ കാര്യങ്ങൾക്കു PWD മാന്വലും PRICE 3 പ്രകാരമുള്ള Standard bid document(SBD) ഉം ബാധകമാക്കേണ്ടതാണ്. എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട IKM ന്റെ വിവിധ Software കൾ തമ്മിൽ ബന്ധിപ്പിക്കേണ്ടതാണ്. NIC യുടെ Software കളായ PRICE 3 ഉം e-tender ഉം തമ്മിൽ ബന്ധിപ്പിക്കേണ്ടതാണ്. പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് PRICE 3 യിൽ generate ആകുന്ന മുറയ്ക്ക് R-track ൽ asset ന്റെ അപ്ഡേഷനും തനിയെ നടക്കുംവിധം സോഫ്റ്റ് വെയറുകളിൽ വേണ്ട മാറ്റം വരുത്താവുന്നതാണ്. കൂടാതെ ബിൽ തുക ഓൺലൈൻ ആയി നൽകാനുള്ള ക്രമീകരണങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താവുന്നതാണ്.

21. മേലുദ്യോഗസ്ഥർക്ക് അവരുടെ തലങ്ങളിൽ അവലോകനം നടത്തുന്നതിനാവശ്യമായ ക്രോഡീകരിച്ച വിവരങ്ങൾ നിലവിലുള്ള സോഫ്റ്റ് വെയറുകളിൽ നിന്നും ലഭ്യമാകുന്നില്ല. അതിനുള്ള സംവിധാനം തദ്ദേശ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന എല്ലാ software കളിലും ഉറപ്പുവരുത്തേണ്ടതാണ്

22. എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹന ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

23. സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് നൽകുന്നതിനുള്ള സൂപ്പർവിഷൻ ഫീസ് സംബന്ധിച്ച പരാതികൾ ജീവനക്കാരുടെ വളരെയധികം സമയം നഷ്ടപ്പെടുത്തുന്നതിനാൽ കൃത്യമായ നിർദ്ദേശവും നിയന്ത്രണവും സർക്കാർ തലത്തിൽ നൽകേണ്ടതാണ്.

24. സമയബന്ധിതമായ പദ്ധതി നിർവ്വഹണത്തിന് വിവിധ വകുപ്പുകൾ / കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന് ലഭിക്കേണ്ടതായ രേഖകൾ (ഉദാ. SC/ST feasibility certificate, GWD യുടെ

Yield Certificate, കൃഷി വകുപ്പിന്റെ ayacut certificate തുടങ്ങിയവ) യഥാസമയം നൽകുവാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകാവുന്നതാണ്.

25. സ്വകാര്യഭൂമിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുൻപായി രജിസ്ട്രേഷൻ മുഖേന ആർജ്ജിച്ച ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

26. ചെറിയ മരാമത്തു പ്രവൃത്തികളുടെ ഗുണമേന്മയും നിലവാരവും ഉറപ്പുവരുത്തുന്നതിലേക്കായി കരാറുകാർക്ക് Certified Construction Professional (CCP) യുടെ സേവനം ഉപയോഗപ്പെടുത്താൻ നിർദ്ദേശം നൽകേണ്ടതുണ്ട്. പരിചയ സമ്പന്നരായ സാങ്കേതികയോഗ്യതയുള്ളവരെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ Certified Construction Professional ആയി എംപാനൽ ചെയ്യാവുന്നതാണ്.

27. മാലിന്യ സംസ്കരണ പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിന് മുൻപായിത്തന്നെ മാലിന്യ സംസ്കരണത്തിന്റെ നവീന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിശീലന പരിപാടികൾ ജീവനക്കാർക്ക് നൽകേണ്ടതാണ്

28. ജൽജീവൻ പദ്ധതികളുടെ തുടർ പരിപാലനവും മേൽനോട്ടവും മികച്ച സാങ്കേതിക പരിജ്ഞാനമുള്ള കേരള വാട്ടർ അതോറിറ്റി മുഖേന നടത്തുന്നതാണ് ഉചിതം.

29. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള മാപ്പുകൾ രക്ഷാപ്രവർത്തനങ്ങൾ, ഷെൽട്ടറുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ജില്ലാതല ദുരന്തനിവാരണ അതോറിറ്റിക്കും തദ്ദേശസ്ഥാപനങ്ങൾക്കും ദുരന്തമുഖത്ത് ഏറ്റവും പ്രഥമ സ്ഥാനീയരെന്നതിനാൽ ജനപ്രതിനിധികൾക്കും ലഭ്യമാക്കേണ്ടതുണ്ട്.

30. പ്രവൃത്തികളുടെ അളവുകളും ഗുണനിലവാരവും ഉറപ്പുവരുത്താൻ കരാറുകാരെ നിർബന്ധിതരാക്കുന്നതിന് അളവുകളുടെയും ഗുണനിലവാരത്തിന്റെയും പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനിൽ തന്നെ നിക്ഷിപ്തമാക്കുന്നതിന് നടപടി ഉണ്ടാകുന്നത് ഉചിതമായിരിക്കും

31. നിലവിലുള്ള അണുകുടുംബ വ്യവസ്ഥയിൽ കുടംബത്തിന്റെ സംരക്ഷണം പ്രാധാന്യമർഹിക്കുന്ന കാലമാണ്. ആയതിനാൽ കഴിവതും സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് മാത്രം സ്ഥലം മാറ്റം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

32. ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ സ്ഥലംമാറ്റം, പ്രമോഷൻ എന്നീ കാരണങ്ങളാൽ ചാർജ്ജ് കൈമാറാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. തൊട്ടടുത്ത ഗ്രാമപഞ്ചായത്തിലെ

അസിസ്റ്റന്റ് എഞ്ചിനീയർമാർ മറ്റു പഞ്ചായത്തുകളുടെ അധിക ചുമതല ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നത് ജോലി ചെയ്യുന്ന പഞ്ചായത്തിലെ അമിതജോലിഭാരം മൂലമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്തിലെ മുതിർന്ന ഓവർസീയർമാർക്ക് ചുമതല കൈമാറാറുണ്ട്. നിർവ്വഹണം നടത്തുമ്പോൾ ഉണ്ടാകുന്ന അപ്രതീക്ഷിതമായ വിജിലൻസ് പരാതികൾ അടക്കം ഭയക്കുന്നത്കൊണ്ട് ഓവർസീയർമാർ പലരും അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതല എടുക്കുന്നതിന് വിമുഖത കാണിക്കാറുണ്ട്. ഇങ്ങനെ വരുമ്പോൾ നിർവ്വഹണ അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാകുന്നതുകൊണ്ട് ചില സെക്രട്ടറിമാരെങ്കിലും നിർവ്വഹണം നടത്തുന്നതിന് തയ്യാറാകില്ല. ചെക്ക് മെഷർമെന്റ് ചെയ്യുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പലപ്പോഴും ബുദ്ധിമുട്ട് റിപ്പോർട്ട് ചെയ്യാറുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർമാർ/ ഓവർസീയർ എന്നിവരുടെ ഒഴിവ് വരുമ്പോൾ എംപ്ലോയ്മെന്റ് മുഖാന്തിരം നിയമിക്കുന്ന രീതി ഉണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിലെ പ്രവൃത്തി സംബന്ധിച്ച് താരതമ്യേന പരിചയക്കുറവുള്ളവരെയാണ് ലഭ്യമാക്കാറുള്ളത്. ഈ പരിചയക്കുറവ് ഉദ്ദേശിച്ച ഫലം നൽകിയിരുന്നില്ല.

പി.എസ്.സി വഴി വകുപ്പിൽ ചേർന്ന ശേഷം 92 ഓളം അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉടൻ തന്നെ ജോലി ഉപേക്ഷിച്ച് മറ്റ് വകുപ്പുകളിലേക്ക് പോവുകയുണ്ടായി. അത്രയും പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അഭാവം പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചതായി ചർച്ചകളിൽ നിന്നും മനസ്സിലാക്കുകയുണ്ടായി.

ഇത്തരം സന്ദർഭങ്ങളിൽ, വിരമിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിൽ എംപാനൽ ചെയ്തവരെ നിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ മുമ്പ് ഉണ്ടായിരുന്നതായി അറിയുന്നു. ഈ എഞ്ചിനീയർമാരെ കെ.എസ്.ആർ റൂൾ 100 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുനർനിയമനം നടത്താവുന്നതാണ്.

1. വിരമിക്കുമ്പോൾ വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ തുക കഴിച്ചുള്ള തുകയോ 40,000/ രൂപയോ ഏതാണ് കുറവ് എന്നത് കണക്കാക്കി അത് നൽകാവുന്നതാണ്. (ഈ തുക യുക്തിസഹമായി സർക്കാർ തലത്തിൽ തീരുമാനിക്കാവുന്നതാണ്.) ഓവർസീയർ തലത്തിൽ സീനിയോരിറ്റി മുതലായ തർക്കങ്ങൾ കാരണം പ്രൊമോഷൻ യഥാസമയം നടക്കാതെ വരുമ്പോഴും പി.എസ്.സി ലിസ്റ്റിന്റെ കാലാവധി കഴിയുമ്പോഴും ഓവർസീയർമാരുടെ ഒഴിവുകൾ നികത്താൻ കഴിയാറില്ല. ഇത്തരം സന്ദർഭങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മാതൃകയിൽ എംപാനൽ ചെയ്ത് വിരമിച്ച ഓവർസീയർമാരെ പുനർനിയമന വ്യവസ്ഥയിൽ നിയോഗിക്കാവുന്നതാണ്.

2. ഇടുക്കി, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിലും പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വിദൂരപ്രദേശങ്ങളിലുമുള്ള ഗ്രാമപഞ്ചായത്തുകളിൽ/ മുനിസിപ്പാലിറ്റികളിൽ ഓവർസീയർമാരുടെ അഭാവം ഉണ്ടാകാറുണ്ട്. മിക്കവാറും ഗ്രാമപഞ്ചായത്തുകളിൽ ഗ്രേഡ് 3 ഓവർസീയർമാരുടെ തസ്തികകൾ ഉണ്ട്. സംസ്ഥാനതലത്തിൽ പി.എസ്.സി വഴി ഗ്രേഡ് 3 ഓവർസീയർമാരുടെ നിയമനം നടത്തുമ്പോൾ റാങ്ക് ലിസ്റ്റിൽ മുന്നിൽ വരുന്നത് കൂടുതലും തെക്കൻ ജില്ലകളിൽ നിന്നാണ്. ഇതിൽ തന്നെ ഭൂരിഭാഗവും സ്ത്രീകളാണ്. ഇവരിൽ നിന്നും മേൽപ്പറഞ്ഞ ജില്ലകളിൽ നിയമനം നടത്തുമ്പോൾ പലരും നിയമനം സ്വീകരിക്കുവാൻ മടി കാണിക്കുന്നുണ്ട്. അഥവാ സ്വീകരിച്ചാൽ തന്നെ കുടുംബപരമായ കാര്യങ്ങളും മറ്റും കണക്കിലെടുത്ത് തങ്ങളുടേതായ ജില്ലകളിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെടുകയും ഒഴിവ് വരുന്ന മുറയ്ക്കോ compassionate groundലോ സ്ഥലം മാറ്റം നൽകുകയും ചെയ്യാറുണ്ട്. അതാത് ജില്ലയിലുള്ളവർക്ക് നിയമനം നൽകുകയാണെങ്കിൽ മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് കരുതുന്നു. ഗ്രേഡ് 3 ഓവർസീയർമാരുടെ പി.എസ്.സി വഴിയുള്ള നിയമനവും ക്ലാർക്കുമാരുടേതിനു സമാനമായി ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്നത് ഉചിതമായിരിക്കും.

3. ജീവനക്കാരുമായുള്ള ചർച്ചയിൽ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ് എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളിലും മാലിന്യ സംസ്കരണം, ജലവിതരണം, ജലസേചനം തുടങ്ങിയവ സംബന്ധിച്ച പ്രവൃത്തികളിലും ജില്ലാതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എഞ്ചിനീയർമാർക്കും വിദഗ്ദ്ധ ഉപദേശം നൽകുന്നതിനായി മേൽവിഷയങ്ങളിൽ പരിചയ സമ്പന്നരായ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ദ്ധസമിതി രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

4. രീതി ശാസ്ത്രം

റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിവരശേഖരണത്തിനായി വിവിധ സർവ്വീസ് സംഘടനകളെയും ത്രിതല പഞ്ചായത്ത് /നഗരസഭ അധ്യക്ഷന്മാരുടെ സംഘടനകളേയും കരാറുകാരുടെ സംഘടനകളേയും നേരിൽ കേൾക്കുവാനും ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചശേഷം, ജോലി ഉപേക്ഷിച്ച് പോയവരെ ഓൺലൈനായി കേൾക്കുന്നതിനും തീരുമാനിച്ചു. ജീവനക്കാരുടെ ജോലി ഭാരം സംബന്ധിച്ച പഠനം Centre for Management Development (CMD) മുഖേന നടത്തുന്നതിന് തീരുമാനിച്ചു. തീരദേശ മേഖല, നഗരമേഖല, മലയോരമേഖല എന്നിങ്ങനെ വ്യത്യസ്ത ഭൂമി ശാസ്ത്രവും, ജനസാന്ദ്രതയും പ്രവൃത്തികളുടെ ആധിക്യവും കുറവും, നഗരസ്വഭാവവും പരിഗണിച്ചാണ് വിവരശേഖരണത്തിനായി തദ്ദേശസ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുള്ളത്. വകുപ്പിലെ വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥർ നിർവ്വഹിച്ച ജോലികളും ജോലി ഭാരവും സംബന്ധിച്ച വിവരശേഖരണത്തിനായി ഉചിതമായ പ്രൊഫോർമയും ചോദ്യാവലിയും തയ്യാറാക്കി. പ്രാതിനിധ്യ സ്വഭാവമുള്ള 2 ബ്ലോക്ക് പഞ്ചായത്തുകൾ, 2 ജില്ലാ പഞ്ചായത്തുകൾ, 7 ഗ്രാമ പഞ്ചായത്തുകൾ, 3 മുനിസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നീ സ്ഥലങ്ങളിൽ Centre for Management Development (CMD)യുടെ നേതൃത്വത്തിൽ സ്ഥാപനതല പരിശോധന നേരിൽ നടത്തി. പ്രസ്തുത കാലയളവിൽ വകുപ്പിലെ എല്ലാ സാങ്കേതിക സാങ്കേതികേതര ഉദ്യോഗസ്ഥരുടെയും ഏകദേശ ജോലിഭാരം തിട്ടപ്പെടുത്താൻ കഴിഞ്ഞു. ഈ സ്ഥാപനങ്ങളിലെ 2019-20 മുതൽ ഉള്ള അഞ്ചു വർഷത്തെ പദ്ധതി -പദ്ധതി ഇതര വിവരങ്ങൾ പരിശോധിക്കുകയുണ്ടായി. പ്രവൃത്തി പഠനത്തിന്റെ മൗലിക സങ്കേതങ്ങളായ organisation analysis, method study, work measurement എന്നിവ ഇതിനായി അവലംബിക്കുകയുണ്ടായി. അതോടൊപ്പം, വകുപ്പ് ഭരണ ക്രമത്തിലെ നടപടിക്രമത്തേയും വ്യവസ്ഥകളെയും സാധ്യമായ രീതിയിൽ പുന:സംഘടിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടി ഉൽപ്പാദനക്ഷമതയില്ലാത്ത ജോലികൾ ഒഴിവാക്കുന്നതിനും ഘടനാപരമായ അപാകതകൾ തിരുത്തുന്നതിനും വേണ്ട പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിച്ചു.

വിവിധ ഉദ്യോഗസ്ഥ തലങ്ങളിലെ ജോലിഭാരം കണക്കാക്കുന്നതിനായി പ്രാഥമിക, ദ്വിതീയ ഡേറ്റകളെ പ്രയോജനപ്പെടുത്തി. പ്രാഥമിക ഡേറ്റാ ശേഖരണത്തിനായി ഗൂഗിൾ ഷീറ്റ്, കേസ് സ്റ്റഡി നേരിട്ടുള്ള നിരീക്ഷണ രീതി, അഭിമുഖങ്ങൾ തുടങ്ങിയ പ്രവൃത്തി പഠന രീതികൾ സ്വീകരിച്ചു. വകുപ്പിന്റെ പ്രവർത്തനത്തിന്റെ സിംഹഭാഗവും ഫീൽഡുമായി ബന്ധപ്പെട്ടുള്ളതായതിനാൽ ഫീൽഡ് അനാലിസിസിന് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. വിവിധ ഫീൽഡുകൾ സന്ദർശിച്ച് സാങ്കേതിക ജീവനക്കാരുടെ ജോലി നേരിട്ട് മനസ്സിലാക്കി വിവിധയിനം ജോലികൾക്കാവശ്യമായ സ്റ്റാൻഡേർഡ് സമയത്തെക്കുറിച്ച് ധാരണയുണ്ടാക്കി. ദ്വിതീയ വിവരശേഖരണത്തിന്റെ ഭാഗമായി ഓഫീസുകൾ പരിശോധിച്ച് വിവിധ പീരിയോഡിക്കൽ റിപ്പോർട്ടുകൾ, രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ വിവിധ സർക്കാർ ഉത്തരവുകൾ തുടങ്ങിയവ ശേഖരിക്കുകയു

ണ്ടായി. സമയ പഠനത്തിലൂടെ (time study) വിവിധ തരം ജോലികൾക്കാവശ്യമായി വരുന്ന സ്റ്റാൻഡേർഡ് സമയം കണക്കാക്കി. ചർച്ചകൾ, യോഗങ്ങൾ, സന്ദർശകരുമായിട്ടുള്ള ഇടപെടൽ, ഫോൺ മുഖാന്തിരം മറുപടി നൽകൽ, ഔദ്യോഗിക യാത്രകൾ, കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച പ്രവൃത്തികൾ, വാലുവേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ, വിവരാവകാശ നിയമം സംബന്ധിച്ച ജോലികൾ, കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച ജോലികൾ തുടങ്ങിയവയ്ക്ക് ചെലവഴിച്ച സമയം കൂടി പരിഗണിച്ച് പഠനത്തിന് കൃത്യത നൽകാൻ ശ്രമിച്ചിട്ടുണ്ട്. ഇപ്രകാരം കണക്കാക്കിയ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ ഒരു വർഷക്കാലം 1365 മണിക്കൂർ മനുഷ്യ പ്രയത്നം ചെയ്യണമെന്ന് കണ്ടെത്തി. അതനുസരിച്ച് വകുപ്പിലെ മാനവശേഷി ആവശ്യകത തിട്ടപ്പെടുത്തുകയുണ്ടായി. തദ്ദേശസ്വയംഭരണവകുപ്പ് സാങ്കേതിക വിഭാഗം രൂപീകൃതമായ കാലത്തുനിന്നും തികച്ചും വ്യത്യസ്തമായി, മാറിയ സാഹചര്യത്തിൽ ഈ വിഭാഗത്തിന് നൂതന പ്രവൃത്തി മേഖലകളിൽ ഗണ്യമായ പങ്ക് വഹിക്കേണ്ടതുണ്ടെന്നുള്ള വസ്തുതയും പ്രവൃത്തി പഠനത്തിൽ പരിഗണിച്ചിട്ടുണ്ട്. 1996 ലെ ജനകീയാസൂത്രണത്തിന്റെ ആരംഭദശയിലുണ്ടായിരുന്ന രേഖകളും സെൻ കമ്മിറ്റി റിപ്പോർട്ടും, 1990-91 ലെയും 2022-23 ലെയും കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ എക്കണോമിക് റിവ്യൂവും ജനകീയാസൂത്രണം തുടങ്ങിയ സമയം മുതൽ ഇന്നുവരെയുള്ള ലഭ്യമായ എല്ലാ സർക്കാർ ഉത്തരവുകളും, ആക്ടും, റൂളും ഈ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അവലംബിച്ചു.

5. നിലവിലെ സ്ഥിതി

1997-ൽ അന്നത്തെ സാഹചര്യത്തിലെ പ്രവൃത്തികളും ജോലിഭാരവും പരിഗണിച്ച് പതിനഞ്ചോളം വകുപ്പുകളിലെ പ്രധാനപ്പെട്ട പല ചുമതലകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് തയ്യാറാക്കിയ അടിസ്ഥാന റിപ്പോർട്ടാണ് സെൻ കമ്മിറ്റി റിപ്പോർട്ട് .ഇതിൽ പൊതുമരാമത്തു വകുപ്പ്, ജലസേചന വകുപ്പ് എന്നിവ നിർവഹിച്ചുവരുന്ന പല പ്രവൃത്തികളും ആസ്തികളും തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങൾക്ക് കൈമാറുന്നതിന്റെ ഭാഗമായി ആനുപാതികമായി ജീവനക്കാരുടെ തസ്തിക കൾ, പുനർവിന്യസിക്കുന്നതിനു ശുപാർശ ഉണ്ടായി. ആസ്തികളുടെയും തസ്തികകളു ടെയും പ്രസക്ത ഭാഗങ്ങൾ അനുബന്ധം 1 ൽ കൊടുത്തിട്ടുണ്ട്. നേരത്തെ നിശ്ചയിച്ചതിൽ നിന്നും അധികമായി വളരെ കൂടുതൽ പദ്ധതികളും ആസ്തികളും ചുമതലകളും പിന്നീടുള്ള വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ നിഷിപ്തമാക്കിയിട്ടുണ്ട്. തദനുസൃത മായി ജീവനക്കാരുടെ എണ്ണത്തിൽ ആനുപാതിക വർദ്ധനവ് ഉണ്ടായിട്ടില്ല. സെൻ കമ്മിറ്റി റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്ന വിവരങ്ങളും നിലവിലെ സ്ഥിതിയും തമ്മിലുള്ള ഒരു താരതമ്യം ചുവടെ ചേർക്കുന്നു.

ടേബിൾ 1

ക്രമ നം.	സെൻ കമ്മിറ്റി റിപ്പോർട്ട് 1996	നിലവിലെ സ്ഥിതി 2024
1.	11,202.04 കി.മീ റോഡ്	1,96,773 കി.മീ റോഡ്
2.	പ്രൈമറി സ്കൂളുകൾ - 9682 എണ്ണം	പ്രൈമറി സ്കൂളുകൾ - 9858 എണ്ണം
3.	ഹൈസ്കൂൾ- 2451 എണ്ണം	ഹൈസ്കൂൾ- 3128 എണ്ണം
4.	ആശുപത്രികൾ - 1199 എണ്ണം	ആശുപത്രികൾ - 1471 എണ്ണം
5.	No. of Bed in Hospital - 38726 എണ്ണം	No. of Bed in Hospital 57995 എണ്ണം
6.	ഹയർ സെക്കൻഡറി സ്കൂൾ- 0	ഹയർ സെക്കൻഡറി സ്കൂൾ- 817 എണ്ണം
7.	വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ - 0	വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ - 261

സെൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശ പ്രകാരം പൊതുമരാമത്ത്, ജലസേചനവ കുപ്പ് എന്നിവിടങ്ങളിൽ നിന്നും മുഴുവൻ തസ്തികകളും പുനർവ്യനിസിച്ചിട്ടില്ലാത്ത താണ്. MLA-ADS, MP-LADS, MLA - SDF, NABARD എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, BUILDING PERMIT, Fitness Certificate, VALUATION, അധികമായി കൈമാറിക്കിട്ടിയ റോഡ്, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം കൈകാര്യം ചെയ്യു ന്നതിന് അനുസൃതമായ ജീവനക്കാർ ഇല്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ, ജലസേചന സംവിധാനങ്ങൾ, കുടിവെള്ള

സംവിധാനങ്ങൾ, വേസ്റ്റ് മാനേജ്മെന്റ്, ഗുണനിലവാര പരിശോധന എന്നിവ സംബന്ധിച്ച രൂപകല്പനകൾ പരിശോധിക്കുന്നതിനും നിർവ്വഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ജില്ലാ തലത്തിൽ ഒരു സാങ്കേതിക സംവിധാനം ഇപ്പോൾ നിലവിലില്ല. കൂടാതെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ് സംബന്ധിച്ച പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ജില്ലാതലത്തിൽ സ്ഥിര സംവിധാനം ഇല്ല.

പ്രവൃത്തികളുടെ അളവുകളും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് കരാറുകാർ തങ്ങളുടെ ഭാഗത്തു നിന്നും സാങ്കേതിക പരിജ്ഞാനമുള്ള സൂപ്പർവൈസറെ/എഞ്ചിനീയറെ നിയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഇത് യാഥാർഥ്യമാകുന്നില്ല.

വകുപ്പിലെ ജീവനക്കാരുടെ അധിക ജോലിഭാരം നിമിത്തം കൃത്യവും സമയബന്ധിതവുമായ മേൽനോട്ടം നിർവ്വഹിക്കുന്നതിന് സാധിക്കുന്നില്ല. ഇക്കാരണത്താൽ കരാറുകാരെ വിശ്വസിച്ച് ജോലി ചെയ്യിക്കാനേ കഴിയുന്നുള്ളു. സത്യസന്ധരായ കരാറുകാർ അളവുകളും ഗുണനിലവാരവും നിഷ്കർഷിച്ച് പ്രവൃത്തി പൂർത്തിയാക്കാറുണ്ട്. എന്നാൽ ചുരുക്കം ചില കേസുകളിൽ സാങ്കേതിക മേൽനോട്ടത്തിന്റെ കുറവും പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവവും ഗുണനിലവാരം സംബന്ധിച്ച പരാതികൾ ഉയരാൻ ഇടയാക്കുന്നുണ്ട്.

വിവിധ ജനപ്രതിനിധികളുമായി ചർച്ച നടത്തുക, വിവിധ മീറ്റിംഗുകളിൽ പങ്കെടുക്കുക എന്നിവ ഒഴിച്ചുകൂടാനാവാത്തതാണ്. പകൽ സമയങ്ങളിൽ ഇത്തരം കാര്യങ്ങളും സൈറ്റ് സന്ദർശനവും നടത്തേണ്ടതുകൊണ്ട് ഓഫീസ് സംബന്ധിച്ച ജോലികൾ രാത്രി സമയങ്ങളിൽ മാത്രമാണ് ചെയ്യാൻ കഴിയുന്നത്. പല പ്രവൃത്തികളും വളരെ ദൂര പ്രദേശങ്ങളിൽ നടക്കുന്ന കാരണം സൈറ്റുകളിൽ എത്തിപ്പെടുന്നതിന് വാഹനം നിർബന്ധമാണ്. പലപ്പോഴും വാഹനം ലഭ്യമാകില്ല.

ചെറിയ തുകകളിൽ തുടങ്ങി കോടികളുടെ പദ്ധതികൾ വരെ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തലത്തിൽ മാത്രം നിർവ്വഹിക്കപ്പെടുന്നതുകാരണം മറ്റു വകുപ്പുകളിൽ ലഭ്യമാകുന്ന പോലെ ഉയർന്ന തല ഉദ്യോഗസ്ഥരുടെ ശ്രദ്ധ കിട്ടുന്നില്ല. ബില്ലുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനമില്ലാത്തതിനാലും ആവശ്യമായ സമയം ലഭിക്കാത്തതിനാലും ബില്ലുകളിലെ പോരായ്മകൾ പലപ്പോഴും കണ്ടുപിടിക്കപ്പെടാറില്ല. മറ്റു വകുപ്പുകളിൽ ഗുണനിലവാര പരിശോധന കർക്കശമായി നടപ്പാക്കുന്ന രീതിയിൽ ഈ വകുപ്പിൽ ഗുണനിലവാര പരിശോധന നടത്തുന്നതിന് സംവിധാനമില്ല. ചട്ടവിരുദ്ധമായി പല കാര്യങ്ങളും ചെയ്തു കൊടുക്കുന്നതിന് സമ്മർദ്ദം ഉണ്ടാവാറുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തെ പലപ്പോഴും ശത്രുതാ മനോഭാവത്തിൽ കാണുന്ന പ്രവണത ജീവനക്കാരുടെ മനോബലം ഇല്ലാതാക്കുന്നു. സ്വകാര്യ കുടുംബ ജീവിതം പോലും താറുമാറാകുന്നുണ്ട്.

5.1 എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലകൾ

5.1.1 തദ്ദേശ സ്ഥാപനങ്ങളുടെ മരാമത്ത് പദ്ധതി രൂപീകരണം നിർവ്വഹണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനായാണ് എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം നിലവിൽ വന്നത്. എന്നാൽ നിലവിൽ ചെറിയ പ്രോജക്ടുകളോടൊപ്പം തന്നെ മണ്ണ് പരിശോധന, ആർക്കിടെക്ച്ചറൽ ഡിസൈൻ, സ്ട്രക്ച്ചറൽ ഡിസൈൻ, കൃത്യമായ സാങ്കേതിക, വൈഗദ്ധ്യത്തോടെയുള്ള മേൽനോട്ടം എന്നിവ ആവശ്യമായതുമായ വലിയ പദ്ധതികളും എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്ത് ചെയ്ത് വരുന്നു. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം വാർഷിക പദ്ധതികളുടെ ഭാഗമായി ഒരുലക്ഷത്തിനാൽപ്പത്തിഅയ്യായിരത്തിലധികം മരാമത്ത് പ്രവൃത്തികൾ ഒരു വർഷം നടപ്പിലാക്കുന്നുണ്ട്. പദ്ധതി രൂപീകരണവും വിശദമായ പദ്ധതി റിപ്പോർട്ടും സ്ട്രക്ച്ചറൽ/ആർക്കിടെക്ച്ചറൽ ഡിസൈനും അടക്കമുള്ള എല്ലാ കാര്യങ്ങളും അസിസ്റ്റൻറ് എഞ്ചിനീയർ/ഓവർസീയർ ചെയ്യുകയും അവയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അതിന്റെ നിർവ്വഹണവും ഗ്രാമപഞ്ചായത്ത് തലത്തിൽ അതേ അസിസ്റ്റൻറ് എഞ്ചിനീയർ / ഓവർസീയർ തന്നെ നടത്തുന്നു. 5 വർഷത്തെ പദ്ധതികളുടെ എണ്ണവും തുകയും ചുവടെ ചേർക്കുന്നു.

ടേബിൾ 2

Sl No	LB Type	2019-2020		2020-2021		2021-2022		2022-2023		2023-2024	
		Project Nos	Amt (in Lakhs)	Project Nos	Amt (in Lakhs)	Project Nos	Amt (in Lakhs)	Project Nos	Amt (in Lakhs)	Project Nos	Amt (in Lakhs)
1	District Panchayath	11751	138113.21	10720	144492.66	8023	109461.12	8481	121231.59	7501	103440.57
2	Block Panchayath	8553	51975.39	8797	55764.34	7214	45877.6	8229	55052.74	8688	59421.27
3	Gramapanchayath	118200	416481.59	125063	449779.67	87097	340942.8	85583	374136.91	95195	452269.31
4	Corporation	7142	105742.91	7023	122835.02	4815	93169.05	5626	98502.14	6072	103953.44
5	Municipality	23749	147229.42	24010	154095.23	17832	118543.27	18995	128194.71	20017	141764.46
	Total	169395	859542.52	175613	926966.92	124981	707993.84	126914	777118.09	137473	860849.05

5.1.2 പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ജോലികൾ

പ്രതിവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 7 ലക്ഷത്തിലധികം കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ ആണ് കൈകാര്യം ചെയ്യുന്നത്. K.P.B.R, K.M.B.R മുതലായ നിയമങ്ങൾ അനുസരിച്ചും, ടൗൺ പ്ലാനിംഗ് വിഭാഗം മുഖേന തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾക്കനുസരിച്ചും ഉള്ള നിബന്ധനകൾ/ചട്ടങ്ങൾ ഫീൽഡ് തലത്തിൽ ഉറപ്പാക്കേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്. പൊതുജനങ്ങളുമായി നേരിട്ട് ഇടപെടുന്ന വിഷയമായതിനാൽ വ്യാപകമായ പരാതികൾക്ക് ഇടയാകുമെന്നതിനാൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ

സമയം ചെലവഴിക്കേണ്ടിവരുന്നു. 2022, 2023 വർഷങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു. (ഗ്രാമപഞ്ചായത്തുകളുടെ മാത്രം).

ടേബിൾ 3

ക്രമ നം.	വർഷം	ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളുടെ എണ്ണം
1	2022	328518
2	2023	359331

5.1.3 വാല്യൂവേഷൻ നൽകൽ

സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (കൈ) നം. 115/2022/ ത.സ്വ.ഭ.വ. തീയതി 28/05/2022 പ്രകാരം 2000 രൂപ സബ്സിഡി നൽകുന്ന കുടിവെള്ള ഗാർഹിക കണക്ഷൻ മുതൽ 4 ലക്ഷം രൂപ നൽകുന്ന ഭവന നിർമ്മാണം വരെ) വ്യത്യസ്ത ഇനങ്ങളിൽ ആയി മേൽ ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരം എഞ്ചിനീയർ / ഓവർസിയർ വാല്യുവേഷൻ നൽകുന്നു.

മറ്റു വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വീട് വാസയോഗ്യമാക്കൽ, മേൽക്കൂര മാറ്റൽ, പഠനമുറി നിർമ്മാണം, വന്യമൃഗസംരക്ഷണ വേലി നിർമ്മാണം, കിണർ നവീകരണം, കാലിത്തൊഴുത്ത് നിർമ്മാണം, കുടിവെള്ള ഗാർഹിക കണക്ഷൻ, മഴവെള്ള സംഭരണി നിർമ്മാണം, മുതലായ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന ചുമതലയും എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗത്തിനാണ് നൽകിയിരിക്കുന്നത്.

5.1.4 MLA മാരുടെ ആസ്തി വികസനം, പ്രാദേശിക വികസന ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ

വർഷംതോറും 100 കോടിയിൽ അധികം പ്രവർത്തി മൂല്യമുള്ള തുകയുടെ പദ്ധതികൾ എം.എൽ.എ മാരുടെ ആസ്തി വികസനം / പ്രത്യേക വികസനം (എം.എൽ.എ - എസ്.ഡി.എഫ്) ഫണ്ടുകൾ വിനിയോഗിച്ച് എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗം ചെയ്തു വരുന്നു.

5.1.5 MP മാരുടെ പ്രാദേശിക വികസന ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ

വർഷം തോറും 400 കോടി രൂപയിലധികം മതിപ്പ് ചെലവ് വരുന്ന ഭൂരിഭാഗം പ്രാദേശിക വികസന (MP LAD) ഫണ്ട് പ്രകാരമുള്ള പദ്ധതികളും എൽ.ഐ.ഡി & ഇ.ഡബ്ല്യൂ എഞ്ചിനീയറിംഗ് വിഭാഗം വഴി നടപ്പിലാക്കി വരുന്നു.

5.1.6 NCFRW, SC/ ST-Corpus ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ

NCFRW SC/ST Corpus fund പ്രവൃത്തികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗമാണ്.

5.1.7 KIIFB, CMLRRP, RKI, NABARD, AMRUT ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ

മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതിയുടെ ഭാഗമായി ആയിരം കോടിയുടെ റോഡ് പദ്ധതികൾ LID&EW വിഭാഗം നടപ്പിലാക്കുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി Phase-1 ൽ 500 ൽ അധികം പ്രവൃത്തികളും Phase 2 ൽ 402 പ്രവൃത്തികളും എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗം വഴി നടപ്പിലാക്കി വരുന്നു. NABARD പദ്ധതി യുടെ ഭാഗമായുള്ള നിരവധി പ്രവൃത്തികളും, കിഫ്ബി പദ്ധതി പ്രകാരം 1.30 കോടി അടങ്കൽ വരുന്ന 447 സ്കൂൾ കെട്ടിടങ്ങളും 3.90 കോടി അടങ്കൽ വരുന്ന 200 സ്കൂൾ കെട്ടിടങ്ങളും (മൊത്തം 1361.1 കോടി രൂപ) ഉൾപ്പെടെ അനവധി പ്രവർ ത്തികൾ എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗം നടപ്പിലാക്കുന്നുണ്ട്.

5.1.8 പൊതു വിദ്യാഭ്യാസം, ICDS, RMSA, RGPSA വകുപ്പുകളുടെ ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിരവധി പ്രവൃത്തികളും, RKI / ICDS ഫണ്ടുകളിൽ ഉൾപ്പെട്ട സ്മാർട്ട് അംഗൻവാടികളുടെ നിർമ്മാണവും എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗം മുഖേന നടപ്പിലാക്കുന്നുണ്ട്.

5.1.9 പ്രകൃതി ക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങളുടെ വാല്യൂവേഷൻ നൽകൽ

2018, 2019 വർഷങ്ങളിലെ നൂറ്റാണ്ടിലെ മഹാപ്രളയത്തെ തുടർന്നുണ്ടായ അസാധാരണ സാഹചര്യത്തെ തുടർന്ന് കേടുപറ്റിയ വീടുകളുടെയും കെട്ടിടങ്ങളു ടെയും നാശനഷ്ട നിർണ്ണയം സംബന്ധിച്ച അപേക്ഷകൾ LID &EW എഞ്ചിനീയർമാർ പരിശോധിച്ചു നൽകിയിട്ടുണ്ട്. പ്രകൃതി ക്ഷോഭത്താൽ ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ മൂല്യനിർണ്ണയവും തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയർമാരാണ് നൽകുന്നത്.

5.1.10 കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകൽ

സംസ്ഥാനത്തെ എല്ലാ സർക്കാർ/സർക്കർ ഇതര സ്കൂളുകൾ, അംഗൻവാടികൾ, അനാഥാലയങ്ങൾ, ബഡ്സ് സ്കൂളുകൾ, വൃദ്ധസദനങ്ങൾ, സിനിമ തീയേറ്ററുകൾ തുടങ്ങിയവരുടെ ഫിറ്റ്നസ് പരിശോധിച്ച് ആവശ്യമെങ്കിൽ ഭേദഗതി പ്രവൃത്തികൾ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് LID &EW വിഭാഗമാണ്.

5.1.11 R-Track Survey

കേരളത്തിലെ റോഡ് ശൃംഖലയുടെ 83.5% ശതമാനവും തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിൽ വരുന്നതും, ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ (തരം, ഉടമസ്ഥത, അനുബന്ധ നിർമ്മിതികൾ) ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായ R-track സർവേയുടെ മൂന്ന് ഘട്ടങ്ങളുടെ ചുമതല എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗത്തിനാണ്.

5.1.12 MGNREGS പദ്ധതികളുടെ സാങ്കേതികാനുമതി, മറ്റ് ചുമതലകൾ

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാങ്കേതികാനുമതി / ചെക്ക് മെഷർമെന്റ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നത് എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗമാണ്. 5 ലക്ഷം രൂപ വരെ അടങ്കൽ തുകയുള്ള പ്രവൃത്തികളുടെ സാങ്കേതിക പരിശോധന നടത്തി എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്നത് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറും 5 ലക്ഷത്തിനു മുകളിൽ 15 ലക്ഷം വരെയുള്ള എസ്റ്റിമേറ്റിന് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ആകുന്നു.

ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളിൽ ആസൂത്രണ നിർവ്വഹണ സഹായം, പദ്ധതികളുടെ സംയോജന പ്രവർത്തനം, തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സാങ്കേതിക ഉപദേശം എന്നിവയ്ക്കായി രൂപീകരിച്ച സാങ്കേതിക സമിതിയിലും LID&EW എഞ്ചിനീയർ പ്രവർത്തിക്കുന്നു. വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നത് മുതൽ പ്രവൃത്തി നടക്കുന്ന സമയങ്ങളിലെ സ്ഥലപരിശോധന,അളവുകൾ, ഗുണനിലവാരം, പ്രവൃത്തി പൂർത്തീകരണവേളയിലെ പരിശോധന തുടങ്ങിയ സാങ്കേതിക പരിശോധനകളുടെ ചുമതലയും, MGNREGS വിഭാഗത്തിന് അക്രിഡറ്റഡ് എഞ്ചിനീയറെ നിയമിച്ചിട്ടില്ലങ്കിൽ MGNREGS ഓവർസീയർ റിക്കോർഡ് ചെയ്യുന്ന മെഷർമന്റ് ബുക്ക്, ബിൽ എന്നിവയും LID &EW എഞ്ചിനീയർ പരിശോധിക്കുന്നു .

5.1.13 മാലിന്യനിർമ്മാർജ്ജന പ്രോജക്റ്റുകൾ

എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഫീക്കൽ സ്ള്ഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ്, അറവുശാലകൾ, പൊതു ശ്മശാനങ്ങൾ, ബയോമൈനിംഗ്, തുടങ്ങി സങ്കീർണ്ണമായ ശുചിത്വ മേഖലയിലെ പ്രോജക്ടുകൾ LID&EW വിഭാഗം ആണ് നടപ്പിലാക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 4124 മാലിന്യ സംസ്ക്കരണ പദ്ധതികളാണ് ഈ വിഭാഗം ഏറ്റെടുത്തിട്ടുള്ളത്.

5.1.14 ഇതര വകുപ്പുകൾക്ക് നൽകുന്ന സേവനങ്ങൾ

തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തിയിലുള്ളതും കൈമാറി കിട്ടിയതുമായ സ്ഥാപനങ്ങളുടെ പ്രവൃത്തികളുടെ മേൽനോട്ടം വിവിധ ഉത്തരവുകൾ പ്രകാരം LID&EW വിഭാഗത്തിലെ എഞ്ചിനീയർമാർ നടത്തുന്നുണ്ട് .ഇതിൽ ഉൾപ്പെടാത്ത മറ്റു കെട്ടിടങ്ങ

ളുടെ ഫിറ്റ്നസ് / മൂല്യ നിർണയവും പല സാഹചര്യത്തിലും LID&EW എൻഞ്ചിനീയർമാർ നൽകുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ സ്ഥലങ്ങളിലോ വസ്തുവിലോ ഉള്ള കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനാവശ്യമായ സഹായം LID&EW വിഭാഗം ചെയ്തു വരുന്നു. കൃഷിവകുപ്പ്, പൊതു വിദ്യാഭ്യാസം, പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പുകൾ, ക്ഷീര വികസന വകുപ്പ്. മൃഗസംരക്ഷണ വകുപ്പ്, സഹകരണ സംഘങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, വനം വകുപ്പ് എന്നിവിടങ്ങളിലേക്ക് നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റും വാല്യുവേഷനും LID&EW എഞ്ചിനീയർമാർ അതാത് വകുപ്പുകളുടെ ആവശ്യപ്രകാരം തയ്യാറാക്കി നൽകി വരുന്നു.

5.1.15 സാങ്കേതികേതര ചുമതലകൾ

നഗരസഭകളിൽ അതിദരിദ്ര സർവ്വേ, ഗ്രാമസഭ, കേരളോത്സവം തുടങ്ങിയവയുടെ ചുമതലകൾ, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, തെരുവു വിളക്ക് സ്ഥാപിക്കലും, കത്തിക്കലും, പരിപാലിക്കലും, അതിനോടനുബന്ധിച്ചുള്ള പ്രവൃത്തികളും, സാധന സാമഗ്രികൾ വാങ്ങലും, മുനിസിപ്പൽ വാഹനങ്ങളുടെയും, യന്ത്രസാമഗ്രികളുടെയും റിപ്പയർ പ്രവൃത്തികളും സർവ്വീസിങ്ങും പരിപാലനവും, പെട്രോൾ ഡീസൽ മുതലായവ വാങ്ങൽ, ബിൽ നികുതി എന്നിവ അടയ്ക്കൽ മൈലേജ് ടെസ്റ്റ് നടത്തൽ മുതലായ ജോലികൾ, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക, നഗര സഭയുടെ മാപ്പുകൾ തയ്യാറാക്കുക, ഡിലിമിറ്റേഷൻ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുക, പുറമ്പോക്ക് സ്ഥലം കയ്യേറ്റം ഒഴിപ്പിക്കലും ഉപയോഗവും സംബന്ധിച്ച ജോലികൾ, പൊതുമരാമത്ത് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ മുതലായവ വാങ്ങലും ആയതിന്റെ സൂക്ഷിക്കലും വിതരണവും, സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള ചുമതല, 5 മീറ്ററിന് താഴെ തൂങ്ങി കിടക്കുന്ന ഉപയോഗശൂന്യമായ കേബിൾ കണ്ടെത്തി മുറിച്ചു മാറ്റുക, Drain cleaning machine ഉപയോഗിച്ച് drain jetting and cleaning പ്രവൃത്തി രാത്രി കാലങ്ങളിൽ നിർവഹിക്കുക, സ്വകാര്യ ടെലി കമ്മ്യൂണിക്കേഷൻ കമ്പനികളുടെ പോസ്റ്റുകൾ എണ്ണി തിട്ടപെടുത്തുക, ടാഗ് ചെയ്യിക്കുക മുതലായ പ്രവൃത്തികൾ, അനധികൃത പെട്ടിക്കടകൾ പൊളിച്ചു നീക്കുക, സാധനങ്ങൾ പിടിച്ചെടുക്കുക, സ്ട്രീറ്റ് വെൻഡിങ് സോൺ മാർക്ക് ചെയ്യുക, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ, ഒഴിവാക്കൽ തുടങ്ങിയവക്ക് ഫീൽഡ് വിസിറ്റ്, hearing നടത്തൽ മുതലായ പ്രവർത്തനങ്ങൾ, കുഴൽക്കിണറുകൾ,കുടിവെള്ള ടാപ്പുകൾ എണ്ണി തിട്ടപ്പെടുത്തൽ, അനധികൃത ഫ്ളക്സ് ബോർഡുകൾ, Hording കൾ ഇവ എണ്ണി തിട്ടപ്പെടുത്തൽ എന്നിവയും LID &EW വിഭാഗം വഴി നടപ്പിലാക്കി വരുന്നു.

5.1.16 കോടതി വ്യവഹാരങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിങ് വിഭാഗവുമായി ബന്ധപ്പെട്ട് വരുന്ന ഒട്ടനവധി കേസുകളിൽ Statement of facts മുതൽ റിപ്ലേ സ്റ്റേറ്റ്മെന്റ് നൽകുക, കോടതികളിൽ ഫയൽ ചെയ്തുവെന്ന് ഉറപ്പാക്കുക എന്നീ ജോലികൾ എഞ്ചിനീയറിംഗ് വിഭാഗം കൈകാര്യം ചെയ്യുന്നു.

5.1.17 മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി

മൈനിംഗ് & ജിയോളജി വകുപ്പ് - ഭേദഗതി വരുത്തിയ കേരള മിനറൽ കൺസർവേഷൻ റൂൾസ് 2015 പ്രകാരം 1/4/2023 മുതൽ 300 ചതു. അടി വരെ പ്ളിന്ത് ഏരിയ ഉള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ Movement Permit ഉം മിനറൽ ട്രാൻസിറ്റ് പാസ്സുകളും നൽകുന്നതിനുള്ള അനുമതി ജിയോളജി വകുപ്പിൽനിന്ന് മാറ്റി ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ സെക്രട്ടറിമാർക്ക് നൽകുകയുണ്ടായി. തുടർന്ന് മണ്ണ് നീക്കം ചെയ്യേണ്ടുന്ന എല്ലാ അപേക്ഷകളിൻമേലും (300 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്കും) സ്ഥല പരിശോധന നടത്തി അളവുകൾ വ്യക്തമാക്കി സാങ്കേതിക വിഭാഗത്തിന്റെ ശുപാർശ ഉൾപ്പടെ കെട്ടിട നിർമ്മാണ അപേക്ഷകളുടെ ഫയലുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നൽകുന്നതും, കൂടാതെ പുതിയ ഉത്തരവിനെതുടർന്ന് മണ്ണ് മാറ്റുന്ന സ്ഥലങ്ങളിൽ ഇടവിട്ട് പരിശോധന നടത്തുക, മൂവ്മെന്റ് പെർമിറ്റിലെ വ്യവസ്ഥകൾ ലംഘിച്ച് അധിക അളവിൽ മണ്ണ് കടത്തുന്നുണ്ടോ എന്ന് പരിശോധിക്കുക, ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുക തുടങ്ങിയ ജോലികൾ LID &EW വിഭാഗം കൈകാര്യം ചെയ്യേണ്ടിവരുന്നു

5.1.18 അവലോകന യോഗങ്ങൾ, റിപ്പോർട്ടിങ്

ത്രിതല പഞ്ചായത്തിലെയും നഗര സഭകളിലെയും വാർഷിക പദ്ധതി പുരോഗതി സംബന്ധിച്ച അവലോകനം തദ്ദേശ സ്ഥാപന തലത്തിലും പ്ലാനിംഗ് ബോർഡിൽ നിന്ന് നേരിട്ടും മേൽ കാര്യാലയങ്ങളിൽ നിന്നും നടക്കുന്നതിൽ കാലികമായ റിപ്പോർട്ട് സഹിതം എഞ്ചിനീയർമാർ പങ്കെടുക്കുന്നു. ആയതു കൂടാതെ എല്ലാ മാസവും കമ്മിറ്റി യോഗത്തിലും സ്റ്റാന്റിഗ് കമ്മിറ്റി യോഗത്തിലും LID & EW എഞ്ചിനീയർ സന്നിഹിതർ ആകുന്നു. MLA-ADS, MLA-SDF, MP-LADS, NHM, NCFRW എന്നീ ഫണ്ടുകളിലെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ, ബഹു. എം.പി / എം.എൽ.എ/ കളക്ടർ എന്നിവർ വിളിച്ചു ചേർക്കുന്ന യോഗങ്ങളിലും സർക്കാരിന്റെ മുൻഗണനാ പദ്ധതികളായ KIIFB, RKI, CMLRRP, സ്മാർട്ട് അംഗൻവാടി, മാലിന്യമുക്ത കേരളം എന്നിവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച അവലോകന യോഗത്തിലും LID & EW എഞ്ചിനീയർമാർ റിപ്പോർട്ട് സഹിതം പങ്കെടുക്കേണ്ടതുണ്ട്.

തദ്ദേശ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതികൾ, വിവിധ ഫണ്ടുകളിലെ പദ്ധതികൾ, മുൻഗണനാ പദ്ധതികൾ, ആസ്തി ഡിജിറ്റലൈസേഷൻ, മാലിന്യശേഖരണവും പരിപാലനവും എന്നിങ്ങനെ ഉള്ള സമഗ്രമായ വിവരങ്ങൾ ഉന്നത ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ശേഖരിച്ച് ക്രോഡീകരിച്ച് അതാത് പ്രൊഫോർമകളിൽ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്.

5.1.19 വിവരാവകാശങ്ങൾ

LID & EW എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട ഭരണ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് വിവരാവകാശ നിയമം 2005 പ്രകാരം നൽകുന്നതിന് സംസ്ഥാന പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും LID & EW എഞ്ചിനീയർമാർ അപേക്ഷകൾ കൈകാര്യം ചെയ്യുന്നു.

5.1.20 അദാലത്തുകൾ

ഏകീകരണത്തെ തുടർന്ന് പുതുതായി ഏർപ്പെടുത്തിയ അദാലത്തിൽ വരുന്ന പരാതികൾ, പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നത് ബ്ലോക്ക് തലത്തിലെയും മുനിസിപ്പാലിറ്റികളിലെയും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് .

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അദാലത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർക്കും, അസിസ്റ്റന്റ് ടൗൺ പ്ലാനർക്കും, LID&EW അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ആണ് പ്രശ്നപരിഹാരത്തിന് ചുമതല നൽകിയിരിക്കുന്നത്.

5.1.21 CMO പോർട്ടൽ, മിനിസ്റ്റേഴ്സ് പോർട്ടൽ

CMO പോർട്ടൽ / മിനിസ്റ്റർ പോർട്ടലിൽ ലഭ്യമാകുന്ന LID & EW എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട പൊതു ജനങ്ങളുടെ പരാതിയിന്മേൽ സമയബന്ധിതമായി പരിശോധനകൾ നടത്തി റിപ്പോർട്ട് തയ്യാറാക്കി പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതും LID &EW എഞ്ചിനീയർമാർ ആണ്.

5.1.22 റോഡ് കട്ടിങ് അനുമതികൾ

തദ്ദേശ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിലെയും റോഡ് കട്ടിംഗ് അനുമതി, റൈറ്റ് ഓഫ് വേ എന്നിവയുമായി ബന്ധപ്പെട്ട ഓൺലൈൻ സംവിധാനമായ സുഗമ പോർട്ടലിൽ ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ആവശ്യമായ രേഖകൾ സഹിതം സമയബന്ധിതമായി റിപ്പോർട്ട് നൽകുന്നതും LID & EW എഞ്ചനീയർമാർ ആണ്.

5.2 വകുപ്പിന്റെ ഘടനയും ജീവനക്കാരുടെ എണ്ണവും

സംസ്ഥാന തലത്തിൽ തിരുവനന്തപുരം ആസ്ഥാനമായി ചീഫ് എഞ്ചിനീയറുടെ ഓഫീസും ഉത്തര-ദക്ഷിണ മേഖലകളിൽ ഓരോ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസും, ജില്ലാ പഞ്ചായത്ത് ഓഫീസിനോടൊപ്പം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസും, ഓരോ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനൊപ്പം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഓഫീസും ഓരോ ഗ്രാമപഞ്ചായത്തിനോടൊപ്പം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസും പ്രവർത്തിക്കുന്നു.

എല്ലാ കോർപ്പറേഷൻ ഓഫീസുകളിലും ഓരോ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗവും, മുനിസിപ്പാലിറ്റികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയോ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടേയോ, അസിസ്റ്റന്റ് എഞ്ചിനിയറുടേയോ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സംസ്ഥാന കാര്യാലയവും രണ്ട് മേഖല കാര്യാലയങ്ങളും കൂടാതെ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക്പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് കോർപ്പറേഷനുകൾ ഉൾപ്പടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗങ്ങളും കൂടി ചേർന്നതാണ് കേരള സംസ്ഥാനത്തിലെ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് സംവിധാനം. ഈ 1200 തദ്ദേശ സ്ഥാപനങ്ങളുടെ സാങ്കേതികമായ പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുന്ന ചുമതല ഈ വിഭാഗത്തിനാണ്. കേന്ദ്രസർക്കാർ പദ്ധതിയായ പി എം ജി എസ്സ് വൈ (Pradhan Manthri Grameen Sadak Yojana) കേരളത്തിൽ നടപ്പിലാക്കുന്നതിനായി സംസ്ഥാന ഓഫീസായ കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസി (KSRRDA) പ്രവർത്തിക്കുന്നുണ്ട്. ഈ ഏജൻസിയിലെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലയിലും ജില്ലാപഞ്ചായത്തിനോടൊപ്പം എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ഈ വകുപ്പിലെ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനതല ആസ്ഥാന ഓഫീസിൽ ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറും, രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, രണ്ട് അസിസ്റ്റന്റ് എഞ്ചിനീയമാരും, നാല് ഓവർസിയർമാരും പ്രവർത്തിക്കുന്നുണ്ട്. ക്വാളിറ്റി പരിശോധനയ്ക്കും മറ്റുമായി കരാറടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

സംസ്ഥാനതലത്തിലും ജില്ലാപഞ്ചായത്ത് തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലും 261 ഗ്രാമ പഞ്ചായത്തുകളിലും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്.

എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ നിലവിലുള്ള തസ്തികകൾ

ടേബിൾ 4

TECHNICAL										
Sl.No	Name of Branch	Name of Post								Total
		CE	SE	EE	AEE	AE	FGO	SGO	TGO	
1	Supervising Offices (CE Office, North / South Circle)	1	3	4	4	9	15			**36**
2	KSRRDA	1	1		2	2	4			**10**
3	District Panchayath			14	14	14	42	14		**98**
4	Poverty Alleviation Unit			14	14	0	14			**42**
5	Corporation /Municipality		6	19	52	180	262	221	350	**1090**
6	Block Panchayaths				149	150	151	151		**601**
7	Grama Panchayath					941	387	434	1070	**2832**
	Total	**2**	**10**	**51**	**235**	**1296**	**875**	**820**	**1420**	**4709**

മിനിസ്റ്റീരിയൽ ജീവനക്കാർ (ഇന്റഗ്രേഷനു മുമ്പ്)

ടേബിൾ 5

Staff strength of LSGD (Local Infrastructure Development & Engineering Wing)														
MINISTERIAL														
Sl.No	Name of Branch	Name of Post												Total
		AA	DA	FO	AO	SS	JS	HC	FCS	Clerk	Typist	OA	Driver	PTS	
1	Supervising Offices (CE Office, North / South Circle)	2		1	1	1	4	1	1	36	11	8	3	1	**70**
2	KSRRDA									2					**2**
3	District Panchayath		14				18			56	28	42	10	8	**176**
4	Poverty Alleviation Unit														
5	Corporation /Municipality									27					**27**
6	Block Panchayaths							21		151	110	152	5	10	**449**
7	Grama Panchayath									261				1	**262**
	Total	**2**	**14**	**1**	**1**	**1**	**22**	**22**	**1**	**533**	**149**	**202**	**18**	**20**	**986**

Total Staff Ministerial · 986

5.3 LSGD, PWD, IRRIGATION വകുപ്പുകൾ തമ്മിലുള്ള താരതമ്യ പഠനം


അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സ. ഉ (കൈ) നം.269/2003/ തസ്വഭവ തീയതി 5/9/2003 പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും ജലവിഭവ വകുപ്പിൽ നിന്നുമായി 2329 സാങ്കേതികവിഭാഗം ജീവനക്കാരേയും, 1364 മിനിസ്റ്റീരിയൽ ജീവനക്കാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച് ഉത്തരവായിരുന്നു. ഇവരോടൊപ്പം മുനിസിപ്പാലിറ്റികളിലെയും, കോർപ്പറേഷനുകളിലെയും പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിലെയും റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, പോവർട്ടി അലിവേഷൻ യൂണിറ്റ് എന്നിവിടങ്ങളിലെയും എഞ്ചിനീയറിംഗ് സ്റ്റാഫിനെ ഉൾപ്പെടുത്തി 13/11/2007 ലെ സ. ഉ (കൈ) നം. തസ്വഭവ 253/2007/ തസ്വഭവ ഉത്തരവ് പ്രകാരം ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായാണ് LSGD എഞ്ചിനീയറിംഗ് വിഭാഗം നിലവിൽ വന്നത്. നടപ്പിലാക്കേണ്ടുന്ന പദ്ധതികളുടെ എണ്ണത്തിലും ചെലവഴിക്കേണ്ട തുകയിലും ഭീമമായ വർദ്ധനവാണ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ രൂപീകരണത്തിന് ശേഷം ഉണ്ടായിട്ടുള്ളത്. കേഡർ രൂപീകരണത്തിന് ശേഷം നാമമാത്രമായ തസ്തികകൾ മാത്രമാണ് എഞ്ചിനീയറിംഗ് വിഭാഗത്തിനായി അനുവദിച്ചിട്ടുള്ളത്. 1997 ൽ സെൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ശുപാർശ ചെയ്തിരുന്ന തസ്തികകൾ പോലും 27 വർഷങ്ങൾ കഴിഞ്ഞിട്ടും അനുവദിച്ചിട്ടില്ല.

5.3.1 2022–23 സാമ്പത്തിക വർഷം PWD,LSGD,IRRIGATION എഞ്ചിനീയറിംഗ് വിഭാഗങ്ങൾ നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണവും അടങ്കൽ തുകയും താരതമ്യം

PRICE-3 സോഫ്റ്റ്വെയർ പ്രകാരം 2022–23 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് 3650.36 കോടി രൂപയുടെ പദ്ധതിയും, ഇറിഗേഷൻ വകുപ്പ് 1062.21 കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കിയപ്പോൾ LID&EW എഞ്ചിനീയറിംഗ് വിഭാഗം 6061.57 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്. ഇറിഗേഷൻ വകുപ്പിനേക്കാൾ അഞ്ച് മടങ്ങിൽ അധികം രൂപയുടെ പദ്ധതികളാണ് LID&EW യിൽ നടപ്പിലാക്കിയത്. പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളേക്കാൾ 60%ത്തിൽ അധികം രൂപയുടെ പദ്ധതികളാണ് LID&EW യിൽ നടപ്പിലാക്കിയത്. പൊതുമരാമത്ത് വകുപ്പിൽ പ്രസ്തുത വർഷം 9802 വർക്കുകളും ഇറിഗേഷൻ വകുപ്പിൽ 3713 വർക്കുകളും നടപ്പിലാക്കിയപ്പോൾ LID&EW യിൽ 83893 വർക്കുകളാണ് നടപ്പിലാക്കിയത്. അതായത് പൊതുമരാമത്ത് വകുപ്പിനേക്കാൾ 8 മടങ്ങ് പ്രോജക്ടുകളാണ് LID&EWയിൽ നടപ്പിലാക്കിയത്. ഇറിഗേഷൻ വകുപ്പിനെക്കാൾ 22 ഇരട്ടി പ്രോജക്ടുകളും നടപ്പിലാക്കി.


ചിത്രം 1



ടേബിൾ 6

SLNo	DEPARTMENT	TOTAL AMOUNT(Cr)
1	PWD	3650.36
2	IRRIGATION	1062.21
3	LSGD	6061.57

ചിത്രം 2



'ടേബിൾ 7

SL.No	DEPARTMENT	NUMBER OF WORKS (Nos)
1	PWD	9802
2	IRRIGATION	3713
3	LSGD	83893
Source-PRICE 3 Work Execution Status		

LSGD യിൽ അടങ്കൽ തുക കുറഞ്ഞ പ്രോജക്ടുകളുടെ എണ്ണം താരതമ്യേന കൂടുതൽ ആണെങ്കിലും, പ്രസ്തുത പ്രോജക്ടുകളുടെ സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടറിംഗ്, അളവുകൾ രേഖപ്പെടുത്തൽ, ബിൽ തയ്യാറാക്കൽ മുതലായ ഭാരിച്ച ചുമതലകളാണ് പരിമിതമായ ജീവനക്കാരെ ഉപയോഗപ്പെടുത്തി LID&EW എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്നത്.

വളരെ അധികം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാൽ പലപ്പോഴും കൃത്യമായി ഫയലുകൾ സൂക്ഷിക്കുന്നതിന് ഇടയാകുകയില്ല. കൂടാതെ ഓരോ പ്രവൃത്തികളും നടപ്പിലാക്കുമ്പോൾ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും, ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും, പ്രദേശത്തെ മറ്റെല്ലാ രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്തുനിന്നുമൊക്കെ പലപ്പോഴും എതിർപ്പുകൾ ഉണ്ടാകാറുണ്ട്.സാങ്കേതികമായി പിഴവുകൾ വരുത്താതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലുപരി മേൽ പരാമർശിച്ച എല്ലാ എതിർപ്പുകളും പരിഹരിച്ചില്ലെങ്കിൽ പത്രവാർത്തകളും, വിവരാവകാശം വഴിയുള്ള ചോദ്യങ്ങളും, വിജിലൻസ് അന്വേഷണവും, കേസുകളും മറ്റും നേരിടേണ്ട സാഹചര്യങ്ങളാണ് ഉണ്ടാകാറുള്ളത്. അന്വേഷണങ്ങൾ നേരിടേണ്ടിവരുമ്പോൾ ഫയലുകളിൽ കൃത്യമായ രേഖകൾ ഉണ്ടെങ്കിലും പൊതുമരാമത്ത് ചട്ടങ്ങൾ, പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമം മുതലായവ പാലിക്കാൻ കഴിഞ്ഞില്ലെങ്കിൽ ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ ഉണ്ടാകുകയും, പരിമിതമായ പ്രൊമോഷൻ സാധ്യതകൾ പോലും ഇല്ലാതാകുകയും ചെയ്യുന്നു. ഇതൊക്കെ ഭയന്ന് ജീവനക്കാർ മറ്റു വകുപ്പുകളിലേക്ക് പോകുന്ന സാഹചര്യമാണുള്ളത്.

5.3.2 റോഡ്, കെട്ടിടങ്ങൾ മുതലായ ആസ്തികളുടെ താരതമ്യം

റോഡുകൾ

2023 മാർച്ച് 31 ലെ കണക്കനുസരിച്ച് 2.36 ലക്ഷം കിലോമീറ്റർ ദൈർഘ്യമുള്ള നവീനവും വികസിതവുമായ റോഡ് ശൃംഖലയാണ് കേരളത്തിനുള്ളത്. സംസ്ഥാനത്തെ മുഴുവൻ ഗ്രാമങ്ങളെയും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകളു മായി ബന്ധിപ്പിച്ചിരിക്കുന്നു. കേരളത്തിലെ റോഡുകളുടെ ഘടനയിൽ (ആകെയു ള്ളതിന്റെ 83.50 % റോഡുകൾ) 1,96,773 കിലോമീറ്റർ റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് പരിപാലിക്കുമ്പോൾ 29,573 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പിന്റെ റോഡും 1,781 കിലോമീറ്റർ ദേശീയ പാതകളും ചേർത്ത് ആകെ 31,354 കിലോമീറ്റർ (13.31 % റോഡുകൾ) റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് പരിപാലി ക്കുന്നത്.

'ടേബിൾ 8


Composition of Road Network in Kerala, as on March 31, 2023			
Sl No	**Name of Department**	**Total Length (Km**	**Percentage**
1	PWD (SHs,MDRs, NH)	31,354	13.31
2	LSGD (Corporations, Municipality, DPs, GPs)	1,96,773	83.50
3	Others	7,516	3.19
4		2,35,643	100

Source: Economic Review 2023, State Planning Board Government of Kerala

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരങ്ങൾക്കൊപ്പം വിഭവങ്ങളും നൽകുന്നതിൽ മാതൃകാപരമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് കേരളം ഒമ്പതാം പഞ്ചവത്സര പദ്ധതിക്ക് (1997- 2002) തുടക്കം കുറിച്ചത്. ജനകീയാസൂത്രണ പ്രസ്ഥാന ത്തിലൂടെ പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണ ശ്രമങ്ങൾ ആരംഭിച്ച ഒമ്പതാം പദ്ധതിയിൽ സംസ്ഥാന ഫണ്ടിന്റെ 35-40 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി.

തുടർന്ന് വിവിധ പദ്ധതികൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭിച്ച മൊത്തം പദ്ധതി വിഹിതത്തിന്റെ 50 മുതൽ 60 ശതമാനം വരെ തുക പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെപ്രാദേശികപശ്ചാത്തലവികസനപ്രവർത്തനങ്ങളിലൂടെസംസ്ഥാനത്ത് ആകമാനം റോഡ് കണക്റ്റിവിറ്റി ഉണ്ടാകുകയും ചരക്കുകളുടെ ഉത്പാദനവും, വി പണികളിലേക്കുള്ള ഉൽപ്പന്നങ്ങളുടെ വിതരണവും സുഗമമാകുകയും ചെയ്തത് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്.

ചിത്രം 3: കേരളത്തിലെ മൊത്തം റോഡിന്റെ പത്തു വർഷത്തിനിടയിലെ പ്രവണതകൾ



ടേബിൾ 9

വർഷം	നീളം കിലോമീറ്ററിൽ
2000-01	1,37,678
2010-11	1,51,669
2020-21	2,38,773

ഉറവിടം: സാമ്പത്തിക അവലോകനം 2023 വാല്യം 1

2000 - 01 വർഷം കേരളത്തിലെ ആകെ റോഡുകളുടെ നീളം 1,37,678 കിലോമീറ്റർ എന്നത് 20 വർഷങ്ങൾക്കു ശേഷം 2020- 21 ൽ 2,38,773 കിലോമീറ്റർ കുതിച്ചുയരുക യുണ്ടായി. ഇതിൽ പൊതുമരാമത്ത് റോഡുകളുടെ നീളം ഇതേ കാലയളവിൽ 21,347 കിലോമീറ്റർ എന്നത് 8,175 കിലോമീറ്റർ മാത്രം വർദ്ധിച്ച് 29,522 കിലോമീറ്റർ ആയി ത്തീർന്നു.

അതായത് പരിമിതമായ സ്റ്റാഫുകൾ ഉള്ള തദ്ദേശ സ്വയംഭരണ എഞ്ചിനീയറിങ് വിഭാഗം മുഖേന, കഴിഞ്ഞ 20 വർഷം കൊണ്ട് 90,000 ൽ അധികം കിലോമീറ്റർ റോഡു കളാണ് നിർമ്മിച്ചത്.

കെട്ടിടങ്ങൾ

പൊതുമരാമത്ത് വകുപ്പിന് 5,321 ക്യാമ്പസുകളിലായി 11,724 കെട്ടിടങ്ങളാണ് ആസ്തികൾ ആയിട്ടുള്ളത്. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ആസ്തിയിൽപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ആസ്തിയിൽപ്പെട്ട കെട്ടിടങ്ങൾ

ടേബിൾ 10

Building Type	Total Number of Campus	Total Number of individual buildings	Total Plinth Area(Sq.M)
Office Building	2425	4052	18,65,476.43
Residential Quarters	1244	3661	9,89,459.99
Hospital Building	263	766	7,47,427.64
Educational Building	462	1375	12,27,831.77
Commercial Building	87	161	45,805.03
Rest Houses	183	311	1,27,476.71
Museum and Zoo	11	48	10,005.26
Library Building	24	29	18,030.82
Jail	57	353	76,491.69
Garage/ Work Shop	138	310	77,566.35
Road	52	53	17,065.43
Compound Wall	100	144	48,108.77
Well	51	79	178.38
Sump	28	35	2,106.21
Over Head Water Tank	22	29	1,592.56
Hostel Building	174	318	4,48,136.16
Total	**5321**	**11724**	**57,02,759.2**

ഉറവിടം: പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ വിദ്യാഭ്യാസ മേഖലയിൽ മാത്രം 2,597 എൽപി സ്കൂളുകൾ, 871 യുപി സ്കൂളുകൾ, 1,227 ഹൈസ്കൂളുകൾ, 261 വിഎച്ച്എസ്ഇ സ്കൂളുകൾ, 817 ഹയർസെക്കൻഡറി സ്കൂളുകൾ എന്നിങ്ങനെ 5,773 ക്യാമ്പസുകൾ ഉണ്ട്.

ആരോഗ്യ മേഖലയിൽ 18 ജില്ല ആശുപത്രികൾ 48 താലൂക്ക് ഹെഡ് ക്വോട്ടേഴ്സ് ആശുപത്രികൾ, 38 താലൂക്ക് ആശുപത്രികൾ, 185 സിഎച്ച് സി കൾ, 199 പി.എച്ച്.സി കൾ, 673 എഫ് എച്ച് സി കൾ എന്നിങ്ങനെ 1,161 ക്യാമ്പസുകൾ ഉണ്ട്

സംസ്ഥാനത്തെ 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എല്ലാം തന്നെ വെറ്റിനറി ഹോസ്പിറ്റലുകളും, ആയുർവേദ ആശുപത്രികളും, കൃഷിവകുപ്പിന്റെ ഓഫീസുകളും ഉണ്ട്. 592 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹോമിയോ ആശുപത്രികളും ഉണ്ട്.

33,115 അങ്കണവാടി കെട്ടിടങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉണ്ട്.

ഇവ കൂടാതെ 1,200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തനത് ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റു കെട്ടിടങ്ങൾ എന്നിങ്ങനെ 75,000ത്തിൽ പരം കെട്ടിടങ്ങളാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആസ്തിയിൽ ഉണ്ട്. ഈ കെട്ടിടങ്ങളുടെ എല്ലാം തന്നെ പരിപാലനം തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ് വിഭാഗം മുഖേനയാണ് നടത്തുന്നത്

5.3.3 പൊതുമരാമത്ത്, LID&EW, ഇറിഗേഷൻ വകുപ്പുകളിലെ, ഓഫീസുകൾ, ജീവനക്കാരുടെ എണ്ണം തമ്മിലുള്ള താരതമ്യം

മൂന്ന് വകുപ്പുകളിലെയും ഡിവിഷൻ,സബ് ഡിവിഷൻ, സെക്ഷൻ തലങ്ങളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു. മൂന്ന് വകുപ്പുകളിലെയും ഒരേ തലത്തിലുള്ള ഓഫീസുകൾ പരിശോധിക്കുമ്പോൾ ഏറ്റവും കുറവ് ജീവനക്കാർ LID&EW എഞ്ചിനീയറിങ് വിഭാഗത്തിൽ ആണെന്ന് കാണാൻ കഴിയും.

ടേബിൾ 11

STAFF PATTERN PWD,IRRIGATION,LID&EW				
Division office				
DESIGNATION		PWD ROADS/ BUILDINGS	MINOR /Maj-o-r IRRIGATION	LID&EW
Executive Engineer		1	1	1
Assistant Executive Engineer (TA)		1	1	1
Assistant Engineer (HD)		1	1	1
DB	FGO	3	3	3
	SGO	2	2	1
DA		1	1	1
JS		2	2	1
HC		NILL	1	NILL
Clerk		10	13	4
Typist		3	3	2
OA		3	3	2
PTS		1	1	1
Watchman		1	NILL	NILL
TOTAL		29	32	18

ടേബിൾ 12


Sub Division office				
DESIGNATION		PWD ROADS/ BUILDINGS	MINOR /Major IRRIGATION	LSGD
Assistant Executive Engineer		1	1	1
Assistant Engineer		NILL	NILL	1
DB	FGO	2	3	1
	SGO	2	2	1
HC		1	1	NILL
OA		2	2	1
Typist		1	1	1
PTS		1	1	1
Watchman		1		NILL
TOTAL		11	11	7

ടേബിൾ 13

Section office			
DESIGNATION	PWD ROADS/ BUILDINGS	MINOR /Major IRRIGATION	LSGD
Assistant Executive Engineer	1	1	1
Overseer	3	2	2
Clerk	1	NILL	NILL
OA	1	NILL	NILL
PTS	1	1	NILL
TOTAL	7	4	3

Only 261 clerks available out of 941 Grama Panchayth section office


ചിത്രം 4



ടേബിൾ 14

Department	Supporting staff to EE's
Irrigation	32
PWD	29
LID&EW	18

ചിത്രം 5



ടേബിൾ 15

Department	nos
Irrigation	3
PWD	6
LID&EW	2.27

* Only 261 clerks available out of 941 Grama Panchayth section office

സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം തമ്മിലുള്ള താരതമ്യം

ടേബിൾ 16


Technical staff (CIVIL) – Comparison			
Category	Irrigation Department Sanctioned Strength	PWD Sanctioned Strength	LID&EW Sanctioned Strength
CE	5	8	2
SE	21	25	10
EE	86	98	52
AEE	254	326	235
AE	624	742	1296
FGO	562	752	875
SGO	604	756	820
TGO/TRACER	918	1324	1420
	3074	4031	4710

മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം തമ്മിലുള്ള താരതമ്യം

ടേബിൾ 17

Existing Staff Strength - Comparison Ministerial Staff			
Category	Irrigation Department Sanctioned Strength	PWD Sanctioned Strength	LSGD Sanctioned Strength
AA	14	17	2
DA	58	51	14
FO	5	3	1
AO	1	1	1
SS	26	17	1
JS	159	93	22
HC	187	201	22
FCS	7	9	1
Clerk	1288	1414	533
Typist	358	356	149
OA	643	921	202
Driver	219	157	18
PTS	257	434	20
Other Staffs	1159	1106	0
TOTAL	**4381**	**4780**	**986**

ചിത്രം 6



ടേബിൾ 18

DEPARTMENT	Ministerial staffs
Irrigation	4381
PWD	4780
LID&EW	986

5.3.4 ഡെലിഗേഷൻ ഓഫ് പവർ

സംസ്ഥാന ധനകാര്യ വകുപ്പ് കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങളിലെ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർക്കുള്ള അധികാര ചുമതലകൾ വ്യക്തമാക്കിക്കൊണ്ട് 21/08/2019 ൽ സ.ഉ(പി) 111/2019/ധന നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിൽ മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി LID&EW അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മാത്രമായി സാമ്പത്തിക പരിധിയില്ലാതെ തന്നെ ഏത് പ്രവർത്തികളും ടെണ്ടർ ചെയ്യുന്നതിനും കരാറിൽ ഏർപ്പെടുന്നതിനും അധികാരം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖയിൽക്കൂടി സാങ്കേതിക വിഭാഗം ജീവനക്കാരുടെ സാമ്പത്തിക പരിധി വർധിപ്പിച്ചിട്ടുണ്ട്. LID&EW അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക അനുമതി മറ്റു വകുപ്പുകളിലുള്ളതിനേക്കാൾ രണ്ടിരട്ടിയും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേത് മറ്റ് വകുപ്പിൽ ഉള്ളതിനേക്കാൾ 25 % അധികവുമാണ്. സാമ്പത്തിക പരിധി വർധിപ്പിക്കുന്നത് ജോലി ഭാരം കൂട്ടുമെന്നതിനാൽ പ്രോജക്ട് നിർവ്വഹണം സുഗമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക മേലുദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്. വിവിധ വകുപ്പുകളിലെ എഞ്ചിനീയർമാരുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള അധികാര പരിധി. (ലക്ഷം രൂപയിൽ)

ടേബിൾ 19

DESIGNATION	PWD, IRRIGATION	LSGD
AEE	15	30
EE	100	125
SE	250	250
CE	UNLIMITED	UNLIMITED

നിർവഹണ ഉദ്യോഗസ്ഥനായ എഞ്ചിനീയറുടെ തൊട്ടുമുകളിലുള്ള പദവിയിലെ എഞ്ചിനീയറാണ് പ്രോജക്ടിന് അംഗീകാരവും സാങ്കേതിക അനുമതിയും നൽകേണ്ടത്. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിലവിലുള്ള സാങ്കേതിക ഉദ്യോഗസ്ഥരിൽ നിന്ന് തന്നെ പ്രോജക്ട് അംഗീകാരവും സാങ്കേതിക അനുമതിയും വാങ്ങുന്നതിനായി പദ്ധതി മാർഗ്ഗരേഖ മുഖേന സാങ്കേതിക വിഭാഗം ജീവനക്കാരുടെ അധികാരപരിധി

ഉയർത്തി നൽകിയിട്ടുണ്ട്. അത്തരത്തിൽ ആവശ്യമായ സാങ്കേതിക മേലുദ്യോഗസ്ഥ തസ്തികകൾ സൃഷ്ടിക്കുന്നതിന് പകരമായി സാങ്കേതിക അനുമതി നൽകേണ്ടുന്ന ഫയലുകളും, ബില്ലുകളും മറ്റും പരിശോധിച്ച് ഉപദേശം നൽകേണ്ട ജില്ലാ പഞ്ചായത്തിലെ (എൽ.ഐ.ഡി & ഇ.ഡബ്ല്യൂ ഡിവിഷൻ) അസിസ്റ്റന്റ് എഞ്ചിനീയർക്കും (ഹെഡ് ഡ്രാഫ്റ്റ്മാൻ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ടെക്നിക്കൽ അസിസ്റ്റന്റ്) നിർവഹണ ചുമതല നൽകിയിരിക്കുന്നു. ഇത്തരത്തിൽ അധിക ചുമതലകൾ നൽകുന്നത് സാങ്കേതിക ക്ഷമത ഉള്ളതും കുറ്റമറ്റതുമായ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നിർവ്വഹിക്കുന്നതിനും തടസ്സമാകുന്നു. ജീവനക്കാരുടെ ജോലി ഭാരം വർദ്ധിക്കുന്നതിന് ഇടയാക്കുന്നു.

5.3.5 പൊതുമരാമത്ത്, ഇറിഗേഷൻ, വകുപ്പുകളിൽ നിന്നു വ്യത്യസ്തമായി LID & EW എഞ്ചിനീയറിംഗ് വിഭാഗം മുഖേനെ നടപ്പിലാക്കുന്ന മറ്റു ചുമതലകൾ

ഓരോ വർഷവും സംസ്ഥാനത്ത് മറ്റു വകുപ്പുകളെക്കാൾ കൂടുതൽ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതും സംസ്ഥാനത്തെ ആകെ റോഡ് ശൃംഖലയുടെ 83.50 % റോഡുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ട 75,000 ൽ പരം കെട്ടിടങ്ങളുടെയും പരിപാലന ചുമതല നിർവ്വഹിക്കുന്നത് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ആണ്. എന്നാൽ മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി എൽ.ഐ.ഡി & ഇ.ഡബ്ല്യൂ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന സാങ്കേതികവും, സാങ്കേതികേതരവുമായ ചുമതലകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണ പെർമിറ്റ്/ റെഗുലറൈസേഷൻ ഫയലുകൾ
2. മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി.
3. എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ, സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഫെക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ്, അറവുശാലകൾ, പൊതു ശ്മശാനങ്ങൾ, ബയോമൈനിംഗ്, തുടങ്ങി സങ്കീർണ്ണമായ ശുചിത്യമേഖലയിലെ പ്രോജക്ടുകൾ
4. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം (MGNREGS, അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരണ്ടി സ്കീം, (AUEGS) മുതലായ നഗര ഗ്രാമ പ്രദേശങ്ങളിലെ തൊഴിലുറപ്പ് പദ്ധതികളുടെ സാങ്കേതിക അനുമതി, ചെക്ക് മെഷർമെന്റ്, നിർവ്വഹണ പരിശോധന ചുമതലകൾ.
5. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് : മുൻപ് പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകിയിരുന്നത്. എന്നാൽ നിലവിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകൾക്കും, അംഗൻവാടികൾക്കും അതാത് അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിലും പുതിയ നിർമ്മാണങ്ങൾ നടത്തുമ്പോഴും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗത്തിനാണ്. തദ്ദേശസ്വയംഭരണ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി

നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ/ അറ്റകുറ്റപണികൾക്ക് ആവശ്യമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഓർഫനേജുകൾ, സിനിമ തീയേറ്ററുകൾ എന്നിവയുടെ നടത്തിപ്പിന് ആവശ്യമായ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ മുതലായവ നൽകുന്നത് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗമാണ്.

6. ദുരന്തനിവാരണ വകുപ്പ് മുഖേന കാലവർഷക്കെടുതി, ഉരുൾപൊട്ടൽ മുതലായ പ്രകൃതിക്ഷോഭം മൂലം കെട്ടിടത്തിനും, വീടുകൾക്കും ഉണ്ടാകുന്ന നാശനഷ്ടം കണക്കാക്കി വാല്യുവേഷൻ എടുത്ത് ബന്ധപ്പെട്ട റവന്യൂ അധികാരിക്ക് നൽകേണ്ടുന്ന ചുമതലയും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്.
7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, ഇതര വകുപ്പുകളിലെയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്ന ചുമതല തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്.

5.3.6 വിവിധ വകുപ്പുകളിലെ പ്രൊമോഷൻ സാദ്ധ്യത


ജീവിതത്തിലും തൊഴിൽ മേഖലയിലും കഴിവിനും കാലത്തിനുമൊത്ത് ഉയർച്ച ആഗ്രഹിക്കുക ഏതൊരു ജീവനക്കാരന്റെയും സ്വപ്നമാണ്. എന്നാൽ ഇതര വകുപ്പു കളുമായി താരതമ്യം ചെയ്യുമ്പോൾ തീർത്തും പരിമിതമായ പ്രമോഷൻ തസ്തികകൾ മാത്രമാണ് എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വകുപ്പിൽ ഉള്ളത് എന്നതിനാൽ ജീവനക്കാരന്റെ സ്വാഭാവിക അവകാശവും നീതിയും നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് നിലവിലു ള്ളത്. കേരളത്തിലെ പ്രമുഖ എഞ്ചിനീയറിങ് വകുപ്പുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള കേഡർ സ്ട്രെങ്ത് ഒരു താരതമ്യത്തിന് ചുവടെ ചേർക്കുന്നു.

ടേബിൾ 20

Designation	Irrigation		PWD		LSGD	
	Nos	Promotion	Nos	Promotion	Nos	Promotion
Chief Engineer	5		8		2	
Superintending Engineer	21	1:4	25	1:3	10	1:5
Executive Engineer	86	1:4	98	1:4	50	1:5
Assistant Executive Engineer	254	1:3	326	1:3.3	233	1:5
Assistant Engineer	624	1:2.5	742	1:2.3	1293	1:5
Total of Higher posts viz. AEE to CE	366	1:1.7	457	1:1.6	295	1:4.4

പട്ടികയിൽ നിന്നും LID&EW എഞ്ചിനീയറിങ് വിഭാഗത്തിന് ലഭിക്കുന്ന പ്രമോഷൻ സാധ്യത എല്ലാ തസ്തികകളിലും ഇതര വകുപ്പുകളെ അപേക്ഷിച്ച് വളരെ കുറവാണെന്ന് കാണാം. 624 അസിസ്റ്റന്റ് എഞ്ചിനീയർമാർ മാത്രമുള്ള ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള തസ്തികകളിലായി 366 പ്രമോഷൻ പോസ്റ്റും 742 അസിസ്റ്റന്റ് എഞ്ചിനീയർമാരുള്ള പൊതുമരാമത്ത് വകുപ്പിൽ 457 പ്രമോഷൻ പോസ്റ്റുമുള്ളപ്പോൾ 1296 അസിസ്റ്റൻറ് എഞ്ചിനീയർമാരുള്ള LID&EWയിൽ ആകെ 298 പ്രമോഷൻ പോസ്റ്റ് മാത്രമാണ് ഉള്ളത്. പൊതുമരാമത്ത്, ഇറിഗേഷൻ എഞ്ചിനീയറിങ് വകുപ്പുകളിൽ 17 അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ 10 പേർക്കും ചുരുങ്ങിയത് ഒരു പ്രമോഷൻ എങ്കിലും ലഭിക്കുമ്പോൾ (60% പേർക്ക് സാധ്യത) LID&EWയിൽ 44 പേരിൽ കേവലം 10 പേർക്ക് മാത്രമാണ് ചുരുങ്ങിയത് ഒരു പ്രമോഷൻ എങ്കിലും ലഭിക്കാൻ അവസരം കിട്ടുന്നത് (കേവലം 20% സാധ്യത). അതായത് ആകെ നിയമിക്കപ്പെടുന്ന എഞ്ചിനീയർമാരിൽ 80 ശതമാനം വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ ഒരു പ്രമോഷൻ പോലും ലഭിക്കാതെ 25 മുതൽ 30 വർഷം വരെ ദൈർഘ്യമുള്ള സർവീസിൽ, നിയമിതരായ തസ്തികയിൽ തന്നെ വിരമിക്കേണ്ടി വരുന്ന സമാനതകളില്ലാത്ത ദുരവ്യോഗമാണ് ഉള്ളത്. പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകളിൽ സൂപ്രണ്ടിങ് എഞ്ചിനീയർ തസ്തികളുടെ എണ്ണം യഥാക്രമം 25, 21 എന്നിങ്ങനെ ആയിരിക്കുമ്പോൾ LID&EW യിൽ അത് കേവലം 10 എണ്ണം മാത്രമാണ്. സെൻകമ്മിറ്റി റിപ്പോർട്ടിൽ 19 സൂപ്രണ്ടിങ്ങ് എഞ്ചിനീയർ തസ്തിക വിഭാവനം ചെയ്തിരുന്നു. പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകളിൽ എൻട്രി കേഡർ തസ്തികയായ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഉള്ളതിന്റെ ഇരട്ടി അസിസ്റ്റൻറ് എഞ്ചിനീയർമാരുള്ള LID&EW വകുപ്പിൽ മേൽപ്പറഞ്ഞ വകുപ്പുകളിൽ ഉള്ളതിന്റെ പകുതി പ്രമോഷൻ തസ്തിക പോലുമില്ല എന്ന വൈരുദ്ധ്യം നിലവിലുണ്ട്.

ചിത്രം 7



ടേബിൾ 21

DEPARTMENT	Higher officers	AE
Irrigation	396	673
PWD	495	825
LID&EW	298	1296

DEPARTMENT	RATIO	PERCENTAGE
Irrigation	1/1.17	85
PWD	1/1.16	86
LID&EW	1/4.4	23

പൊതുമരാമത്ത്, ഇറിഗേഷൻ എന്നീ വകുപ്പുകളുടെ ഘടന, വിവിധ വിഭാഗങ്ങൾ എന്നിവ അനുബന്ധം '2' ആയി ചേർക്കുന്നു. ഇതര വകുപ്പുകളുമായി താരതമ്യം ചെയ്യുമ്പോൾ മറ്റു വകുപ്പുകളിൽ ഉള്ളതുപോലെ നിർമ്മാണ പ്രവർത്തികളുടെ ഗുണ നിലവാര പരിശോധനയ്ക്ക് ആവശ്യമായ ക്വാളിറ്റി വിഭാഗമോ, സ്ട്രക്ച്ചറൽ ഡിസൈനിങ്ങിനും ആർക്കിടെക്ചറൽ ഡിസൈനിങ്ങിനും ആവശ്യമായ പ്രത്യേക വിഭാഗമോ LID&EW-ൽ ഇല്ലെന്ന് കാണാൻ കഴിയും. പ്രത്യേകമായി ഇലക്ട്രിക്കൽ വിഭാഗമോ, മെക്കാനിക്കൽ വിഭാഗമോ LID&EW-ൽ നിലവിൽ ഇല്ല. കൺസൾട്ടൻസികളുടെയും എഞ്ചിനീയറിങ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് നിലവിൽ ഡിസൈനിങ്ങും മറ്റും നടത്തി അംഗീകാരം വാങ്ങുന്നത്.

6. ജോലിഭാര പഠനം

കേരളത്തിലെ നിരവധി വകുപ്പുകളിൽ ജീവനക്കാരുടെ ജോലിഭാരം പഠനം സ്തുത്യർഹമായ വിധത്തിൽ Centre for Management Development (CMD) പൂർത്തിയാക്കിയിട്ടുള്ളതാണ്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൻജിനീയറിങ് ജീവനക്കാരുടെ ജോലി ഭാരം പഠിക്കുന്നതിനും ശുപാർശ നൽകുന്നതിനും സി എം ഡിയെ നിയോഗിച്ചിരുന്നു.

വിവര ശേഖരണത്തിന്റെ ഭാഗമായി പ്രാതിനിധ്യ സ്വഭാവമുള്ള തീരദേശ മേഖല, നഗര മേഖല, മലയോര മേഖല എന്നിങ്ങനെ ഭൂമി ശാസ്ത്രപരമായും, ജനസാന്ദ്രതയും പ്രവൃത്തി ആധിക്യവും കുറവും ആയ പഞ്ചായത്തുകളും, നഗരസ്വഭാവവും കൂടി പരിഗണിച്ചാണ് താഴെ പറയുന്ന 15 തദ്ദേശ ഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തത്.

ടേബിൾ 22

ക്രമ നമ്പർ	തദ്ദേശ സ്ഥാപനം	ജില്ല	മാനദണ്ഡം
1	കണ്ണൂർ മുനിസിപ്പൽ കോർപറേഷൻ	കണ്ണൂർ	നഗര മേഖല
2	കൊട്ടാരക്കര മുനിസിപ്പാലിറ്റി	കൊല്ലം	നഗര മേഖല
3	തൃക്കാക്കര മുനിസിപ്പാലിറ്റി	എറണാകുളം	നഗര മേഖല
4	തലശ്ശേരി മുനിസിപ്പാലിറ്റി	കണ്ണൂർ	നഗര മേഖല
5	തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്	തിരുവനന്തപുരം	നഗര മേഖല
6	ഇടുക്കി ജില്ലാ പഞ്ചായത്ത്	ഇടുക്കി	മലയോര മേഖല
7	ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്	കൊല്ലം	മദ്ധ്യ മേഖല
8	കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്	എറണാകുളം	മലയോര മേഖല
9	വിതുര ഗ്രാമപഞ്ചായത്ത്	തിരുവനന്തപുരം	മലയോര മേഖല
10	പള്ളിക്കൽ ഗ്രാമപഞ്ചായത്ത്	പത്തനംതിട്ട	മദ്ധ്യ മേഖല
11	കാഞ്ഞിരപ്പള്ളിഗ്രാമപഞ്ചായത്ത്	കോട്ടയം	മലയോര മേഖല
12	കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്	ആലപ്പുഴ	തീരദേശ മേഖല
13	മൂന്നാർ ഗ്രാമപഞ്ചായത്ത്	ഇടുക്കി	മലയോര മേഖല
14	എറിയാട് ഗ്രാമപഞ്ചായത്ത്	തൃശ്ശൂർ	തീരദേശ മേഖല
15	പനമരം ഗ്രാമപഞ്ചായത്ത്	വയനാട്	മലയോര മേഖല

ഈ സ്ഥാപനങ്ങളിലെ കഴിഞ്ഞ 5 വർഷത്തെ (2019-20 മുതൽ 2023-24) പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ സുലേഖ, സാംഖ്യ, സങ്കേതം, പ്രൈസ്, എന്നീ

സോഫ്റ്റ്വെയറുകളിൽ നിന്നും രജിസ്റ്ററുകളിൽ നിന്നും സി.എം.ഡി.ക്ക് ശേഖരിച്ചു നൽകുകയുണ്ടായി. ഈ കാര്യങ്ങൾ പരിശോധിച്ചു ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട ജീവനക്കാരുമായി ചർച്ച നടത്തുകയും ചെയ്തു. ഇവയുടെ അടിസ്ഥാനത്തിൽ സി എം ഡി തയ്യാറാക്കിയ റിപ്പോർട്ട്. അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

ഒരു ജീവനക്കാരന്റെ ഒരു വർഷത്തെ സാധാരണ പ്രവൃത്തി സമയം 1365 മനുഷ്യ മണിക്കൂറുകൾ (man hours) എന്ന് കണക്കാക്കിയാണ് ഈ പഠനം നടത്തിയിട്ടുള്ളത്. ഈ പഠനത്തിന്റെ കണ്ടെത്തലുകൾ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പരിഗണിച്ചിട്ടുണ്ട്.

7. സർവീസ് സംഘടനകളുടെയും ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും നിർദേശങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവലോകനം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ വേണ്ടി സ.ഉ(സാധ)നം 1722/2023/ തസ്വഭവ, തീയതി 23/08/2023 പ്രകാരമുള്ള കമ്മിറ്റി ഉത്തരവിലെ 9 വിഷയങ്ങളെക്കുറിച്ച് വിവിധ സർവ്വീസ് സംഘടനകളുടെയും ത്രിതല പഞ്ചായത്ത് നഗരസഭ അധ്യക്ഷൻമാരുടെ സംഘടകളെയും, കരാറുകാരുടെ സംഘടന കളെയും നേരിൽ കേൾക്കുകയും, ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ശേഷം ജോലി ഉപേക്ഷിച്ചു പോയവരെയും, നേരിൽ കേട്ട് അഭിപ്രായം രേഖപ്പെടുത്തുക യും ക്രോഡീകരിക്കുകയുമുണ്ടായി. ഹിയറിംഗിൽ പങ്കെടുത്ത സംഘടനകളുടെയും ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങളും ശുപാർശകളിലെയും പ്രസക്ത ഭാഗങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു.

8. വസ്തുതകളും അപഗ്രഥനവും

8.1 പദ്ധതി രൂപീകരണം – മാർഗ്ഗനിർദ്ദേശം നടപടിക്രമം

തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ഓരോ പദ്ധതിയും അതിനു വിഭാവനം ചെയ്യപ്പെട്ട ഫലപ്രാപ്തി ഉണ്ടാകണമെങ്കിൽ അതിന്റെ രൂപീകരണം മുതലുള്ള ഓരോ ഘട്ടങ്ങളിലെയും പ്രവർത്തനങ്ങൾ ഗുണമേന്മയുള്ളതായിരിക്കണം. ഒരു നല്ല പദ്ധതി ഏറ്റെടുക്കുന്നതു വഴി മെച്ചപ്പെട്ട ജനസേവനം ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഗ്രാമസഭകളിൽ / ഊരുകൂട്ടങ്ങളിൽ മുന്നോട്ടുവെയ്ക്കുന്ന നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചർച്ചയ്ക്ക് വിധേയമാക്കി കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് വികസന സെമിനാറുകൾ അവതരിപ്പിച്ച് അന്തിമ പദ്ധതി തയ്യാറാക്കുന്നു. ഇത്രയും ഘട്ടങ്ങൾ കഴിഞ്ഞ് ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് അത്രയും തന്നെ ഗുണനിലവാരവും ഉറപ്പാക്കേണ്ടതുണ്ട്. ആയതിന് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കമ്മിറ്റിയുടെ ഭാഗത്തു നിന്നും സമർപ്പിക്കുന്നു.

1) പദ്ധതികളുടെ എണ്ണത്തിൽ കുറവ് വരുത്തുക

a) ഒരേ സ്വഭാവമുള്ള നിർവ്വഹണ പ്രവൃത്തികൾ സംയോജിപ്പിച്ച് ഒറ്റ പ്രോജക്ടാക്കുക

b) അവസാനഘട്ട പ്രോജക്ടുകൾ (റിവിഷൻ പ്രോജക്ടുകൾ) ഉൾപ്പെടെ നിർവ്വഹണത്തിന് താരതമ്യേന സമയ ദൈർഘ്യം ആവശ്യമായി വരുന്ന നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്താതിരിക്കുക

c) പദ്ധതി നിർവ്വഹണത്തിൽ തദ്ദേശസ്ഥാപനങ്ങളെ expenditure wise (ചെലവിന്റെ അടിസ്ഥാനത്തിൽ) വിലയിരുത്താതെ ഗുണമേന്മയുള്ളതും ജനത്തിനും പ്രകൃതിയ്ക്കും ഒരുപോലെ ഗുണകരമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനെ ആധാരമാക്കി ഒരു grading സംവിധാനം നിലവിൽ വരുത്താവുന്നതാണ്. അംഗീകാരം എന്ന നിലയിൽ അത്തരം സ്ഥാപനങ്ങൾക്ക് ഒരു നിശ്ചിത ശതമാനം അധിക തുക പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതാണ്.

d) വാങ്ങൽ / purchase പ്രോജക്ടുകളുടെ നിർവ്വഹണം എഞ്ചിനീയർമാരിൽ നിന്നും മാറ്റേണ്ടതായിട്ടുണ്ട്.

e) പുതിയ കെട്ടിടങ്ങളുടെ നിർദ്ദേശം വയ്ക്കുന്നതിന് മുന്നോടിയായി നിർജ്ജീവ ആസ്തികളുടെ പുനരുപയോഗം പരിശോധിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

(2.) പദ്ധതി നടത്തിപ്പിനെ ഘട്ടങ്ങളായി വിഭജിച്ച് സമയക്രമം വഴി നിയന്ത്രിക്കൽ

a) പദ്ധതി നടത്തിപ്പിനെ പ്രത്യേക സമയക്രമത്തിലൂടെ പല ഘട്ടങ്ങളിലായി വിഭജിച്ച് നടപ്പിലാക്കാവുന്നതാണ്.

b) പദ്ധതി നടത്തിപ്പ് സമയത്തെ പദ്ധതി രൂപീകരണം പദ്ധതി നിർവ്വഹണത്തിന്റെ ഗുണമേന്മയെ സാരമായി ബാധിക്കുന്നു. രൂപീകരണ സമയത്തെ വെറ്റിംഗ് പ്രക്രിയ കാരണം ബ്ലോക്ക് ലെവൽ ഉദ്യോഗസ്ഥർക്ക് ചെക്ക് മെഷർ ചെയ്യുന്നതിനും, ബിൽ പാസ്സാക്കുന്നതിനും ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ഇതൊഴിവാക്കാൻ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സൈറ്റിൽ പ്രവൃത്തി നടപ്പിലാക്കുവാൻ വേണ്ടി മാത്രം ക്രമീകരിക്കാവുന്നതാണ്.

c) അടിയന്തിര സ്വഭാവമുള്ളവയും, മെയിന്റെനൻസ് പ്രവൃത്തികൾ (സ്കൂൾ, മറ്റ് കെട്ടിടങ്ങൾ, റോഡ് മെയിന്റെനൻസ്) എന്നിവയ്ക്ക് മാത്രം ഫെബ്രുവരി മാസത്തോടെയോ നേരത്തെയോ അംഗീകാരം ലഭ്യമാക്കി മാർച്ച് മാസത്തിൽ എഗ്രിമെന്റ് വെച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രവൃത്തി ചെയ്യിക്കുന്ന രീതി അവലംബിക്കാവുന്നതോ ഇത്തരം പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ തൻ വർഷ പ്രോജക്ടുകളുടെ ലിസ്റ്റ് മാത്രമായി ഡി.പി.സി അംഗീകാരത്തിനായി സമർപ്പിക്കാവുന്നതുമാണ്.

d) ഓരോ പദ്ധതിയ്ക്കും അവയുടെ സ്വഭാവത്തിനനുസരിച്ചുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും അതിനനുസരിച്ച് രൂപീകരണവും അംഗീകാരം ലഭ്യമാക്കലും നിജപ്പെടുത്താവുന്നതാണ്.

3) പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ

a) നിലവിലെ ആസ്തികൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകുക. ഒരു പദ്ധതി വിഭാവനം ചെയ്യുന്നതിനൊപ്പം തന്നെ അതിന്റെ health monitor സംവിധാനവും ഉൾപ്പെടുത്തേണ്ടതാണ്. അതായത് ഏതൊരു ആസ്തിയുടെയും സ്വാഭാവിക പരിപാലന സമയം ഒറിജിനൽ പദ്ധതിയുടെ ഭാഗമാക്കേണ്ടതും, ആയത് ആസ്തിയിൽ തന്നെ ബോർഡുകൾ സ്ഥാപിച്ച് രേഖപ്പെടുത്തേണ്ടതും, തദ്ദേശസ്ഥാപനങ്ങൾ ഇത് നിരീക്ഷിക്കേണ്ടതുമാണ്.

b) ഒരേ സ്വഭാവമുള്ള ചെറിയ പദ്ധതികൾ സംയോജിപ്പിച്ച് ഗുണനിലവാര പരിശോധന സംവിധാനത്തിന് കീഴിൽ കൊണ്ടുവരേണ്ടതാണ്. പ്രവൃത്തികളുടെ എണ്ണത്തിൽ കാര്യമായ കുറവ് സംഭവിക്കുമെന്ന് മാത്രമല്ല, ഓരോ പ്രവൃത്തിയുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുവാനും സാധിക്കുന്നു.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രവൃത്തികളുടെ എണ്ണവും തുകയും മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് DPC approval നൽകുന്നതിനുള്ള സംവിധാനം കൊണ്ടുവരണം. നൂതന/പ്രത്യേക പദ്ധതികളുടെ വിശകലനത്തിനായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

പ്രോജക്ട് അംഗീകാരത്തിനായി റ്റി.എസ്. എൻട്രി എന്ന നടപടി സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. കാരണം റ്റി.എസ്. വേണ്ട പ്രവൃത്തികൾ എല്ലാം പ്രൈസ് -3 യിലൂടെ കൃത്യമായ വിവരങ്ങളോടെ നല്കപ്പെടുന്നതും, ആയത് രേഖപ്പെടുത്തി വയ്ക്കപ്പെടുന്നതും ആണ്. കൂടാതെ സുലേഖ ഫോമുകൾ കുടുതൽ ലളിതമാക്കുക.

ഒരേ സ്വഭാവമുള്ള ചെറിയ പദ്ധതികൾ സംയോജിപ്പിച്ച് ഗുണനിലവാര പരിശോധന സംവിധാനത്തിന് കീഴിൽ കൊണ്ടുവരേണ്ടതാണ്. പ്രവൃത്തികളുടെ എണ്ണത്തിൽ കാര്യമായ കുറവ് സംഭവിക്കുമെന്ന് മാത്രമല്ല, ഓരോ പ്രവൃത്തിയുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുവാനും സാധിക്കുന്നു.

8.2 പദ്ധതി രൂപീകരണം – ആസൂത്രണം, രൂപകല്പന, ഘടന, സേവനങ്ങൾ, എസ്റ്റിമേറ്റ്

a) വലിയ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ഒരു പ്രത്യേക ഡിസൈൻ വിംഗ് രൂപീകരിക്കേണ്ടതുണ്ട്.

b) ഡി.പി.ആർ തയ്യാറാക്കുന്നതിൽ പ്രത്യേക പരിശീലനം ഏർപ്പെടുത്തേണ്ട തുണ്ട്.

c) നൂതന ആശയങ്ങൾ ഉൾപ്പെടുന്ന പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കലും മുകളിൽ പ്രസ്താവിച്ച ഡിസൈൻ വിംഗ് മുഖാന്തിരം നടപ്പിലാക്കാവുന്നതാണ്.

d) ഡി.പി.ആർ, ഡിസൈൻ ആവശ്യമുള്ള പ്രവൃത്തികൾക്ക് ഇതിനായി പൊതു പദ്ധതി രൂപീകരിക്കാവുന്നതാണ്.

e) പദ്ധതികളുടെ തുകയ്ക്ക് ആനുപാതികമായി സംസ്ഥാനതലത്തിലും മേഖലാ തലത്തിലും വകുപ്പിലെ നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരിൽ നിന്നും വിദഗ്ദ്ധരായ ഉദ്യോഗസ്ഥരെ കണ്ടെത്തി ഡിസൈൻ വിംഗ് രൂപീകരിക്കുവാൻ സാധിക്കും. ഈ വിഭാഗത്തെ ഉപയോഗപ്പെടുത്തി പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കൽ, സാങ്കേതികമായ കൃത്യത ഉറപ്പാക്കൽ, സാങ്കേതികാനുമതി നൽകൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയും. ഇതുവഴി നിലവിൽ സ്വകാര്യ മേഖലയെ ഉപയോഗപ്പെടുത്തി ഡി.പി.ആർ, ഡിസൈൻ, വെറ്റിംഗ് എന്നിവ ചെയ്യിക്കുന്ന ചെലവ് കുറയ്ക്കുവാനും സാധിക്കുന്നു.

f) സ്പിൽഓവർ പ്രവൃത്തികളുമായി ബന്ധപ്പെട്ട രൂപീകരണവും അംഗീകാരവും ഏപ്രിൽ മാസത്തിൽ നൽകണം.

8.3 കാര്യശേഷി വർദ്ധിപ്പിക്കൽ, ഗുണനിലവാരം മെച്ചപ്പെടുത്തൽ

തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവൃത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് ഇതര സ്വഭാവമുള്ള ജോലികൾ കൈകാര്യം ചെയ്യേണ്ടതായി വരുന്നു.

പുതുതായി ഈ വകുപ്പിൽ ചേരുന്ന ഉദ്യോഗസ്ഥരെ അതിനായി പ്രാപ്തരാക്കേണ്ടതുണ്ട്. ജോലിയിൽ പ്രവേശിച്ച് ഉടൻ തന്നെ 3 മാസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകേണ്ടത് വളരെ അത്യാവശ്യമാണ്.

ഓരോ വിഭാഗത്തിന്റെയും 'Training Need Assessment' നടത്തപ്പെടണം. ഇതിനായി ആദ്യം ഓരോ വിഭാഗത്തിന്റെയും ആവശ്യങ്ങൾ അറിയിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഒരു പാനൽ അഥവാ ഒരു ഫോക്കസ് ഗ്രൂപ്പ് തയ്യാറാക്കണം. ഇവരിൽ നിന്നും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ (FGD) ഒരു വർഷത്തെക്ക് വേണ്ട പരിശീലനത്തിനുള്ള വിഷയങ്ങൾ ക്രോഡീകരിച്ച് പരിശീലന കലണ്ടർ തയ്യാറാക്കണം. ഇങ്ങനെ ചെയ്യുന്നതുവഴി ആവശ്യമുള്ളവർക്ക് ആവശ്യമുള്ള വിഷയങ്ങളിൽ യഥാസമയം തന്നെ പരിശീലനങ്ങൾ നൽകുവാൻ സാധിക്കുന്നു. ഏറ്റവും ആവശ്യമായ വിഷയങ്ങൾ വിട്ടുപോകാതെയും ആവശ്യമില്ലാത്തവയിൽ അനാവശ്യ പരിശീലന പരിപാടികൾ ഒഴിവാക്കുകയും ചെയ്യാവുന്നതാണ്.

മാനസിക പിരിമുറുക്കം (Stress Management), Time Management എന്നിവ ബന്ധപ്പെട്ടിട്ടുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ഏകീകൃത വകുപ്പിലെ ജീവനക്കാരെ ജില്ലാ അടിസ്ഥാനത്തിലോ ബ്ലോക്ക് അടിസ്ഥാനത്തിലോ നൽകേതാണ്. ജനപ്രതിനിധികളെയും ഇതിൽ ഉൾകൊള്ളിക്കുന്നത് ഇവർതമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുവാൻ സഹായമാക്കുമെന്നും കരുതുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജില്ലാ ആസൂത്രണ സമിതിയുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും എഞ്ചിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനം അനിവാര്യമാണ്. പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏറ്റവും മേന്മയുള്ളതാക്കുന്നതിനും നല്ല ഉയർന്ന നിലവാരം നിലനിർത്തുന്നതിനും ചെലവ് ചൂരുക്കുന്നതിനും പ്രവർത്തന സമയം ലഘൂകരിക്കുന്നതിനും എഞ്ചിനീയറിംഗ് വിഷയങ്ങളിൽ നവീനമായ ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾ ആവശ്യമാണ്. ആയതിനാൽ താഴെ വിവരിക്കുന്ന വിഷയങ്ങളിൽ പരിശീലനം നൽകേണ്ടതായി കാണുന്നു.

- നവീന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം.
- പുതിയ സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള structural design. (കെട്ടിടം, സംരക്ഷണ ഭിത്തി, കലുങ്ക്, പാലങ്ങൾ തുടങ്ങിയവ)
- നവീന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കുടിവെള്ളം/ഡ്രൈനേജ്/സിവറേജ് പദ്ധതികളുടെ ആസൂത്രണം, ആവിഷ്കാരം, നടത്തിപ്പ്, അവലോകനം തുടങ്ങിയ കാര്യങ്ങൾ.

- പുതിയ സാങ്കേതിക വിദ്യ അനുസരിച്ചുള്ള വിവിധ തരം റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം.
- നവീനരീതിയിലുള്ള നിർമ്മാണസാധനങ്ങളെക്കുറിച്ചുള്ള അറിവും നവീന നിർമ്മാണ ഉപകരണങ്ങളുടെ പ്രവർത്തനപരിചയവും.
- GIS തുടങ്ങിയ പുതിയ സാങ്കേതിക സോഫ്റ്റ് വെയറുകളുടെ പരിശീലനം
- പുതിയതായി സർവീസിൽ പ്രവേശിക്കുന്നവർക്കുള്ള പരിശീലന പരിപാടികൾ.

വകുപ്പിലെ വിവിധ പ്രവർത്തനത്തെ സംബന്ധിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാട് സർവീസിൽ പ്രവേശിക്കുന്നതിനോടനുബന്ധിച്ചുള്ള പരിശീലനം വഴി ഉണ്ടാകുന്നത് പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവരുടെ കാര്യശേഷി വർധിപ്പിക്കുന്നതാണ്. ഇതിനായി പുതിയതായി PSC വഴി തെരഞ്ഞെടുക്കുന്ന LID&EW എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഇൻസർവീസ് പരിശീലന പരിപാടികൾ നൽകാവുന്നതാണ്. ഈ പരിപാടിയിൽ വിവിധ വകുപ്പുകളിലെയും വിവിധതലത്തിലുള്ള ഓഫീസുകളിലെയും പ്രവൃത്തിപരിചയവും ഉൾപ്പെടുത്താവുന്നതാണ്. പ്രമോഷൻ മാറ്റം വഴിവരുന്ന ഉദ്യോഗസ്ഥർക്കും ഒരു മാസം ദൈർഘ്യമുള്ള പരിശീലന പരിപാടികൾ നൽകാവുന്നതാണ്.

8.4 വാഹന സൗകര്യം

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലേയും നഗരസഭകളിലേയും എഞ്ചിനീയർമാർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സ.ഉ.(സാധാ) നം:690/18/തസ്വഭവ തീയതി 14.03.2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.സ. ഉ(കൈ) നം:115/2022/തസ്വഭവ തീയതി 28.05.2022- ലെ ഉത്തരവിൽ എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ് എന്നും ആയതിന് സർക്കാരിന്റെയോ പ്രിൻസിപ്പൽ ഡയറക്ടറുടെയോ പ്രത്യേക അനുമതി ആവശ്യമില്ലെന്നും ഇതിനായി പ്രതിമാസം പരമാവധി 36000/ രൂപവരെ അനുവദിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ജോലി സ്വഭാവം കൊണ്ട് പൊതുമരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിന് ആയാലും, കെട്ടിട നിർമ്മാണ ചട്ട സംബന്ധമായ പരിശോധന ആയാലും വിവിധതരം വാല്യുവേഷൻ, ഫിറ്റ്നസ് പരിശോധനകൾ ആയാലും 90% വരുന്ന ജോലികളും സ്ഥലപരിശോധനയെ ആശ്രയിച്ച് നിർവ്വഹിക്കുന്ന ഒരു വിഭാഗം എന്ന നിലയിൽ കാര്യക്ഷമമായ പ്രവർത്തനത്തിനും സേവനവേഗം ഉറപ്പാക്കുന്നതിനും വാഹനത്തിന്റെ ലഭ്യത അനിവാര്യമാണ്. പലപ്പോഴും എഞ്ചിനീയർമാരുടെ ആവശ്യത്തിനും സമയത്തിനും അനുസൃതമായി പഞ്ചായത്ത് വാഹനം ലഭിക്കാറില്ല. ആയതിനാൽ എഞ്ചിനീയർ വിഭാഗത്തിന് പ്രത്യേകമായി നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം വാഹനം അനുവദിച്ചിട്ടുണ്ടോ എന്നത് സർക്കാർ തലത്തിൽ തന്നെ പരിശോധിക്കപ്പെ

ടേണ്ടതും എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ ആവശ്യത്തിലേക്ക് മാത്രമായി വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർബന്ധിതമായി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും പ്രസ്തുത ആവശ്യത്തിന് പ്രോജക്ടുകൾ തയ്യാറാക്കുകയും മതിയായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ടോ എന്നതു സർക്കാർതലത്തിൽ ഉറപ്പാക്കുകയും വേണം. എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന MGNR ഉപയോഗിക്കുന്നതിന് തസ്വഭവ ഡിബി 3/141/2019തസ്വഭവ തീയതി. 02.08.2019 നമ്പർ സർക്കുലർ പ്രകാരം അനുവാദം നൽകിയിരുന്നു. എന്നാൽ പിന്നീട് വന്ന വാർഷിക പദ്ധതി രേഖ മാനദണ്ഡ പരിഷ്കരണ ഉത്തരവിൽ ഈ വ്യവസ്ഥഉൾപ്പെടാത്തതിനാൽ നിലവിൽ ജനറൽ പദ്ധതി വിഹിതമോ തനത് ഫണ്ടോ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്കെടുക്കുന്ന പദ്ധതിയ്ക്കായി വകയിരുത്തുവാൻ സാധിക്കുന്നത്. തനത് ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലവും ജനറൽ ഫണ്ടിന്റെ ആവശ്യകതാ ബാഹുല്യം നിമിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായതുക വാഹനം വാടകയ്ക്കെടുക്കുന്ന പദ്ധതി പ്രോജക്ടുകൾക്ക് വകയിരുത്തുവാൻ സാധിക്കാത്ത അവസ്ഥയുണ്ട്. തന്നെയുമല്ല MGNR ഇനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന തുകയിൽ 80% ത്തോളം തുക മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളൂ. ബാക്കി 20% തുകയും പാഴായി പോവുകയാണ് ചെയ്യുന്നത്. ആയതിനാൽ സ്ഥാപനങ്ങളുടെ പ്രവർത്തന സാഹചര്യവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്ന പദ്ധതികൾക്ക് MGNR ഫണ്ട് ഉപയോഗിക്കുവാൻ അനുവാദമുള്ളതിനാൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി തനത് ഫണ്ട്, ജനറൽ ഫണ്ട് എന്നിവയ്ക്ക് പുറമേ MGNR ഫണ്ട് കൂടി ഉപയോഗിക്കുവാൻ അനുവാദം നൽകി ഉത്തരവ് നൽകാവുന്നതാണ്.

8.5 സാങ്കേതികേതര ചുമതലകൾക്കു നിയന്ത്രണം

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, തെരുവു വിളക്ക് സ്ഥാപിക്കലും കത്തിക്കലും പരിപാലിക്കലും അതിനോടനുബന്ധിച്ചുള്ള പ്രവൃത്തികളും സാധനസാമഗ്രികൾ വാങ്ങലും മുനിസിപ്പൽ വാഹനങ്ങളുടെ, യന്ത്രസാമഗ്രികളുടെ റിപ്പയർ പ്രവർത്തികളും സർവീസിങ്ങും പരിപാലനവും, പെട്രോൾ ഡീസൽ മുതലായവ വാങ്ങൽ, ബിൽ നികുതി അടയ്ക്കൽ മൈലേജ് ടെസ്റ്റ് നടത്തൽ മുതലായ ജോലികൾവാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുകനഗരസഭയുടെ മാപ്പുകൾ തയ്യാറാക്കുക, ഡി ലിമിറ്റേഷൻ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുക, പുറമ്പോക്ക് സ്ഥലം കയ്യേറ്റം ഒഴിപ്പിക്കലും ഉപയോഗവും സംബന്ധിച്ച ജോലികൾ, പൊതുമരാമത്ത് പ്രവർത്തികൾക്കാവശ്യമായ ബിറ്റുമിൻ മുതലായവ വാങ്ങലും ആയതിന്റെ സൂക്ഷിക്കലും വിതരണവും സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള ചുമതല, 5 മീറ്ററിനു താഴെ തൂങ്ങി കിടക്കുന്ന ഉപയോഗ്യതശൂന്യമായ കേബിൾ കണ്ടെത്തി

മുറിച്ചു മാറ്റുക, Drain Cleaning Machine ഉപയോഗിച്ച് Drain Jetting and Cleaning പ്രവൃത്തി രാത്രി കാലങ്ങളിൽ നിർവഹിക്കുക, ജിയോ, എയർടെൽ മുതലായ കമ്പനി കളുടെ പോസ്റ്റുകൾ എണ്ണി തിട്ടപെടുത്തുക, ടാഗ് ചെയ്യിക്കുക മുതലായ പ്രവൃത്തി കൾ അനധികൃത പെട്ടിക്കടകൾ പൊളിച്ചു നീക്കുക, സാധനങ്ങൾ പിടിച്ചെടുക്കുക, സ്ട്രീറ്റ് വെൻഡിങ് സോൺ മാർക്ക് ചെയ്യുക, വോട്ടർ പട്ടിക - പേര് ചേർക്കൽ, ഒഴിവാ ക്കൽ തുടങ്ങിയവക്ക് ഫീൽഡ് വിസിറ്റ്, hearing നടത്തൽ മുതലായ പ്രവർത്തനങ്ങൾ കുഴൽക്കിണറുകൾ,കുടിവെള്ള ടാപ്പുകൾ എണ്ണി തിട്ടപ്പെടുത്തൽ, അനധികൃത ഫ്ലെക്സ് ബോർഡുകൾ ഹോർഡിങ്ങുകൾ എണ്ണി തിട്ടപെടുത്തൽ എന്നിങ്ങനെ നിരവധി സാങ്കേതിക ഇതര പ്രവർത്തനങ്ങളാണ് നിലവിൽ എഞ്ചിനീയറിങ് വിഭാഗം പ്രത്യേകിച്ച് നഗരസഭകളിലെ എഞ്ചിനീയറിങ്ങ് വിഭാഗം ജീവനക്കാർ നിർവ്വഹിക്കുന്നത്. ഇത്തരത്തിലുള്ള സാങ്കേതികതര ജോലികളിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗ ത്തിനെ ഒഴിവാക്കുന്നത്, ഗുണമേന്മയേറിയ രീതിയിൽ സാങ്കേതിക ജോലികൾ നിർവ്വ ഹിക്കുന്നതിന് ഇടയാക്കുന്നതാണ്.

8.6 മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലം മാറ്റം

ഇതര വകുപ്പുകളിൽ നിന്നും; അതുപോലെതന്നെ സംയോജിത തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഇതര വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അധിക യോഗ്യതയും നിരവധി സാങ്കേതിക വിഷയങ്ങളിലും സോഫ്റ്റ് വെയറുകളിലും പരിജ്ഞാനവും പ്രാവീണ്യവും ആവശ്യമാണ്. പിഡബ്ല്യു അക്കൗണ്ട് കോഡ്, പബ്ലിക് വർക്സ് ഡിപ്പാർട്ട്മെൻറ് കോഡ് എന്നീ വകുപ്പ് തല വിഷയങ്ങളിൽ പരീക്ഷ യോഗ്യത വേണ്ടവരാണ് ഈ വിഭാഗക്കാർ. ഇതിനുപുറമേ ഇൻകം ടാക്സ്, ജി എസ് ടി ഫയലിംഗ്, സാംഖ്യ, സങ്കേതം, സചിത്ര, സുലേഖ, പ്രൈസ്-3, IBPMS തുടങ്ങിയ നിരവധി സോഫ്റ്റ്വെയറുകളിൽ പ്രത്യേക പരിശീലനവും വൈദഗ്ധ്യവും ആവശ്യമാണ്. ഇ-ടെൻഡർ, ബിൽ പരിശോധന എന്നിവയിലും പ്രാവീണ്യം ആവശ്യ മാണ്. എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗത്തിലേക്ക് നിയമിതരാകുന്ന മിനിസ്റ്റീരിയൽ ജീവനക്കാർ നാളിതുവരെ ഈ വിഭാഗത്തിന്റെ മാത്രം ഭാഗമായിരുന്നു. അതിനാൽ കാലങ്ങളായി അവർ ആർജിച്ചെടുത്ത അറിവും അനുഭവസമ്പത്തും കാര്യക്ഷമമായ ഓഫീസ് പ്രവർത്തനത്തിന് ഒരു മുതൽക്കൂട്ടായിരുന്നു. സ്ഥലംമാറ്റം വരുമ്പോഴും ഒരു എഞ്ചിനീയറിങ് വിഭാഗത്തിൽ നിന്ന് മറ്റൊരു എഞ്ചിനീയറിങ് വിഭാഗത്തിലേക്ക് തന്നെ യാണ് മാറ്റം എന്നതിനാൽ അവരുടെ അറിവും അനുഭവസമ്പത്തും കർമ്മശേഷിയും ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിച്ചിരുന്നു.

എന്നാൽ സംയോജിത തദ്ദേശ സ്വയം ഭരണവകുപ്പ് രൂപീകൃതമായ ശേഷം എഞ്ചിനീയറിങ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ഇതര വിഭാഗ ങ്ങളിലേക്കും അതുപോലെ ഇതര വിഭാഗങ്ങളിൽ നിന്ന് എഞ്ചിനീയറിങ് വിഭാഗത്തി ലേക്കും ജീവനക്കാർക്ക് വന്നു പോകാം എന്ന് ആയതോടുകൂടി കാലങ്ങൾ കൊണ്ട് അവർ ആർജിച്ചെടുത്ത അനുഭവസമ്പത്തിന്റെയും അറിവിന്റെയും പ്രയോജനം

വകുപ്പിന് ലഭ്യമാകാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. ഇത് പരിഹരിക്കപ്പെടണമെങ്കിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ എഞ്ചിനീയറിങ് വിഭാഗത്തിൽ തന്നെ നിലനിർത്തേണ്ടതുണ്ട്. മറ്റു വിഭാഗങ്ങളിൽ നിന്ന് എഞ്ചിനീയറിങ് വിഭാഗത്തിലേക്ക് മിനിസ്റ്റീരിയൽ ജീവനക്കാരെ സ്ഥലം മാറ്റുമ്പോൾ മേല്പറഞ്ഞ പരീക്ഷ യോഗ്യത ഉള്ളവരെ മാത്രം പരിഗണിക്കേണ്ടതാണ്.

എഞ്ചിനീയർ വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാർ സ്ഥലമാറ്റപ്പെടുന്ന സാഹചര്യത്തിലും മറ്റൊരു എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ തന്നെ തുടരേണ്ടതുള്ളതിനാൽ ജീവനക്കാരിൽ നിന്ന് ഓപ്ഷൻ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും. അതുപോലെതന്നെ ഇതര വിഭാഗത്തിൽ നിന്നും എഞ്ചിനീയറിങ് വിഭാഗത്തിൽ ജോലി ചെയ്യുവാൻ സന്നദ്ധത അറിയിച്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് നിശ്ചിത കാലയളവിനുള്ളിൽ പിഡബ്ല്യു അക്കൗണ്ട് കോഡ്, പബ്ലിക് വർക്ക് ഡിപ്പാർട്ട്മെൻറ് കോഡ് തുടങ്ങിയ അധിക യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ എഞ്ചിനീയറിങ് വിഭാഗത്തിലേക്ക് മാറ്റി നിയമിക്കാവുന്നതാണ്. ഇത്തരം ജീവനക്കാരെ അവരുടെ ജോലി സ്വഭാവത്തിന് മാറ്റമില്ലാത്ത തസ്തികയിൽ തുടരുന്ന കാലത്തോളം അവരെ എഞ്ചിനീയറിങ് വിഭാഗത്തിൽ മാത്രമായി സ്ഥലംമാറ്റി നിയമിക്കേണ്ടതാണ്. അതായത് എഞ്ചിനീയറിങ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് **ഇൻട്രാവിങ് ട്രാൻസ്ഫർ** മാത്രം നൽകുവാൻ സംവിധാനം വേണ്ടതാണ്. അതേസമയം ജോലി സ്വഭാവത്തിന് മാറ്റം വരുന്ന തസ്തികകളിലേക്ക് പ്രമോഷൻ ലഭിക്കുന്ന പക്ഷം അവരെ ഇതര വിഭാഗങ്ങളിലേക്കും മാറ്റി നിയമിക്കാവുന്നതാണ്.

നിലവിൽ ഇന്റഗ്രേഷന്റെ ഭാഗമായി വ്യാപകമായി നടപ്പാക്കപ്പെട്ട മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ട്രാൻസ്ഫർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങളാൽ ആണത് ഇതര വകുപ്പുകളിൽ ജോലി ചെയ്തിരുന്ന - എഞ്ചിനീയറിംഗ് സംബന്ധമായ ചുമതലകളും ജോലികളും നിർവഹിച്ചിട്ടില്ലാത്ത - ജീവനക്കാർക്ക് പുതിയ ജോലി സ്വഭാവവും ആയി പരിചിതമാകുന്നത് വരെയുള്ള അപരിചിതത്വവും അവരെ പരിശീലിപ്പിച്ച് എടുക്കുന്നതിനായി ഓഫീസിലെ മറ്റു സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ചെലവഴിക്കേണ്ടി വരുന്ന സമയവും മൂലം (ആയതിന് ആകെ ലഭ്യമായിട്ടുള്ളത് ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയർമാരും മാത്രമാണ്) ഓഫീസ് പ്രവർത്തനങ്ങൾ കാര്യമായ തോതിൽ മന്ദീഭവിക്കും.

ഒന്നോ രണ്ടോ വർഷങ്ങൾ കൊണ്ട് സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യാൻ അവർ പ്രാപ്തരാകുമ്പോഴേക്കും വീണ്ടും അവരെ ഇതര വിഭാഗത്തിലേക്ക് സ്ഥലംമാറ്റം ചെയ്യുന്നതോടുകൂടി അവരുടെ കർമ്മശേഷി വ്യർത്ഥമായി ആവുകയും പുതുതായി നിയമിക്കപ്പെടുന്ന ക്ലർക്കിനെ തുടക്കം മുതൽ പരിശീലിപ്പിക്കേണ്ട സാഹചര്യത്തിലേക്ക് എഞ്ചിനീയറിംഗ് വിഭാഗം നിർബന്ധിതരാവുകയും ചെയ്യും.

നിലവിൽ ഇന്റഗ്രേഷനു ശേഷം നടത്തുന്ന ട്രാൻസ്ഫർ & പോസ്റ്റിങ്ങിൽ മിനിസ്റ്റീ

രിയൽ വിഭാഗം ജീവനക്കാർ റിപ്പോർട്ട് ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുൻപാകെയാണ്. ഒന്നിലധികം പേർ ജോയിൻ ചെയ്യുന്ന സാഹചര്യത്തിൽ ഏറ്റവും ജൂനിയർ ആയിട്ടുള്ള ക്ലർക്കിനെ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകുവാൻ ആണ് നിർദ്ദേശമുള്ളത്. എന്നാൽ ഈ നിർദ്ദേശം പലപ്പോഴും അട്ടിമറിക്കപ്പെടുകയും പുതുതായി ജോയിൻ ചെയ്യപ്പെടുന്ന ജീവനക്കാരിൽ കാര്യക്ഷമത ഉള്ളവരെ തദ്ദേശ സ്ഥാപനങ്ങളിൽ നിലനിർത്തുകയും കാര്യപ്രാപ്തി കുറഞ്ഞവരെ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് വിന്യസിക്കുകയും ചെയ്യുന്നു.

8.7 ഇതര വകുപ്പുകളിൽ നിന്നുള്ള നേരിട്ടുള്ള ഉത്തരവുകൾക്കു നിയന്ത്രണം

വ്യത്യസ്തമായ ഏത് ജോലിയും എൽ.ഐ.ഡി & ഇ.ഡബ്ല്യൂ വിഭാഗത്തിലേക്ക് അടിച്ചേൽപ്പിക്കപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. കോടിക്കണക്കിന് രൂപ യുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിലേക്കായി ഒരു തനതായ എഞ്ചിനീയറിങ് വിഭാഗം വേണം എന്ന ചിന്തയിൽ നിന്നുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്ര മായി 2008 ൽ ഒരു എഞ്ചിനീയറിങ് വിഭാഗം രൂപീകരിച്ചത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം കൊടുക്കുന്ന എഞ്ചിനീയറിങ് പ്രവൃത്തികൾ നിർവഹണം നടത്തുവാൻ രൂപീകൃതമായ നാമമാത്രമായ ജീവനക്കാർ മാത്രമുള്ള എഞ്ചിനീയറിങ് വിഭാഗം, ഇന്ന് വിവിധ വകുപ്പുകളുടെ ഉത്തരവുകളും അനുസരിക്കേണ്ടി വരുന്നു. കൃഷിവകുപ്പ്, പൊതു വിദ്യാഭ്യാസം, പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പുകൾ, ക്ഷീര വികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണ സംഘ ങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ എന്ന് തുടങ്ങി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്ന് വരെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റും വാല്യുവേഷനും നിർമാണച്ചുമതലയും ഏൽപ്പിച്ചു കൊണ്ടും ഉള്ള ആവശ്യങ്ങളും ഉത്തരവുകളും വരുന്നുണ്ട്. താലൂക്ക് സർവെയർ നിർവഹിക്കുവാൻ ചുമതലപ്പെട്ട അനധികൃത കയ്യേറ്റം ഉൾപ്പെടെ നിശ്ചയിച്ച് നൽകേണ്ടതായ സർവ്വേ ചുമതലകൾ. Enforcement of Law യുടെ ഭാഗമായി കയ്യേറ്റം ഒഴിപ്പിക്കൽ, ജപ്തി നടപടികൾ, വസ്തു ആർജിക്കൽ, എതിർപ്പുകൾ ഉള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടി വരുമ്പോൾ നൽകേണ്ട സംരക്ഷണം എന്നിങ്ങനെ പോലീസ് വകുപ്പിന്റെ ചുമതലകൾ മുതലായവ ഒഴികെയുള്ള ഒരു ചുമതലയും സർക്കാരിന്റെ പ്രത്യേക ഉത്തരവോ വകുപ്പ് മേധാവിയുടെ അറിവും അനുമതിയും കൂടാതെയോ ഒരു വകുപ്പിന് മറ്റൊരു വകുപ്പിനെ ചുമതലപ്പെടുത്താൻ സാധിക്കുകയില്ല. ഒരു വകുപ്പിനുള്ളിലെ ജീവനക്കാർക്ക് പോലും നിർദ്ദേശങ്ങൾ നൽകുന്നത് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഉചിത മാർഗ്ഗേന ആകണമെന്നതാണ് സർക്കാർ സംവിധാനത്തിലെ വ്യവസ്ഥാപിത തത്വം. ആയതിനാൽ ഇതര വകുപ്പിൽ നിന്നുള്ള നേരിട്ടുള്ള ഉത്തരവുകൾ വകുപ്പ് മേധാവി മുഖേന മാത്രം നൽകാവു ന്നതാണ്.

8.8 വകുപ്പ് വിട്ടുപോകുന്നവർ

പദവിയിലും വേതനത്തിലും പൊതുമരാമത്ത് / ഇറിഗേഷൻ വകുപ്പുകളിലെ ജീവനക്കാരുടേതിന് സമാനമായിട്ടും അസാധാരണമാം വിധത്തിലുള്ള കൊഴിഞ്ഞു പോക്ക് ഈ വകുപ്പിൽ നിന്നും മറ്റു വകുപ്പുകളിലേക്ക് ഉണ്ടാകുന്നു. പുതിയ നിയമനം വഴി LID&EW വിഭാഗത്തിൽ എത്തിച്ചേരുന്ന ഉയർന്ന റാങ്കുകൾ ഉള്ളവരിൽ ഭൂരിഭാഗം പേരും ആറ് മാസം മുതൽ ഒരു വർഷക്കാലം വരെ മാത്രം ഈ വകുപ്പിൽ തുടരുകയും മേലുദ്യോഗസ്ഥരുടെയും സഹപ്രവർത്തകരുടെയും ഉപദേശ ശിക്ഷണങ്ങൾ കൊണ്ടും വകുപ്പിൽ നിന്നും നൽകുന്ന ഓറിയൻറേഷൻ ട്രെയിനിങ് വഴിയും പ്രാവീണ്യം ആർജിച്ച് വരുമ്പോഴേക്കും ഇവിടുത്തെ ജോലിഭാരവും സമ്മർദ്ദവും മൂലം അവർക്ക് മറ്റേതെങ്കിലും വകുപ്പിൽ നിന്നും ലഭിക്കുന്ന നിയമന ശുപാർശയെ അവലംബിച്ച് അവർ ഇവിടെ നിന്നും മാറ്റം വാങ്ങിപ്പോകുകയുമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഫലത്തിൽ ഈ ഉദ്യോഗസ്ഥർക്ക് മേലുദ്യോഗസ്ഥരിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും വകുപ്പ് തലത്തിൽ സർക്കാർ നൽകിയ പരിശീലനങ്ങളിൽ നിന്നും അവർക്ക് പകർന്നു നൽകിയ അറിവിന്റെ ഗുണഫലം ഈ വകുപ്പിന് ലഭിക്കാതെ പോകുന്നു. ഇത്തരത്തിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിയുംവരെ പരിശീലനം ലഭിച്ചവർ നിരന്തരം മാറുകയും പുതുമുഖങ്ങൾ നിരന്തരം സർവീസിലേക്ക് വന്നുചേർന്നു കൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ഇത് വകുപ്പിന്റെ കാര്യക്ഷമതയെ ചോർത്തുന്ന ഒന്നാണ്. തന്നെയുമല്ല ഇത്തരം കൊഴിഞ്ഞു പോകലുകളിൽ പരിഗണിക്കേണ്ട മറ്റൊരു വസ്തുത ഈ കൊഴിഞ്ഞു പോകുന്നതിൽ സമാന തസ്തികയിലേക്കോ ഉയർന്ന തസ്തികകളിലേക്കോ പോകുന്നതല്ലാത്ത നല്ലൊരു ശതമാനം ജീവനക്കാരുണ്ട് എന്നതാണ്, ഗസറ്റഡ് പദവിയും ആകർഷകമായ ശമ്പളവും ഉള്ള അസിസ്റ്റന്റ് എഞ്ചിനീയർ പദവി ഉപേക്ഷിച്ച് ഇതര വകുപ്പുകളിൽ അസിസ്റ്റൻറ് എഞ്ചിനീയറെക്കാൾ താഴ്ന്ന പദവിയും ശമ്പളവും മാത്രമുള്ള ഓവർസിയർ തസ്തികയിലേക്കും ക്ലറിക്കൽ തസ്തികയിലേക്കും വരെ മാറ്റം വാങ്ങി പോയവരുണ്ട് എഞ്ചിനീയർമാർ മാത്രമല്ല ഓവർസിയർമാരും ഇതേ രീതിയിൽ വകുപ്പ് മാറ്റം സ്വീകരിക്കുന്നുണ്ട്. ആയതു ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8.9 വിവിധ വകുപ്പുകളുടെ സമയ ബന്ധിത സേവനം

വിവിധ വകുപ്പുകൾ / കാര്യാലയങ്ങളിൽ നിന്നും എഞ്ചിനീയറിങ് വിഭാഗത്തിന് ലഭിക്കേണ്ടതായ രേഖകൾ (എസ്.സി / എസ്.ടി വകുപ്പിൽ നിന്നും ലഭിക്കേണ്ട ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, പഞ്ചായത്തുകളിൽ നിന്നും ലഭിക്കേണ്ട തീരുമാനങ്ങൾ PWD/ ഇറിഗേഷൻ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട എൻ.ഒ.സി, ഭൂജല വകുപ്പിൽ നിന്നും ലഭിക്കേണ്ട സർവ്വേ / യീൽഡ് സർട്ടിഫിക്കറ്റ്, റവന്യൂ ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട രേഖകൾ മുതലായവ) ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഇത് പദ്ധതി പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു.

8.10 മുനിസിപ്പാലിറ്റികളുടെ സ്റ്റാഫ് ഘടന ഏകീകരണം

സംസ്ഥാനത്ത് 87 മുനിസിപ്പാലിറ്റികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ 27 ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റികളും, 30 സെക്കൻഡ് ഗ്രേഡ് മുനിസിപ്പാലിറ്റികളും, 30 തേർഡ് ഗ്രേഡ് മുനിസിപ്പാലിറ്റികളുമാണ് ഉള്ളത്. ഇതിൽ 28 മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികൾ 2014-15 കാലഘട്ടത്തിലാണ് രൂപീകരിച്ചിട്ടുള്ളത്. ബാക്കിയെല്ലാ മുനിസിപ്പാലിറ്റികളും വർഷങ്ങൾക്കു മുമ്പ് രൂപീകൃതമായതും അവിടെത്തെ സ്റ്റാഫ് പാറ്റേൺ ടി കാലഘട്ടത്തിലെ ആവശ്യങ്ങൾക്ക് അനുസരിച്ച് സൃഷ്ടിച്ചിട്ടുള്ളതുമാണ്. ആയതിൽ കാലാനുസൃതമായി യാതൊരു കൂട്ടിച്ചേർക്കലുകളും ഉണ്ടായിട്ടില്ലാത്തതുമാണ്.

2014-15 കാലഘട്ടത്തിൽ പുതുതായി രൂപീകരിച്ചിട്ടുള്ള 28 മുനിസിപ്പാലിറ്റികളിൽ, പ്രസ്തുത കാലയളവിലെ ആവശ്യങ്ങൾക്ക് അനുസരിച്ച് സ്റ്റാഫ് പാറ്റേൺ സൃഷ്ടിച്ചിട്ടുള്ളതാണ്. ആയതിനാൽ തന്നെ ഈ 28 മുനിസിപ്പാലിറ്റികളിൽ സാമാന്യം ഭേദപ്പെട്ട, സമകാലിക ആവശ്യങ്ങളോടു താദാത്മ്യം പ്രാപിക്കുന്ന സ്റ്റാഫ് ക്രമീകരണമാണ് ഉള്ളത്. എന്നാൽ മറ്റു ഭൂരിപക്ഷം രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിലും വളരെ ചുരുങ്ങിയ സ്റ്റാഫ് സംവിധാനമാണ് (മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിലെ സ്റ്റാഫ് പാറ്റേൺ പോലും ഇല്ലാത്ത) നിലവിലുള്ളത്. ഇത് വർഷങ്ങൾക്കു മുമ്പ് പ്രസ്തുത മുനിസിപ്പാലിറ്റികൾ രൂപീകൃതമായ സമയത്ത് അന്നത്തെ സാഹചര്യത്തിനനുസരിച്ച് അനുവദിച്ച തസ്തികകൾ മാത്രമാണ് നിലവിലുള്ളത്. ഇത് ഇപ്പോഴത്തെ സാഹചര്യങ്ങൾക്കും, ജോലിഭാരത്തിനും, മറ്റ് സർവീസ് നൽകുന്നതിനും, ഫണ്ടിന്റെ ലഭ്യതയ്ക്കും / വിനിയോഗത്തിനും അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്താനും പറ്റാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ തന്നെ, ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികളിലെ മതിയായ സ്റ്റാഫ് തസ്തികകൾ പരിഷ്കരിക്കേണ്ടതും മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിലെ പോലെ ഒരു പൊതുമാനദണ്ഡത്തിൽ കൊണ്ടുവരേണ്ടതും അനിവാര്യമായി തീർന്നിട്ടുണ്ട് പുതുതായി രൂപീകരിച്ചിട്ടുള്ള മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിൽ അസിസ്റ്റൻറ് എഞ്ചിനീയറാണ്, എഞ്ചിനീയറിങ് മേധാവി ആയിട്ടുള്ളത്. ആയതിനാൽ മരാമത്ത് പ്രവൃത്തികളുടെ സാങ്കേതിക അനുമതിക്കും, ചെക്ക് മെഷർമെന്റിനും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി വിശേഷവുമാണ് നിലവിലുള്ളത്. ആയത് പദ്ധതി നിർവഹണത്തിന്റെ കാലതാമസത്തിനും, പ്രവൃത്തിയുടെ ഗുണമേന്മ / അളവ് എന്നിവ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനുമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഇപ്പോൾ നേരിടുന്നുണ്ട് കൂടാതെ പ്രവർത്തികളുടെ സൈറ്റ് പരിശോധിച്ച് ഗുണമേന്മയും അളവും പ്രാഥമികമായി ഉറപ്പുവരുത്തേണ്ട ചുമതലയുള്ള അസിസ്റ്റൻറ് എഞ്ചിനീയർക്ക്, പലപ്പോഴും പദ്ധതി നിർവഹണവുമായും, ബില്ല് പാസാക്കുന്നതുമായി ബന്ധപ്പെട്ടുള്ള മറ്റു ഓഫീസ് പ്രവർത്തനങ്ങളുടെ തിരക്ക് കാരണം സാധിക്കാതെ വരുന്നുണ്ട്. മേൽ കാരണങ്ങളാൽ എല്ലാ മുനിസിപ്പാലിറ്റികളിലും മിനിമം ഒരു അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ ഓഫീസ് മേധാവിയായി / പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഉണ്ടാകേണ്ടത് വളരെ അനിവാര്യമാണ്.

എല്ലാ മുനിസിപ്പാലിറ്റികളിലും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് മുൻ വർഷങ്ങളിൽ തന്നെ സർക്കാർ മനസ്സിലാക്കുകയും, ഇതനുസരിച്ച് 85 തസ്തികൾ സൃഷ്ടിക്കുമെന്ന് 2011 ഫെബ്രുവരി 10-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ (ഖണ്ഡിക -154) പ്രഖ്യാപിക്കുകയും ഉണ്ടായി. എന്നാൽ ഇത് പല കാരണങ്ങൾ കൊണ്ട്, മുനിസിപ്പാലിറ്റികളിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുന്നത് നടക്കാതെ പോയി. ഇതിനുശേഷം 28 പുതിയ മുനിസിപ്പാലിറ്റികൾ രൂപീകൃതമാവുകയും ചെയ്തു അതിനാൽ എല്ലാം മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ഒരു അസിസ്റ്റൻറ് എഞ്ചിനീയർ, രണ്ട് വീതം ഫസ്റ്റ്, സെക്കൻഡ്, തേർഡ് ഗ്രേഡ് ഓവർസിയർമാർക്കൊപ്പം ഒരു അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക കൂടി സൃഷ്ടിക്കേണ്ടത് ആവശ്യമായി കാണുന്നു.

22-07-2014-ലെ 135/2014/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം, വാർഷിക വരുമാനം 4 കോടിരൂപയും അതിന് മുകളിൽ വരുമാനവും, ജനസംഖ്യ 50,000 -ൽ അധികം വരുന്നതുമായ നഗരസഭകളെ ഒന്നാം ഗ്രേഡ് ആയും, വാർഷിക വരുമാനം 2 കോടി രൂപയിൽ കൂടുതലും എന്നാൽ 4 കോടിയിൽ താഴെയും, ജനസംഖ്യ 25,000-ൽ അധികവും എന്നാൽ 50,000-ൽ താഴെയും വരുന്ന നഗരസഭകളെ രണ്ടാം ഗ്രേഡായും ഉയർത്തുകയും അതിനാവശ്യമുള്ള തസ്തിക സൃഷ്ടിക്കുന്നതിനും, അതിന്റെ ചെലവ് തനത് ഫണ്ടിൽനിന്ന് വഹിക്കണമെന്നും ഉത്തരവിടുകയുണ്ടായി. എന്നാൽ 10 വർഷങ്ങൾക്ക് ശേഷവും, നഗരസഭയുടെ വരുമാനവും പദ്ധതി വിഹിതവും, ജോലിഭാരവും കൂടിയ സാഹചര്യത്തിലും, പ്രസ്തുത മുനിസിപ്പാലിറ്റികളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ, ഇതുമായി ബന്ധപ്പെട്ട് പുതുതായി യാതൊരു തസ്തികയും സൃഷ്ടിക്കപ്പെടുകയുണ്ടായില്ല. ഇതുകൂടാതെഒന്നാം ഗ്രേഡ് / രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികളിൽ, മൂന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിൽ ഉള്ളതുപോലെ യാതൊരു നിയതമായ സ്റ്റാഫ് ഘടനയും ഇല്ലാത്തതുമാണ്.

മേൽ പ്രതിപാദിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒന്നാം ഗ്രേഡ് / രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികളിലെ സ്റ്റാഫ് ഘടന ഏകീകരിക്കേണ്ടതാണ്. 2014-ൽ നിശ്ചയിച്ച മിനിമം നാലു കോടിയിൽപരം വരുമാനമുള്ള ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളിൽ എഞ്ചിനീയറിങ് വിഭാഗം മേധാവിയായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒരു അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നാല് അസിസ്റ്റൻറ് എഞ്ചിനീയർമാർ, നാല് വീതം ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസിയർമാരും അത്യാവശ്യമുള്ളതാണ്. അതുപോലെ രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികളിൽ, എഞ്ചിനീയറിങ് വിഭാഗം മേധാവിയായി ഒരു അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, രണ്ട് അസിസ്റ്റൻറ് എഞ്ചിനീയർമാർ, മൂന്ന് വീതം ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസിയർമാരും അനിവാര്യമാണ്. കൂടാതെ ആറ് മുനിസിപ്പാലിറ്റികൾ ജില്ലാ ഹെഡ് ക്വാർട്ടർ മുനിസിപ്പാലിറ്റികളാണ്. ഈ മുനിസിപ്പാലിറ്റികളിൽ മേൽ നിർദേശിച്ച സ്റ്റാൻഡേർഡ് സ്റ്റാഫ് ഘടനയോടൊപ്പം, ഒരു അസിസ്റ്റൻറ് എഞ്ചിനീയർ, ഒന്നു വീതം ഒന്നാം

ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് ഓവർസിയർമാരെയും നിയമിക്കേണ്ടതായി കാണുന്നു.

8.11 കോർപ്പറേഷനുകളുടെ സ്റ്റാഫ് ഘടന ഏകീകരണം

6 കോർപ്പറേഷനുകളിലും മറ്റു തദ്ദേശസ്വഭരണ സ്ഥാപനങ്ങളെ അപേക്ഷിച്ച്, പ്രസ്തുത സ്ഥാപനങ്ങളിലെ താരതമ്യേന വലുപ്പമുള്ള വാർഡുകൾ / ഡിവിഷനുകൾ, വരുമാനം എന്നിവയ്ക്ക് അനുസൃതമായി സ്റ്റാഫ് ഘടന കാലാനുസൃതമായി ക്രമീകരിക്കേണ്ടതും/ഏകീകരിക്കേണ്ടതുമാണ്.

കോർപ്പറേഷനുകളിലെ ഒരു അസിസ്റ്റൻറ് എഞ്ചിനീയർക്ക് ജോലിഭാരം കണക്കാക്കി നാല് കോർപ്പറേഷൻ വാർഡുകൾ / ഡിവിഷനുകൾ കൈകാര്യം ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ. കൂടാതെ അദ്ദേഹത്തിനെ സഹായിക്കുന്നതിന് ഒരു ഒന്നാം ഗ്രേഡ്, ഒരു രണ്ടാം ഗ്രേഡ്, രണ്ടു മൂന്നാം ഗ്രേഡ് ഓവർസിയർ ആവശ്യമാണ്. മൂന്ന് അസിസ്റ്റൻറ് എഞ്ചിനീയർക്ക് ഒരു അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, രണ്ട് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന തരത്തിലെങ്കിലും തസ്തിക ക്രമീകരിച്ചാലോ / സൃഷ്ടിച്ചാലോ മാത്രമേ കോർപ്പറേഷനുകളിലെ സുഗമമായ പ്രവർത്തനങ്ങൾക്കും, മരാമത്ത് പ്രവർത്തികളുടെ ഗുണമേന്മയും, അളവും ഉറപ്പുവരുത്തിയുള്ള പ്രവർത്തനങ്ങൾക്ക് സാധിക്കുകയുള്ളൂ.

8.12 മോണിറ്ററിംഗ് & ഇവാലുവേഷൻ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി നിരവധി സോഫ്റ്റ്വെയറുകൾ നിലവിലുണ്ട്. ഈ സോഫ്റ്റ്വെയറുകളിൽ നിന്നും നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ഡാറ്റ ലഭ്യമല്ല. ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ ഉള്ള നിയന്ത്രണ അധികാരികൾക്ക് അതാത് തലങ്ങളിൽ ആവശ്യമായ ക്രോഡീകരിച്ച വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാകുന്നതിന് ആവശ്യമായ മാറ്റങ്ങൾ PRICE, സാംഖ്യ, സങ്കേതം, Ksmart തുടങ്ങിയ സോഫ്റ്റ്വെയറുകളിൽ മാറ്റം വരുത്തേണ്ടതാണ്. കൂടാതെ മോണിറ്ററിംഗ് & ഇവാലുവേഷൻ ആയി ഓരോ സ്ഥലങ്ങളിലും ഉദ്യോഗസ്ഥർക്ക് ചുമതല നൽകേണ്ടതുമാണ്.

വിവിധ മീറ്റിങ്ങുകൾക്ക് ആവശ്യമായ വിവരങ്ങൾ തയ്യാറാക്കൽ, ഗൂഗിൾ ഷീറ്റ് അപ്ഡേഷൻ, മറ്റു വിവരശേഖരണങ്ങൾ എന്നിവയുടെ ചുമതല ഇത്തരം ഉദ്യോഗസ്ഥർക്ക് നൽകാവുന്നതാണ്.

8.13 നടപടി ക്രമങ്ങളിലും മാനുവലിലും വരുത്തേണ്ട പരിഷ്കാരങ്ങൾ

തദ്ദേശ സ്ഥാപനങ്ങളുടെ മരാമത്ത് പദ്ധതി നിർവ്വഹണം സംബന്ധിച്ച് ബാധകമായത് 1987 ലെ പൊതുമരാമത്ത് ചട്ടങ്ങൾ ആണ്. കൂടാതെ വിവിധ എഞ്ചിനീയറിംഗ് ജീവനക്കാരുടെ സാമ്പത്തിക പരിധി സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ഉത്തര വുള്ളതും, കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വാർഷിക പദ്ധതി മാർഗ്ഗരേഖകളിൽ പ്രതിപാദിക്കുകയും, അവയ്ക്ക് പുറമേ വരുന്ന ചുമതല കൾക്ക് പൊതുമരാമത്ത് മാന്വൽ ബാധകമാണെന്നും പദ്ധതി മാർഗ്ഗരേഖയിൽ പറയുന്നു. 2012 ൽ PWD മാന്വൽ എൽ.എസ്.ജി.ഡി ക്കും ബാധകമായി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാലും ടെണ്ടർ നടപടികളും മറ്റും 1997 ലെ പൊതുമരാമത്ത് ചട്ടപ്രകാരം നടത്തുന്നതിനാൽ കാലതാമസം നേരിടുന്ന സാഹചര്യമുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിനായി കാലോചിതമായ ഭേദഗതി ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്.

പ്രൈസ് 3 വകുപ്പിൽ നടപ്പിലാക്കിയതിനാൽ ടെണ്ടർ സംബന്ധമായ കാര്യങ്ങൾക്ക് PWD മാന്വലും പ്രൈസ് 3 പ്രകാരമുള്ള SBD യും ബാധകമാക്കേണ്ടതാണ്. എഞ്ചിനീയറിംഗ് വകുപ്പുകൾക്ക് ബാധകമായ PWD മാന്വലും ധനകാര്യ വകുപ്പിന്റെ 2019 ലെ ഡെലിഗേഷൻ ഓഫ് പവർ (സാമ്പത്തിക പരിധികൾ) ഉത്തരവും തന്നെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വകുപ്പിനും ബാധകമാക്കേണ്ടതും വാർഷിക പദ്ധതിയിൽപ്പെട്ട വാല്യുവേഷൻ പോലുള്ളവയ്ക്ക് യൂണിറ്റ് കോസ്റ്റ് നൽകുന്നവയ്ക്ക് അത്തരത്തിലും, നിർവ്വഹണ ഉദ്യോഗസ്ഥർക്കു തന്നെ പരിശോധിച്ചു നൽകാവുന്നവ അത്തരത്തിലും, വീട് മെയിന്റനൻസ് പോലെ യൂണിറ്റ് കോസ്റ്റ് കണക്കാക്കാൻ പറ്റാത്തവയ്ക്ക് മാത്രം എഞ്ചിനീയറിംഗ് വിംഗിന്റെ വാല്യുവേഷൻ ആവശ്യപ്പെടാവുന്നതും, അതിന്റെ സാമ്പത്തിക പരിധി വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരവും കണക്കാക്കാവുന്നതാണ്.

തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ച് PWD മാന്വൽ, പൊതുമരാമത്ത് ചട്ടങ്ങൾ എന്നിവയ്ക്ക് പുറമേ വരുന്ന മറ്റ് സാങ്കേതിക ചുമതലകൾ, കെട്ടിടനിർമ്മാണ ചട്ട പരിശോധനകൾ എന്നിവ നടപ്പിലാക്കുന്നനതിനായി എഞ്ചിനീയറിംഗ് ജീവനക്കാരുടെ അധിക ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് വിശദമാക്കുന്ന ഒരു കൈപ്പുസ്തകം തയ്യാറാക്കി നടപ്പിൽ വരുത്താവുന്നതാണ്.

ജീവനക്കാരെ സാങ്കേതികേതര ചുമതലകളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയും, മരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ, ദൃഢത എന്നിവ സംബന്ധിച്ച് കരാറുകാർക്ക് കൂടുതൽ ഉത്തരവാദിത്തങ്ങൾ വരുന്ന നിർദ്ദേശങ്ങൾ മേൽപടി കൈപ്പുസ്തകത്തിൽ രേഖപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. എഞ്ചിനീയറിങ് ജീവനക്കാരുടെ ഭരണ / സാങ്കേതിക നിയന്ത്രണങ്ങൾ PWD മാന്വൽ പ്രകാരം തുടരേണ്ടതുമാണ്.

8.14 വിവര സാങ്കേതിക വിദ്യ

തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വിവിധ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്.

സുലേഖ

പദ്ധതി രൂപീകരണം, ഡി.പി.സി അംഗീകാരം, സൂക്ഷ്മ പരിശോധന (വെറ്റിംഗ്) എന്നിവ ഈ സോഫ്റ്റ്വെയർ മുഖാന്തിരം നടത്തുന്നു. നിലവിൽ നിരവധി പേജുകളിൽ ഡേറ്റാ എൻട്രി ചെയ്താൽ മാത്രമേ ഓരോ പ്രൊജക്ടും പൂർത്തിയാകുകയുള്ളു. ഇങ്ങനെ ഡേറ്റാ എൻട്രി ചെയ്യേണ്ടി വരുന്ന പല കോളങ്ങളും അപ്രസക്തവുമാണ്. ആയതിനാൽ ഏറ്റവും ആവശ്യമായ കാര്യങ്ങൾ മാത്രം ആവശ്യപ്പെടുന്ന രീതിയിൽ സുലേഖയിലെ പ്രൊജക്ട് ഫില്ലിംഗ് ഫോം പുനഃക്രമീകരിക്കേണ്ടതാണ്. കൂടാതെ സുലേഖയിൽ നിന്നും പ്രൊജക്ടിന്റെ പേരും ഫണ്ട് ഡീറ്റെയിൽസും തനിയെ Price 3 യിലേക്ക് അപ്ഡേറ്റ് ആകുന്ന രീതിയിൽ ക്രമീകരിക്കാമെങ്കിൽ ഭരണാനുമതി Upload ചെയ്യുന്നതുൾപ്പെടെ കുറച്ച് ജോലികൾ വീണ്ടും ചെയ്യേണ്ടിവരുന്നത് ഒഴിവാക്കാം.

ഇ – ടെണ്ടർ

ടെണ്ടർ പരസ്യം നൽകൽ, ടെണ്ടർ പ്രമാണങ്ങളുടെ അപ്പ്ലോഡിംഗ്, സൂക്ഷ്മ പരിശോധനയും, ടെണ്ടർ അംഗീകരിക്കൽ, എഗ്രിമെന്റ് അപ്പ്ലോഡിംഗ്, EMD തിരിച്ചു നൽകൽ എന്നിവ ഈ സോഫ്റ്റ്വെയർ മുഖാന്തിരം നടത്തുന്നു. ഇ-ടെൻഡർ സൈറ്റിൽ ഉദ്യോഗസ്ഥരായാലും കരാറുകാരായാലും upload ചെയ്യുന്ന ഡോക്യുമെന്റ് ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് തന്നെ ആണ് upload ചെയ്യുന്നതെങ്കിലും ഒന്നിലും തന്നെ ഡിജിറ്റൽ സിഗ്നേച്ചർ കാണുന്നില്ല. ഇത്തരത്തിൽ ഡിജിറ്റൽ സിഗ്നേച്ചർ ഇല്ലാത്ത ഒരു രേഖ, ഒരു വ്യവഹാരം ഉണ്ടാകുന്ന അവസരത്തിൽ IT Act പ്രകാരം നിലനിൽക്കുമോ എന്ന് സംശയമുണ്ട്.

സാംഖ്യ

ബിൽ തുക റിക്വസിഷൻ, ബിൽ പേയ്മെന്റ് എന്നിവ ഈ സോഫ്റ്റ്വെയർ മുഖാന്തിരം നടത്തുന്നു. നിലവിൽ Price 3 യിൽ നിന്നും ലഭിക്കുന്ന ബില്ലിലെ തുകയും മറ്റും മാനുവലായി വീണ്ടും സാംഖ്യയിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്ന സ്ഥിതിയാണുള്ളത്. ഇത് സമയ നഷ്ടം ഉണ്ടാക്കുന്നതോടൊപ്പം അളവുകൾ സാംഖ്യ യിലേക്ക് വീണ്ടും entry വരുത്തുമ്പോൾ തെറ്റുകൾ സംഭവിക്കാനുള്ള സാഹചര്യവും ഉണ്ടാക്കുന്നു. ഇതിനുപകരം Price 3 യിലെ പാസ്സായ ബില്ലിൽ നിന്നും സാംഖ്യയിലെ അതാത് കോളങ്ങളിലേയ്ക്ക് അളവുകൾ തനിയെ display ചെയ്യുന്ന രീതിയിലാണെങ്കിൽ സമയ നഷ്ടവും തെറ്റുകളും ഒഴിവാക്കാനാകും.

ILGMS/ സങ്കേതം

പഞ്ചായത്തുകളിൽ ഇ-ഓഫീസ്, പെർമിറ്റ് / Occupancy എന്നിവ ഈ സോഫ്റ്റ്വെയറുകൾ മുഖാന്തിരം നടത്തുന്നു. നിലവിൽ സങ്കേതത്തിലും ILGMS ലും കൂടാതെ ഹാർഡ് കോപ്പിയിലും ഒരേ ഫയലിന് റിപ്പോർട്ട് എഴുതേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇത് ജോലിഭാരം വളരെ അധികം വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ സ്ഥിതി ഒഴിവായി ബിൽഡിംഗ് ഫയൽസ് കൈകാര്യം ചെയ്യുന്നതിനായി പരിഷ്ക്കരിച്ച ഒരു സോഫ്റ്റ്വെയർ ആവശ്യമാണ്.

കെ-സ്മാർട്ട്

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ പെർമിറ്റ് / Occupancy എന്നിവ ഈ സോഫ്റ്റ് വെയർ മുഖാന്തിരം നടത്തുന്നു. ഈ സംവിധാനം മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക വഴി കെട്ടിട നിർമ്മാണ അപേക്ഷകളിന്മേലുള്ള നടപടികൾ സുഗമമാക്കാവുന്നതാണ്.

സുഗമ RoW

റോഡ് കട്ടിങ്ങുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പാക്കുന്നത് ഈ സോഫ്റ്റ് വെയർ മുഖാന്തിരം ആണ്. PWD കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകൾക്കനുസരിച്ചാണ് റോഡ് കട്ടിംഗ്/restoration ന്റെ തുക കണക്കാക്കുക. ഇങ്ങനെ PWD നിശ്ചയിക്കുന്ന നിരക്കുകൾ യഥാസമയം തന്നെ RoW യിലും update ആകുന്നത് തെറ്റുകൾ കുറയ്ക്കുന്നതിന് സഹായകരമായിരിക്കും. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ എടുക്കുന്നതിനായി സ്വകാര്യ വ്യക്തികൾ ഈ സോഫ്റ്റ് വെയർ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നേരിട്ട് അപേക്ഷിക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇത് KWA തന്നെ കൃത്യമായ drawing സഹിതം അപേക്ഷിക്കുന്ന രീതിയിലേയ്ക്ക് മാറ്റേണ്ടതാണ്.

ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച സോഫ്റ്റ്വെയറുകൾ തമ്മിൽ ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ ജോലി ഭാരവും പ്രവർത്തന സമയവും ഗണ്യമായി കുറയ്ക്കാൻ കഴിയും.

ഇലക്ട്രോണിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഫീൽഡ് സ്റ്റാഫുകൾക്ക് മൊബൈൽ പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

പ്രൈസ്

എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, ടെണ്ടർ രേഖ തയ്യാറാക്കൽ, ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ ടെണ്ടർ പ്രമാണങ്ങളുടെ uploading, സൂക്ഷ്മ പരിശോധനയും, ടെണ്ടർ അംഗീകരിക്കൽ, എഗ്രിമെന്റ് തയ്യാറാക്കലും അംഗീകരിക്കലും,

മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബിൽ തയ്യാറാക്കൽ എന്നിവ പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തിരം നടത്തുന്നു.

പ്രൈസ് സോഫ്റ്റ് വെയറിൽ ചുവടെ പറയുന്ന മാറ്റങ്ങൾ ആവശ്യമാണ്.

- ഇ-ടെണ്ടർ സൈറ്റ് പ്രൈസ് 3 യുമായി ലിങ്ക് ചെയ്യണം
- റിവൈസ്ഡ് എസ്റ്റിമേറ്റ് എടുത്തതിന് ശേഷവും ഒറിജിനൽ എസ്റ്റിമേറ്റ് ഡൗൺലോഡ് ചെയ്യുവാനുള്ള പ്രൊവിഷൻ ലഭ്യമാക്കുക.
- പ്രൈസ് 3 ൽ കമ്പാരിസൺ ടാബിൽ നെഗോഷ്യേറ്റഡ് തുക ലഭ്യമാക്കുക.
- ഓവർസിയറുടെ ഇൻബോക്സിൽ എഗ്രിമെൻറ് ചെയ്യേണ്ടുന്ന പ്രവൃത്തികൾ തിരയാതെ തന്നെ ലഭ്യമാക്കുക.
- LSGD യിൽ ഒരു തവണ ചെയ്യുന്ന ടെൻഡറിൽ തന്നെ വളരെയധികം പ്രവൃത്തികൾ ഉൾപ്പെടുന്നതിനാലും എഗ്രിമെന്റ് വയ്ക്കുന്നതിനായി കരാറുകാർക്ക് PRICE 3 വഴി അറിയിപ്പ് നൽകുമ്പോൾ SMS വഴിയോ മറ്റോ കരാറുകാർക്ക് വിവരം ലഭിക്കാത്തതിനാലും ഓരോ കരാറുകാരെയും ഫോൺ മുഖേന ബന്ധപ്പെട്ട് കരാറുടമ്പടി ഹാജരാക്കുന്നതിന് ആവശ്യപ്പെടുക പ്രായോഗികമല്ലാത്തതിനാലും പല എഗ്രിമെൻറുകളും ബോധപൂർവ്വമല്ലാതെ വൈകുന്ന സാഹചര്യം ഇപ്പോൾ നിലവിലുണ്ട്. ടി സാഹചര്യം ഒഴിവാക്കുന്നതിനായി For PG & Stamp paper എന്ന ഒപ്ഷനിൽ കോൺട്രാക്ടേർസ് പോർട്ടലിലേക്ക് അയച്ചു കഴിയുമ്പോൾ കോൺട്രാക്ടേർസ് പോർട്ടലിൽ നിന്നും ഒരു Acknowledgement കൂടെ ഓവർസിയറുടെ ലോഗിനിലേക്ക് എത്തിയ ശേഷം മാത്രം എഗ്രിമെന്റ് Upload ചെയ്യുന്നതിനുള്ള option active ആകുന്ന രീതിയിൽ സൗകര്യം ഉണ്ടാകണം. ഇതിലൂടെ Agreement Execute ചെയ്യുന്നതിനു മുൻപ് തന്നെ അബദ്ധത്തിൽ Bidder മാറി പോയിട്ടുണ്ടെങ്കിൽ ആയത് identify ചെയ്ത് പരിഹരിക്കാവുന്നതും നിലവിൽ Agreement Execute ചെയ്യുന്നതിനായി ഓവർസിയറുടെ ലോഗിനിൽ ഫയൽ ഐഡി ഉപയോഗിച്ച് search ചെയ്തെടുക്കേണ്ട സാഹചര്യം ഒഴിവാക്കാവുന്നതുമാണ്.
- ഇ-എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തുന്ന വേളയിൽ തന്നെ സർട്ടിഫിക്കറ്റ് എഴുതുന്നതിനുള്ള ഓപ്ഷൻ ലഭ്യമാക്കുക.
- ഒരു പ്രോജക്ട് തിരഞ്ഞെടുക്കുന്ന വേളയിൽ തന്നെ പ്രോജക്ടിന്റെ നിലവിലെ അവസ്ഥ (സാങ്കേതികാനുമതി, ടെണ്ടർ സ്റ്റേജ് മുതലായവ) കൂടെ ലഭ്യമാക്കുക.
- വെവ്വേറെ ടാബുകൾ ഉപയോഗിച്ച് Estimate under creation, TS Obtained estimates, Agreement executed works, E-MB Entering works currently എന്നീ കാര്യങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം.
- പ്രൈസ് - 3 യിൽ ഒരു പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കെല്ലാം പൂർത്തീകരിച്ച് കഴിഞ്ഞാൽ ആയത് ക്ലോസ്ഡ് ഫയൽ കാറ്റഗറിയിലേക്ക് മാറ്റേണ്ട സംവിധാനം ലഭ്യമാക്കുക.

- പ്രവൃത്തി പൂർത്തീകരണ കാലയളവ് കഴിയുന്നതിന് മുന്നെ തന്നെ കരാറുകാർക്ക് നോട്ടീസ് നൽകുന്നതിനുള്ള സംവിധാനം പ്രൈസ് 3 ൽ ലഭ്യമാക്കുക. (ഉദാഹരണത്തിന് ഒരുമാസം മുമ്പ്)
- ഫൈനൽ ബിൽ പൂർത്തിയാക്കുന്നതോടൊപ്പം കംപ്ലീക്ഷൻ സർട്ടിഫിക്കറ്റ് നിശ്ചിത പ്രോഫോമയിൽ ലഭ്യമാകുന്ന രീതിയിൽ പ്രൈസ് 3 യിൽ മാറ്റം വരുത്തണം.
- E.M.book പോലെ **E** level field book ഉം Price 3 യിൽ ഉൾപ്പെടുത്തുക.
- SBD യിലും PWD മാന്വലും രജിസ്റ്റേർഡ് തപാൽ വഴി കരാറുകാരന് അയയ്ക്കാൻ നിർദ്ദേശിച്ചിരിക്കുന്നവയിൽ പലതും Price 3 യിലൂടെ അയക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം Price 3 വഴി അയയ്ക്കുന്ന ഡോക്യുമെന്റിന് രജിസ്റ്റേർഡ് തപാൽ വഴി അയയ്ക്കുന്ന ഡോക്യുമെന്റിനെ പോലെ നിയമപരിരക്ഷ ലഭിക്കത്തക്ക വിധം SBD ഭേദഗതി ചെയ്യേണ്ടതാണ്.
- DSC ഉപയോഗിക്കുന്നതിനു പകരം approve ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മൊബൈലിൽ വരുന്ന OTP വഴി അംഗീകാരം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഇതിലൂടെ mobile ലോ Tab ലോ പോലും TS, LOA approval, bill passing എന്നിവ നിർവ്വഹിക്കാൻ കഴിയും.
- അളവുകൾ ആരംഭിച്ചതും/പെൻഡിംഗ് ആയിട്ടുള്ളതുമായ എല്ലാ ഇ-എം. ബുക്കുകളും, ഇ-എം.ബുക്ക് ബോക്സിൽ ലഭ്യമാക്കുക.
- ഓൺലൈൻ എഗ്രിമെൻറ് സംവിധാനം പ്രൈസ് 3 ൽ ലഭ്യമാക്കുക
- എസ്റ്റിമേറ്റ് റിപ്പോർട്ട് മലയാളത്തിൽ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
- ഓഫീസ് മേലധികാരിക്ക് വ്യത്യസ്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിക്കുന്ന രീതിയിൽ ഒരു ഫിൽട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക.
- കരാറുകാർക്ക് അളവുകൾ സമ്മതിച്ചു തരുന്നതിനുള്ള പ്രൊവിഷൻ ഏർപ്പെടുത്തുക. പരാതി ഉള്ള പക്ഷം ആ പരാതി Price 3 വഴി തന്നെ ഇന്റിമേറ്റ് ചെയ്യാൻ (Hindrance Intimation പോലെ) ഉള്ള സംവിധാനം ഏർപ്പെടുത്തുക
- പ്രൈസ് സോഫ്റ്റ് വെയറിൽ ടൈം എക്സ്റ്റൻഷനു വേണ്ടി പ്രത്യേക മോഡ്യൂൾ ഉൾപെടുത്തേണ്ടതുണ്ട്.
- മെഷർമെന്റ് ബുക്കുകളിൽ രേഖപ്പെടുത്തുന്ന അളവുകൾ ഷഫിൾ ആയിപ്പോകുന്ന അവസ്ഥ മാറണം.
- കൺസീൽഡ്/ പ്രീമെഷർമെന്റ്സ് 100% check measure ചെയ്യേണ്ടതാണ്. എന്നാൽ പലപ്പോഴും ഇവ ഭാഗികമായി മാത്രം ചെക്ക് മെഷർ ചെയ്യപ്പെടുകയും ഇക്കാര്യം ശ്രദ്ധിക്കാതെ അസി.എഞ്ചിയനീയർ തുടർന്നുള്ള അളവുകൾ രേഖപ്പെടുത്തുകയും ഒടുവിൽ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രം ഇക്കാര്യം മനസ്സിലാക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ട്. പിന്നീട് ഈ അളവുകൾ ചെക്ക്

മെഷർ ചെയ്യുമ്പോൾ ബിൽ ശരിയാകുമെങ്കിലും മെഷർമെന്റുകളുടെ തീയതികൾ തമ്മിലുള്ള സാരമായ വ്യത്യാസം ഒരു കുറ്റമായി നിലനിൽക്കുന്നുണ്ടാകും. ആയത് ഒഴിവാക്കുന്നതിലേക്കായി കുറച്ച് അളവുകൾ മാത്രം ചെക്ക് മെഷർ ചെയ്യുമ്പോൾ Check Measuring Incomplete - Concealed Measurement/ Premeasurement/Since Done is to be check measured 100% എന്ന് ഒരു warning message കാണിക്കുകയും ആവശ്യമായ ശതമാനം Check Measurement നിർവ്വഹിച്ചിട്ടില്ലാത്ത ഇനങ്ങൾ അസി.എഞ്ചിയനീയറുടെ ലോഗിനിൽ തിരികെ വരുമ്പോൾ തന്നെ പെട്ടെന്ന് മനസ്സിലാകത്തക്ക വിധത്തിൽ Specification പൂർണ്ണമായും ചുവന്ന കളറിൽ കാണിക്കുകയും വേണം.

- Bill Generate ചെയ്ത് validate ചെയ്യുമ്പോൾ ഒരു മെഷർമെന്റ് ഗ്രൂപ്പ് ആയിട്ടല്ലാതെ ഓരോ മെഷർമെൻറായും ഒഴിവാക്കാനുള്ള ഓപ്ഷൻ ഉണ്ടാകണം. ഉദാഹരണത്തിന് ഒരു പ്രീമെഷർമെന്റിൽ 10 അളവുകളുണ്ടാകുകയും അതിൽ 9 ഉം നിർവ്വഹിച്ച് Since Done Check Measurement ചെയ്താലും ചെയ്യാത്ത ഒരു അളവിന്റെ പേരിൽ ബിൽ ജനറേറ്റ് ചെയ്യാൻ സാധിക്കാതിരിക്കുകയും അഥവാ ബിൽ ജനറേറ്റ് ചെയ്യണമെങ്കിൽ ആ 10 അളവുകളും ഉൾക്കൊള്ളുന്ന ഗ്രൂപ്പ് പൂർണ്ണമായും ഡിലീറ്റ് ചെയ്യേണ്ട സാഹചര്യമാണ് നിലവിലുള്ളത്.
- Revised Estimate അസി.എഞ്ചിയനീയർ പാസ്സാക്കി തെറ്റായ സെക്ഷൻ ഓഫീസിലേക്ക് അയച്ചു പോയാൽ

  a) ആ അസി. എഞ്ചിയനീയർക്ക് Doens't Belongs to Me എന്ന ഒരു ഓപ്ഷൻ സെലക്ട് ചെയ്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് തിരിച്ചയയ്ക്കാനുള്ള സൗകര്യം.

  b) AEE ക്ക് തെറ്റായി അയച്ച സെക്ഷനിൽ നിന്നും തിരിച്ചെടുക്കാനുള്ള സൗകര്യം.

  c) അല്ലെങ്കിൽ AEE For executing Agreement Section എന്ന option എടുക്കുമ്പോൾ അതിൽ ശരിയായിട്ടുള്ള അസി.എഞ്ചിയനീയറുടെ പേര് മാത്രം വരുന്ന രീതി.

  d) Technical Sanction (സാങ്കേതികാനുമതി ലഭിച്ച) estimate ഇതുപോലെ തെറ്റി അയച്ചു പോയാൽ AEE ക്ക് സാങ്കേതികാനുമതി ക്യാൻസൽ ചെയ്ത് വീണ്ടും സാങ്കേതികാനുമതി കൊടുത്ത് ശരിയായ സെക്ഷനിലേക്ക് അയക്കാനുള്ള സൗകര്യമുള്ളത് പോലെയോ ഉണ്ടാകണം..

- PRICE ന്റെ മെമ്മറിയും സ്പീഡും കാര്യമായി വർദ്ധിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകണം.
- Local Market Rate(പ്രാദേശിക മാർക്കറ്റ് നിരക്ക്) മാറുന്ന മാസത്തിൽ എത്ര ശ്രമിച്ചാലും ആദ്യത്തെ മൂന്നാഴ്ച കഴിയാതെ അപ്ഡേറ്റ് ആകുന്നില്ല എന്നുള്ളത് മിക്കവാറും എല്ലാ മാസവും ടെണ്ടറുകൾ ഉള്ള തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരുപാട് സമയനഷ്ടമുണ്ടാക്കുന്നു. ആയത് ഒഴിവാക്കുന്നതിനായി പ്രാദേശിക മാർക്കറ്റ് നിരക്ക് (എല്ലാ സ്ഥലങ്ങളിലേതുമോ ഓരോ പ്രദേശത്തേതുമോ) അപ്ഡേറ്റ് ചെയ്യുന്ന ദിവസം വരെ തൊട്ടു മുമ്പത്തെ LMR തന്നെ ലഭിക്കുന്നതിനുള്ള ക്രമീകരണം ലഭ്യമാക്കുക. (ചുരുക്കത്തിൽ PRICE ൽ LMR ഇല്ലാത്ത ഒരു ദിവസം പോലും ഉണ്ടാകാൻ പാടില്ല)

- ഒരു ഓഫീസിലെ വർക്കുകളുടെ വർഷകണക്ക് പ്രകാരമുള്ള സാങ്കേതികാനുമതി (PRICE 1.0 ൽ ഉണ്ടായിരുന്നതു പോലെ) ലഭ്യമാകാനുള്ള സൗകര്യം (ഉദാ: പഞ്ചായത്ത് AE യുടെ login ൽ TS രജിസ്ട്രർ എടുക്കുമ്പോൾ ഏതൊക്കെ പ്രവൃത്തികൾക്കാണ് സാങ്കേതികാനുമതി ലഭിച്ചത് എന്ന് അറിയുവാൻ കഴിയണം.
- അനുവദനീയമായ TOC കഴിഞ്ഞാൽ EMB deactivate ആകുകയും Time extension അനുവദിച്ചു സപ്ലിമെന്ററി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തശേഷം മാത്രം EMB ആക്ടിവേറ്റ് ആകുകയും വേണം. ഇതിനിടയ്ക്കുള്ള പീരിഡിൽ measurements record ചെയ്യാൻ കഴിയാതിരിക്കുമ്പോൾ സ്വാഭാവികമായും നമ്മുടെ ഫയൽ വർക്ക് perfect ആകും.
- EMBook ൽ കുറച്ചു വരികളിൽ അളവുകൾ രേഖപ്പെടുത്തിക്കഴിഞ്ഞാൽ സ്ക്രീനിന്റെ താഴേക്കു എത്തുകയും അളവുകൾ രേഖപ്പെടുത്തേണ്ട അടുത്ത വരി സ്ക്രീനിനു താഴേക്കു തന്നെ ഇരിക്കുമെന്നതിനാൽ പിന്നീടുള്ള ഓരോ വരിയിലും അളവുകൾ രേഖപ്പെടുത്തുന്നതിനായി മൗസ് ഉപയോഗിച്ച് മുകളിലേക്ക് കാണത്തക്ക വിധത്തിൽ വയ്ക്കേണ്ടി വരുന്നുണ്ട്. ഇത് ആദ്യമാദ്യം റെക്കോർഡ് ചെയ്ത അളവുകൾ സ്ക്രീനിന്റെ മുകളിലേക്ക് റോൾ ചെയ്തു പോകുന്ന വിധത്തിലാക്കി പരിഹരിക്കേണ്ടതാണ്.
- Negotiation നു വേണ്ടി Contractor Portal ലേക്ക് അയച്ചു കഴിഞ്ഞാൽ BOQ തിരിച്ചയക്കാതെ അനിയന്ത്രിതമായി താമസിപ്പിക്കുന്ന പ്രവണത പൊതുവിൽ കണ്ടു വരുന്നു. ഇത് firm period കഴിഞ്ഞു പോകുന്നതിനും പിന്നീട് കരാറുകാരൻ കരാറിലേർപ്പെടാതിരിക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾക്കും കാരണമാകാം. ഇപ്രകാരമുള്ള സമയനഷ്ടം ഒഴിവാക്കുന്നതിനായി Negotiation നു വേണ്ടി Contractor Portal ലേക്ക് അയച്ചു കഴിഞ്ഞാൽ മൂന്നു ദിവസങ്ങൾക്കകം BOQ കരാറുകാരൻ തിരിച്ചയക്കാത്ത പക്ഷം തിരികെ AE യുടെ ലോഗിനിൽ എത്തുന്നതിനുള്ള സംവിധാനം PRICE 3 ൽ ഒരുക്കുകയും അത് ചോദ്യം ചെയ്യപ്പെടാത്ത വിധത്തിൽ SBD ൽ മാറ്റം വരുത്തുകയും വേണം.
- സൈറ്റ് handover Contractor Portal ലേക്ക് അയച്ചാലും ഇല്ലെങ്കിലും SBD പ്രകാരം കരാറിലേർപ്പെട്ടു പത്താമത്തെ ദിവസം സൈറ്റ് handover ചെയ്തതായി കണക്കാക്കപ്പെടും. PRICE 3 ലും ഇതേ രീതിയിൽ തന്നെയാണ് വരിക. ഉദാഹരണത്തിന് ഏപ്രിൽ 6 നു എഗ്രിമെന്റ് വച്ച ഒരു വർക്കിന്റെ

സൈറ്റ് handover Contractor Portal ലേക്ക് നമ്മൾ ഏപ്രിൽ 20 തിനാണു അയക്കുന്നതെങ്കിൽ പോലും ഏപ്രിൽ 16 നു സൈറ്റ് handover ചെയ്തതായി PRICE 3.0 ൽ കണക്കാക്കപ്പെടും. ഒരു വ്യവഹാരം വരുന്ന അവസരത്തിൽ Contractor Portal ലേക്ക് അയക്കും മുൻപേ എങ്ങനെയാണ് കരാറുകാരന് സൈറ്റ് ഏറ്റെടുക്കാനാകുക എന്ന് കോടതി ചോദിച്ചേക്കാം. ഈ പ്രതിസന്ധി ഒഴിവാകുന്നതിലേക്കായി എഗ്രിമെന്റ് അപ്പ്രൂവ് ചെയ്യുമ്പോൾ തന്നെ PRICE 3.0 ൽ നിന്നും Contractor Portal ലേക്ക് സൈറ്റ് handover തനിയെ അയക്കപ്പെടുന്നതിനുള്ള സൗകര്യം ഉണ്ടാകണം.

- LSGD യിലെ ബഹുഭൂരിപക്ഷം പ്രവൃത്തികളും 5 ലക്ഷം രൂപയിൽ താഴെ വരുന്നവ ആയതിനാൽ അത്തരം പ്രവൃത്തികളുടെ സുഗമമായ നിർവ്വഹണത്തിനായി 5 ലക്ഷം രൂപയിൽ കുറവ് വരുന്ന പ്രവൃത്തികൾക്കായി പ്രത്യേകം SBD തയ്യാറാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
- RE Approval ആയി കഴിയുന്ന പ്രവൃത്തികളുടെ E bill generate ചെയ്യുമ്പോൾ നിലവിൽ Item No Sub head എന്ന column ൽ Original estimate quantity യാണ് കാണിക്കുന്നത്. ടി column ൽ approval ആയ RE യുടെ quantities കാണിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം.
- Sulekha, Sankhya, ILGMS, Sanketham എന്നീ Softwares KSMART എന്ന ഒറ്റ Platform ലേക്ക് മാറുന്നതോടെ ജോലിയിലെ ആവർത്തന സ്വഭാവം മാറി ഓഫീസ് ജോലികൾക്ക് ഗതിവേഗം സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

8.15 ഭരണ/സാങ്കേതിക/തെരഞ്ഞെടുക്കപ്പെട്ട സമിതി എന്നീ വിഭാഗങ്ങളുടെ ചുമതലകളിലെ സ്പഷ്ടീകരണം

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും, ജനങ്ങളും ജീവനക്കാരും കൂട്ടായി പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് തദ്ദേശസ്വയംഭരണ വകുപ്പിലുള്ളത്. ജീവനക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കകത്ത് തെരഞ്ഞെടുത്ത കമ്മിറ്റികൾക്കും കൗൺസിലുകൾക്കും വിധേയമായാണ് പ്രവർത്തിക്കുന്നത്.

ഒരു സ്ഥാപനത്തിന്റെ വികസന നേട്ടങ്ങൾ വിലയിരുത്തുന്നത് ജനങ്ങൾക്ക് അത്യാവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇതിൽ ഭൂരിഭാഗം പ്രവൃത്തിയും എഞ്ചിനീയറിംഗ് വിഭാഗമാണ് നിർവ്വഹിക്കുന്നത്. ആയതിനാൽ ജനപ്രതിനിധികളും എഞ്ചിനീയറിംഗ് വിഭാഗവും ഭരണ വിഭാഗവും പരസ്പര സഹകരണത്തോടെയാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങളിൽ ഇതിന് വിപരീതമായും കാണുന്നു. പദ്ധതിപ്രവൃത്തികൾ അതിരാവിലെ തുടങ്ങുകയും പലപ്പോഴും വളരെ വൈകി അവസാനിയ്ക്കുകയും ചെയ്യുന്നവയാണ്. അതനുസരിച്ച് എഞ്ചിനീയറിംഗ് ജീവനക്കാർ സൈറ്റുകളിൽ എത്തിച്ചേരേണ്ടതുണ്ട്. മറ്റു ജീവനക്കാരെപ്പോലെ ഓഫീസിൽ വന്ന്

ഹാജർ രേഖപ്പെടുത്തിയ ശേഷം സൈറ്റിലേക്കു പോകാൻ കഴിയുകയില്ല. ഇത്തരം സന്ദർഭങ്ങളിൽ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്താൻ കഴിയണമെന്നില്ല. ഹാജർ പുസ്തകം നിശ്ചിത സമയത്ത് സെക്രട്ടറി മുമ്പാകെ ഹാജരാക്കണമെന്ന നിർദ്ദേശം പാലിക്കാൻ കഴിയുന്നില്ല. മൂവ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി മാത്രം സൈറ്റിൽ പോകുന്നതും പ്രായോഗികമല്ല. പല സൈറ്റുകളിൽ നിന്നും വിളി വരുന്നതിനനുസരിച്ച് സൈറ്റുകൾ സന്ദർശിക്കേണ്ടതായി വരും.

ആയതിനാൽ ഹാജർ, മൂവ്മെന്റ് എന്നിവ ഓൺലൈനായി രേഖപ്പെടുത്തുന്ന തിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതും, ഈ വിവരങ്ങൾ പ്രസിഡന്റ്/ ചെയർമാൻ, മേൽ ഉദ്യോഗസ്ഥർ എന്നിവർക്ക് കൈമാറുന്നതിന് സൗകര്യമുണ്ടാക്കുന്നത് ഉചിത മാണ്. ഇങ്ങനെയാവുമ്പോൾ ഇപ്പോഴത്തെ പ്രശ്നത്തിന് പരിഹാരമാകും.

ഓവർസീയർമാരുടെ പ്രവൃത്തി സംബന്ധിച്ച നിയന്ത്രണം അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിക്ഷിപ്തമല്ലെങ്കിൽ പ്രവൃത്തികൾ മേൽനോട്ടം നടത്തുന്ന കാര്യത്തിൽ ഓവർസീയർമാരെ നിർബ്ബന്ധിക്കാൻ കഴിയില്ല. പല സ്ഥാപനങ്ങളിലും സെക്രട്ടറിമാർ നേരിട്ട് ഓവർസിയർമാർക്ക് മറ്റു പല ചുമതലകളും നൽകുന്നു എന്ന് പരാതിയുണ്ട്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ പ്രകാരം ഓവർസീയർക്ക് നിർദ്ദേശം നൽകുന്നത് ഉചിതമായിരിക്കും.

ഏകീകരണത്തെ തുടർന്ന് ഭരണ വിഭാഗത്തിന് മാത്രമായി ഉയർന്ന ശമ്പളവും പുതിയ തസ്തികകളും അധികാരങ്ങളും ഏർപ്പെടുത്തി എന്ന പരാതി വിവിധ സർവ്വീസ് സംഘടനകൾ കമ്മിറ്റിയിൽ ഉന്നയിക്കുകയുണ്ടായി. തങ്ങളേക്കാൾ യോഗ്യതയിലും വേതന വ്യവസ്ഥയിലും സർവ്വീസ് സീനിയോരിറ്റിയിലും താഴ്ന്ന പരിധിയിലുള്ള ജന റൽ വിഭാഗം ജീവനക്കാർ നിയന്ത്രണ അധികാരികളായി മാറിയത് സാങ്കേതിക വിഭാഗം ജീവനക്കാരിൽ അതൃപ്തിക്കിടയാക്കിയിട്ടുണ്ട്.

സാങ്കേതിക വിഭാഗം മേലുദ്യോഗസ്ഥർക്ക് തങ്ങളുടെ കീഴ്ജീവനക്കാരുടെ ഭരണപര മായ നിയന്ത്രണം ഉണ്ടെങ്കിൽ മാത്രമേ സാങ്കേതിക അധികാരങ്ങൾ നടപ്പിലാക്കാൻ കഴിയുകയുള്ളു. ആയതിനാൽ ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിലെ സാങ്കേതിക വിഭാഗം മേലുദ്യോഗസ്ഥർക്ക് തന്നെ ഭരണപരമായ നിയന്ത്രണങ്ങളും നൽകുന്നത് ഉചിതമായിരിക്കും. ആയതിന് സ്റ്റേറ്റ് സർവ്വീസ്, സ്പെഷ്യൽ റൂൾ നമ്പർ 8 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറിന് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ഭരണപരമായ നിയന്ത്രണാധികാരം ചീഫ് എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകുന്നതിന് സാധ്യമാണ്.

നിയമപരമായി കൊടുക്കാൻ സാധിക്കാത്ത കെട്ടിട നിർമ്മാണ പെർമിറ്റുകളും വാല്യുവേഷനുകളും മറ്റും നൽകുന്നതിന് സമ്മർദ്ദം ഉണ്ടാകുന്നു. ഇത് പലപ്പോഴും തർക്കത്തിനും സുഗമമായ ഓഫീസ് അന്തരീക്ഷത്തിനും കോട്ടം വരുത്തുന്ന താണ്. പരസ്പര സഹകരണവും സഹവർത്തിത്വവും ആരോഗ്യകരമായ ബന്ധവും

നിലനിർത്തി ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതും ഇതിന് ആവശ്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും ജനപ്രതിനിധികൾക്കും ജീവനക്കാർക്കും നൽകാവുന്നതുമാണ്.

8.16 പ്രിൻസിപ്പൽ ഡയറക്ടറേറ്റിന്റെ കീഴിൽ സാങ്കേതികവും ഭരണപരവുമായ കാര്യങ്ങളുടെ നിയന്ത്രണം

27-10-2022 ന് പ്രസിദ്ധീകരിച്ച LSGD സ്റ്റേറ്റ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ വകുപ്പ് അധ്യക്ഷനായും അതിന് താഴെ വകുപ്പിനെ ജനറൽ വിംഗ്,പബ്ലിക് ഹെൽത്ത് ആൻഡ് എൻവെയോൺമെന്റ് മാനേജ്മെന്റ് വിംഗ്, ലോക്കൽ ഇൻഫ്രാ സ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആൻഡ് എഞ്ചിനീയറിംഗ് വിംഗ്, എൽ.എസ്.ജി.ഡി പ്ലാനിംഗ് എന്നിങ്ങനെ നാല് വിംഗുകളായി തിരിച്ചുമാണ് ഭരണം നടത്തുന്നത്. നിലവിൽ നാല് വിംഗിന്റെയും ഭരണപരമായ നിയന്ത്രണവും ചുമതലകളും പ്രിൻസിപ്പൽ ഡയറക്ടറിലും ജനറൽ വിംഗിലുമായാണ് നടത്തുന്നത്. ചീഫ് എഞ്ചിനീയറുടെ ഭരണപരമായ അധികാരങ്ങൾ ഇല്ലാതെ എഞ്ചിനീയറിംഗ് Heirarchy നഷ്ടപ്പെടുമ്പോൾ അസിസ്റ്റന്റ് എക്സിക്യുട്ടിവ് എഞ്ചിനീയർ, എക്സിക്യുട്ടിവ് എഞ്ചിനീയർ എന്നിവരുടെയൊക്കെ മേൽനോട്ടവും ചുമതലകളും അതാത് തദ്ദേശ സ്ഥാപനത്തിൽ മാത്രം ഒതുങ്ങുകയും താഴേത്തട്ടിലെ സാങ്കേതിക ജീവനക്കാരുടെ മേലുള്ള നിയന്ത്രണം ഇല്ലാതാകുകയും ചെയ്യും .കേരളത്തിലെ മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകൾ പരിശോധിച്ചാലും പൊതുമരാമത്ത് മാന്വൽ പരിശോധിച്ചാലും എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ നിയമന/നിയന്ത്രണ/ശിക്ഷണാധികാരം ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. സാങ്കേതിക മേലുദ്യോഗസ്ഥരുടെ അനുഭവ സമ്പത്ത് ഉപയോഗപ്പെടുത്തിയാൽ മാത്രമേ താഴെ തട്ടിൽ സങ്കീർണ്ണമായ പല പദ്ധതികളും നടപ്പിലാക്കാൻ കഴിയുകയുള്ളു. ആയതിനാൽ സാങ്കേതിക പദ്ധതികൾ നടപ്പിലാക്കുന്നതിന് ഓവർസീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള സാങ്കേതികവും ഭരണപരവുമായുള്ള Heirarchy നിലനിർത്തേണ്ടത് ആവശ്യമാണ്.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പുതുതായി രൂപീകരിച്ച ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ആയതിനാൽ പലപ്പോഴും സാങ്കേതിക റിപ്പോർട്ടുകളില്ലാതെ തന്നെ സാങ്കേതിക വിഭാഗം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. എഞ്ചിനീയറിങ് വിഭാഗം ജീവനക്കാരുടെ അച്ചടക്ക നടപടികൾ ചീഫ് എഞ്ചിനീയർ മുഖേന തീർപ്പാക്കേണ്ടതാണെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അവിഭാജ്യ ഭാഗമായ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാരുടെ സേവനം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലനിർത്തേണ്ടതുണ്ടെന്നും ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാരെ കൂടി ഉൾപ്പെടുത്തേണ്ടതാണെന്നും. സമിതി വിലയിരുത്തി.

മേൽ വിഷയങ്ങൾ എല്ലാം പരിഗണിച്ച് പ്രിൻസിപ്പൽ ഡയറക്ടർ വകുപ്പ് അധ്യക്ഷനായും അതിന് താഴെ വിംഗിന്റെ അഡ്മിനിസ്ട്രേഷൻ ചുമതല ചീഫ് എഞ്ചിനീയർക്കും ഡെലിഗേറ്റ് ചെയ്ത് നൽകാവുന്നതാണ്.

8.17 ഗുണനിലവാര പരിശോധന സംവിധാനം

സംസ്ഥാന തലത്തിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയം കേന്ദ്രീകരിച്ചും, ജില്ലാ തലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം കേന്ദ്രീകരിച്ചും ഗുണനിലവാര പരിശോധന വിഭാഗം രൂപീകരിക്കേണ്ടതാണ്. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രവൃത്തിയുടെ പരാതിയുമായി ബന്ധപ്പെട്ട് വരുന്ന ഗുണനിലവാര പരിശോധനകൾക്കായി ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഒരു അസിസ്റ്റന്റ് എഞ്ചിനീയറും, രണ്ട് ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാരും അടങ്ങുന്ന ഉദ്യോഗസ്ഥ സംവിധാനമാണ് വിഭാവനം ചെയ്യുന്നത്. ജില്ലാ തലത്തിൽ ജില്ലാ മേധാവിയായ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധന തലവനായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാരും, രണ്ട് ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാരും അടങ്ങുന്ന ഉദ്യോഗസ്ഥ സംവിധാനമാണ് വിഭാവനം ചെയ്യുന്നത്. ഗുണനിലവാര പരിശോധനക്കായി ജില്ലാതല ലാബുകൾ, ജില്ലാതല ഗുണനിലവാര പരിശോധന സംവിധാനത്തിന്റെ കീഴിൽ രൂപീകരിക്കേണ്ടതുണ്ട്. നിലവിൽ റീജിയണൽ ലാബ് സ്ഥാപിച്ചിരിക്കുന്ന ജില്ലകളിൽ ആയത് ജില്ലാതല ലാബുകളായി മാറ്റി സ്ഥാപിക്കാവുന്നതാണ്. പരിശോധനകൾക്കായി അവിദഗ്ദ്ധ തൊഴിലാളികളെ നിയമിക്കാവുന്നതാണ്. ഡിസൈൻ വിംഗിന്റെ സ്റ്റാഫ് ഘടന താഴെ പറയുന്ന രീതിയിലാണ്. ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകുന്ന പ്രവൃത്തികളുടെ ഡിസൈൻ പരിശോധയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 1 സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ 1 എക്സിക്യൂട്ടീവ് എഞ്ചിനീയർ, 1 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 2 അസിസ്റ്റന്റ് എഞ്ചിനീയർമാർ, 4 ഒന്നാംതരം ഓവർസിയർ അടങ്ങുന്ന ഡിസൈൻ വിഭാഗം രൂപീകരിക്കേണ്ടതാണ്. ജില്ലാതല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ 1 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 2 അസിസ്റ്റന്റ് എഞ്ചിനീയർമാർ, 2 ഒന്നാംതരം ഓവർസിയർ അടങ്ങുന്ന ഡിസൈൻ വിഭാഗം രൂപീകരിക്കേണ്ടതാണ്. സ്ട്രക്ചറൽ, ജിയോ ടെക്നിക്കൽ, ട്രാൻസ്പോർട്ടേഷൻ എന്നീ മേഖലയിൽ പ്രാവീണ്യമുള്ള സീനിയർ ഡിസൈൻ എഞ്ചിനീയർമാരുടെ സേവനം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉപയോഗപ്പെടുത്താവുന്നതാണ്.

മരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയും നിലവാരവും മെച്ചപ്പെടുത്തുന്നതിലേക്കായി 5 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികളുടെ

സൈറ്റിൽ കരാറുകാരുടെ ഭാഗത്തു നിന്നും Technical Persons നെ നിയമിക്കേണ്ടതിന്റെ ആവശ്യകത SBD - Part III - Special Conditions of Contract - Clause 16 ൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂരിഭാഗം പ്രവൃത്തികളും 5 ലക്ഷത്തിൽ താഴെ എസ്റ്റിമേറ്റ് തുക വരുന്നവയായതിനാലും പ്രവൃത്തികളുടെ എണ്ണം വളരെയധികമാണെന്നതിനാലും ഇത്തരം പ്രവൃത്തികൾക്കും Technical Personnel ന്റെ സേവനം ബാധകമാക്കേണ്ടതുണ്ട്. അഞ്ച് ലക്ഷത്തിൽ കുറവ് എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക് ഐ.ടി.ഐ സിവിൽ/ വി.എച്ച്.എസ്.ഇ സിവിൽ സർട്ടിഫിക്കറ്റ് ഉള്ള ഒരാളെ കരാറുകാരൻ നിർബന്ധമായും ചുമതലപ്പെടുത്തേണ്ടതാണെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഇപ്രകാരമുള്ള Technical Personnel നെ കരാറുകാരൻ നിയമിക്കാത്ത സാഹചര്യത്തിലുള്ള തുടർനടപടികൾക്കും അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികളുടെ Technical Personnel ന്റെ കാര്യത്തിലും SBD പ്രകാരമുള്ള നിബന്ധനകൾ തന്നെ ബാധകമാക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കുന്ന Technical Personnel നെ Certified Construction Professionals അഥവാ CCP എന്ന് നാമകരണം ചെയ്യാവുന്നതാണ്. ഇത് സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അനേകം യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനോടൊപ്പം ഇത്തരം CCPsന്, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള ലൈസൻസിനു വേണ്ടിയുള്ളതു പോലെ രജിസ്ട്രേഷൻ നിർബ്ബന്ധമാക്കുന്ന പക്ഷം അത് സർക്കാരിലേക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതുമാണ്.

8.18 ഇലക്ട്രിക്കൽ – മെക്കാനിക്കൽ വിഭാഗങ്ങൾ

ഇലക്ട്രിക്കൽ വിഭാഗം

നിലവിൽ 14 ജില്ലാപഞ്ചായത്തുകളിലും അക്രഡിറ്റ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. പദ്ധതിതുകയിൽ നിന്നുമാണ് അവർക്കുള്ള വേതനം നൽകിവരുന്നത്. ഗ്രാമ/ ബ്ലോക്ക്/ ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രവൃത്തികൾക്ക് ജില്ലാ പഞ്ചായത്തിലെ അക്രഡിറ്റഡ് ഇലക്ട്രിക്കൽ വിഭാഗവും കോർപ്പറേഷൻ പ്രവർത്തികൾക്ക് കോർപ്പറേഷൻ അക്രഡിറ്റഡ് ഇലക്ട്രിക്കൽ വിഭാഗവും പ്രവർത്തിച്ചു വരുന്നു. എങ്കിലും ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.

ഇലക്ട്രിക്കൽ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ജില്ലാതലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ താഴെ പറയുന്ന രീതിയിൽ സ്റ്റാഫ് പാറ്റേൺ കൊണ്ട് വരേണ്ടതുണ്ട്.

അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ ഇലക്ട്രിക്കൽ – 1

അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ – 2

മെക്കാനിക്കൽ വിഭാഗം

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വാഹനങ്ങളുമായി ബന്ധപ്പെട്ട ചുമതലകളടക്കം മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ചെയ്യേണ്ട പ്രവർത്തനങ്ങൾ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്. സിവിൽ എഞ്ചിനീയറിംഗ് പഠിച്ച ഓവർസിർമാരും എഞ്ചിനീയർമാരും മെക്കാനിക്കൽ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്നത് തികച്ചും തെറ്റായ രീതിയും ഓഡിറ്റ് / വിജിലൻസ് കേസുകൾക്ക് ജീവനക്കാർ വിധിക്കപ്പെടുന്ന അവസ്ഥ വരുന്നതുമാണ്.

ഇതിന് പരിഹാരമെന്നവണ്ണം ഒരു മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം വകുപ്പ് കൊണ്ടുവരേണ്ടതും ഗ്രാമ / ബ്ലോക്ക് / ജില്ലാപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളുടെയും മെക്കാനിക്കൽ സ്വഭാവമുള്ള ചുമതലകൾ ഈ വിഭാഗത്തിന്റെ ഉത്തരവാദിത്തമായി കൊണ്ടുവരേണ്ടതുമാണ്.

ജില്ലാതലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ താഴെ പറയുന്ന പ്രകാരം മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം കൊണ്ടുവരാവുന്നതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ
(LSGD State Service Special Rule Group 3 Sub Group C)

ജില്ലാതലത്തിൽ – 1 ആകെ – 14 എണ്ണം

ഫോർമാൻ മെക്കാനിക്കൽ
(LSGD Subordinate Service Special rule Group 3 Sub Group C)

ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി	- 3 nos	ആകെ 42
കോർപ്പറേഷൻ	- 1 nos	ആകെ 6
ആകെ	-	48 nos

8.19 സുസ്ഥിര സമ്പ്രദായങ്ങൾ

8.19.1 പ്രകൃതി വിഭവങ്ങളുടെ പരിപാലനം

സംസ്ഥാനത്തെ ഏറ്റവും വലിയ എഞ്ചിനീയറിംഗ് വിഭാഗം എന്ന നിലയിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം നമ്മുടെ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിൽ മുൻപന്തിയിലാണ്. എന്നാൽ വികസനത്തിന്റെ ഭാഗമായി നിർമാണ പ്രവർത്തനങ്ങൾ നടത്തിയേ മതിയാവൂ. ഈ സാഹചര്യത്തിൽ ഏറ്റവും കുറച്ചു പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള നിർമാണ രീതികൾ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കേണ്ടതുണ്ട്.

ഈ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന്, നിർമ്മാണ വ്യവസായത്തിന്റെ തനതായ ആവശ്യങ്ങൾക്ക് അനുയോജ്യമായ സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടത് പ്രധാനമാണ്. റീസൈക്കിൾ ചെയ്ത വസ്തുക്കളുടെ ഉപയോഗം പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു പ്രധാന മാർഗമാണ്. തടി, ലോഹങ്ങൾ, അഗ്രിഗേറ്റുകൾ എന്നിവ പോലുള്ള വിഭവങ്ങളെ മാത്രം ആശ്രയിക്കുന്നതിന് പകരം, എഞ്ചിനീയറിംഗ് വിഭാഗത്തിന് അവരുടെ പ്രോജക്റ്റുകളിൽ റീസൈക്കിൾ ചെയ്ത വസ്തുക്കൾ ഉൾപ്പെടുത്താം. ഇത് പ്രകൃതി വിഭവങ്ങളുടെ വ്യയം കുറയ്ക്കുക മാത്രമല്ല, മാലിന്യ നിക്ഷേപങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ വഴിതിരിച്ചുവിടുകയും സർക്കുലർ സുസ്ഥിര സമ്പദ്വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, വ്യവസായത്തിന്റെ കാർബൺ ഫുട്പ്രിന്റ് കുറയ്ക്കുന്നതിന് ഊർജ്ജ-കാര്യക്ഷമമായ നിർമ്മാണ സാങ്കേതിക വിദ്യകൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. ഒപ്റ്റിമൽ ഇൻസുലേഷനും വെന്റിലേഷനും ഉള്ള കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യുന്നത് മുതൽ സോളാർ പാനലുകൾ പോലുള്ള പുനരുപയോഗ ഊർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നത് വരെ, നിർമ്മാണ ഘട്ടങ്ങളിലും പ്രവർത്തന ഘട്ടങ്ങളിലും ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് വിവിധ മാർഗങ്ങളുണ്ട്. ഈ രീതികൾ പരിസ്ഥിതി ആഘാതം ലഘൂകരിക്കുക മാത്രമല്ല, കെട്ടിട ഉടമകൾക്ക് ദീർഘകാല ചെലവ് ലാഭിക്കുകയും ചെയ്യുന്നു. ഗ്രീൻ ബിൽഡിംഗ് ഡിസൈനുകൾ നിർമ്മാണ വ്യവസായത്തിനുള്ളിൽ സംരക്ഷണത്തിനുള്ള മറ്റൊരു വഴി വാഗ്ദാനം ചെയ്യുന്നു. നിഷ്ക്രിയ ചൂടാക്കലും തണുപ്പും, മഴവെള്ള സംഭരണം, പ്രകൃതിദത്ത ലാൻഡ്സ്കേപ്പിംഗ് തുടങ്ങിയ സവിശേഷതകൾക്ക് മുൻഗണന നൽകുന്നതിലൂടെ, എഞ്ചിനീയറിംഗ് വിഭാഗത്തിന് പരിസ്ഥിതി സൗഹൃദവും സൗന്ദര്യാത്മകവുമായ ഘടനകൾ സൃഷ്ടിക്കാൻ കഴിയും. LEED (ഊർജ്ജത്തിലും പരിസ്ഥിതി രൂപകൽപനയിലും നേതൃത്വം) പോലുള്ള ഗ്രീൻ ബിൽഡിംഗ് സർട്ടിഫിക്കേഷനുകൾ സുസ്ഥിരമായ ഫലങ്ങൾ കൈവരിക്കുന്നതിനും വ്യവസായത്തിലുടനീളം പരിസ്ഥിതി ബോധമുള്ള സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ, നിർമ്മാണ വ്യവസായത്തിന്റെ പാരിസ്ഥിതിക കാൽപ്പാടുകൾ കുറയ്ക്കുന്നതിന് ഉത്തരവാദിത്ത റിസോഴ്സ് മാനേജ്മെന്റ് അത്യാവശ്യമാണ്.

കാര്യക്ഷമമായ ജല ഉപയോഗം, മണ്ണൊലിപ്പ് നിയന്ത്രണ നടപടികൾ, ചിന്താപൂർവ്വമായ സൈറ്റ് ആസൂത്രണം വഴി ഭൂമിയിലെ ആഘാതം കുറയ്ക്കൽ തുടങ്ങിയ സമ്പ്രദായങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പ്രകൃതിദത്ത ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിലൂടെ, നിർമ്മാണ പദ്ധതികൾക്ക് പരിസ്ഥിതിയുമായി യോജിച്ച് നിലനിൽക്കാനും ജൈവവൈവിധ്യവും ആവാസവ്യവസ്ഥയുടെ സേവനങ്ങൾ സംരക്ഷിക്കാനും കഴിയും.

പുനരുപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള മുള, ADOBE ഇഷ്ടിക, സ്റ്റെബിലൈസ്ഡ് മൺകട്ടകൾ, പെറുക്ക് കല്ലുകൾ, ചെളി തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇതുവഴി പ്രകൃതി

വിഭവങ്ങളായ പാറ, മണൽ തുടങ്ങിയവയുടെ ഉപയോഗം വളരെയധികം നിയന്ത്രിക്കാൻ കഴിയും.

ആവശ്യത്തിലധികം മഴ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ ഭൂമിക്കടിയിലുള്ള ജലവിതാനം വർഷങ്ങൾ കഴിയുംതോറും താഴ്ന്നു വരികയാണ്. കേരളത്തിന് ഒരു വർഷം ആകെ 300 സെന്റീമീറ്റർ മഴ ലഭിക്കുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി കാരണം ഈ മഴവെള്ളം മുഴുവൻ 48 മണിക്കൂറിനുള്ളിൽ കടലിൽ ചെന്നുചേരുന്നു. ഇത് തടയാനായി നമ്മുടെ നദികളിലും തോടുകളിലും തടയണകൾ നിർമ്മിക്കാവുന്നതാണ്.

ഒരു പെരുമഴയത്ത് നമുക്ക് 8 മുതൽ 10 സെന്റിമീറ്റർ വരെ മഴ ലഭിക്കുന്നുണ്ട്. ഒരു ചെറിയ വീടിന്റെ മേൽക്കൂരയിൽ നിന്ന് തന്നെ നമുക്ക് ഏകദേശം 8000 തൊട്ട് 10000 ലിറ്റർ വരെ മഴവെള്ളം ശേഖരിക്കാൻ പറ്റുന്നതാണ്. ഈ മഴവെള്ളം നമ്മൾ ഭൂമിക്ക് അടിയിലേക്ക് താഴ്ത്തിയാൽ അത് നമുക്ക് ദിവസങ്ങളോളം സംരക്ഷിച്ചു നിർത്താൻ സാധിക്കും അതുവഴി ഭൂമിക്ക് അടിയിലുള്ള ജലവിതാനം ഉയർത്താനും സാധിക്കും.

നിർമ്മാണവേളകളിൽ മരങ്ങൾ മുറിക്കുന്നത് കഴിയുന്നത്ര കുറയ്ക്കണം. കൂടാതെ മരത്തിൽ നിന്ന് വീഴുന്ന ഇലകൾ, ഓലകൾ തുടങ്ങിയവ ഭൂമിക്ക് അടിയിലുള്ള ജലവിതാനം നിലനിർത്താൻ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും. മഴവെള്ള സംഭരണം നടത്തുന്നതോടൊപ്പം ഭൂമിക്ക് മുകളിൽ ഇലകളും ഓലകളും കൊണ്ട് മൂടുകയാണെങ്കിൽ ഭൂമിയുടെ തണുപ്പ് നിലനിർത്താനും ഭൂമിക്കടിയിലുള്ള ജല വിതാനം താഴാതെ നിലനിർത്തുവാനും സാധിക്കും. മൽച്ചിങ് എന്ന പേരിൽ അറിയപ്പെടുന്ന ഈ പ്രവർത്തനത്തിലൂടെ ഭൂമിയുടെ ഉപരിതലത്തിൽ ചെറുപ്രാണികളെ വളർത്താനും മണ്ണിൽ നൈട്രജൻ, ഓക്സിജൻ തുടങ്ങിയവയുടെ അളവ് വർദ്ധിപ്പിക്കുവാനും സാധിക്കും.

ഇനി ഇലകളോ ഓലയോ കൊണ്ട് ഭൂമിയുടെ മുകളിൽ മൽച്ചിങ് നടത്തുവാൻ സാധിച്ചില്ലെങ്കിൽ തന്നെയും ഇതും നമ്മുടെ വീടിനു ചുറ്റുമുള്ള മറ്റ് ജൈവ അവശിഷ്ടങ്ങളും ഒരു ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുകയാണെങ്കിൽ അടുക്കളയിലേക്ക് ആവശ്യമുള്ള ഗ്യാസ് ലഭിക്കും. ഈ ഗ്യാസ് ഉപയോഗിക്കുന്നത് വഴി നാച്ചുറൽ ഗ്യാസിന്റെ ഉപഭോഗം വലിയ ഒരു അളവ് വരെ കുറയ്ക്കാൻ സാധിക്കും.

ചുരുക്കത്തിൽ, നിർമ്മാണ വ്യവസായത്തിനുള്ളിലെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് പുനരുപയോഗം ചെയ്ത വസ്തുക്കൾ, ഊർജ്ജ കാര്യക്ഷമത, ഹരിത കെട്ടിട രൂപകൽപ്പനകൾ, ഉത്തരവാദിത്ത വിഭവ മാനേജ്മെന്റ് എന്നിവ ഉൾക്കൊള്ളുന്ന ഒരു ബഹുമുഖ സമീപനം ആവശ്യമാണ്. സുസ്ഥിരമായ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിലൂടെ, കൂടുതൽ പ്രതിരോധശേഷിയുള്ളതും പരിസ്ഥിതി ബോധമുള്ളതുമായ ഭാവി കെട്ടിപ്പടുക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർണായക പങ്ക് വഹിക്കാനാകും.

8.20 ആസ്തി കാലികമാക്കൽ

റോഡ്, കെട്ടിടങ്ങൾ, ഇതര ആസ്തികളുടെ ഡിജിറ്റൽ വിവര ശേഖരണവുമായി ബന്ധപ്പെട്ട വിപ്ലവകരമായതും താരതമ്യേന User Friendly ആയതുമായ ഒരു ആശയം ആയിരുന്നു. R track സർവ്വേ, KSREC യുടെ സാങ്കേതിക സഹായത്തോടെ അവർ തന്നെ രൂപകൽപ്പന ചെയ്ത R track എന്ന സോഫ്റ്റ്വെയറിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ വരുന്ന റോഡുകളുടെ ആസ്തികളുടെ പൂർണമായ വിവരശേഖരണം ഡിജിറ്റലായി പൂർത്തിയാക്കുവാൻ സാധിക്കുംഎന്ന മേന്മ ഈ സോഫ്റ്റ്വെയറിന് ഉണ്ട്. അതനുസരിച്ച് 2021-22 വർഷങ്ങളിൽ സർക്കാരിന്റെ അനുവാദത്തോടെ താൽക്കാലികമായി നിയോഗിച്ച സർവേയർമാരുടെ സഹായത്തോടെ LID&EW എഞ്ചിനീയറുടെയും ഓവർസിയറുടെയും മേൽനോട്ടത്തിൽ ഒട്ടനവധി ജില്ലകളിൽ R track റോഡ് സർവ്വേ നടത്തിയിരുന്നു. Tracking, verification, finalisation എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് R track മുഖേനയുള്ള digital road connectivity map അന്തിമമാകുന്നത്. സർവെയർമാർ മുഖേന റോഡ് ട്രാക്കിംഗ് നടത്തുകയും തുടർന്ന് ട്രാക്ക് ചെയ്യപ്പെട്ട റോഡുകളുടെ കൃത്യതയും വിട്ടുപോയ റോഡുകൾ സംബന്ധിച്ച കാര്യങ്ങൾ എഞ്ചിനീയർമാർ ഉറപ്പ് വരുത്തുകയും അത്തരത്തിൽ verify ചെയ്ത റോഡുകൾ ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായി അന്തിമമാക്കുകയും ആണ് ചെയ്യേണ്ടിയിരുന്നത്. ഈ വർഷം വ്യാപകമായി നടപ്പാക്കിയ ട്രാൻസ്ഫർ & പോസ്റ്റിങ്ങിലൂടെ എഞ്ചിനീയർമാരിൽ ഭൂരിഭാഗവും മറ്റ് പഞ്ചായത്തുകൾ/LSGI കളിലേക്ക് മാറ്റപ്പെട്ടു. മൊബൈൽ ഡാറ്റ ഇന്റർനെറ്റിന്റെ സഹായത്തോടെ ട്രാക്ക് ചെയ്യുന്നതാകയാൽ Net connectivity കുറഞ്ഞ പ്രദേശങ്ങളിലെ റോഡുകൾ ട്രാക്ക് ചെയ്യപ്പെടാതെ വരികയോ തെറ്റായി ട്രാക്ക് ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. ഫലത്തിൽ ബഹുഭൂരിപക്ഷം റോഡുകളും ആദ്യം മുതൽ track ചെയ്യേണ്ട സാഹചര്യം ഉണ്ട്. രണ്ടാമതായി ഇനിയും പരിഹരിക്കാൻ ആകാത്ത നെറ്റ്വർക്ക്/ software error മൂലം എഞ്ചിനീയറുടെയും ഓവർസിയറുടെയും നിരവധി പ്രവൃത്തി ദിവസങ്ങളാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. മെമ്പർമാരുടെ നേതൃത്വത്തിലും സഹായത്തിലും എഞ്ചിനീയർ, ഓവർസിയർ. മെമ്പർ എന്നിവർ ഉൾപ്പെട്ട ഒരു സംഘമാണ് ഓരോ ദിവസങ്ങളിൽ ഓരോ വാർഡ് നിശ്ചയിച്ച് റോഡ് ട്രാക്കിംഗ്/ Data verification നു ഇറങ്ങുന്നതെങ്കിലും പലപ്പോഴും മണിക്കൂറുകൾ നീണ്ട പ്രയത്നങ്ങൾക്ക് ഒടുവിൽ ആണ് കേവലം അഞ്ചോ ആറോ റോഡുകളുടെ വിവര ശേഖരണം സാധ്യമാകുന്നത്. LSGI ഓഫീസുകളിൽ നിരന്തരം Vigilance പരിശോധന നടക്കുകയും സമയബന്ധിതമായി ഫയലുകളിൽ തീർപ്പ് കൽപ്പിക്കുവാൻ ബാധ്യത ഉണ്ടായിരിക്കുകയും ചെയ്യുന്ന കാലഘട്ടത്തിൽ നാമമാത്രമായ ജീവനക്കാരെ ഉപയോഗിച്ച് റെഗുലർ ഡ്യൂട്ടീസിനോടൊപ്പം ഇത്തരത്തിൽ ചുമതലപ്പെടുത്തുന്ന Special duties പൂർത്തിയാക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ആയതിനു അസിസ്റ്റന്റ് എഞ്ചിനീയർക്ക് അധിക ചുമതല നൽകുവാനുള്ള ഉത്തരവ് നിലവിലുണ്ട്.

8.21 ആസ്തി ആർജിക്കൽ നടപടി ക്രമങ്ങൾ

പൊതുവികസന പദ്ധതികളുടെ ഭാഗമായി നിർമ്മാണ പ്രവൃത്തികൾക്ക് (റോഡ്, കെട്ടിടം മുതലായവ) സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കേണ്ടി വരുന്ന ഘട്ടങ്ങളിൽ പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 178, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ എന്നിവ പ്രകാരം ഭൂമി തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരുടെ പേർക്ക് രജിസ്റ്റർ ചെയ്ത് വാങ്ങേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്വകാര്യ വ്യക്തികൾ സ്വമേധയാ സൗജന്യമായി ഭൂമി നൽകുമ്പോഴും (2020 വരെ) ആയതിനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ബാധകമായി വരുന്നതിനാൽ അത് ഒഴിവാക്കുന്നതിലേക്കായി 1958-ലെ Kerala Land relinquishment Act പ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും Land relinquishment form വഴി ഭൂമി സ്വീകരിച്ചു വന്നിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത ഭൂമിയുടെ അനന്തരാവകാശികൾ നിയമ വ്യവഹാരം നടത്തുകയും ഇത്തരത്തിൽ ഭൂമി ആർജ്ജിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം ഇല്ലാത്തതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തികൾക്ക് തന്നെ ആണെന്ന് കോടതികൾ തീർപ്പു കല്പിക്കുന്നുണ്ട്. മാത്രമല്ല, 1958-ലെ Kerala Land relinquishment Act പ്രകാരം ഭൂമി സർക്കാരിലേക്ക് മാത്രം സറണ്ടർ ചെയ്യുന്നതിനും Kerala Land relinquishment form മുഖേന സമ്മതം അറിയിച്ചുകൊണ്ട് വ്യക്തികൾക്ക് പൊതു ആവശ്യത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്ഥലം വിട്ട് നൽകാൻ കഴിയുകയില്ല എന്ന സാഹചര്യമാണുള്ളത്. ഈ വിഷയത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഒരു നിർദേശം സർക്കാരിൽ നിന്നും പഞ്ചായത്തുകൾക്ക് നൽകേണ്ടത് അനിവാര്യമാണ്.

8.22 സ്കൂൾ ഫിറ്റ്നസ്, സൂപ്പർവിഷൻ ഫീസ് – കേസ് തീർപ്പാക്കൽ

സ്കൂളുകൾക്ക് ആദ്യ Fitness സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഈടാക്കുന്ന Supervision charge സംബന്ധിച്ചുള്ള സ. ഉ. (സാധാ) (1304/74/PWD തിയതി 11/11/1974, തത്സമയ Circular No. 42448/EW3/11/LSGD തിയതി 12/09/2011 എന്നിവ പ്രകാരം എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകൾക്ക് ആദ്യ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രസ്തുത കെട്ടിടത്തിന്റെ മതിപ്പ് ചെലവിന്റെ 1.25 ശതമാനം തുക സൂപ്പർവിഷൻ ചാർജ് ആയി സർക്കാരിലേക്ക് ഒടുക്കേണ്ടതുണ്ട് . കെട്ടിട നിർമ്മാണത്തിന് പ്രാരംഭം മുതൽ പൂർത്തീകരണ ഘട്ടം വരെ സർക്കാർ എഞ്ചിനീയറിന്റെ മേൽനോട്ടം ഉറപ്പും വരുത്തുവാനും ടി നിർമ്മാണം പ്രാബല്യത്തിലുള്ള IS കോഡുകൾക്കും ചട്ടങ്ങൾക്കും അനുസരിച്ച് ഗുണമേന്മയോടും കരുത്തോടും കൂടിയാണ് ആണ് നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത് എന്നത് ഉറപ്പാക്കുന്നതിലേക്കുമാണ് ഇപ്രകാരം നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്.

ആദ്യ ഫിറ്റ്നസ് നൽകുന്നതിന് 1.25% സൂപ്പർവിഷൻ ഫീസ് നിർബന്ധമാകയാൽ സമർപ്പിച്ചിട്ടുള്ള കെട്ടിടത്തിന്റെ Built up area യുടെയും തൽസമയം പ്രാബല്യത്തിലുള്ള CPWD PAR (plinth area rate) ന്റെയും അടിസ്ഥാനത്തിൽ Capital cost നിർണയിച്ച് ആയതിന്റെ 1.25% സൂപ്പർവിഷൻ ഫീസ് ആയി നിർണയിച്ച് ഡിമാന്റ് നോട്ടീസ് നൽകുന്നതാണ് പതിവ്. എന്നാൽ മേൽ പ്രകാരം നിർണയിക്കുന്ന സൂപ്പർ വിഷൻ ഫീസ് പലപ്പോഴും ലക്ഷങ്ങൾ വരുന്നതാകയാൽ സ്കൂൾ അധികൃതർ ആയത് അടയ്ക്കുന്നതിന് വിസമ്മതിക്കുകയും സർക്കാരിനെയും എഞ്ചിനീയറെയും പ്രതിയാക്കി കോടതികളെ സമീപിക്കുകയും ചെയ്യും. ആയതിനാൽ മേൽ വിഷയത്തിന്മേൽ വ്യക്തമായ നിർദേശം നൽകേണ്ടതാണ്.

8.23 ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിടനിർമാണ അപേക്ഷകൾ തീർപ്പാക്കൽ

ഗ്രാമപഞ്ചായത്ത് തലത്തിൽ പൊതുമരാമത്ത് പ്രവർത്തികളുടെ മേൽനോട്ട ചുമതലകൾക്കു പുറമേ ഗണ്യമായ ജോലിഭാരം ഉളവാക്കുന്ന ഒന്നാണ് ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ടത്. ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചു സമയബന്ധിതമായി ശുപാർശ നൽകുക എന്നത് ഓവർസിറുടെയും എഞ്ചിനീയറുടെയും അനിവാര്യമായ ചുമതലകളിൽ ഒന്നാണ്. പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട വിഷയം എന്ന നിലയിൽ സമയബന്ധിതമായും നിയമപരമായും ശുപാർശകൾ നൽകുക എന്നത് കാര്യക്ഷമമായ ഒരു ഓഫീസ് സേവനത്തിന് അത്യന്താപേക്ഷിതമാണ്. നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള കേവലം രണ്ട് ഓവർസിയർമാരെ കൊണ്ട് ഈ ചുമതല കെട്ടിടം നിർമ്മാണ ചട്ടത്തിൽ അനുശാസിക്കും പ്രകാരമുള്ള 15 ദിവസത്തെ കാലയളവിനുള്ളിൽ നിറവേറ്റുവാൻ സാധിക്കുന്നതല്ല. IKM ന്റെ സങ്കേതം സോഫ്റ്റ് വെയറിന്റെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിൽ മാത്രം കഴിഞ്ഞ സാമ്പത്തിക വർഷം 3,59,331 എണ്ണം പെർമിറ്റ്/റെഗുലറൈസേഷൻ അപേക്ഷകൾ കൈകാര്യം ചെയ്തിട്ടുണ്ട്. അത്രയും തന്നെ പൂർത്തീകരണ ഫയലുകളും കെട്ടിടങ്ങൾക്ക് നമ്പർ/ഓക്കുപ്പൻസി അനുവദിക്കുന്നതിന്റെ ഭാഗമായി പരിശോധിക്കേണ്ടി വന്നിട്ടുണ്ട്. സി.എം.ഡി യുടെ പഠനത്തിലും ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് ഇൻസ്പെക്ടർ തസ്തിക ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ പൊതുജന താൽപര്യപ്രകാരം സേവന വേഗം കൂട്ടുന്നതിനു ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ബിൽഡിംഗ് ഇൻസ്പെക്ടറുടെ സേവനം അനിവാര്യമാണ്. ആയതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ബിൽഡിംഗ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കേണ്ടതുംഒന്നാംതരം ഓവർസിയർമാരെ ബിൽഡിങ് ഇൻസ്പെക്ടർ ആയി ചുമതലപ്പെടുത്തേണ്ടതും അനിവാര്യമാണ്.

8.24 കെട്ടിട നിർമാണ അപേക്ഷകളിൽ അപ്പീൽ സംവിധാനം

കെട്ടിട നിർമ്മാണ അപേക്ഷകളിൽ അപ്പീൽ സംവിധാനമില്ലാത്തത് ഉദ്യോഗസ്ഥരിൽ സമ്മർദ്ദവും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടും വിമർശനങ്ങളും ഉണ്ടാക്കുന്ന സാഹചര്യമുണ്ട്. നിലവിൽ ഒരു അദാലത്ത് സമിതി പ്രവർത്തിക്കുന്നുവെങ്കിലും ആയതിന് ഉപദേശക സ്വഭാവം മാത്രമാണുള്ളത് എന്നതിനാൽ സ്റ്റാറ്റ്യൂട്ടറി അധികാരത്തിന്റെ അഭാവം മൂലം ഫലവത്താകുന്നില്ല. ആയതിനാൽ ജില്ലാതല അപ്പീൽ സംവിധാനവും (മേഖല തിരിച്ച്) സർക്കാർ തലത്തിൽ അന്തിമ അപ്പീൽ സംവിധാനവും കെട്ടിട നിർമ്മാണ അപേക്ഷകളിലെ പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനായി സമിതി ശുപാർശ ചെയ്യുന്നു. Regularization of Unauthorized Constructions-Rules 2024 (അനധികൃത കെട്ടിട നിർമ്മാണ ക്രമവത്ക്കരണം ചട്ടങ്ങൾ) ഉചിതമായ രീതിയിൽ പരിഷ്കരിക്കുന്ന പക്ഷം **സർക്കാരിന് വാർഷികാടിസ്ഥാനത്തിൽ 6000 കോടി മുതൽ 10,000/ കോടി വരെ രൂപയുടെ വരുമാന സാധ്യതയുണ്ടാകുന്നതുമാണ്.**

<u>ജില്ലാതല അപ്പീൽ സംവിധാനം (മേഖല തിരിച്ച്)</u>

- അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ സൗകര്യത്തിനായി ഒരു ജില്ലയെ തന്നെ രണ്ടോ മൂന്നോ ബ്ലോക്കുകൾ ഉൾക്കൊള്ളുന്ന യൂണിറ്റ്/ മേഖലകളായി വിഭജിക്കാവുന്നതും ഓരോ മേഖലയുടേയും ചുമതല ഇന്റേണൽ വിജിലൻസ് ഓഫീസർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ / അസിസ്റ്റന്റ് ടൗൺ പ്ലാനർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരടങ്ങുന്ന പ്രത്യേക സമിതികൾക്ക് മേഖല നിശ്ചയിച്ച് ചുമതലപ്പെടുത്തി നൽകാവുന്നതുമാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ നിരസിക്കപ്പെടുന്ന അപേക്ഷകൾ അപ്പീൽ നൽകി തീർപ്പാക്കുന്നതിന് മേഖലാതലത്തിൽ ഒരു സമിതിയെ സ്റ്റാറ്റ്യൂട്ടറി അധികാരത്തോടെ നിയോഗിക്കാവുന്നതാണ്. പ്രസ്തുത സമിതി വിവരാവകാശ മാതൃകയിൽ ഓരോ അപേക്ഷയും തീർപ്പാക്കി അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് നൽകേണ്ടതാണ്.

അന്തിമ അപ്പീൽ സംവിധാനം (സർക്കാർ തലം)

- പൂർണ്ണമായും നിയമ ലംഘനം ഉള്ള അപേക്ഷകൾ മാത്രമാണ് സർക്കാർ തലത്തിൽ പരിഗണനയ്ക്കായി എത്തുക. ഇതിന് അപേക്ഷാഫീസ് നിശ്ചയിക്കാവുന്നതാണ്.

(A) 100 ച.മീ. -ൽ താഴെയുള്ള റെസിഡൻഷ്യൽ / കൊമേർഷ്യൽ കെട്ടിടങ്ങൾക്ക് 2000/ രൂപയും 300 ച.മീ. താഴെ ഉള്ളവർക്ക് 10000 രൂപയും 300ച.മീ. മുകളിൽ 20000 രൂപയും അപേക്ഷ ഫീസ് ഈടാക്കുന്നത് സർക്കാരിന് പരിഗണിക്കാം.

(B) മറ്റു ഒക്കുപ്പൻസികളിൽ പെടുന്ന കെട്ടിടങ്ങൾക്കു 300ച.മീ. ന് താഴെ 15000 രൂപയും 300ച.മീ. മുതൽ മുകളിൽ 25000 രൂപയും ഫീസ് നിശ്ചയിക്കാവുന്നതാണ്.

സർക്കാരിനു ലഭിക്കാവുന്ന റവന്യൂവരുമാനം (ഏകദേശ കണക്ക്)

ഓരോ വർഷവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും കൈകാര്യം ചെയ്യുന്ന ബിൽഡിംഗ് പെർമിറ്റ് ഫയലുകളുടെ എണ്ണം വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടു കിടക്കുന്നു. എന്നിരുന്നാലും അപ്പീൽ സംവിധാനം നടപ്പിലാക്കുന്നതിലൂടെ ലഭ്യമാകുന്ന അപേക്ഷകളിൽ 70% ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ പരിഹരിക്കുവാനാകും. അവശേഷിക്കുന്ന 30% നിരസിക്കപ്പെട്ട അപേക്ഷകളിൽ 10% ജില്ലാതലത്തിലും 20% സർക്കാർതലത്തിലും തീർപ്പാക്കുവാൻ സാധിച്ചാൽ അപ്പീൽ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ ഫീസിനത്തിൽ മാത്രം സർക്കാരിന് ലഭിച്ചേക്കാവുന്ന റവന്യൂ വരുമാനത്തിന്റെ ഒരു ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

ടേബിൾ 23

തദ്ദേശ സ്വയം ഭരണ സ്ഥാപനം	LSGI-കളുടെ എണ്ണം	ഓരോ LSGI കളും ഒരു വർഷം അനുവദിക്കുന്ന ബിൽഡിംഗ് പെർമിറ്റുകളുടെ ഏകദേശ എണ്ണം	ശരാശരി അപേക്ഷകളുടെ എണ്ണം	ജില്ലാതലത്തിൽ പരിഗണിക്കപ്പെടുന്ന അപേക്ഷകൾ 10%	സർക്കാർതലത്തിൽ പരിഗണിക്കപ്പെടുന്ന അപേക്ഷകൾ 20%
(1)	(2)	(3)	(4)	(5) (5) = (2)X(4) X20/100	(6) (6) = (2)X(4) X20/100
ഗ്രാമ പഞ്ചായത്ത്	941	700-1300	1000	94,100	1,88,200
മുനിസിപ്പാലിറ്റി	87	600-1200	900	7830	15,660
കോർപ്പറേഷൻ	6	6000-8000	7000	4200	8,400
ആകെ	1034			106130	2,12,260

സംസ്ഥാനതലത്തിൽ 20,000/ രൂപ അപ്പീൽ അപേക്ഷ ഫീസായി നിശ്ചയിച്ചാൽ ഫീസിനത്തിൽ മാത്രം സർക്കാറിന് ലഭിക്കുന്ന അധിക വരുമാനം.

(b) സംസ്ഥാനതല അപേക്ഷകൾക്ക് 2,12,260 x 20,000/ = 424 കോടി അപേക്ഷാ ഫീസിന് പുറമേ ക്രമവത്കരണത്തിനായി ഈടാക്കുന്ന പിഴ കൂടി കണക്കിലെടുത്താൽ സംസ്ഥാന സർക്കാരിന് വാർഷികാടിസ്ഥാനത്തിൽ 6000 കോടി മുതൽ 10,000/ കോടി വരെ രൂപയുടെ അധിക വരുമാന സാധ്യത ഉള്ളതാണ്.

8.25 ബ്ലോക്ക് പഞ്ചായത്തുകളിലെ പൊതുമരാമത്തു പ്രവർത്തികളുടെ മേൽനോട്ടം

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ മേൽനോട്ടത്തിനായി ഓവർസിയർ തസ്തിക നൽകിയിട്ടില്ലാത്തതാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ രണ്ട് ഡ്രാഫ്റ്റ്സ്മാൻ മാരുടെ തസ്തികകൾ മാത്രമാണ് നിലവിലുള്ളത്. പലപ്പോഴും ഈ ഡ്രാഫ്റ്റ്സ്മാൻ മാർക്ക് ഓവർസിയറുടെ അധിക ചുമതല നൽകിയാണ് പ്രവൃത്തികളുടെ മേൽനോട്ടം നടത്തുന്നത്. ഒരു ബ്ലോക്കിന് കീഴിൽ ഏഴു മുതൽ 11 ഗ്രാമപഞ്ചായത്തുകൾ വരെ ഉണ്ടെന്നിരിക്കെ എല്ലാ പഞ്ചായത്തുകളിൽ നിന്നും നടത്തപ്പെടുന്ന നൂറുകണക്കിന് പ്രവർത്തികളുടെ പരിശോധന, എസ്റ്റിമേറ്റ് പരിശോധന, സാങ്കേതിക അനുമതി സൂക്ഷ്മ പരിശോധന, ബിൽ പരിശോധന, റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധന, ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികളുടെ ടെൻഡറിങ് തുടങ്ങി നിരവധി ഓഫീസ് ജോലികൾ ഡ്രാഫ്റ്റ്മാൻമാർക്ക് നിറവേറ്റേണ്ടതായിട്ടുണ്ട്. കൂടാതെ ഡ്രാഫ്റ്റ്സ്മാൻമാരുടെ ഓഫീസിലെ അസാന്നിധ്യം ഗ്രാമപഞ്ചായത്തുകൾക്ക് സമയബന്ധിതമായി നൽകേണ്ടതായ സേവനങ്ങൾ സമയത്തിന് നൽകുവാൻ സാധിക്കാത്ത സാഹചര്യം സംജാതമാക്കുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങളിൽ അവരെ നിയോഗിക്കുമ്പോൾ സൈറ്റിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ യഥാസമയം മേൽനോട്ടം വഹിക്കുവാൻ സാധിക്കാത്ത സാഹചര്യവും ഉണ്ടാകുന്നുണ്ട്. ഇത് ഒഴിവാക്കണമെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തികളുടെ മേൽനോട്ടത്തിനായി എല്ലാ ബ്ലോക്കിലും ഓവർസിയറുടെ തസ്തിക സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

8.26 വ്യക്തിഗത വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ

സ.ഉ. (കൈ) നം. 115/2022/ ത.സ്വ.ഭ.വ. തീയതി 28/05/2022 പ്രകാരം 2000 രൂപ സബ്സിഡി നൽകുന്ന കുടിവെള്ള ഗാർഹിക കണക്ഷൻ മുതൽ 4 ലക്ഷം രൂപ നൽകുന്ന ഭവന നിർമ്മാണം വരെ വ്യത്യസ്ത ഇനങ്ങളിൽ ആയി മേൽ ഉത്തരവിൽ പരാമർശിക്കുന്ന പട്ടികയിലെ 17 ഓളം ഇനങ്ങൾക്കാണ് എഞ്ചിനീയർ / ഓവർസിയർ വാലുവേഷൻ നൽകേണ്ടത്. പ്രസ്തുത പട്ടികയിലെ വിവരണത്തിൽ നിന്നും ബഹുഭൂരിപക്ഷം ഇനങ്ങൾക്കും പതിനായിരമോ ഇരുപതിനായിരമോ വരുന്ന നാമമാത്രമായ തുകയാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. ഈ സബ്സിഡി തുക തന്നെ രണ്ടോ മൂന്നോ ഘട്ടമായി അതാത് സ്റ്റേജിലെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിലാണ്

ഗുണഭോക്താവിന് നൽകുന്നത്. പദ്ധതി നിർവഹണം പൂർണ്ണതോതിൽ എത്തുന്ന നവംബർ മാർച്ച് കാലയളവുകളിൽ തന്നെ ആകും മിക്കവാറും ഗുണഭോക്ത്യ പ്രവർത്തികളുടെ മൂല്യനിർണയംനടത്തി കൊടുക്കേണ്ടിയും വരുന്നത്. ഓരോ തവണയും ഓരോ ഗുണഭോക്താവിന്റെയും സ്ഥല സന്ദർശനം നടത്തി മൂല്യനിർണയം നടത്തി നൽകുവാൻ ചുരുങ്ങിയത് യാത്ര സമയം ഉൾപ്പെടെ 2 മണിക്കൂർ എങ്കിലും വേണ്ടി വരും. അതായത് ഒരു പ്രവൃത്തി ദിവസം കൊണ്ട് പരമാവധി നാലോ അഞ്ചോ ഗുണഭോക്താക്കളുടെ മൂല്യനിർണയം മാത്രമാകും എഞ്ചിനീയർ / ഓവർസിയറിന് സാധ്യമാവുക. കൂടാതെ ചില നിർവഹണ ഉദ്യോഗസ്ഥർ എങ്കിലും ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിച്ചു എന്നും അന്തിമ തുക നൽകണം എന്നും ആവശ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥനെ സമീപിക്കുമ്പോൾ ആ അവകാശവാദത്തിന്റെ നിജസ്ഥിതി നേരിട്ട് പരിശോധിച്ച് ഉറപ്പു വരുത്താതെ വാലുവേഷൻ റിപ്പോർട്ടിനായി എഞ്ചിനീയറിങ് വിഭാഗത്തിലേക്ക് ശുപാർശ ചെയ്യുന്ന രീതിയുണ്ട്. ചുമതല ബാഹുല്യങ്ങൾക്കിടയിൽ സമയം കണ്ടെത്തി സ്ഥലം സന്ദർശിക്കുമ്പോൾ പലപ്പോഴും നിർമ്മിതി പൂർത്തിയാക്കിയിട്ടുണ്ടാകില്ല. ഫലത്തിൽ ഒരു യാത്ര കൊണ്ട് അവസാനിപ്പിച്ച് നൽകാവുന്ന വാലുവേഷൻ സർട്ടിഫിക്കറ്റിനായി പല തവണ യാത്ര ചെയ്യേണ്ട അവസ്ഥയും, തന്മൂലം അതിനായി ഒട്ടും ക്രിയാത്മകം അല്ലാതെ അനാവശ്യമായി ഒട്ടനവധി സമയവും നഷ്ടപ്പെടുത്തേണ്ടി വരുന്നു. മാത്രമല്ല, മറ്റൊരു നിർവഹണ ഉദ്യോഗസ്ഥനു വേണ്ടി ഗുണഭോക്താവിനെ കൊണ്ട് പണി എടുപ്പിക്കേണ്ട ബാധ്യതയും വന്നു ചേരുന്നു. കൂടാതെ എഞ്ചിനീയർ/ഓവർസിയറുടെ മൂല്യനിർണയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതോടെ പ്രസ്തുത പ്രവൃത്തിയുടെ സാമ്പത്തിക ബാധ്യത പൂർണ്ണമായും എഞ്ചിനീയർ/ ഓവർസീയറുടേതായി മാറുന്നു. ആയതു ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8.27 കേന്ദ്രാവിഷ്കൃത ഫ്ളാഗ്ഷിപ് പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ

പുതുതായി രൂപീകരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അവ ആസൂത്രണം ചെയ്യുമ്പോൾ തന്നെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും പരിശീലനപരിപാടി പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താറുണ്ട്. കാര്യക്ഷമമായി പദ്ധതി നടത്തിപ്പിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ഈ പരിശീലനപരിപാടികൾ അനിവാര്യമാണ്.

8.28 മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രമോഷൻ

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ സംബന്ധിച്ച അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. മേൽ ജീവനക്കാർക്ക് 1985 ലെ 515/85/ധന ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള 1:1:3:6 എന്ന സ്റ്റാഫ് പാറ്റേൺ ലഭ്യമായതായി

കാണുന്നില്ല. ഇപ്പോൾ ജോലി ചെയ്യുന്ന ജീവനക്കാർ പൊതുമരാമത്ത് ജലസേചന വകുപ്പുകളിൽ നിന്നും ഓപ്ഷൻ കൊടുത്തു വന്നവരും അവിടങ്ങളിലെ ജൂനിയർമാർ ആയതുകൊണ്ടും വന്നു ചേർന്നവരാണ്. അവരുടെ മാതൃവകുപ്പിൽ ഉണ്ടായിരുന്ന എല്ലാ ആനുകൂല്യങ്ങളും ഇവിടെയും ലഭിക്കും എന്ന് മാത്രമല്ല പുതിയ വകുപ്പായ തിനാൽ കൂടുതൽ പ്രൊമോഷൻ സാധ്യത ഉണ്ടാകുമെന്നും പ്രതീക്ഷിച്ചു. ഇപ്പോൾ പ്രാമോഷൻ സാധ്യത ഇല്ലെന്നു മാത്രമല്ല, ഇന്റഗ്രേഷൻ കഴിഞ്ഞപ്പോൾ അയിത്തം കല്പിച്ചു മാറ്റിയിരിക്കയാണെന്നും ക്ലർക്ക് ആയി ചേർന്നയാൾ ക്ലർക്കായിത്തന്നെ റിട്ടയർ ചെയ്യേണ്ട സ്ഥിതിയിലും ആണെന്നാണ് ജീവനക്കാർ സങ്കടപ്പെടുന്നത്. ഈ വകുപ്പിലെ മറ്റു വിഭാഗങ്ങളിൽ പെടുന്ന ജീവക്കാർക്ക് ലഭിക്കുന്ന പ്രൊമോഷൻ സാധ്യത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അവർക്കും ലഭിക്കേണ്ടത് ന്യായം തന്നെ. ആയതിനാൽ ഇവരുടെ കാര്യത്തിൽ അനുകമ്പാർഹമായ ഒരു സമീപനം വളരെ അത്യാവശ്യമാകുന്നു എന്ന കാര്യം സമർപ്പിക്കുന്നു.

നിലവിൽ 533 എൽ.ഡി / യു.ഡി ക്ലർക്കുമാർക്ക് 22 ഹെഡ് ക്ലർക്ക്, 22 ജൂനിയർ സൂപ്രണ്ട്, 1 സീനിയർ സൂപ്രണ്ട്, 2 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നീ സൂപ്പർവൈസറി തസ്തികകൾ മാത്രമാണുള്ളത്. ആയത് മറ്റ് വകുപ്പുകളെ അപേക്ഷിച്ച് നോക്കുമ്പോൾ വളരെ കുറവാണ്. പുതുതായി രൂപംകൊണ്ട സംയോജിത എൽ.എസ്. ജി.ഡി പൊതുസർവ്വീസിലേയ്ക്ക് വന്ന ഗ്രാമവികസന / പഞ്ചായത്ത് / നഗരകാര്യം / ടൗൺ പ്ലാനിംഗ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് സ്റ്റാഫ് പാറ്റേൺ, പ്രൊമോഷൻ തസ്തികകൾ എന്നിവയുള്ളതിനാലും പൊതു സർവ്വീസിലേയ്ക്ക് യോജിക്കുന്ന ഓരോ വകുപ്പിലും നിലവിലുള്ള പ്രൊമോഷൻ സാധ്യതകൾ നിലനിർത്തുന്നതി നാലും ഇതോടൊപ്പം വന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ തസ്തികകളില്ലാത്തതിനാലും ഒരേ സേവന കാലയളവും സീനിയോരിറ്റിയും ഉള്ള മറ്റ് വകുപ്പുകളിലെ ജീവനക്കാരോ, ജൂനിയർ ആയിട്ടുള്ളവരോ പൊതു സർവ്വീസിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരോ എഞ്ചിനീയറിംഗ് വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാരേക്കാൾ ഉയർന്ന തസ്തികകളിലെത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. നിലവിൽ 1985- ലെ 515/85/ധന ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള 1:1:3:6 എന്ന അനുപാതത്തിലുള്ള സ്റ്റാഫ് പാറ്റേൺ എന്നത് 1:1:24:24 ആകുന്നു. ആയതിനാൽ 1985 – ലെ 515/85/ധന ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള 1:1:3:6 എന്ന അനുപാതത്തിലുള്ള സ്റ്റാഫ് പാറ്റേൺ അനുവദിക്കുകയോ കേഡർ രൂപീകരിക്കുകയോ ചെയ്യുന്നത് ഉചിതമായിരിക്കും.

വിവിധ വകുപ്പുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ എണ്ണം

ഡിപ്പാർട്ട്മെന്റ്	ക്ലർക്ക്	സീനിയർ ക്ലർക്ക്	ഹെഡ് ക്ലർക്ക് / അക്കൗണ്ടന്റ്	ജൂനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് സെക്രട്ടറി	സീനിയർ സൂപ്രണ്ട് / സെക്രട്ടറി
പഞ്ചായത്ത്	3632	3631	1551	1477	1041
റൂറൽ ഡവലപ്മെന്റ്	298	330	323	10	30
മുനിസിപ്പൽ കോമൺ സർവ്വീസ്	1504	1452	246	303	39
അർബൻ അഫയേഴ്സ്	32	32	0	11	6
ടൗൺ പ്ലാനിംഗ്	36	36	9	11	5
എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗ്	267	266	22	22	1

9. ശുപാർശകൾ

23.08.2023 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ (ആർ.റ്റി) നം. 1722/2023/ തസ്വഭവ, നമ്പർ ഉത്തരവ് അനുസരിച്ച് ആദ്യ യോഗം 14.09.2023 ന് ചേർന്നു. തുടർന്ന് നേരിലും ഓൺലൈനുമായി ആകെ 23 യോഗങ്ങൾ ചേർന്നു. ഇതിനായി വിവിധ സംഘടനകളെയും ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ അധ്യക്ഷന്മാരുടെ സംഘടനകളേയും, കരാറുകാരുടെ സംഘടനകളേയും നേരിൽ കേൾക്കുകയും വകുപ്പിൽ ചേർന്ന ശേഷം ജോലി ഉപേക്ഷിച്ച് പോയവരിൽ ചിലരെ ഓൺലൈനായി കേൾക്കുകയും ചെയ്തു. ജീവനക്കാരുടെ ജോലി ഭാരം സംബന്ധിച്ച പഠനം CMD മുഖേന നടത്തുകയുണ്ടായി. ഇവയുടെ അടിസ്ഥാനത്തിൽ കമ്മിറ്റി ചർച്ച ചെയ്ത് കണ്ടെത്തിയ കാര്യങ്ങളെ സംബന്ധിച്ചുള്ള പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു

9.1 പദ്ധതിയുടെയും സേവനങ്ങളുടെയും കാര്യക്ഷമത

ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ അതതു വർഷത്തെ ശേഷിക്കുന്ന പദ്ധതികൾ നിർവഹിക്കുന്നതോടൊപ്പം തൊട്ടടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കലും അംഗീകാരവും നേടേണ്ടതായി വരുന്നു. തുടർന്നുള്ള സാമ്പത്തിക വർഷം സ്പിൽ ഓവർ വിഹിതം അനുവദിക്കുന്നതിനനുസരിച്ച് പ്രോജക്ടുകൾ വീണ്ടും ക്രമപ്പെടുത്തേണ്ടുന്ന സാഹചര്യം ഉണ്ട്.

ആയതിനാൽ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ പദ്ധതി അംഗീകാരത്തിന് ജില്ലാതല ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കുമ്പോൾ പ്രവൃത്തിയുടെ പേര്, അടങ്കൽ തുക (Rough Cost Estimate), നിർവഹണ രീതി മുതലായ അടിസ്ഥാന വിവരങ്ങൾ മാത്രം രേഖപ്പെടുത്തി ഭരണാനുമതി നൽകുന്നത് ഉചിതമായിരിക്കും. ആയതിനുള്ള ക്രമീകരണങ്ങൾ പ്ലാനിംഗ് സോഫ്റ്റ്വെയറിൽ ഏർപ്പെടുത്താവുന്നതാണ്. തുടർന്ന് പുതിയ സാമ്പത്തിക വർഷം ആരംഭത്തിൽ തന്നെ പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് എടുത്ത് പ്ലാനിങ് സോഫ്റ്റ്വെയറിൽ ബാക്കി വിവരങ്ങൾ കൂടി രേഖപ്പെടുത്തി പ്രോജക്ട് അംഗീകാരം നൽകുന്നത് ഉചിതമായിരിക്കും.

- സാമ്പത്തിക വർഷത്തിന്റെ തുടക്ക മാസങ്ങളിൽ തന്നെ നിർവഹണം നടത്തേണ്ടുന്ന സ്കൂൾ/അങ്കണവാടി അറ്റകുറ്റപണികൾ, അടിയന്തര പ്രാധാന്യമുള്ള മറ്റു പ്രവൃത്തികൾ, ജലസേചന പദ്ധതികൾ തുടങ്ങിയവ ബഹുവർഷ പദ്ധതികളായി ഏറ്റെടുത്ത് ഏപ്രിൽ മെയ് മാസങ്ങളിൽ തന്നെ നിർവഹണം പൂർത്തിയാക്കാൻ സാധിക്കുന്ന തരത്തിൽ അനുമതികൾ നൽകാവുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ ഫണ്ട് വിഭജിക്കുകയും ഓരോ വാർഡിലും വ്യത്യസ്തങ്ങളായ പ്രോജക്ടുകൾ തയ്യാറാക്കുകയും

ചെയ്യുന്നതിനാൽ പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. ആയതിനാൽ വാർഡ് തലത്തിലെ സമാന സ്വഭാവമുള്ള പ്രവൃത്തികൾ ഒരു പ്രോജക്ട് ആക്കാവുന്നതും ആയതിന് പ്ലാനിങ് സോഫ്റ്റ്വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്താവുന്നതുമാണ്

- സമയബന്ധിതമായ പദ്ധതി നിർവ്വഹണത്തിന് വിവിധ വകുപ്പുകൾ / കാര്യാലയങ്ങളിൽ നിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന് ലഭിക്കേണ്ടതായ രേഖകൾ (ഉദാ: SC/ST Feasibility Certificate, GWD യുടെ Yield Certificate, കൃഷി വകുപ്പിന്റെ Ayacut Certificate തുടങ്ങിയവ) യഥാസമയം നൽകുവാൻ വേണ്ട നിർദ്ദേശം വിവിധ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകാവുന്നതാണ്.
- വിവിധ വകുപ്പുകളിലെ എഞ്ചിനീയർമാരുടെ അധികാര പരിധി ധനകാര്യ വകുപ്പ് പുറത്തിറക്കിയിട്ടുള്ള ഉത്തരവിൽ നിന്നും വ്യത്യസ്തമായി തദ്ദേശ സ്വയംഭരണ എഞ്ചിനീയർമാർക്ക് പദ്ധതി മാർഗ്ഗരേഖ മുഖേന സാങ്കേതിക അനുമതി അധികാരങ്ങൾ വർധിപ്പിച്ചു നൽകിയിട്ടുണ്ട്. ഇത് ജോലിഭാരം വർദ്ധിപ്പിക്കുന്നതാണ്. ആയതിനാൽ ഇതര സാങ്കേതിക വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പദ്ധതി മാർഗ്ഗരേഖ മുഖേന എഞ്ചിനീയർമാരുടെ സാങ്കേതിക അധികാരപരിധി മാത്രമായി വർദ്ധിപ്പിക്കുന്നത് ഉചിതമല്ല . പകരം ആവശ്യമായ ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
- സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് ധന സഹായം അനുവദിക്കുന്ന നിർമ്മാണ / അറ്റകുറ്റ പ്രവൃത്തികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ ആവശ്യമാണെന്ന നിബന്ധന ഒഴിവാക്കാവുന്നതാണ്. അതത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റേയും നിർമ്മാണത്തിന് മുൻപും പിൻപും നിർമ്മാണവേളയിലും എടുക്കുന്ന മൂന്ന് ഫോട്ടോകളുടെയും അടിസ്ഥാനത്തിൽ സബ്സിഡി തുക നൽകാവുന്നതാണ്.
- ഇതര വകുപ്പുകളുടെ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികളുടെ നിർവ്വഹണ ചുമതലകൾ, തദ്ദേശസ്വയംഭരണ വകുപ്പ് മേധാവിയുടെ അറിവോ സമ്മതമോ കൂടാതെ ഏകപക്ഷീയമായി എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി അതത് വകുപ്പുകൾ ഉത്തരവ് നൽകുന്ന രീതി അഭിലഷണീയമല്ല. ഈ കാര്യം പരിഗണിക്കേണ്ടതാണെന്ന് കാണുന്നു.
- മറ്റു വകുപ്പുകൾ ആവശ്യപ്പെടുന്ന വാല്യുവേഷൻ മുതലായ സേവനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിൽ PWD Manual പ്രകാരമുള്ള സെന്റേജ് ചാർജ്ജ് ഈടാക്കി വരുന്നു. മേൽ സാഹചര്യത്തിൽ ഈ വകുപ്പുകൾ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെ സമീപിക്കുന്ന പ്രവണതയുണ്ട്. ആയതിനാലുള്ള ജോലിഭാരം നിയന്ത്രിക്കുന്നതിന് ഈ വിഭാഗത്തിലും സെന്റേജ് ചാർജ് പരിഗണിക്കാവുന്നതാണ്.

- പുതുതായി നിർമ്മിക്കുന്ന എയ്ഡഡ് / അൺ എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നതിന് സൂപ്പർവിഷൻ ഫീസ് നൽകുന്നത് സംബന്ധിച്ചുള്ള നിരവധി പരാതികൾ വർഷങ്ങളായി കോടതിയുടെ പരിഗണനയിലാണ്. സൂപ്പർവിഷൻ ഫീസ് സംബന്ധിച്ച പരാതികളും കോടതി വ്യവഹാരങ്ങളും മറ്റു സമ്മർദ്ദങ്ങളും ജീവനക്കാർക്ക് ക്ലേശകരമായി അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം അനിവാര്യമാണെന്ന് കാണുന്നു.
- കെട്ടിട നിർമ്മാണ ചട്ടങ്ങൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ കഴിയുന്നതായതിനാൽ ചട്ടങ്ങൾ സംബന്ധിച്ച തർക്കങ്ങളും പരാതികളും പതിവാണ്. ആയതിനാൽ ചട്ടങ്ങൾ ലളിതമായും സുവ്യക്തമായും പ്രതിപാദിക്കുന്ന രീതിയിൽ കൈപുസ്തകം ഉദാഹരണ സഹിതം പ്രസിദ്ധീകരിക്കുന്നത്. ജീവനക്കാരുടെ സുഗമമായ പ്രവർത്തനത്തിന് സഹായകരമാകും. കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കുമ്പോൾ പല അപേക്ഷകളും നിരസിക്കേണ്ടതായി വരുന്നു. ഇത് തർക്കങ്ങൾക്കും വിമർശനങ്ങൾക്കും കയ്യേറ്റങ്ങൾക്കും ഇടയാക്കുന്നുണ്ട്. ആയതിനാൽ നിരസിക്കുന്ന പരാതികൾ പരിഗണിക്കുന്നതിന് സ്ഥിരം അപ്പീൽ സംവിധാനം പരിഗണിക്കാവുന്നതാണ്.
- റോഡ്/ കെട്ടിട നിർമ്മാണങ്ങൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ നിർമ്മാണം നടത്തുന്നതിന് ജീവനക്കാരിൽ സമ്മർദ്ദമുണ്ടാകുന്നുണ്ട്. ആയതിനാൽ രജിസ്ട്രേഷൻ വകുപ്പ് മുഖേനയുള്ള നടപടിക്രമങ്ങൾ കർശനമായി പാലിച്ചു മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമായിരിക്കും.

9.2 ഓഫീസ് സംവിധാനം മെച്ചപ്പെടുത്തൽ

നിലവിലുള്ള ഓഫീസ് സംവിധാനത്തിൽ ക്രമീകരണങ്ങൾ വരുത്തുന്നത് ഉചിതമായിരിക്കും.

ഗ്രാമ പഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് തലത്തിൽ നിലവിൽ 261 ഗ്രാമ പഞ്ചായത്തുകളിൽ മാത്രമേ എഞ്ചിനീയറിങ് വിഭാഗത്തിൽ ക്ലർക്കുമാരുടെ സേവനം ലഭ്യമായിട്ടുള്ളൂ. 941 ഗ്രാമപഞ്ചായത്തുകളിലും ക്ലർക്കുമാരുടെ സേവനം ഉറപ്പാക്കേണ്ടതുണ്ട് .

ഗ്രാമപഞ്ചായത്തുകളിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനുള്ള സാങ്കേതിക പരിശോധന ഏത് ജീവനക്കാരൻ നടത്തണം എന്നത് സംബന്ധിച്ച് ഏകീകൃതമായ രീതി നിലവിലില്ല. പ്രവൃത്തികളുടെ മേൽനോട്ട സമയത്ത് തന്നെ കെട്ടിട നിർമ്മാണ അനുമതികൾ ലഭിക്കുന്നതിനായി പൊതുജനങ്ങൾ ഓവർസിയർമാരിൽ സമ്മർദ്ദം ചെലുത്താറുണ്ട്. പ്രവൃത്തികളുടെ ഫലപ്രദമായ മേൽനോട്ടം ഇതുമൂലം സാധിക്കാതെ വരുന്നു. ആയതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ അപേക്ഷകൾ

കൈകാര്യം ചെയ്യുന്നതിനായി ഗ്രേഡ് 1 ഓവർസിയർ തലത്തിൽ ഒരു ബിൽഡിംഗ് ഇൻസ്പെക്ടരുടെ തസ്തിക അനിവാര്യമായി കാണുന്നു. പ്രസ്തുത തസ്തികയുടെ പേര് സബ് എഞ്ചിനീയർ എന്ന് മാറ്റം വരുത്തുന്നതിന് 11- ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ (7.56 .ഉ. (i)) ചെയ്തിട്ടുണ്ട്. ആയതിനാൽ വകുപ്പിലെ ഗ്രേഡ്-1 ഓവർസിയർമാരുടെ തസ്തിക നാമകരണം സബ് എഞ്ചിനീയർ എന്നാക്കി മാറ്റുന്നത് ഉചിതമാകുമെന്ന് കാണുന്നു.

300 ച.മീ. വിസ്തീർണം വരെയുള്ള പ്ലാനുകൾ ബിൽഡിംഗ് ഇൻസ്പെക്ടർ (സബ് എഞ്ചിനീയർ) നോക്കിയതിനുശേഷം നേരിട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകേണ്ടതാണ് 300 ച.മീ. വിസ്തീർണത്തിനു മുകളിലുള്ളത് ബിൽഡിംഗ് ഇൻസ് പെക്ടർ (സബ് എഞ്ചിനീയർ), അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പരിശോധന യ്ക്കുശേഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകാവുന്നതാണ് അസിസ്റ്റന്റ് എഞ്ചിനീയർമാർ ട്രാൻസ്ഫർ/ പ്രൊമോഷൻ ആകുന്ന സാഹചര്യത്തിൽ തൊട്ടടുത്ത തദ്ദേശ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അധിക ചുമതല ഏറ്റെടുക്കാൻ സാധിക്കാതെ വരുമ്പോൾ സബ് എഞ്ചിനീയർമാർക്ക് ഈ ചുമതല നൽകാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ സ്ഥലംമാറ്റം, പ്രൊമാഷൻ എന്നീ കാരണങ്ങളാൽ ചാർജ്ജ് കൈമാറാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. തൊട്ടടുത്ത ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മറ്റു പഞ്ചായത്തുകളുടെ അധിക ചുമതല ഏറ്റെടുക്കാൻ വൈമുഖ്യം കാണിക്കുന്നത് ജോലി ചെയ്യുന്ന പഞ്ചായത്തിലെ അമിതജോലിഭാരം മൂലമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്തിലെ മുതിർന്ന ഓവർസീയർമാർക്ക് ചുമതല കൈമാറാറുണ്ട്. നിർവ്വഹണം നടത്തുമ്പോൾ ഉണ്ടാകുന്ന അപ്രതീക്ഷിതമായ വിജിലൻസ് പരാതികൾ അടക്കം ഭയക്കുന്നത്കൊണ്ട് ഓവർസീയർമാർ പലരും അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതല എടുക്കുന്നതിന് വിമുഖത കാണിക്കാറുണ്ട്. ഇങ്ങനെ വരുമ്പോൾ നിർവ്വഹണ അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാകുന്നതുകൊണ്ട് ചില സെക്രട്ടറിമാരെങ്കിലും നിർവ്വഹണം നടത്തുന്നതിന് തയ്യാറാകില്ല. ചെക്ക് മെഷർമെന്റ് ചെയ്യുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പലപ്പോഴും ബുദ്ധിമുട്ട് റിപ്പോർട്ട് ചെയ്യാറുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർമാർ/ ഓവർസീയർ എന്നിവരുടെ ഒഴിവ് വരുമ്പോൾ എംപ്ലോയ്മെന്റ് മുഖാന്തിരം നിയമിക്കുന്ന രീതി നിലവിൽ ഉണ്ടായിരുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിലെ പ്രവൃത്തി സംബന്ധിച്ച് താരതമ്യന പരിചയക്കുറവുള്ളവരെയാണ് ലഭ്യമാക്കാറുള്ളത്. ഈ പരിചയക്കുറവ് ഉദ്ദേശിച്ച ഫലം നൽകിയിരുന്നില്ല.

പി.എസ്.സി വഴി വകുപ്പിൽ ചേർന്ന ശേഷം 92 ഓളം അസിസ്റ്റന്റ് എഞ്ചിനീയർമാർ ഒറ്റയടിക്ക് ജോലി ഉപേക്ഷിച്ച് മറ്റ് വകുപ്പുകളിലേക്ക് പോവുകയുണ്ടായി. അത്രയും പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അഭാവം പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ചതായി ചർച്ചകളിൽ നിന്നും മനസ്സിലാക്കുകയുണ്ടായി.

ഇത്തരം സന്ദർഭങ്ങളിൽ, വിരമിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിൽ എംപാനൽ ചെയ്തവരെ നിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ മുമ്പ് ഉണ്ടായിരുന്നതായി അറിയുന്നു. ഈ എഞ്ചിനീയർമാരെ കെ.എസ്.ആർ റൂൾ 100 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുനർനിയമനം നടത്താവുന്നതാണ്.

1. വിരമിക്കുമ്പോൾ വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ തുക കഴിച്ചുള്ള തുകയോ 40,000/ രൂപയോ ഏതാണ് കുറവ് എന്നത് കണക്കാക്കി അത് നൽകാവുന്നതാണ്. (ഈ തുക യുക്തിസഹമായി സർക്കാർ തലത്തിൽ തീരുമാനിക്കാവുന്നതാണ്.) ഓവർസീയർമാർ തലത്തിൽ സീനിയോറിറ്റി മുതലായ തർക്കങ്ങൾ കാരണം പ്രാമോഷൻ യഥാസമയം നടക്കാതെ വരുമ്പോഴും പി.എസ്.സി ലിസ്റ്റിന്റെ കാലാവധി കഴിയുമ്പോഴും ഓവർസീയർമാരുടെ ഒഴിവുകൾ നികത്താൻ കഴിയാറില്ല. ഇത്തരം സന്ദർഭങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മാതൃകയിൽ എംപാനൽ ചെയ്ത് വിരമിച്ച ഓവർസീയർമാരെ പുനർനിയമന വ്യവസ്ഥയിൽ നിയോഗിക്കാവുന്നതാണ്.

2. ഇടുക്കി, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിലും പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വിദൂരപ്രദേശങ്ങളിലുമുള്ള ഗ്രാമപഞ്ചായത്തുകളിൽ/ മുനിസിപ്പാലിറ്റികളിൽ ഓവർസീയർമാരുടെ അഭാവം ഉണ്ടാകാറുണ്ട്. മിക്ക വാറും ഗ്രാമപഞ്ചായത്തുകളിൽ ഗ്രേഡ് 3 ഓവർസീയർമാരുടെ തസ്തികകൾ ഉണ്ട്. സംസ്ഥാനതലത്തിൽ പി.എസ്.സി വഴി ഗ്രേഡ് 3 ഓവർസീയർമാരുടെ നിയമനം നടത്തുമ്പോൾ റാങ്ക് ലിസ്റ്റിൽ മുന്നിൽ വരുന്നത് കൂടുതലും തെക്കൻ ജില്ലകളിൽ നിന്നാണ്. ഉതിൽ തന്നെ ഭൂരിഭാഗവും സ്ത്രീകളാണ്. ഇവരിൽ നിന്നും മേൽപ്പറഞ്ഞ ജില്ലകളിൽ നിയമനം നടത്തുമ്പോൾ പലരും നിയമനം സ്വീകരിക്കുവാൻ മടി കാണിക്കുന്നുണ്ട്. അഥവാ സ്വീകരിച്ചാൽ തന്നെ കുടുംബപരമായ കാര്യങ്ങളും മറ്റും കണക്കിലെടുത്ത് തങ്ങളുടേതായ ജില്ലകളിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെടുകയും ഒഴിവ് വരുന്ന മുറയ്ക്കോ compassionate ground ലോ സ്ഥലം മാറ്റം നൽകുകയും ചെയ്യാറുണ്ട്. അതാത് ജില്ലയിലുള്ളവർക്ക് നിയമനം നൽകുകയാണെങ്കിൽ മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് കരുതുന്നു. ഗ്രേഡ് 3 ഓവർസീയർമാരുടെ പി.എസ്.സി വഴിയുള്ള നിയമനവും ക്ലാർക്കുമാരുടേതിനു സമാനമായി ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്നത് ഉചിതമായിരിക്കും.

   ജീവനക്കാരുമായുള്ള ചർച്ചയിൽ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ് എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളിലും മാലിന്യ സംസ്കരണം, ജലവിതരണം, ജലസേചനം തുടങ്ങിയവ സംബന്ധിച്ച പ്രവൃത്തികളിലും ജില്ലാതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എഞ്ചിനീയർമാർക്കും വിദഗ്ദ്ധ ഉപദേശം നൽകുന്നതിനായി മേൽവിഷയങ്ങളിൽ

പരിചയ സമ്പന്നരായ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സാങ്കേതിക വിദഗ്ദ്ധസമിതി രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

ബ്ലോക്ക് പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്തുകളിലെ പദ്ധതികളുടെ സൈറ്റ് സൂപ്പർവിഷനായി ഓവർസീയർ തസ്തിക നിലവിലില്ല. ആയതിനാൽ ഒരു തേർഡ് ഗ്രേഡ് ഓവർസീയർ തസ്തിക എല്ലാ ബ്ലോക്കുകളിലും വിന്യസിക്കുന്നത് ഉചിതമായിരിക്കും.

ഗ്രേഡ് 1 മുനിസിപ്പാലിറ്റി

27 ഗ്രേഡ് 1 മുനിസിപ്പാലിറ്റികളിൽ അഞ്ചെണ്ണത്തിൽ മാത്രമാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയുള്ളത്. ബാക്കി 22 മുനിസിപ്പാലിറ്റികളിൽ കൂടി എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക ആവശ്യമാണെന്ന് കാണുന്നു. മൂന്ന് മുനിസിപ്പാലിറ്റികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഉണ്ടെങ്കിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക നിലവിലില്ല. ആയതിനാൽ ഗ്രേഡ് വൺ മുൻസിപ്പാലിറ്റികളിലെ തസ്തികകൾ താഴെപ്പറയുന്ന രീതിയിൽ ഏകീകരിക്കാവുന്നതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (EE)	1
അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (AEE)	1
അസ്സി. എഞ്ചിനീയർ (AE)	4
ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (FGO)	4
സെക്കന്റ് ഗ്രേഡ് ഓവർസിയർ (SGO)	4
തേർഡ് ഗ്രേഡ് ഓവർസിയർ (TGO)	4

ഗ്രേഡ് – 2 മുൻസിപ്പാലിറ്റി

30 ഗ്രേഡ് 2 മുൻസിപ്പാലിറ്റികളിൽ 11 എണ്ണത്തിൽ മാത്രമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക നിലവിലുള്ളത്. ഗ്രേഡ് 2 മുൻസിപ്പാലിറ്റികളിൽ താഴെപ്പറയുന്ന രീതിയിൽ തസ്തികകൾ ഏകീകരിക്കാവുന്നതാണ്.

അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (AEE)	1
അസ്സി. എഞ്ചിനീയർ (AE)	1
ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (FGO)	3
സെക്കന്റ് ഗ്രേഡ് ഓവർസിയർ (SGO)	3
തേർഡ് ഗ്രേഡ് ഓവർസിയർ (TGO)	3

ഗ്രേഡ് 3 മുനിസിപ്പാലിറ്റി

ഗ്രേഡ്-3 മുനിസിപ്പാലിറ്റികളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിങ് വിഭാഗം ആവശ്യമാണ് . നിലവിൽ സാങ്കേതിക അനുമതി, ചെക്ക് മെഷർമെന്റ് ,ബിൽ അംഗീകരിക്കൽ മുതലായവക്കായി തൊട്ടടുത്ത ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് ആശ്രയിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ ജോലിഭാരം കണക്കിലെടുക്കുമ്പോൾ ഈ അധിക ജോലിഭാരം ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ ഗ്രേഡ് 3 മുൻസിപ്പാലിറ്റികളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക ആവശ്യമായി കാണുന്നു.

അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (AEE)	1
അസ്സി. എഞ്ചിനീയർ (AE)	1
ഫസ്റ്റ് ഗ്രേഡ് ഓവർസിയർ (FGO)	2
സെക്കന്റ് ഗ്രേഡ് ഓവർസിയർ (SGO)	2
തേർഡ് ഗ്രേഡ് ഓവർസിയർ (TGO)	2

ജില്ലാ ആസ്ഥാന മുനിസിപ്പാലിറ്റി

ജില്ലാ ആസ്ഥാനങ്ങൾ ഉൾപ്പെട്ട ആറു മുനിസിപ്പാലിറ്റികളിൽ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, ഒരു ഫസ്റ്റ് ഗ്രേഡ് ഓവർസിയർ ഒരു സെക്കൻഡ് ഓവർസിയർ, ഒരു തേർഡ് ഗ്രേഡ് ഓവർസിയർ എന്ന നിലയിൽ അധിക തസ്തിക ആവശ്യമായി കാണുന്നു.

നിലവിലുള്ളതും ശുപാർശ ചെയ്യുന്നതുമായ തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടേബിൾ 24

STANDADISATION OF MUNICPALITY STAFF PATTERN

	Name of Municipality / Corporation	Grade of Municipality	Proposed Post Requirement							Present staff strength							Additional posts required						
			EE	AEE	AE	FGO	SGO	TGO	Total	EE	AEE	AE	FGO	SGO	TGO	Total	EE	AEE	AE	FGO	SGO	TGO	Total
1	ALAPPUZHA	I	1	1	5	5	5	5	22	1		3	6	1	4	15	0	1	2	-1	4	1	7
2	ALUVA	I	1	1	4	4	4	4	18		1	1	2	2	6	12	1	0	3	2	2	-2	6
3	CHANGANASSERY	I	1	1	4	4	4	4	18	1		3	4	1	5	14	0	1	1	0	3	-1	4
4	GURUVAYOOR	I	1	1	4	4	4	4	18		1	2	2	3	5	13	1	0	2	2	1	-1	5
5	IRINGALAKUDA	I	1	1	4	4	4	4	18		1	1	2	3	5	12	1	0	3	2	1	-1	6
6	KALAMASSERY	I	1	1	4	4	4	4	18		1	1	4	1	3	10	1	0	3	0	3	1	8
7	KANHANGAD	I	1	1	4	4	4	4	18			1	2	1	2	6	1	1	3	2	3	2	12
8	KASARGOD	I	1	1	5	5	5	5	22		1	2	2	2	3	10	1	0	3	3	3	2	12
9	KOTTAYAM	I	1	1	5	5	5	5	22	1	1	6	8	2	8	26	0	0	-1	-3	3	-3	-4
10	KUNNAMKULAM	I	1	1	4	4	4	4	18		1	1	4	2	4	12	1	0	3	0	2	0	6
11	MALAPPURAM	I	1	1	5	5	5	5	22			1	1	2	4	8	1	1	4	4	3	1	14
12	MANJERI	I	1	1	4	4	4	4	18		1	1	1	1	4	8	1	0	3	3	3	0	10
13	NEDUMANGAD	I	1	1	4	4	4	4	18			1	1	2	2	6	1	1	3	3	2	2	12
14	NEYATINKARA	I	1	1	4	4	4	4	18		1	1	0	2	2	6	1	0	3	4	2	2	12
15	PALA	I	1	1	4	4	4	4	18		1	1	1	1	4	8	1	0	3	3	3	0	10
16	PALAKKAD	I	1	1	5	5	5	5	22	1	1	5	4	3	11	25	0	0	0	1	2	-6	-3
17	PAYYANOOR	I	1	1	4	4	4	4	18			1	1	1	3	6	1	1	3	3	3	1	12
18	PERUMBAVOOR	I	1	1	4	4	4	4	18		1	1	2	1	3	8	1	0	3	2	3	1	10
19	PONNANI	I	1	1	4	4	4	4	18			1	1	1	2	5	1	1	3	3	3	2	13
20	THALASSERI	I	1	1	4	4	4	4	18	1		4	7	3	3	18	0	1	0	-3	1	1	0
21	THALIPARAMB	I	1	1	4	4	4	4	18			1	2	2	4	9	1	1	3	2	2	0	9
22	THIRUVALLA	I	1	1	4	4	4	4	18		1	1	2	1	4	9	1	0	3	2	3	0	9
23	THODUPUZHA	I	1	1	4	4	4	4	18		1	1	4	1	4	11	1	0	3	0	3	0	7
24	THRIKKAKKARA	I	1	1	4	4	4	4	18			1	1	1	2	5	1	1	3	3	3	2	13
25	THRIPUNITHURA	I	1	1	4	4	4	4	18		1	2	2	3	2	10	1	0	2	2	1	2	8
26	TIRUR	I	1	1	4	4	4	4	18		1	1	3	1	6	12	1	0	3	1	3	-2	6
27	VATAKARA	I	1	1	4	4	4	4	18		1	2	4	2	6	15	1	0	2	0	2	-2	3
1	ANGAMALY	II		1	2	3	3	3	12		1	1	1	1	2	6	0	0	1	2	2	1	6
2	ATTINGAL	II		1	2	3	3	3	12		1	1	1	1	2	6	0	0	1	2	2	1	6
3	CHALAKKUDY	II		1	2	3	3	3	12		1	1	1	3	3	9	0	0	1	2	0	0	3
4	ADOOR	II		1	2	3	3	3	12			1	1	1	3	6	0	1	1	2	2	0	6
5	CHAVAKKAD	II		1	2	3	3	3	12		1	1	2	1	2	7	0	0	1	1	2	1	5
6	CHERTHALA	II		1	2	3	3	3	12			1	1	1	3	6	0	1	1	2	2	0	6
7	CHITTOOR THATHAMANGALAM	II		1	2	3	3	3	12			1	2	1	2	6	0	1	1	1	2	1	6
8	ELOOR	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
9	KALPETA	II		1	2	3	3	3	12			1	1	2	3	7	0	1	1	2	1	0	5
10	KARUNAGAPALLY	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
11	KAYAMKULAM	II		1	2	3	3	3	12		1	1	1	2	3	8	0	0	1	2	1	0	4
12	KODUNGALOOR	II		1	2	3	3	3	12			2	1	2	5	10	0	1	0	2	1	-2	2
13	KOILANDY	II		1	2	3	3	3	12			1	2	1	1	5	0	1	1	1	2	2	7
14	KOTHAMANGALAM	II		1	2	3	3	3	12		1	1	2	1	2	7	0	0	1	1	2	1	5
15	KOTTAKKAL	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
16	KUTHUPARAMBU	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
17	MARAD	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
18	MATTANUR	II		1	2	3	3	3	12			1	1	1	3	6	0	1	1	2	2	0	6
19	MAVELIKKARA	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
20	MUVATUPUZHA	II		1	2	3	3	3	12		1	1	2	3	3	10	0	0	1	1	0	0	2
21	NEELESWORAM	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7

ടേബിൾ 25

	Name of Municipality / Corporation	Grade of Municipality	Propsed Post Requirement							Present staff strength							Additional posts required						
			EE	AEE	AE	FGO	SGO	TGO	Total	EE	AEE	AE	FGO	SGO	TGO	Total	EE	AEE	AE	FGO	SGO	TGO	Total
22	NILAMBOOR	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
23	NORTH PARAVOOR	II		1	2	3	3	3	12		1	1	3	1	3	9	0	0	1	0	2	0	3
24	OTAPALAM	II		1	2	3	3	3	12			1	1	1	3	6	0	1	1	2	2	0	6
25	PATHANAMTHITTA	II		1	3	4	4	4	16		1	1	2	1	2	7	0	0	2	2	3	2	9
26	PERINTHALMANNA	II		1	2	3	3	3	12			1	1	2	4	8	0	1	1	2	1	-1	4
27	PUNALOOR	II		1	2	3	3	3	12		1	1	2	1	2	7	0	0	1	1	2	1	5
28	SHORNOOR	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
29	SOUTH PARAVOOR	II		1	2	3	3	3	12			1	1	1	2	5	0	1	1	2	2	1	7
30	VARKALA	II		1	2	3	3	3	12		1	1	2	2	3	9	0	0	1	1	1	0	3
1	ANTHOOR	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
2	CHENGANNUR	III		1	1	2	2	2	8			1	1	1	2	5	0	1	0	1	1	0	3
3	CHERPULASSERY	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
4	ERATTUPETTA	III		1	1	2	2	2	8			1	1	2	2	6	0	1	0	1	0	0	2
5	ETTUMANOOR	III		1	1	2	2	2	8			1	1	2	2	6	0	1	0	1	0	0	2
6	FAROKE	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
7	HARIPPAD	III		1	1	2	2	2	8			1	1	2	2	6	0	1	0	1	0	0	2
8	IRITTY	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
9	KATTAPPANA	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
10	KODUVALLY	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
11	KONDOTTY	III		1	1	2	2	2	8			1	2	1	2	6	0	1	0	0	1	0	2
12	KOOTHATTUKULAM	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
13	KOTTARAKKARA	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
14	MANANTHAVADY	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
15	MANNARKKAD	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
16	MUKKOM	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
17	PANOOR	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
18	PANTHALAM	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
19	PARAPPANAGADI	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
20	PATTAMBI	III		1	1	2	2	2	8			1	1	2	2	6	0	1	0	1	0	0	2
21	PAYYOLI	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
22	PIRAVOM	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
23	RAMANATTUKARA	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
24	SREEKANDAPURAM	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
25	SULTHAN BATHERY	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
26	THANOOR	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
27	THIROORANGADI	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
28	VAIKOM	III		1	1	2	2	2	8			1	1	1	2	5	0	1	0	1	1	0	3
29	VALANCHERY	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
30	WADAKKANCHERY	III		1	1	2	2	2	8			1	2	2	2	7	0	1	0	0	0	0	1
	TOTAL		27	87	204	264	264	264	1110	5	28	108	167	142	245	695	22	59	96	97	122	19	415

Criteria

Third Grade Municipality AEE-1, AE-1, FGO-2, SGO-2, TGO-2

Second Grade Municipality AEE-1, AE-2, FGO-3, SGO-3, TGO-3

First Grade Municipality EE-1, AEE-1, AE-4, FGO-4, SGO-4, TGO-4

All district HQ Municipalities (6 Nos) are provided with additional posts of AE-1, FGO-1, SGO-1 & TGO-1

EE –Executive Engineer
AEE –Assistant Executive Engineer
AE –Assistant Engineer
FGO –First Grade Overseer
SGO –Second Grade Overseer
TGO –Third Grade Overseer

ജില്ലാതല സാങ്കേതിക ഏകോപന സംവിധാനം

സെൻ കമ്മിറ്റി റിപ്പോർട്ടിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തിക ജില്ലാ തലത്തിൽ ശുപാർശ ചെയ്തിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കപ്പെടുന്ന വലിയ പ്രോജക്ടുകൾക്ക് പൊതുമരാമത്ത് വകുപ്പിൽ ലഭ്യമാകുന്നത് പോലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലുള്ള സാങ്കേതിക ശ്രദ്ധയോ മാർഗ്ഗനിർദ്ദേശങ്ങളോ ലഭിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ ഗുണ നിലവാര പരിശോധന നടത്തുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പിലേതു പോലെയുള്ള സംവിധാനങ്ങൾ ഒന്നും തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിലവിലില്ല. ആയതിനാൽ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ പരിമിതികൾ ഉണ്ട്. സുസജ്ജമായ ഒരു ഗുണനിലവാര പരിശോധന ലാബ് ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയും പ്രവൃത്തികളുടെ പരിശോധനയ്ക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ ഏർപ്പെടുത്താവുന്നതാണ്..

ഇൻവെസ്റ്റിഗേഷൻ/ഡിസൈൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും അംഗീകാരങ്ങളും ലഭ്യമാക്കുന്നതിനും നിലവിൽ സംവിധാനങ്ങൾ ഇല്ല. മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പ്രവർത്തനക്ഷമമല്ലാത്തവയുടെ പുനരുജ്ജീവനം പരിപാലനം, മോണിറ്ററിംഗ് എന്നിവയ്ക്കും സംവിധാനമില്ല.

ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിന് മുൻഗണന നൽകാൻ നിർബന്ധിക്കപ്പെടുന്നതിനാൽ മറ്റ് പദ്ധതികൾ (ജില്ലാ പഞ്ചായത്ത് പദ്ധതികൾ, KIIFB, ബഡ്ജറ്റ് പദ്ധതികൾ, General Education Fund, മാലിന്യ സംസ്ക്കരണ പ്രവൃത്തികൾ തുടങ്ങിയവ) സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് സാധിക്കാതെ വരുന്നു. ആയതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക പരിധിക്കുപുറത്ത് അടങ്കൽ തുക വരുന്ന ഗ്രാമപഞ്ചായത്തുകളുടെ/ ജില്ലാ പഞ്ചായത്തുകളിലെ major/Special projectsന്റെ നിർവ്വഹണം നടത്തുന്നതിന് ജില്ലാതലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ വഴി നിർവ്വഹണം നടത്തുന്നതായിരിക്കും ഉചിതം.

ഏകീകരണത്തെ തുടർന്ന് രൂപീകരിച്ച ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരെ ഉൾക്കൊള്ളിച്ചിട്ടില്ല എന്നത് ഒരു ന്യൂനതയായി പരാതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ ജില്ലാതലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ സാങ്കേതിക വിജിലൻസ് പരിശോധന സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥൻ നിർവഹണ അധികാരി ആകുവാൻ

പാടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല തൊട്ടു താഴെയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകിയതിനാൽ അവരുടെ ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൃത്യ നിർവഹണത്തിൽ സഹായിക്കേണ്ടവരാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥൻ ആയിരിക്കുമ്പോൾ സാങ്കേതിക ഉപദേശം നൽകാൻ ഉത്തരവാദിത്തപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നിർവഹണ ഉദ്യോഗസ്ഥർ ആയിരിക്കുന്നത് ജില്ലാ പഞ്ചായത്തിന്റെ ഭരണപരമായ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണെന്ന് കാണുന്നു. ആയതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥനാകുന്നത് ഉചിതമായിരിക്കും. ഇത്തരം സംവിധാനം നിലവിൽ വരണമെങ്കിൽ ജില്ലാ പഞ്ചായത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നത് സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിൽ ആയിരിക്കണം

മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് ജില്ലയിൽ സാങ്കേതിക കാര്യങ്ങൾ നിർവഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഓഫീസ് സംവിധാനം ആവശ്യമാണെന്ന് കാണുന്നു. അംഗീകരിക്കുന്ന പക്ഷം പ്രസ്തുത ഓഫീസിലേക്ക് താഴെപറയുന്ന സംവിധാനങ്ങൾ ശുപാർശ ചെയ്യുന്നു.

സൂപ്രണ്ടിംഗ് എഞ്ചിനീയർ	-	1
എക്സിക്യൂട്ടീവ് എഞ്ചിനീയർ	-	1
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	-	5
ഡിസൈൻ വിങ്ങ്	-	1
എൻവിറോൺമെന്റൽ വിങ്ങ്	-	1
ക്വാളിറ്റി വിങ്ങ്	-	1
ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ (TA)	-	1
സ്പെഷ്യൽ പ്രൊജക്റ്റ് വിങ്ങ്	-	1
അസിസ്റ്റന്റ് എഞ്ചിനീയർ	-	
ഡിസൈൻ വിങ്ങ്	-	2
എൻവിറോൺമെന്റൽ വിങ്ങ്	-	1
ക്വാളിറ്റി വിങ്ങ്	-	2
ഹെഡ് ഡ്രാഫ്റ്റ്സ്മാൻ	-	1
സ്പെഷ്യൽ പ്രൊജക്റ്റ് വിങ്ങ്	-	1 (for every 4 block)
ഫസ്റ്റ് ഗ്രേഡ് ഓവർസിയർ		

ഡിസൈൻ വിങ്ങ് - 2

എൻവിറോൺമെന്റൽ വിങ്ങ് - 1

ക്വാളിറ്റി വിങ്ങ് - 2

ഡ്രാഫ്റ്റ്സ്മാൻ - 2

സ്പെഷ്യൽ പ്രോജക്റ്റ് വിങ്ങ് - 1 (for every 4 block)

ജില്ലകളിൽ പുതുതായി രൂപീകരിക്കുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ താഴെ പറയുന്ന രീതിയിലുള്ള മിനിസ്റ്റീരിയൽ ജീവനക്കാർ ആവശ്യമുണ്ട്.

ഒരു ജില്ലയിൽ

സീനിയർ സൂപ്രണ്ട്	- 1 No. =	1	x	14	=	14
ജൂനിയർ സൂപ്രണ്ട്	- 1 No. =	1	x	14	=	14
ക്ലർക്ക് / സീനിയർ ക്ലർക്ക്	- 6 No. =	6	x	14	=	84
ടൈപ്പിസ്റ്റ്	- 2 No. =	14	x	2	=	28
ഓഫീസ് അറ്റൻഡന്റ്	- 3 No. =	14	X	3	=	42
പാർട്ട് ടൈം സ്വീപ്പർ	- 1 No. =	14	x	1	=	14

ജില്ലാ തല സൂപ്രണ്ടിംഗ് എഞ്ചിനീയരുടെ പ്രധാന ചുമതലകൾ

- ജില്ലാപഞ്ചായത്ത് നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകൽ, സ്പെഷ്യൽ/ മേജർ പ്രോജക്ടുകളുടെ സാങ്കേതിക അനുമതി നൽകൽ.
- കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെയും സ്പെഷ്യൽ / മേജർ പ്രോജക്ടുകളുടെ ഡിസൈനുകൾ, വിശദ പദ്ധതി രേഖകൾ (DPR) എന്നിവയ്ക്കും നിർവ്വഹണത്തിനും സാങ്കേതിക ഉപദേശം നൽകൽ.
- ത്രിതല ഗ്രാമപഞ്ചായത്ത്, നഗര സഭകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജില്ലാതല സാങ്കേതിക ഏകോപനം.
- വിജിലൻസ് പരാതികളിൽ സാങ്കേതിക പരിശോധന നടത്തി ശുപാർശ നൽകൽ.
- കോർപ്പറേഷൻ ഉൾപ്പെടെ ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെയും പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സംവിധാനത്തിന്റെ നിയന്ത്രണാധികാരി.
- സൂപ്രണ്ടിംഗ് എഞ്ചിനീയരുടെ അധികാര പരിധിയിൽ വരുന്ന പ്രോജക്ടുകളുടെ ടെൻഡർ എക്സ്സെസ് അംഗീകാരം.
- ഒബ്സർവേഡ് ഡേറ്റ (MGNREGS) അപ്പ്രൂവൽ നൽകൽ

- മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും മാലിന്യ സംസ്ക്കരണ പദ്ധതികളുടെയും ഏകോപനം.
- ഗ്രേഡ് 1 മുനിസിപ്പാലിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിംഗ് ഓഫീസർ.

ജില്ലാതല ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ പ്രധാന ചുമതലകൾ


- സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാങ്കേതിക അനുമതിക്ക് മുകളിൽ അടങ്കൽ തുക വരുന്ന മേജർ പ്രോജക്ടുകളുടെ നിർവ്വഹണം
- സെക്കന്റ് ആൻഡ് തേർഡ് ഗ്രേഡ് മുനിസിപ്പാലിറ്റികളുടെ ഇൻ ചാർജ്
- എൻവിയറോൺമെന്റൽ പ്രോജക്ടുകളുടെ കൺട്രോളിങ് ഓഫീസർ

ഓഫീസ് പ്രവർത്തനത്തിന് ആവശ്യം വേണ്ട മിനിസ്റ്റീരിയൽ ജീവനക്കാരെ താഴെ പറയുന്ന രീതിയിൽ നിയോഗിക്കാവുന്നതാണ്.

ജൂനിയർ സൂപ്രണ്ട് -1 , സീനിയർ ക്ലാർക്ക് -4 , ടൈപ്പിസ്റ്റ് -1, ഓഫീസ് അറ്റൻഡ് -1, സെക്യൂരിറ്റി -1, പാർട്ട് ടൈം സ്വീപ്പർ -1

Organisation Chart

ചിത്രം 8



ടേബിൾ 26

Annexure

LID& EW - DISTRICT OFFICE - Proposed staff strength

Sl No	Name of District	No of Block Panchayath	Requirement							Existing Staff strength							Additional post						
			TGO	SGO	FGO	AE	AEE	EE	SE	TGO	SGO	FGO	AE	AEE	EE	SE	TGO	SGO	FGO	AE	AEE	EE	SE
1	Thiruvananthapuram	11	0	0	10	9	5	1	1	0	0	4	2	1	1	1	0	0	6	7	4	0	0
2	Kollam	11	0	0	10	9	5	1	1	0	0	0	0	0	0	0	0	0	10	9	5	1	1
3	Pathanamthitta	8	0	0	9	8	5	1	1	0	0	0	0	0	0	0	0	0	9	8	5	1	1
4	Alappuzha	12	0	0	10	9	5	1	1	0	0	0	0	0	0	0	0	0	10	9	5	1	1
5	Kottayam	11	0	0	10	9	5	1	1	0	0	0	0	0	0	0	0	0	10	9	5	1	1
6	Idukki	8	0	0	9	8	5	1	1	0	0	0	0	0	0	0	0	0	9	8	5	1	1
7	Ernakulam	14	0	0	11	10	5	1	1	0	0	0	0	0	0	0	0	0	11	10	5	1	1
8	Thrissur	16	0	0	11	10	5	1	1	0	0	0	0	0	0	0	0	0	11	10	5	1	1
9	Palakkad	13	0	0	11	10	5	1	1	0	0	0	0	0	0	0	0	0	11	10	5	1	1
10	Malappuram	15	0	0	11	10	5	1	1	0	0	0	0	0	0	0	0	0	11	10	5	1	1
11	Kozhikkode	12	0	0	10	9	5	1	1	0	0	4	2	1	1	1	0	0	6	7	4	0	0
12	Wayanad	4	0	0	8	7	5	1	1	0	0	0	0	0	0	0	0	0	8	7	5	1	1
13	Kannur	11	0	0	10	9	5	1	1	0	0	0	0	0	0	0	0	0	10	9	5	1	1
14	Kasaragod	6	0	0	9	8	5	1	1	0	0	0	0	0	0	0	0	0	9	8	5	1	1
	Total	152	**0**	**0**	**139**	**126**	**70**	**14**	**14**	**0**	**0**	**8**	**4**	**2**	**2**	**2**	**0**	**0**	**131**	**122**	**68**	**12**	**12**

Criteria For Each District		
SE	1	
EE	1	
AE	1	For Design
	1	Major projects
	1	Environmental
	1	Quality
	1	Dy EE

AE		FGO	
2	For Design	2	For Design
1No/every 4 B.P	Major projects -	1No for each AE	Major projects -
2	Quality	2	Quality
1	Environmental	1	Environmental
1	HD	1	HD

SE --Superintending Engineer
EE --Executive Engineer
AEE --Assistant Executive Engineer
AE --Assistnt Engineer
FGO --First Grade Overseer
SGO --Second Grade Overseer
TGO --Third Grade Overseer

സംസ്ഥാനതല ഓഫീസ്

സംസ്ഥാനതലത്തിൽ ഏറ്റവും അധികം ശ്രദ്ധ വേണ്ടതാണ് മാലിന്യ സംസ്കരണ പദ്ധതികൾ. സംസ്ഥാന സർക്കാർ പ്രഥമ ശ്രദ്ധ കൊടുത്ത് നിഷ്കർഷിച്ചിരിക്കുന്ന പദ്ധതികളാണ് ഇവ. എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യം ആവശ്യമുള്ള ഇത്തരം പ്രവൃത്തികളുടെ സംസ്ഥാനതല ഏകീകരണത്തിന് എൻവിയോൺമെന്റൽ വിഭാഗം ഉണ്ടാകേണ്ടതാണ്.

എഞ്ചിനീയറിംഗ് വിഭാഗം മുഖേന സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന മേജർ പദ്ധതികളിൽ ഡിസൈൻ അംഗീകരിച്ചു നൽകേണ്ട ആവശ്യമുണ്ട്. നിലവിൽ ഡിസൈൻ വിഭാഗത്തിന്റെ അഭാവം മൂലം പദ്ധതികൾക്ക് വളരെയേറെ കാലതാമസം നേരിടുന്നു. നിലവിൽ പല കൺസൾട്ടൻസി സ്ഥാപനങ്ങളും തയ്യാറാക്കുന്ന ഡിസൈനുകൾ പ്രായോഗിക തലത്തിൽ സാങ്കേതിക/സാമ്പത്തിക ക്ഷമതയുള്ളതല്ലെന്ന് പരാതിയുണ്ട്. കൂടാതെ ഭീമമായ തുകയാണ് ഓരോ വർഷവും കൺസൾട്ടൻസി ഇനത്തിൽ നൽകുന്നത്. ആയതിനാൽ ഡിസൈൻ തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും

ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ഡിസൈൻ വിഭാഗം പ്രവർത്തിക്കേണ്ടതുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിൽ ശുപാർശ ചെയ്തിരിക്കുന്ന ഗുണനിലവാര പരിശോധന വിഭാഗത്തിന് ആവശ്യമായ ഏകോപനവും മാർഗനിർദ്ദേശവും നൽകുന്നതിന് സംസ്ഥാനതലത്തിൽ ഗുണനിലവാര പരിശോധന വിഭാഗം രൂപീകരിക്കേണ്ടതുണ്ട്.

ആയതിനാൽ സംസ്ഥാനതലത്തിൽ ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ, ക്വാളിറ്റി, ഡിസൈൻ എൻവിയോൺമെന്റൽ വിഭാഗത്തിനായി സംസ്ഥാനതല ഓഫീസ് സംവിധാനം ഉചിതമായിരിക്കും. ഏറ്റവും ചുരുങ്ങിയ നിലയിൽ താഴെ പറയുന്ന രീതിയിൽ തസ്തികകൾ പരിഗണിച്ച് നിലവിലെ ചീഫ് എഞ്ചിനീയറുടെ ഓഫീസ് സംവിധാനം ശാക്തീകരിക്കാവുന്നതാണ്.


ടേബിൾ 27

ചിഫ് എഞ്ചിനീയർ - 2	(ജനറൽ - 1, ഡിസൈൻ / എൻവിറോൺമെന്റൽ / ക്വാളിറ്റി - 1)
ഡെപ്യൂട്ടി ചിഫ് എഞ്ചിനീയർ - 2	(ജനറൽ - 1, ഡിസൈൻ / എൻവിറോൺമെന്റൽ /ക്വാളിറ്റി - 1)
എക്സിക്യൂട്ടീവ് എഞ്ചിനീയർ - 4	(ജനറൽ - 2, ഡിസൈൻ / എൻവിറോൺമെന്റൽ / ക്വാളിറ്റി - 2)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 6	(ജനറൽ - 2 , ഡിസൈൻ - 3, എൻവിറോൺമെന്റൽ -1,)
അസിസ്റ്റന്റ് എഞ്ചിനീയർ - 10	(ജനറൽ - 6 , ഡിസൈൻ - 3, എൻവിറോൺമെന്റൽ -1)
ഫസ്റ്റ് ഗ്രേഡ് ഓവർസീർ - 6	(ജനറൽ - 12 , ഡിസൈൻ - 3 എൻവിറോൺമെന്റൽ - 1)

Structural, Geotechnical, Transportation എന്നീ മേഖലകളിൽ പ്രാവീണ്യമുള്ള എഞ്ചിനീയർമാരുടെ സേവനം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉപയോഗപ്പെടുത്താവുന്നതാണ്.

ORGANISATION CHART

ചിത്രം 9



മിനിസ്റ്റീരിയൽ വിഭാഗം

എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് നിയമിക്കപ്പെടുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ PW Account Code, PW Department Code എന്നിവ പാസ്സായവർ ആയിരിക്കേണ്ടതാണ്. വിവിധ തലങ്ങളിൽ ആവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്താവുന്നതായി കാണുന്നു. എഞ്ചിനീയറിംഗ് വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർക്ക് 1985 ലെ Pay Revision പ്രകാരമുള്ള Staff Pattern / Cadre Strength കൊണ്ടു വരുന്നത് ഉചിതമായിരിക്കും.

ടേബിൾ 28

PROPOSED ADDITIONAL TECHNICAL STAFF STRENGTH

Sl No	Name of Corporation	Requirement								Existing Staff strength								Additional posts required							
		TGO	SGO	FGO	AE	AEE	EE	SE	CE	TGO	SGO	FGO	AE	AEE	EE	SE	CE	TGO	SGO	FGO	AE	AEE	EE	SE	CE
1	State Office	0	0	16	10	6	4	2	2	0	0	7	5	2	2	1	1	0	0	9	5	4	2	1	1
2	District Office	0	0	139	126	70	14	14	0	0	0	8	4	2	2	2	0	0	0	131	122	68	12	12	0
4	Municipalities	264	264	264	204	87	27	0	0	245	142	167	108	28	5	0	0	19	122	97	96	59	22	0	0
7	Block panchayats	152	152	152	152	152	0	0	0	0	151	151	150	149	0	0	0	152	1	1	2	3	0	0	0
8	Grama Panchayats	941	941	941	941	0	0	0	0	1070	434	387	941	0	0	0	0	-129	507	554	0	0	0	0	0
	Total	**1357**	**1357**	**1512**	**1433**	**315**	**45**	**16**	**2**	**1315**	**727**	**720**	**1208**	**181**	**9**	**3**	**1**	**42**	**630**	**792**	**225**	**134**	**36**	**13**	**1**

CE - Chief engineer
SE --Superintending Engineer
EE -- Executive Engineer
AEE --Assistant Executive Engineer
AE --Assistant Engineer
FGO --First Grade Overseer
TGO --Third Grade Overseer

NOTES - *Both North and South Circle offices are to be converted to Conserved district offices
*offices which require change in number of posts are shown above

ശുപാർശകളുടെ വിശദമായ ചെലവുകളും നേട്ടങ്ങളും വിശകലനം അദ്ധ്യായം 10-ൽ നൽകിയിട്ടുണ്ട്.

വാഹന സൗകര്യം

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് ഏറ്റെടുക്കുന്നു എന്ന് ജില്ലാതല ഡി.പി.സി യിൽ ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട് എന്നുള്ളതിന് പുറമെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിങ് വിഭാഗത്തിന് വാഹനം ലഭ്യമായിട്ടുണ്ടോ എന്നുള്ളത് ഉറപ്പുവരുത്താവുന്നതുമാണ്.

9.3 Manual/ Software പരിഷ്ക്കരണം

പൊതുമരാമത്തു വകുപ്പിൽ നിലവിലുള്ള മാനുവൽ, സോഫ്റ്റ്വെയർ എന്നിവ യാണ് ഈ വകുപ്പിലും അവലംബിച്ചുപോരുന്നത്, എങ്കിലും പല കാര്യങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി കാലാകാലങ്ങളിൽ പ്രത്യേകം ഉത്തരവുകളും ചട്ടങ്ങളും പുറപ്പെടുവിക്കുന്നുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രം ബാധകമായ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു കൈപുസ്തകം (hand book) തയ്യാറാക്കാവുന്നതാണ്.

എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട IKM ന്റെ വിവിധ സോഫ്റ്റ്വെയറുകൾ പരസ്പര ബന്ധിതമാക്കേണ്ടതാണ്. NIC യുടെ Software കളായ PRICE 3 ഉം e-tender ഉം പരസ്പരം ബന്ധിപ്പിക്കുകയും ബിൽ തുക നൽകുന്നത് വരെയുള്ള സൌകര്യങ്ങൾ PRICE 3 സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും.

മേലുദ്യോഗസ്ഥർക്ക് അതാത് തലങ്ങളിൽ അവലോകനം നത്തുന്നതിനാവശ്യമായ ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമാകുന്നതിനാവശ്യമായ സംവിധാനം തദ്ദേശ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന എല്ലാ സോഫ്റ്റ്വെയറുകളിലും ഉൾപ്പെടുത്താ വുന്നതാണ്.

9.4 ഭരണ – സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹവർത്തിത്വം

തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളും, ജീവനക്കാരും കൂട്ടായി പ്രവർത്തി ക്കുന്ന ഒരു സംവിധാനമാണ് തദ്ദേശ സ്വയം ഭരണ വകുപ്പിലുള്ളത്. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽ നിയന്ത്രണം ചുമത്തുന്നതിനു പകരം സെക്രട്ടറിമാർ കോ ഓർഡിനേറ്റർ തലത്തിലേക്ക് മാറേണ്ടതാണ്.

സാമൂഹികപ്രതിബദ്ധതയുള്ള ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം എന്ന നിലയിൽ ജനങ്ങൾക്ക് ഉപകാരപ്രദമായി സേവനം ചെയ്യുന്നതിന് മുഴുവൻ ജീവനക്കാരും പ്രതിജ്ഞാബദ്ധരാകേണ്ടതുണ്ട്. ആയതിനാൽ പരസ്പര സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. പരസ്പര ബഹുമാനത്തോടെയും വിട്ടുവീഴ്ച മനോഭാവത്തോടെയുമുള്ള പെരുമാറ്റം മാനസികമായ അകൽച്ച ഇല്ലാതാക്കുന്നതിന് സഹായകരമാകും.

9.5 ഭരണപരമായ നിയന്ത്രണം

സാങ്കേതിക വിഭാഗം മേലുദ്യോഗസ്ഥർക്ക് ഭരണപരമായ നിയന്ത്രണമുണ്ടെങ്കിൽ മാത്രമേ സാങ്കേതിക ചുമതലകൾ ശരിയായ രീതിയിൽ നിർവ്വഹിക്കാനും നിയന്ത്രിക്കാനും സാധിക്കുകയുള്ളൂ. സാങ്കേതിക ജീവനക്കാരുടെ മേൽ ആരോപിക്കപ്പെടുന്ന കുറ്റങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നത് അഭികാമ്യമാണ്. സംസ്ഥാന തലത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ വ്യക്തിവിവരങ്ങളും കാര്യശേഷിയും വ്യക്തമായി അറിയാൻകഴിയുന്നത് ചീഫ് എഞ്ചിനീയർക്ക് മാത്രമാണ്. ആയതിനാൽ പദ്ധതി നടത്തിപ്പിന് അനുയോജ്യമായ വിധത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ വരെയുള്ള ജീവനക്കാരെ നിയമിക്കുന്നതിനും വിന്യസിക്കുന്നതിനുമുള്ള അധികാരം ചീഫ് എഞ്ചിനീയർക്ക് നൽകുന്നത് പരിഗണിക്കാവുന്നതാണ്.

ഗസറ്റഡ് തസ്തികയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലി ലഭിച്ച പലരും മറ്റു വകുപ്പുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലോ അതിനു താഴെയുള്ള തസ്തികകളിലോ നിയമനം ലഭിക്കുമ്പോൾ ഈ വകുപ്പ് ഉപേക്ഷിച്ച് പോയിട്ടുണ്ട്. ഇതിനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവ അമിതമായ ജോലിഭാരം, പ്രതികൂലമായ പ്രവർത്തന സാഹചര്യങ്ങൾ, മാനസിക സമ്മർദ്ദം, സുരക്ഷാ പ്രശ്നങ്ങൾ, പരിമിതമായ പ്രമോഷൻ സാധ്യതകൾ എന്നിവയാണ് എന്ന് മനസിലാക്കുന്നു. ആയതിനാൽ മറ്റു എഞ്ചിനീയറിങ് വകുപ്പുകളിലേതിനു സമാനമായ പ്രവർത്തനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആവശ്യമാണെന്ന് കാണുന്നു

9.6 പരിശീലനം

ഒരു ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിക്കേണ്ട ജോലികൾ ജില്ലാ തലത്തിൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കും ഉത്തരവാദിത്തങ്ങൾക്കും സമാനമാണ്. പുതുതായി നിയമനം ലഭിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്ന induction training അപര്യാപ്തമാണ്. ഓഫീസ് കാര്യങ്ങളെക്കുറിച്ചും ഫീൽഡ് പ്രവൃത്തികളെക്കുറിച്ചും ചുരുങ്ങിയ നിലയിലെങ്കിലും അവബോധം നൽകുന്നതിന് കുറഞ്ഞത് 3 മാസത്തെ പരിശീലനം അനിവാര്യമാണ്. ഈ പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്കു മാത്രമേ ഫീൽഡ് തലത്തിൽ നിയമനം നൽകാവൂ. പുതുതായി നിയമിതരാകുന്ന എല്ലാ ഓവർസിയർമാർക്കും ഇതേ തരത്തിൽ 3 മാസത്തെ പരിശീലനം നൽകാവുന്നതാണ്. പ്രസ്തുത പരിശീലനം ശമ്പളത്തോടു കൂടി ആയിരിക്കണം

9.7 ഗുണനിലവാര നിയന്ത്രണം

പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ

പുതുതായി രൂപീകരിക്കുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ സംവിധാനം ഉറപ്പാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയുടേയും അടങ്കൽ തുകയ്ക്ക് ആനുപാതികമായി Certified construction Professional (CCP) നെ നിയമിക്കേണ്ടതും, ആയതിനാവശ്യമായ രജിസ്ട്രേഷൻ ജില്ലാതലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ നടത്തേണ്ടതുമാണ്.

മരാമത്തു പ്രവൃത്തികളുടെ ഗുണമേന്മയും നിലവാരവും മെച്ചപ്പെടുത്തുന്നതിലേക്കായി 5 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികളുടെ സൈറ്റിൽ കരാറുകാരുടെ ഭാഗത്തു നിന്നും Technical Personsനെ നിയമിക്കേണ്ടതിന്റെ ആവശ്യകത SBD - Part III - Special Conditions of Contract - Clause 16 ൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂരിഭാഗം പ്രവൃത്തികളും 5 ലക്ഷത്തിൽ താഴെ എസ്റ്റിമേറ്റ് തുക വരുന്നവയായതിനാലും പ്രവൃത്തികളുടെ എണ്ണം വളരെയധികമാണെന്നതിനാലും ഇത്തരം പ്രവൃത്തികൾക്കും Technical Personnel ന്റെ സേവനം ലഭ്യമാക്കേണ്ടതുണ്ട്.

5 ലക്ഷത്തിൽ കുറവ് എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക് ഐ.ടി.ഐ സിവിൽ/ വി.എച്ച്.എസ്.ഇ സിവിൽ സർട്ടിഫിക്കറ്റ് ഉള്ള ഒരാളെ കരാറുകാരൻ നിർബന്ധമായും ചുമതലപ്പെടുത്തേണ്ടതാണെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. ഇപ്രകാരമുള്ള Technical Personnel നെ കരാറുകാരൻ നിയമിക്കാത്ത സാഹചര്യത്തിലുള്ള തുടർ നടപടികൾക്കും 5 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികളുടെ Technical Personnel ന്റെ കാര്യത്തിലും SBD പ്രകാരമുള്ള നിബന്ധനകൾ തന്നെ ബാധകമാക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കുന്ന Technical Personells നെ Certified Construction Professionals അഥവാ CCP എന്ന് നാമകരണം ചെയ്യാവുന്നതാണ്. ഇത് സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അനേകം യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനോടൊപ്പം ഇത്തരം CCPs ന്, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള License നു വേണ്ടിയുള്ളതു പോലെ Registration നിർബ്ബന്ധമാക്കുന്ന പക്ഷം അത് സർക്കാരിലേക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതുമാണ്

9.8 മാലിന്യ സംസ്കരണം

മാലിന്യ സംസ്കരണ പദ്ധതികൾ സാങ്കേതിക വൈദഗ്ധ്യത്തോടുകൂടി നടപ്പിലാക്കേണ്ടവയാണ്. ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളായ STP, FSTP, ETP തുടങ്ങിയവ 100% സാങ്കേതികത്വം നിറഞ്ഞ പ്രവൃത്തികളാണ്. കൂടാതെ മേൽ പ്രവർത്തനങ്ങൾ/പദ്ധതികൾ പരിസ്ഥിതിക്ക് ആഘാതം ഉണ്ടാക്കാതെ നടപ്പിലാക്കേണ്ടതുമാണ്. കേന്ദ്ര/ സംസ്ഥാന തലത്തിൽ പ്രഥമ ശ്രദ്ധ അർഹിക്കുന്ന മാലിന്യ സംസ്കരണ -ശുചിത്വ പദ്ധതികൾക്ക് മേൽനോട്ടം നൽകുന്നതിനായി, എഞ്ചിനീയറിംഗ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ പരിമിതമായ അംഗസംഖ്യ മൂലം പല പ്രവൃത്തികളും കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാറില്ല

എൻവിയോൺമെന്റൽ ബിരുദാനന്തര ബിരുദം (എം ടെക്) ഉള്ള വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് മുൻഗണന നൽകി ജില്ലാതല സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ പ്രത്യക വിഭാഗം രൂപീകരിക്കാവുന്നതാണ്. സംസ്ഥാന തലത്തിൽ ഇത് monitor ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ ഓഫീസിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ ചുമതല നൽകാവുന്നതുമാണ്.

മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപായിത്തന്നെ മാലിന്യ സംസ്കരണത്തിന്റെ നവീന സാങ്കേതിക വിദ്യകളെ കുറിച്ച് പരിശീലന പരിപാടികൾ ജീവനക്കാർക്ക് നൽകേണ്ടതാണ്.

9.9 ഇലക്ട്രിക്കൽ വിഭാഗം

നിലവിൽ 14 ജില്ലാപഞ്ചായത്തുകളിലും അക്രഡിറ്റ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. പദ്ധതിതുകയിൽ നിന്നും ആണ് അവർക്കുള്ള വേതനം നൽകിവരുന്നത്. ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രവൃത്തികൾക്ക് ജില്ലാ പഞ്ചായത്തിലെ അക്രഡിറ്റഡ് ഇലക്ട്രിക്കൽ വിഭാഗവും കോർപ്പറേഷൻ പ്രവൃത്തികൾക്ക് കോർപ്പറേഷൻ അക്രഡിറ്റഡ് ഇലക്ട്രിക്കൽ വിഭാഗവും പ്രവർത്തിച്ചു വരുന്നു. ആയത് ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുന്നു.

ഇലക്ട്രിക്കൽ വിഭാഗം രൂപീകരിക്കുന്നതിനായി ജില്ലാതലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കീഴിൽ താഴെ പറയുന്ന രീതിയിൽ സ്റ്റാഫ് പാറ്റേൺ കൊണ്ട് വരാവുന്നതാണ്

- അസിസ്റ്റന്റ്എക്സിക്യൂട്ടീവ്എഞ്ചിനീയർ ഇലക്ട്രിക്കൽ - 1
- അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ - 2

ഇലക്ട്രോണിക്സ് വിഭാഗം

നവീന വിവര സാങ്കേതിക വിദ്യകളും ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും സുശക്തമായ ഇലക്ട്രോണിക്സ് വിഭാഗം അനിവാര്യമാണ്

മെക്കാനിക്കൽ വിഭാഗം

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വാഹനങ്ങളുമായി ബന്ധപ്പെട്ട ചുമതലകളടക്കം മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ചെയ്യേണ്ട പ്രവർത്തനങ്ങൾ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്. സിവിൽ എഞ്ചിനീയറിംഗ് പഠിച്ച ഓവർസിർമാരും എഞ്ചിനീയർമാരും മെക്കാനിക്കൽ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്നത് തികച്ചും തെറ്റായ രീതിയും ഓഡിറ്റ് / വിജിലൻസ് കേസുകൾക്ക് ജീവനക്കാർ വിധിക്കപ്പെടുന്ന അവസ്ഥ വരുന്നതുമാണ്.

ഇതിന് പരിഹാരമെന്നവണ്ണം ശക്തമായ ഒരു മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം വകുപ്പ് കൊണ്ടുവരേണ്ടതും ഗ്രാമ / ബ്ലോക്ക് / ജില്ലാപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളുടെയും മെക്കാനിക്കൽ സ്വഭാവമുള്ള ചുമതലകൾ ഈ വിഭാഗത്തിന്റെ ഉത്തരവാദിത്വമായി കൊണ്ടുവരേണ്ടതുമാണ്

Assistant Engineer (LSGD State Service Special Rule Group 3 Sub Group C)

ജില്ലാതലത്തിൽ - 1 ആകെ - 14 എണ്ണം

Forman Mechanical (LSGD Subordinate Service Special rule Group 3 Sub Group C)

ടേബിൾ 29

ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി	- 3 nos	ആകെ	42
കോർപ്പറേഷൻ	- 1 nos	ആകെ	6
		ആകെ	48 nos

ഈ ഇലക്ട്രിക്കൽ / ഇലക്ട്രോണിക്സ്/ മെക്കാനിക്കൽ വിഭാഗത്തിന്റെ നിയന്ത്രണവും ജില്ല തലത്തിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകാവുന്നതാണ്

9.10 ജൽ ജീവൻ മിഷൻ / ദുരന്ത നിവാരണം / പ്രാദേശിക കാലാവസ്ഥ വ്യതിയാനം

ജൽ ജീവൻ മിഷൻ

ജൽ ജീവൻ മിഷൻ പദ്ധതികൾ ജലവിതരണത്തിൽ മികച്ച സാങ്കേതിക പരിജ്ഞാന മുള്ള എഞ്ചിനീയറിങ് വിഭാഗമായ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നു. ഈ പ്രവൃർത്തികളുടെ തുടർനടത്തിപ്പും പണികളും തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിങ് വിഭാഗം മുഖേന നടപ്പിലാക്കാൻ സാധിക്കുകയില്ല. മുൻപ് പഞ്ചായത്തിന് കൈമാറിയ പല പഞ്ചായത്ത് തല പദ്ധതികളും കൃത്യമായ പുനരുദ്ധാരണത്തിന്റെ അഭാവത്തിൽ നിർജീവമാണ്. ജലജീവൻ പദ്ധതികളുടെ തുടർ പരിപാലനവും മേൽനോട്ടവും KWA മുഖേന തന്നെ തുടരുന്നത് അഭികാമ്യമായിരിക്കും

ദുരന്ത നിവാരണം

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും പ്രകൃതിക്ഷോഭങ്ങൾക്കു കാരണമാകുന്നു മഴ വെള്ളത്തെ മെരുക്കാൻ പര്യാപ്തമായ നീർച്ചാൽ ശൃംഖല ഉറപ്പാക്കുക വഴി പശ്ചിമഘട്ടപ്രദേശങ്ങളിലെ ഉരുൾപൊട്ടലും മണ്ണിടിച്ചിലും പോലുള്ള

ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാനും ഒരു പരിധിവരെ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാനുമാകും .

- അടഞ്ഞുപോയ ജലവഴികൾ തുറക്കാം.
- നിർച്ചാലുകളിലൂടെ സുഗമമായ നീരൊഴുക്ക്സാധ്യമാക്കാം.
- നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കാം.

ദുരന്തനിവാരണവുമായി ബന്ധപ്പെട്ട വിവിധ ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള മാപ്പുകൾ ജില്ലാതല ദുരന്തനിവാരണ അതോറിറ്റിക്കും തദ്ദേശസ്ഥാപനങ്ങൾക്കും ദുരന്തമുഖത്ത് ഏറ്റവും പ്രഥമസ്ഥാനീയരെന്നതിനാൽ ജനപ്രതിനിധികൾക്കും ലഭ്യമാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയും

പ്രാദേശിക കാലാവസ്ഥ വ്യതിയാനം

കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കാൻ കഴിയുന്നതരത്തിലുള്ള നിർമ്മാണസാമഗ്രികളും നിർമ്മാണരീതികളും കണ്ടുപിടിക്കാൻ റിസർച്ച് പ്രോജക്ട്കൾ ഏർപ്പെടുത്തേണ്ടതും ആയവ കൃത്യമായി നിരീക്ഷിക്കപ്പെടേണ്ടതുമാണ്. ഉചിതമായ രീതികളും സാമഗ്രികളും വ്യാപകമായ ഉപയോഗത്തിനു നിർദ്ദേശിക്കപ്പെടേണ്ടതാണ്. തദ്ദേശസ്വയംഭരണവകുപ്പ് മുഖാന്തിരംനിർവ്വഹിക്കുന്ന മരാമത്ത്പ്രവർത്തികൾ പ്രാദേശിക കാലാവസ്ഥ വ്യതിയാനത്തെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കുന്നതരത്തിലും, പ്രകൃതിക്കിണങ്ങുന്ന തരത്തിലുള്ളതും, ഊർജ്ജസംരക്ഷണവും ഊർജ്ജക്ഷമതയും ഉറപ്പു വരുത്തുന്ന തരത്തിലുള്ളതാക്കുവാൻ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കേണ്ടതുണ്ട്. ആയതിനു പ്രത്യേക പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നത് അത്യാവശ്യമാണ്.

നിർമ്മാണ വ്യവസായ രംഗത്തെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് പുനരുപയോഗം ചെയ്ത വസ്തുക്കൾ, ഊർജ്ജ ക്ഷമത, ഹരിത കെട്ടിട രൂപകൽപ്പനകൾ, ഉത്തരവാദിത്ത വിഭവ മാനേജ്മെന്റ് എന്നിവ ഉൾക്കൊള്ളുന്ന ഒരു ബഹുമുഖ സമീപനം ആവശ്യമാണ്. സുസ്ഥിരമായ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിലൂടെ, കൂടുതൽ പ്രതിരോധശേഷിയുള്ളതും പരിസ്ഥിതി ബോധമുള്ളതുമായ ഭാവി കെട്ടിപ്പടുക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർണായക പങ്ക് വഹിക്കാനാകും.

10. ചെലവുകളും നേട്ടങ്ങളും – വിശകലനം

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം കാലോചിതമായി മെച്ചപ്പെടുത്തി കൂടുതൽ ജനസൗഹൃദമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും അവശ്യം വേണ്ട മാനവ ശേഷി വികസനം സംബന്ധിച്ച ശുപാർശകളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ആവശ്യമായ സാങ്കേതിക തസ്തികകൾക്ക് മാത്രം വേണ്ടിവരുന്ന ചെലവുകളാണ് ചേർത്തിട്ടുള്ളത്.

CMD നടത്തിയ തസ്വഭവസ്ഥാപനങ്ങളിലെ ജോലി ഭാര പഠനത്തിന്റെ കണ്ടെത്തലുകളും വിവിധ കോണുകളിൽ നിന്നുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് സമിതി ശുപാർശ ചെയ്യുന്ന തസ്തികകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

ടേബിൾ 30

ജീവനക്കാരുടെ തരം	CMD റിപ്പോർട്ട് പ്രകാരം ആവശ്യമായ ജീവനക്കാരുടെ എണ്ണം	നിലവിലുള്ള ജീവനക്കാരുടെ എണ്ണം	CMD റിപ്പോർട്ട് പ്രകാരം അധികം ആവശ്യമായ ജീവനക്കാരുടെ എണ്ണം	നിലവിൽ ശുപാർശ ചെയ്തിരിക്കുന്ന ജീവനക്കാരുടെ എണ്ണം
ഓവർസിയർ	4320	2762	1558	1464
അസിസ്റ്റന്റ് എഞ്ചിനീയർ	2753	1208	1545	235
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	457	181	246	134
എക്സിക്യൂട്ടീവ് എഞ്ചിനീയർ	81	38	43	36
സൂപ്രണ്ടിംഗ് എഞ്ചിനീയർ (ജില്ലകളിൽ)	14	0	14	14

ശമ്പള ഇനത്തിൽ മേൽ തസ്തികകൾക്ക് പ്രതീക്ഷിക്കുന്ന ചെലവ് ചുവടെ ചേർക്കുന്നു.

ടേബിൾ 31

Salary of Staff - Proposed for Creation Design & Quality Control Wing							
Designation	Scale of Pay			Avg Pay	(Avg Pay +DA)	One Year Salary	No of Posts	Total Commitments
1	2			(3) = Avg /(2)	(4)= (3)*1.09	(5)= (4) x13	6	₹ 7
Chief Engineer	₹ 129,300	-	₹ 166,800	₹ 148,050	₹ 161,375	₹ 2,097,875	1	**₹ 2,097,875**
Superintending Engineer	₹ 118,100	-	₹ 163,400	₹ 140,750	₹ 153,418	₹ 1,994,434	14	**₹ 27,922,076**
Executive Engineer	₹ 95,600	-	₹ 153,200	₹ 124,400	₹ 135,596	₹ 1,762,748	36	**₹ 63,458,928**
Assistant Executive Engineer	₹ 59,300	-	₹ 120,900	₹ 90,100	₹ 98,209	₹ 1,276,717	134	**₹ 171,080,078**
Assistant Engineer	₹ 55,200	-	₹ 115,300	₹ 85,250	₹ 92,923	₹ 1,207,999	235	**₹ 283,879,765**
First Grade Overseer	₹ 37,400	-	₹ 79,000	₹ 58,200	₹ 63,438	₹ 824,694	792	**₹ 653,157,648**
Second Grade Overseer	₹ 31,100	-	₹ 66,800	₹ 48,950	₹ 53,356	₹ 693,628	630	**₹ 436,985,640**
Third Grade Overseer	₹ 26,500	-	₹ 60,700	₹ 43,600	₹ 47,524	₹ 617,812	42	**₹ 25,948,104**
Total							1884	**₹ 1,199,498,495**
							119.95	Crores

1884 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഒരു വർഷം ആകെ ചെലവ് കണക്കാക്കിയിരിക്കുന്നത് 119.95 കോടി രൂപയാണ്. ആവശ്യത്തിന് സാങ്കേതിക വിഭാഗം ജീവനക്കാർ ഇല്ലാത്തതിനാൽ മാരാമത്ത് പണികളുടെ നടത്തിപ്പിനായി മാത്രം സംസ്ഥാന സർക്കാരിന് ഭീമമായ തുക ചെലവ് ഉണ്ടാകുന്നുണ്ട്

ആർക്കിടെക്ചർ ഡിസൈൻ, സ്ട്രക്ച്ചറൽ ഡിസൈൻ, മുതലായവ തയ്യാറാക്കുന്നതിന് ഗവ.എഞ്ചിനീയറിങ് കോളേജ്, പ്രൈവറ്റ് എഞ്ചിനീയറിങ് കോളേജ്, പ്രൈവറ്റ് കൺസൾട്ടൻസി മുതലായ സ്ഥാപനങ്ങൾക്ക് പ്രതിവർഷം ഏകദേശം 16 കോടി രൂപ ചെലവാകുന്നുണ്ട്.

വിവിധ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന സ്പെഷ്യൽ പ്രോജക്ടുകളുടെ നിർവഹണത്തിനായി പി എം സി / നോൺ പി എം സി കൾക്ക് സെന്റേജ് ചാർജിനത്തിൽ പദ്ധതി അടങ്കൽ തുകയുടെ ശരാശരി 4% വരെ ചെലവാകുന്നു.

ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നിർവഹണത്തിനായി ജില്ലാതല ടെക്നിക്കൽ കമ്മറ്റിയിലെ പാനൽ എഞ്ചിനീയേഴ്സിനെ പദ്ധതി അടങ്കൽ തുകയും 2.5 ശതമാനം

തുക ചെലവാകുന്നുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റ് വകുപ്പിൽ നിന്നോ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നോ താൽപ്പര്യമുള്ള ജീവനക്കാരെ നിയമിക്കാവുന്നതാണ്.

ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിൽ ഇല്ലാത്തതിനാൽ മറ്റ് സ്ഥാപനങ്ങൾ മുഖേനെ സെക്കൻഡറി പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വലിയ ഒരു തുക ചെലവാകുന്നുണ്ട്.

വകുപ്പിൽ പരിമിതമായ പ്രമോഷൻ സാധ്യത മാത്രം ഉള്ളതിനാൽ 2021 ലെ കണക്ക് പ്രകാരം വകുപ്പിലെ 98 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശമ്പള സ്കെയിലിൽ ശമ്പളം വാങ്ങുന്നവരും 495 അസിസ്റ്റന്റ് എഞ്ചിനീയർമാർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശമ്പള സ്കെയിലിൽ ശമ്പളം വാങ്ങുന്നവരും ആണ്. അതുപോലെതന്നെ ഓവർസിയർമാരിലും തൊട്ടു മുകളിലുള്ള തസ്തികയുടെ ശമ്പള സ്കെയിലിൽ ശമ്പളം വാങ്ങുന്ന നല്ലൊരു വിഭാഗം ഉണ്ട്. ആയതിനാൽ ഉയർന്ന ശമ്പള സ്കെയിൽ ഉള്ള തസ്തികകൾ സൃഷ്ടിക്കുമ്പോൾ യഥാർത്ഥത്തിൽ കുറഞ്ഞ ശമ്പള സ്കെയിൽ ഉള്ള താഴെത്തട്ടിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായിട്ടുള്ളത് തുക മാത്രമാണ് ചിലവാകുന്നത്.

സ. ഉ. (സാധാ) നം 980/2023/WRD, തീയതി 8/12/2023 പ്രകാരം ജലസേചന വകുപ്പിൽ നിലനിൽക്കുന്ന 4203 താൽക്കാലിക തസ്തികകൾ ക്രമീകരിക്കേണ്ടതാണ് എന്നും അധികം വരുന്ന തസ്തികകൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യണമെന്നും സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

സമാനരീതിയിൽ വിവിധ വകുപ്പുകളിൽ ഉള്ള അധിക തസ്തികകൾ കണ്ടെത്തി LID & EW വിഭാഗത്തിന് ആവശ്യമായ തസ്തികൾ സൃഷ്ടിക്കുന്നതിനുള്ള തസ്ഥവ ക്രമീകരണം നടത്താവുന്നതാണ്.

IKM സുലേഖ സോഫ്റ്റ് വെയർ കണക്കു പ്രകാരം 2020 - 21, 2021-22, 2022-23 വർഷങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പ്ലാൻ പദ്ധതികളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ടേബിൾ 32

ക്രമ നം	തദ്ദേശ സ്ഥാപനം	ചെലവ് (ശതമാനം)
1.	ജില്ലാ പഞ്ചായത്തുകൾ	48.20
2.	ബ്ലോക്ക് പഞ്ചായത്തുകൾ	59.02
3.	മുനിസിപ്പാലിറ്റികൾ	42.52
4.	കോർപ്പറേഷനുകൾ	41.30
5.	ഗ്രാമ പഞ്ചായത്തുകൾ	56.41

ഒരു വർഷം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കുമായി അനുവദിക്കുന്നത് ഏകദേശം 7000 കോടി രൂപയാണ്. ഇതിൽ ഏകദേശം 3500 കോടി രൂപ മാത്രമാണ് (ശരാശരി 49.5%) ഒരു വർഷം ചെലവാക്കാൻ സാധിക്കുന്നത്. ഓരോ സാമ്പത്തിക വർഷവും വിവിധ ഫണ്ട് ഉപയോഗിച്ച് ധാരാളം പ്രവൃർത്തികൾ നടപ്പിലാക്കേണ്ടിവരുമ്പോൾ സാങ്കേതിക ജീവനക്കാരുടെയും സാങ്കേതിക സൗകര്യങ്ങളുടെയും കുറവുമൂലം പദ്ധതികൾ അതത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നു. തൊട്ടടുത്ത വർഷം മേൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി വലിയ ഒരു തുക സ്പിൽ ഓവർ ഇനത്തിൽ മാറ്റി വയ്ക്കേണ്ടതായി വരുന്നു. പുതിയ തസ്തികകളും സൗകര്യങ്ങളും വർദ്ധിക്കുന്നത് മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതതു വർഷങ്ങളിലെ ചെലവിനത്തിൽ കാര്യമായ വർദ്ധനം ഉണ്ടാക്കാവുന്നതും സ്പിൽ ഓവർ പദ്ധതികൾക്കായി നീക്കി വയ്ക്കേണ്ട തുക കുറയ്ക്കാവുന്നതുമാണ്.

11. ഉപസംഗ്രഹം

തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഭരണപരവും വ്യവസ്ഥാനുസാരമായതും സാങ്കേതികവുമായ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ചു പഠിച്ചു ഈ വിഭാഗത്തിനെ ആധുനിക സാങ്കേതിക നൈപുണ്യത്തോടെ പ്രവർത്തിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ നിർദേശിക്കുന്നതിനായാണ് G.O.(Rt.)No.1722/2023/LSGD Dt. 23.08.2023 ഉത്തരവ് പ്രകാരം ശ്രീ.സുന്ദരൻ കെ., റിട്ട. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് ചെയർമാനായി കമ്മറ്റി രൂപീകരിച്ചത്.

സംസ്ഥാനത്തെ ഏറ്റവും വലിയ സാങ്കേതിക തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിങ് വിഭാഗം ഇതര സാങ്കേതിക വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി ബൃഹത്തായതും വളരെയധികം വിഭിന്നവുമായ ജോലികൾ കൈകാര്യം ചെയ്യുന്ന വിഭാഗമായതിനാൽ ആവശ്യമായ വിവരങ്ങൾ ക്രോഡീകരിക്കുന്നതും വിശകലനം നടത്തുന്നതും വളരെ സങ്കീർണ്ണം ആയിരുന്നു. വിവിധ സംഘടനകളെയും ത്രിതല പഞ്ചായത്ത് / മുനിസിപ്പൽ തുടങ്ങിയ അധ്യക്ഷന്മാരുടെ സംഘടനകളേയും നേരിൽ കേൾക്കുകയും വകുപ്പിൽ ചേർന്ന് ഉപേക്ഷിച്ച് പോയവരെയും ഓൺലൈനായി കേൾക്കുകയും ചെയ്തു. കൂടാതെ വകുപ്പിലെ ജീവനക്കാരുമായും ചർച്ചകൾ നടത്തി. ജീവനക്കാരുടെ ജോലി ഭാരം സംബന്ധിച്ച CMD നടത്തിയ പഠനം, സമയ പഠനം തുടങ്ങി രീതി ശാസ്ത്രത്തിൽ വിവരിച്ചിരിക്കുന്ന വിവിധ ഉപാധികൾ ഉപയോഗിച്ച് തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവകുപ്പ് സാങ്കേതിക വിഭാഗം രൂപീകൃതമായ കാലത്തുനിന്നും തികച്ചും വ്യത്യസ്തമായി, മാറിയ സാഹചര്യത്തിൽ നൂതന സാങ്കേതിക രീതികൾ ഉപയോഗിക്കുന്നതിനും സമൂഹത്തിനു ഗുണകരമാകുന്നതിനും വകുപ്പിനെ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. സമിതിക്കു നൽകിയ പരിഗണനാ വിഷയങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഈ വിഭാഗത്തിനെ മെച്ചപ്പെടുത്താൻ ആവശ്യമായ കണ്ടെത്തലുകളും ശുപാർശകളും പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നു. പ്രൊഫഷണൽ യോഗ്യത ഉള്ള ജീവനക്കാരുടെ സേവനം സമൂഹത്തിനു ഉറപ്പു വരുത്തുന്നതിന് ഈ പഠന റിപ്പോർട്ട് സഹായകരമാകട്ടെ.

അനുബന്ധം 1

സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ

1) സെൻ കമ്മിറ്റി റിപ്പോർട്ട്

1997 നു മുമ്പ് കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അന്ന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഉണ്ടായിരുന്നു. നഗരസഭ തന്നെ രണ്ടു തരത്തിലാണ് ഉള്ളത്- മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും. ഇതിൽ മുൻസിപ്പാലിറ്റികൾക്കും കോർപ്പറേഷനും സ്വന്തമായി എഞ്ചിനീയറിങ് വിഭാഗം ഉണ്ടായിരുന്നു. ഇത് കൂടാതെ 40 ഗ്രേഡ് 1 പഞ്ചായത്തുകൾക്ക് സ്വന്തമായി അസിസ്റ്റന്റ് എഞ്ചിനീയറും മറ്റു ചില വലിയ ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി ഓവർസിയറും ഉണ്ടായിരുന്നു. മുകളിൽ പറഞ്ഞത് കൂടാതെ ഗ്രാമപഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സുകൾ പോലുള്ള വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേരള റൂറൽ ഡെവലപ്മെന്റ് ബോർഡ് എന്ന സ്ഥാപനം സാങ്കേതിക സഹായം നൽകി വന്നിരുന്നു. ഇതിന് മിക്ക പോസ്റ്റുകളും പിഡബ്ല്യുഡി യിലെ കേഡർ പോസ്റ്റുകൾ ആയിരുന്നു. ഇത് കൂടാതെ പിഡബ്ല്യുഡി ഒരു ലോക്കൽ വർക്ക് ഗ്രൂപീകരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടുന്ന സാങ്കേതിക സഹായം ചെയ്തു വന്നിരുന്നു.

1955 നിലവിൽ വന്ന ബ്ലോക്ക് സംവിധാനം കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ വൻതോതിൽ വികസനം ഗ്രാമീണ മേഖലയിൽ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമവികസന ബ്ലോക്കിന് ആദ്യകാലം മുതൽക്ക് തന്നെ ശക്തമായ സാങ്കേതിക സംവിധാനം സ്വന്തമായിട്ട് ഉണ്ടായിരുന്നു. പിഡബ്ല്യുഡിയുടെ കേഡർ തസ്തികയിൽ എക്കാലവും ഓസിയ അസിസ്റ്റന്റ് എഞ്ചിനീയർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ സേവനം എക്കാലവും ലഭിച്ചിരുന്നു. ഡി ആർ ഡി എ യ്ക്ക് ആയിരുന്ന സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയന്ത്രണം എങ്കിലും കേന്ദ്ര ആവശ്യകൃത പദ്ധതികൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടും അതെല്ലാം വളരെ ഭംഗിയായി നടപ്പിലാക്കുവാൻ ബ്ലോക്കിനും സാങ്കേതിക വിഭാഗം ജീവനക്കാർക്കും കഴിഞ്ഞു.

എന്നാൽ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടും കേരള മുൻസിപ്പാലിറ്റി ആക്ടും നിലവിൽ വന്നതിനു ശേഷം സംസ്ഥാന ഗവൺമെന്റിന്റെ മൂന്നിൽ ഒന്ന് വരുന്ന ബഡ്ജറ്റും പ്രധാനപ്പെട്ട വകുപ്പുകളിലെ ജില്ലാതലം വരെയുള്ള ഉദ്യോഗസ്ഥരെയും സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. ഇതിൽ കെട്ടിടങ്ങൾ, പാലങ്ങൾ, ജലസേചന കുടിവെള്ള പദ്ധതികൾ സർവ്വവിധ മരാമത്ത് പണികളും ഉൾപ്പെടും. ചുരുക്കിപ്പറഞ്ഞാൽ താഴെപ്പറയുന്ന ചുമതലകൾ സംസ്ഥാന ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി.

- മറ്റ് ജില്ലാ റോഡുകളും ഗ്രാമീണ റോഡുകളും അതിന്റെ അറ്റകുറ്റപ്പണികളും
- വികസന വകുപ്പുകളുടെ കെട്ടിടങ്ങളുടെ നിർമാണവും അറ്റകുറ്റപ്പണികളും
- നദികളിൽ ഒഴിച്ചുള്ള ജലസേചന പദ്ധതികൾ

- ചെറുകിട കുടിവെള്ള പദ്ധതികൾ

ഇത്തരത്തിൽ ചുമതലകൾ കൈമാറിയതിന് ഒപ്പം തത്തുല്യമായ ഉദ്യോഗസ്ഥരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറി.

സെന്റ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയ സമയത്ത് ബെഞ്ച് മാർഗ്ഗം തിയതിയായി കണക്കാക്കിയത് 1-4-1998 ആണ്. അന്ന് ഉണ്ടായിരുന്ന റോഡുകളുടെ കണക്ക് താഴെ കൊടുക്കുന്നു

Category wise

State Highways	4168.883	Kms
Major District Roads	6887.008	Kms
Other District Roads	8707.531	Kms
Village Roads	2494.515	Kms
Total	22257.937	Kms
Surface wise		
Cement Concrete	9.817	Kms
Black topped	19960.009	Kms
Water Bound macadam	315.063	Kms
Others	1973.048	Kms
Total	22257.937	Kms

ആകെ ഉണ്ടായിരുന്ന 22,257.937 km റോഡിൽ 11,202.046 km റോഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി.

പൊതു കെട്ടിടങ്ങളുടെ കാര്യത്തിൽ അന്നുണ്ടായിരുന്ന കെട്ടങ്ങളുടെ മൂന്നിൽ രണ്ടു ഭാഗവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. കൂടാതെ കേരള റൂറൽ ഡെവലപ്മെന്റ് ബോർഡ് അന്ന് ചെയ്തുവന്നിരുന്ന എല്ലാ പ്രവൃത്തികളും, NABARD, MLA SDF, MPLADS തുടങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തുവന്നിരുന്ന എല്ലാം പ്രവൃത്തികളും പുനർവിന്യാസം ചെയ്യപ്പെട്ട എഞ്ചിനീയറിങ് വിഭാഗത്തിന്റെ ചുമതലയിൽ വന്നു.

സർക്കാരിന്റെ മൂന്നിൽ ഒന്ന് ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയപ്പോൾ തത്തുല്യമായ ഉദ്യോഗസ്ഥ പുനർ വിന്യാസവും അന്ന് നടത്തിയിരുന്നു. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പുനർവിന്യാസം നടത്താൻ ശുപാർശ ചെയ്ത ഉദ്യോഗസ്ഥരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

കേരള റൂറൽ ഡെവലപ്മെന്റ് ബോർഡിൽ നിന്നും പുനർവിന്യസിക്കുന്നത്

Superintending Engineer	1
Assistant Executive Engineer	5
Assistant Engineer	14
Draftsman-overseer	59
Total	79

കേരള പൊതുമരാമത്ത് വകുപ്പ് ബിൽഡിങ് സിൽ നിന്നും പുനർ വിന്യസിക്കുന്നത്

Category	Total Staff	Staff to be transferred
Chief Engineer	1	-
Superintending Engineer	5	3
Executive Engineer	20	12
Assistant Executive Engineer	75	45
Assistant Engineer	189	130
Draftsman-Overseer	923	550
Total	1213	740

കേരള പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിൽ നിന്നും പുനർവിന്യസിക്കുന്നത്

Category	Total Staff	Staff to be transferred
Chief Engineer	1	
Superintending Engineer	4	2
Executive Engineer	20	10
Assistant Executive Engineer	89	45
Assistant Engineer	232	130
Draftsman-Overseer	1076	530
Total	1422	717

മൈനർ ഇറിഗേഷൻ വിഭാഗത്തിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വിഭാഗത്തിൽ നിന്നും പുനർവിന്യസിക്കുന്നത്

Superintending Engineer	3
Assistant Executive Engineer	14
Assistant Engineer	62
Draftsman	175
Total	642

കേരള ജലസേചന വകുപ്പ് പ്രോജക്ടുകളിൽ നിന്നും പുനർ വിന്യസിക്കുന്നത്

Category	Total Staff (excluding Minor Irrigation)	Staff to be transferred
Chief Engineer	8	1
Superintending Engineer	19	10
Executive Engineer	79	40
Assistant Executive Engineer	277	153
Assistant Engineer	732	501
Draftsman-Overseer	2541	1250

പൊതുമരാമത്ത് വകുപ്പിൽ നിന്നും ജലസേചന വകുപ്പിൽ നിന്നും ആകെ പുനവിന്യസിക്കുന്നത്

അപ്രകാരം പുനർവിന്ന്യാസം ചെയ്യാൻ തീരുമാനിച്ച ആകെ ഉദ്യോഗസ്ഥരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

	PWD	Irrigation	Total
Chief Engineer	1	1	2
Superintending Engineer	6	13	19
Executive Engineer	22	54	76
Assistant Executive Engineer	95	215	310
Assistant Engineer	274	676	950
Draftsman-Overseer	1139	1892	3031
Total	1537	2851	4388

എന്നാൽ പുനർ ചെയ്യാൻ തീരുമാനിച്ച ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലം പുനർ ചെയ്യാൻ തീരുമാനിച്ച അത്രയും ഉദ്യോഗസ്ഥർ പിന്നീട് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലേക്ക് വന്നിട്ടില്ല.

ഇതിൽ 19 സൂപ്രണ്ടിംഗ് എഞ്ചിനീയർമാരിൽ 14 പേരെ 14 ജില്ലാ പഞ്ചായത്തുകളിൽ നിയമിക്കുന്നതിനും, 76 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ നിന്നും 42 പേരെ മൂന്നുപേര് വെച്ച് 14 ജില്ലാ പഞ്ചായത്തുകളിലും, 310 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ മൂന്ന് വീതം 14 ജില്ലാ പഞ്ചായത്തുകളിൽ 42 പേരെ നിയമിക്കുന്നതിനും സെൻ കമ്മിറ്റി ശുപാർശ ചെയ്തു. എന്നാൽ ഇതൊന്നും സംഭവിച്ചില്ല എന്ന് മാത്രമല്ല ജോലിഭാരം അന്നത്തേതിൽ നിന്നും ഇന്ന് വളരെയധികം വർദ്ധിച്ചിട്ടുമുണ്ട്.

നിലവിലെ ഘടന

Category	Total
Chief Engineer	2
Superintending Engineer	10
Executive Engineer	52
Assistant Executive Engineer	235
Assistant Engineer	1296
Draftsman-Overseer	3115
Total	4710

സെൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം പുനർ വിന്യാസം ചെയ്യാൻ ഉദ്ദേശിച്ച ജീവനക്കാരുടെ എണ്ണവും, നിലവിലുള്ള ജീവനക്കാരുടെ എണ്ണവും - ഒരു താരതമ്യ പഠനം.

Category	Sen Committee	Actual	Shortage
Chief Engineer	2	2	
Superintending Engineer	19	10	9
Executive Engineer	76	52	24

Assistant Executive Engineer	310	235	75
Assistant Engineer	950	1296	
Draftsman-Overseer	3031	3115	
Total	4388	4710	

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എന്ന രീതിയിൽ പിന്നീട് പോസ്റ്റിങ്ങ് പൂർത്തിയാക്കിയപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എണ്ണവും അനുബന്ധ ഉദ്യോഗസ്ഥരുടെ എണ്ണവും സെൻ കമ്മിറ്റിയിൽ വിഭാവനം ചെയ്തതിനേക്കാൾ കൂടിയിട്ടുണ്ട്. എന്നാൽ അവരുടെ വർക്ക് ലോഡും സെൻ കമ്മിറ്റി റിപ്പോർട്ടിനു ശേഷം പതിൻമടങ്ങ് വർദ്ധിച്ചിട്ടുണ്ട്.

സെൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ ഉണ്ടായിരുന്ന വർക്ക് ലോഡും 2020-21 ലെ വർക്ക് ലോഡും തമ്മിൽ ഒരു താരതമ്യപഠനം

	1990-91	2020-21
Primary Schools	9682	9858
HS	2451	3128
Hospitals	1199	1471
No. of Beds	38726	57995
Roads	22257.937	199953.70 (83.74% of total roads)
HSS		760
VHSS		261

ഇത് കൂടാതെ സംസ്ഥാന മൈനർ ഇറിഗേഷൻ വിഭാഗം ചെയ്തുകൊണ്ടിരുന്ന എല്ലാ ജില്ലാതല പ്രവൃത്തികളും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ചെയ്യുന്നത്. ഇതിൽ പാർശ്വഭിത്തി കെട്ടൽ, തടയണ നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ, കുളം നവീകരണം അടക്കം എല്ലാ പ്രവൃത്തികളും ഉൾപ്പെടും.

ഇപ്പോൾ മൈക്രോ കുടിവെള്ള പദ്ധതികൾ എല്ലാം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ചെയ്യുന്നത്. എന്നാൽ പുനർവിന്യാസസമയത്ത് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ പോലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റിയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികളിലെ ഇലക്ട്രിക്കൽ ജോലികൾ എല്ലാം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ ചെയ്യുന്നുണ്ട്. ഇത് കരാർ ഉദ്യോഗസ്ഥരെ വെച്ച് ഇപ്പോൾ ചെയ്യ പോവുകയാണ്. എന്നാൽ ഈ പ്രവർത്തികൾ എല്ലാം തന്നെ ജനകീയ ആസൂത്രണത്തിന് മുൻപ് PWD യിലെ ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാർ ആയിരുന്നു ചെയ്യുകൊണ്ടിരുന്നത്. ഇത് സെൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ ശ്രദ്ധിക്കാതെ പോയ ഒരു കാര്യമായിരുന്നു. ഇതിന്റെ തിക്തഫലങ്ങൾ ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വളരെ പരിചയസമ്പന്നരായ PWD ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാരുടെ സഹായവും സേവനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ല. എന്നാൽ താരതമ്യേന ലുക കൂടിയ ഇലക്ട്രിക്കൽ പദ്ധതികൾ ചെയ്യുന്നതിന് പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ PWD ഇലക്ട്രിക്കൽ വിഭാഗം ഉദ്യോഗസ്ഥരുടെ സേവനം അഭ്യർത്ഥിക്കാറുണ്ട്. ആ സേവനം ലഭിക്കാറുണ്ടെങ്കിലും സാങ്കേതിക അനുമതി ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും ഒരു താമസം നേരിടാറുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതികൾ മിക്കവാറും എല്ലാം തന്നെ ഏക വർഷ പദ്ധതികൾ ആയതിനാൽ പലപ്പോഴും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ കാരണങ്ങളാൽ ബുദ്ധിമുട്ടുന്നുണ്ട്.

സെൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയ സമയത്ത് ഹയർസെക്കൻഡറി സ്കൂളുകൾ ഒന്നും തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ഇല്ലായിരുന്നു. സെൻ കമ്മിറ്റി റിപ്പോർട്ട് വന്നതിനുശേഷം ആണ് ആയിരത്തിലധികം വരുന്ന ഹയർസെക്കൻഡറി, വിഎച്ച്എസ്എസ് കെട്ടിടങ്ങളുടെ നിർമ്മാണ തദ്ദേശസ്വയംഭരണ എഞ്ചിനീയർ വിഭാഗത്തിന് വന്നു ചേർന്നത്.

അനുബന്ധം 2

പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകളുടെ നിലവിലെ ഘടന

PUBLIC WORKS DEPARTMENT

വിഭാഗങ്ങൾ

1) ഭരണ വിഭാഗം (അഡ്മിനിസ്ട്രേഷൻ)

- പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ വിഭാഗങ്ങളുടെയും ഏകോപനം
- വകുപ്പിലെ ഒരു മുതിർന്ന ചീഫ് എഞ്ചിനിയറാണ് ഈ വിഭാഗത്തിന്റെ മേധാവി
- ഭരണ വിഭാഗത്തിന്റെ പ്രധാന ഉപ വിഭാഗങ്ങൾ താഴെ പറയുന്നവയാണ്

    1. പൊതുഭരണ കാര്യങ്ങൾ:
    2. വിജിലൻസ്
    3. ഇ-ഗവേണൻസ് സെൽ :-
    4. എച്ച്.ആർ.ഡി സെൽ:-

2) നിരത്ത് വിഭാഗം (റോഡ്സ്)

സംസ്ഥാനത്തിന് കീഴിലുള്ള എല്ലാ സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും ആസൂത്രണം, പദ്ധതി തയ്യാറാക്കൽ, നിർമ്മാണം, പരിപാലനം, ക്രമീകരണം എന്നിവയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്.

ഒരു ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലും, ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സീനിയർ ഫിനാൻസ് ഓഫീസർ, ടെക്നിക്കൽ, മറ്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരുടെ പിന്തുണയുണ്ട്.

മേഖല തലത്തിൽ സർക്കിൾ ഓഫീസുകളും ജില്ലാ തലത്തിൽ ഡിവിഷൻ ഓഫീസുകളും താലൂക്ക് തലത്തിൽ സബ് ഡിവിഷൻ ഓഫീസുകളും ഏറ്റവും താഴ്ന്ന തലത്തിൽ സെക്ഷൻ ഓഫീസുകളുമുള്ള ഫീൽഡ് ഓഫീസുകൾ ഉണ്ട്.

3) ബ്രിഡ്ജ്സ് വിഭാഗം

- വിവിധ സോഫ്റ്റ്-വെയറുകളെ സംബന്ധിച്ച് നിരന്തരമായ പരിശീലനം നൽകണം. വിവിധ സോഫ്റ്റ-വെയറുകൾ ഏകീകരിച്ച് ഒറ്റ സോഫ്റ്റ്-വെയർ സംവിധാനം കെ-സ്മാർട്ട് വഴി നടപ്പിലാക്കണം. അനുബന്ധ സോഫ്റ്റ്-വെയറുകൾ ഒഴിവാക്കണം.

4. പദ്ധതി നടപ്പിലാക്കുന്നതിനുള്ള Delegation of Power പുനഃപരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ?

- ഫസ്റ്റ് ഗ്രേഡ്, സെക്കന്റ് ഗ്രേഡ് എന്നീ ഓവർസിയർമാർക്ക് നിർവഹണ ചുമതലാപരിധി കുറഞ്ഞത് ഒരു ലക്ഷമാക്കി ഉയർത്തണം. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ മേൽനോട്ടം ഉറപ്പാക്കണം. നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് വേണ്ട ഡിപ്പാർട്മെന്റൽ ടെസ്റ്റ് ഓവർസിയർമാർക്ക് കൂടി ബാധകമാക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകളിൽ ഫസ്റ്റ് ഗ്രേഡ് / സെക്കന്റ് ഗ്രേഡ് ഓവർസിയറുടെ സേവനം ഉറപ്പുവരുത്തണം. അതോടൊപ്പം

5. നിലവിലെ Staff strength വെച്ച് ഓഫീസുകൾ തൃപ്തികരമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ടോ? അതിനുള്ള നിർദ്ദേശങ്ങൾ?

- ജോലിഭാരം കണക്കിലെടുത്ത് വർക്ക് സ്റ്റഡി നടത്തി ആവശ്യമെങ്കിൽ അധിക തസ്തിക സൃഷ്ടിക്കുകയോ Re-arrangement വഴി staff pattern പുനഃക്രമീകരിക്കുകയോ ചെയ്യണം.

6. കാര്യക്ഷമവും സമയബന്ധിതവുമായ പ്രവർത്തനത്തിന് ആവശ്യമായ Support staff, സൌകര്യങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ?

   - ഓരോ അസിസ്റ്റന്റ് എഞ്ചിനീയർക്കും കുറഞ്ഞത് ഒരു ക്ലർക്കിന്റെയെങ്കിലും സേവനം ഉറപ്പുവരുത്തണം. എഞ്ചിനീയർമാർക്ക് വാഹനസൌകര്യം ഉറപ്പാക്കണം.

7. Building Permit / Occupencyയുമായി ബന്ധപ്പെട്ട് നിലവിൽ നേരിടേണ്ടി വരുന്ന വിവിധ പ്രശ്നങ്ങൾ എന്തെല്ലാം? അവയ്ക്ക് എങ്ങനെ പരിഹാരം കാണാം?

   - KMBR പ്രകാരം എഞ്ചിനീയർമാരുടെ പെർമിറ്റ് പരിധി നിശ്ചയിച്ചിട്ടുണ്ട്. KPBR പ്രകാരവും പെർമിറ്റ് പരിധി നിശ്ചയിക്കേണ്ടതാണ്.
   - ടൌൺപ്ലാനിംഗ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം ബ്ലോക്ക് തലത്തിൽ പുനർവിന്യസിക്കുന്നത് കെട്ടിട നിർമ്മാണ പെർമിറ്റുകൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കുന്നതിന് സഹായകരമാകും.
   - നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം 300 m^2 വരെയുള്ള കെട്ടിടങ്ങൾക്ക് ലൈസൻസിയുടെ Self declaration പ്രകാരം പെർമിറ്റ് നല്കാവുന്നതാണ്. ഈ ഉത്തരവ് നടപ്പിലാക്കേണ്ടതും foundation പൂർത്തീകരണ ഘട്ടത്തിൽ ചുമതലപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ചട്ടം അനുസരിച്ചാണോ നിർമ്മാണം നടക്കുന്നത് എന്നു ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസിയുടെ പെർഫോമൻസ് അനുസരിച്ച് റേറ്റിംഗ് നൽകാവുന്നതാണ്. പ്രധാന പ്രവൃത്തികൾ സോഷ്യൽ ആഡിറ്റിന് വിധേയമാക്കാവുന്നതാണ്.

8. ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് നിലവിൽ appeal committee ഉണ്ടോ? ഉണ്ടെങ്കിൽ ആയത് എങ്ങനെ improve ചെയ്യാം? ഇല്ലെങ്കിൽ എങ്ങനെ കമ്മിറ്റി രൂപീകരിക്കാം?

   - നിലവിലെ ജില്ലാതല അപ്പീൽ കമ്മിറ്റിയിൽ ടൌൺ പ്ലാനിംഗ് എഞ്ചിനീയറുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

9. PWD മാന്വലും Price-3 Software-ഉം LSGDയുടെ നിലവിലുള്ള ഘടനയുമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങൾ?

   - PWD മാന്വലിനോടൊപ്പം LSGD guidelines ഉണ്ടാവണം. Functional manual, Lab manual എന്നിവയും അടിയന്തിരമായി നടപ്പാക്കേണ്ടതുണ്ട്.

- പ്രൈസ് സോഫ്റ്റ്-വെയറിൽ ബ്ലോക്ക് / ജില്ല അസിസ്റ്റന്റ് എഞ്ചിനീയർമാരെ ഇംപ്ലിമെന്റിംഗ് ഓഫീസർമാരാക്കണം.
- Price Software കൂടുതൽ user-friendly ആവണം. ഡാഷ്ബോർഡിൽ present status കാണുന്നതിനുള്ള സംവിധാനം ഒരുക്കണം.
- Price Software-ഉം E-tender Software-ഉം integrate ചെയ്യുന്നത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സമയം ലാഭിക്കുന്നതിനും ഉപകരിക്കും.
- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് ഓഫീസിൽ NIC സ്റ്റാഫിന്റെ സേവനം പ്രയോജനപ്പെടുത്തി Helpdesk സംവിധാനം വിപുലപ്പെടുത്തേണ്ടതാണ്.

10. ഫീൽഡ് സ്റ്റാഫിന്റെ attendence / Casual Leave സംബന്ധിച്ച കാര്യത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ?

- ഇലക്ട്രോണിക്സ് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഫീൽഡ് സ്റ്റാഫുകൾക്ക് മൊബൈൽ പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.
- ലീവ്, അറ്റന്റൻസ് എന്നിവ ഓഫീസ് തല മേധാവിക്ക് ആയിരിക്കണം നല്കേണ്ടത്.

11. വർക്ക് ആക്ടിവിറ്റികൾ, നോൺ വർക്ക് ആക്ടിവിറ്റികൾ, ലീവുകൾ, റലീവിംഗ് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി റിപ്പോർട്ടിംഗ് ചാനലിനുള്ള നിർദ്ദേശങ്ങൾ?

- ഓഫീസ് തല മേധാവിയുടെ അറിവോടു കൂടിയായിരിക്കണം മേൽ പ്രവർത്തനങ്ങൾ നടക്കേണ്ടത്.

12. നിലവിലെ സാഹചര്യത്തിൽ ഭരണസമിതിയും / സെക്രട്ടറിയും, Engineering staffഉം തമ്മിലുള്ള ബന്ധം സംബന്ധിച്ച വിവരങ്ങൾ? മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ?

- ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒറ്റക്കെട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ പദ്ധതി നിർവണം കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയൂ. നിലവിലെ സാഹചര്യത്തിൽ ഭരണസമിതിയും / സെക്രട്ടറിയും, Engineering staffഉം തമ്മിലുള്ള ബന്ധം മെച്ചപ്പെടേണ്ടതായിട്ടുണ്ട്.
- ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പെരുമറ്റം സംബന്ധിച്ച പരിശീലനം നിരന്തരമായി നല്കണം.
- മുനിസിപ്പൽ / കോർപ്പറേഷനുകളിൽ സെക്രട്ടറി അവധിയിൽ പ്രവേശിക്കുമ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കാണ് ചുമതല നല്കുന്നത്. എന്നാൽ ഭരണപരമായ ചുമതല അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിന് തന്നെ നല്കണം.

13. നിലവിൽ ഉയർന്ന തസ്തികയിൽ LSGDയിൽ പ്രവർത്തിച്ചു വരുന്നവർ മറ്റു വകുപ്പുകളിലെ താഴന്ന് തസ്തികയിലേക്ക് ജോലി മാറിപ്പോകുന്നതുമായ എഞ്ചിനീയറിംഗ് / മിനിസ്റ്റീരിയൽ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ?

- അമിതമായ ജോലിഭാരവും ജനപ്രതിനിധികളുടെ നിരന്തരമായ സാങ്കേതിക കാര്യങ്ങളിലുള്ള ഇടപെടലുകളും എഞ്ചിനീയർമാരുടെ കാര്യക്ഷമതയ്ക്ക് തടസ്സമാകുന്നുണ്ട്. ജോലിഭാരം ലഘൂകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി ചുമതല നിർവഹിക്കുന്നതിന് വേണ്ട സൌകര്യം ഉറപ്പാക്കുകയും വേണം.

14. Transfer / Posting / Vigilance matters എന്നിവ ചീഫ് എഞ്ചിനീയറിൽ നിന്നും മാറ്റി നൽകിയത് സംബന്ധിച്ച അഭിപ്രായം?

- ഏകീകൃത വകുപ്പ് യാഥാർത്ഥ്യമായതോടെ വകുപ്പ് മേലധികാരിയായ പ്രിൻസിപ്പൽ ഡയറക്ടർ നിയമനാധികാരിയാണ്

- സാങ്കേതിക വിഭാഗം ജീവനക്കാരുടെ Vigilance matters, സ്ഥലംമാറ്റം, പ്രൊമോഷൻ, പോസ്റ്റിങ് തുടങ്ങിയ പ്രാഥമിക നിർദ്ദേശങ്ങൾ ചീഫ് എഞ്ചിനീയറുടെ ഓഫീസ് തയ്യാറാക്കുന്ന രീതി വേണം.

- സാങ്കേതിക വിഭാഗം ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് മികവ് വിലയിരുത്തുന്നതിനായി താഴെ പറയുന്ന രീതിയിൽ Technical hierarchy പാലിക്കേണ്ടതാണ്.

Officer	Reporting Officer	Reviewing Officer
Assistant Engineer	Assistant Executive Engineer	Superintending Engineer (JD Office)
Assistant Executive Engineer	Executive Engineer (Dist. Panchayath)	Superintending Engineer (JD Office)
Executive Engineer	Superintending Engineer (JD Office)	Chief Engineer
Superintending Engineer	Chief Engineer	Principal Director
Chief Engineer	Principal Director	Govt. Secretary

15. ഗ്രണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി certified construction professionalമാരെ LSGDയിൽ നിയമിക്കുന്നതിനെ സംബന്ധിച്ച അഭിപ്രായങ്ങൾ?

    - ഗ്രണമേന്മ ഉറപ്പാക്കുന്നതിന് certified construction professionalമാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

16. Electrical / Mechanical ജില്ലാതല കമ്മിറ്റികൾക്ക് പകരം സ്ഥിരം സംവിധാനം വരുന്നത് സംബന്ധിച്ച അഭിപ്രായം?

    - ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർ ഓഫീസിന്റെ ഭാഗമായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ എഞ്ചിനീയറിംഗ് വിംഗ് ഉണ്ടാവണം.

    - ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ് വിംഗുകൾ ജില്ലാ തലത്തിൽ രൂപീകരിക്കണം.

    - ജില്ലാതലത്തിൽ ഡിസൈൻ, ക്വാളിറ്റി എന്നീ PWD മാനദണ്ഡപ്രകാരമുള്ള വിംഗുകൾ രൂപീകരിക്കുകയും പരിശീലന ചുമതലകൂടി ഈ വിഭാഗത്തെ ഏൽപ്പിക്കേണ്ടതുമാണ്.

17. Advisor Group (Block / District Level)ൽ വരുന്നത് സംബന്ധിച്ച അഭിപ്രായം?

    - ബ്ലോക്ക് /ജില്ലാ തലത്തിൽ അതാത് മേഖലയിലെ സ്റ്റേക് ഹോൾഡേഴ്സുമാരെ കൂടി ഉൾപ്പെടുത്തി രൂപീകരിക്കാവുന്നതാണ്.

18. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മരാമത്ത് പ്രവർത്തികളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പങ്കിനെ പറ്റിയുള്ള അഭിപ്രായം?

    - നിലവിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മരാമത്ത് പ്രവർത്തികളുടെ ആസൂത്രണത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഇടപെടൽ ഉണ്ടാവുന്നില്ല. മാലിന്യ നിർമ്മാർജ്ജന സാധ്യതകളെ സംബന്ധിച്ച സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായം ഉറപ്പു വരുത്തി പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

    - മാലിന്യ സംസ്കരണത്തിൽ എഞ്ചിനീയർമാർക്ക് ആവശ്യമായ പരിശീലനം നല്കേണ്ടതാണ്.

19. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് നിലവിലുള്ള അപര്യാപ്തത പരിഹരിക്കുന്നിനുള്ള നിർദ്ദേശങ്ങൾ?

- മേജർ പ്രൊജക്ടുകൾ, നൂതന പ്രൊജക്ടുകൾ ഇവയുടെ മേൽനോട്ടത്തിനായി ഒരു Design & Training wing സംസ്ഥാന തലത്തിൽ രൂപീകരിക്കുകയും യോഗ്യതയുള്ളവരെ PSC വഴി പ്രത്യേകം നിയമിക്കുകയും ചെയ്യണം.

20. ജൽജീവൻ പദ്ധതി, ദുരന്ത നിവാരണം, പ്രാദേശിക കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ ജലം ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക സഹായം ആവശ്യമാണ് ആയത് എങ്ങനെ ഉറപ്പാക്കാം എന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

- കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റിന് കാലതാമസം വരുന്നു. ടെസ്റ്റിംഗ് സംവിധാനം വ്യാപിപ്പിക്കണം.
- ദുരന്തനിവാരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുള്ള സമിതിയുടെ പ്രവർത്തനമാണ് വേണ്ടത്. കാലാവസ്ഥാ വ്യതിയാനം ദുരന്തങ്ങൾക്ക് കാരണമാകുന്നത് വ്യക്തമാക്കുന്ന രീതിയിലുള്ള ബോധവൽക്കരണം ഏറ്റെടുത്തുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്.
- വിവിധ സ്റ്റേക് ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി വിപുലമായ രീതിയിൽ പ്രകൃതി വിഭവങ്ങൾ കൈകാര്യം ചെയ്യണം.
- ഉത്പാദന രംഗത്ത് സംയോജിത പദ്ധതികൾ രൂപീകരിക്കുമ്പോൾ എഞ്ചിനീയറിംഗ് വൈദഗ്ധ്യം ഉപയോഗിക്കണം.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

KERALA GAZETTED OFFICERS' UNION
STATE COMMITTEE
KGOU BHAVAN, MANJALIKKULAM ROAD, THIRUVANANTHAPURAM - 695 001. email : statekgou@gmail.com
RECOGNISED BY GOVT. OF KERALA AS PER SL.NO. 257 GO (P) 219/86/GAD Dated 03.07.1986, THIRUVANANTHAPURAM
(Member, National Federation of State Govt. Employees, New Delhi)

PRESIDENT
K.C.SUBRAMANIAN
9446243931

GENERAL SECRETARY
V.M.SHINE
9745554255

TREASURER
B.GOPAKUMAR
9061480466

Date : 17.11;2023

സ്വീകർത്താവ്
ചീഫ് എൻജിനീയർ
തദ്ദേശ സ്വയംഭരണ വകുപ്പ്

സർ,

വിഷയം :- LID&EW എൻജിനീയർമാരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ---- അഭിപ്രായങ്ങളും നിർദ്ദേശങ്ങളും---- സംബന്ധിച്ച്:-
സൂചന:---NO/LSGD/PD/58660/2023//DB1 Dtd 04/10/2023

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മികച്ച പ്രാദേശിക ഭരണത്തിനും പദ്ധതി നിർവഹണവും ലക്ഷ്യമിട്ടാണ് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ചു വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ പൊതു സർവീസ് രൂപീകരിച്ചത്.

എന്നാൽ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചതോടുകൂടി എൻജിനീയറിങ് വിഭാഗം ജീവനക്കാർക്ക് കടുത്ത ആശങ്കയാണ് ഉണ്ടായിട്ടുള്ളത്. സാങ്കേതിക വിഭാഗത്തിനെ സാങ്കേതികതര വിഭാഗത്തെ കൊണ്ട് നിയന്ത്രിക്കുന്നതിനും അവരുടെ അഡ്മിനിസ്ട്രേറ്റീവ് അധികാരങ്ങളും സാങ്കേതിക ശ്രേണി തകിടം മറിച്ചു കൊണ്ടുള്ള ഓഫീസ് ഉത്തരവുകളും ആണ് ആശങ്കയ്ക്ക് കാരണം.

സംസ്ഥാനത്തെ ഏറ്റവും വലിയ എൻജിനീയറിങ് വിഭാഗമാണ് തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗം. അധികാരവികേന്ദ്രീകരണവും പ്രാദേശിക ആസൂത്രണവും ഫലപ്രദമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായ എൻജിനീയറിങ് വിഭാഗം ആവശ്യമാണ്. എഞ്ചിനീയർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എക്സ് ഒഫീഷ്യോ സെക്രട്ടറിമാരായും നിർവഹണ ഉദ്യോഗസ്ഥരും ആയിട്ടാണ് ജോലി ചെയ്യുന്നത്. ആയതിനാൽ അവർ തങ്ങളുടെ ടാർജറ്റ് അനുസരിച്ച് പദ്ധതി നിർവഹണം നടത്തുന്നു. തങ്ങളുടെ താഴെയുള്ള ഉദ്യോഗസ്ഥരെകൊണ്ട് ആ രീതിയിൽ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു. സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമന അധികാരം ഉൾപ്പെടെയുള്ള

ചുമതലകൾ ചീഫ് എൻജിനീയർക്ക് നൽകുന്നതിനായി വിവിധ യോഗങ്ങളിൽ തീരുമാനിച്ചുവെങ്കിലും ഇത് സംബന്ധിച്ച ഒരു ഉത്തരവും നാളിതുവരെ ഉണ്ടായിട്ടില്ല.

എൻജിനീയറിങ് വിഭാഗം തങ്ങൾക്ക് നിയമനാധികാരം ആവശ്യമാണെന്ന് വാദിക്കുന്നത് പ്രധാനമായും സാങ്കേതിക വിഭാഗം ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി കളുടെ അധികാരം സാങ്കേതിക മേലധികാരിക്ക് ഉണ്ടാകണമെന്നതിനാലാണ്. സാങ്കേതിക വിഷയങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നതിനോ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനോ ഒരു സാങ്കേതിക ഇതര ജനറൽ വിഭാഗത്തിലെ ഉദ്യോഗസ്ഥന് സാധിക്കുകയില്ല. പുതുതായി രൂപീകരിക്കപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫീസർമാരിൽ പോലും സാങ്കേതിക വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടില്ല. എൻജിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സാങ്കേതികതര ജീവനക്കാർ പരിശോധിക്കുന്നത് മൂലം തെറ്റായ വ്യാഖ്യാനങ്ങൾ ഉണ്ടാവുകയും അച്ചടക്ക നടപടികൾ മൂലവും മറ്റു പരിമിതമായ പ്രമോഷൻ സാധ്യത പോലും ഇല്ലാതാകുകയും ചെയ്യുന്നു.

നിലവിൽ ത്രിതല പഞ്ചായത്തുകളുടെ മേൽനോട്ട ചുമതല ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും മുൻസിപ്പാലിറ്റികളുടെത് മേഖല ഓഫീസുകളിലെ സൂപ്രണ്ടിംഗ് എൻജിനീയർമാർക്കും കോർപ്പറേഷനിൽ ഇത് വകുപ്പ് ചീഫ് എൻജിനീയർ മാർക്കുമാണ്. ഓരോ ജില്ലയിലും എൻജിനീയറിങ് വിഭാഗത്തിന് ഏകദേശം 70 ഓളം ഓഫീസുകളും 300 മുതൽ 450 വരെ സാങ്കേതിക വിഭാഗം ജീവനക്കാരും ആണുള്ളത്. കോർപ്പറേഷനുള്ള ആറ് ജില്ലകളിലെ ജില്ലാതല ഏകോപന ചുമതല കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എൻജിനീയർക്കും മറ്റുള്ള ഇടങ്ങളിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമാണ് ഏകീകരണത്തിന് ശേഷം നൽകിയിട്ടുള്ളത്. കോർപ്പറേഷനു മായി ബന്ധപ്പെട്ട ചുമതലകൾ സൂപ്രണ്ടിംഗ് എൻജിനീയർക്ക് കോർപ്പറേഷൻ പുറത്തുള്ള ത്രിതല പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ മുതലായ 75ൽ പരം മറ്റ് ഓഫീസുകളും ആയി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിക്കാൻ സാധിക്കുകയില്ല. അതുപോലെതന്നെ ഓരോ ജില്ലയും വ്യത്യസ്ത തസ്തികയിലുള്ള സാങ്കേതികമേലധി കാരിയും ആണ് ഉള്ളത്.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിലവിൽ ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തികൾക്ക് പുറമെ എംഎൽഎ ഫണ്ടുകളും ബഡ്ജറ്റ് വർക്കുകളും കൂടാതെ ജില്ലയിലെ 30 ലക്ഷം രൂപയ്ക്ക് മുകളിൽ ഒന്നേകാൽ കോടി രൂപ വരെയുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തികളുടെ സാങ്കേതിക അനുമതി നൽകൽ,ചെക്ക് മെഷറിംഗ് മുതലായ ജോലികൾ കൂടെയുണ്ട്. ഭരണപരമായ ചുമതലകൾ കൂടാതെയാണ് ഈ ചുമതലകൾ.

ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുമായി ചേർന്ന് ജില്ലാതലത്തിലെ എൻജിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സാങ്കേതിക വിഭാഗത്തിന്റെ ഭരണപരമായ ചുമതലകൾ ഉൾപ്പെടെ മേൽ ഉദ്യോഗസ്ഥനായി വർത്തിക്കുന്നതിനും സൂപ്രണ്ടിങ് എൻജിനീയറെ നിയമിക്കേണ്ടതാണ്. അത്തരത്തിൽ

സൂപ്രണ്ടിംഗ് എൻജിനീയർ തസ്തിക എല്ലാ ജില്ലകളിലും വരുന്നതുമൂലം 2.5 കോടി രൂപ വരെയുള്ള പ്രവർത്തികൾക്ക് അംഗീകാരം ലഭിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനും സാധിക്കും.

തദ്ദേശസ്വയംഭരണ എൻജിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ മാത്രം ഒതുങ്ങുന്നതല്ല . ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തികൾ നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്ത് എൻജിനീയറിങ് വിഭാഗമാണ്. അതിന് മേൽനോട്ടം വഹിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറാണ്. അതുപോലെ എംഎൽഎ ഫണ്ട് എംപി ഫണ്ട് തദ്ദേശസ്വയംഭരണ വുമായി ബന്ധമില്ലാത്ത മറ്റ് വകുപ്പുകളുടെ കണക്കെടുക്കൽ തുടങ്ങി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളാണ് എൻജിനീയറിങ് വിഭാഗത്തിന് ഉള്ളത്. ആയതിനാൽ എൻജിനീയറിങ് വിഭാഗത്തിനെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാ രുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നത് പ്രായോഗികമല്ല. നിലവിലുള്ള പോലെ സാങ്കേതിക വിഭാഗം മേലധികാരികളുടെ നിയന്ത്രണത്തിൽ മാത്രമേ എൻജിനീയറിങ് വിഭാഗത്തിന് ശരിയായ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

മറ്റു വകുപ്പുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ അധികാരങ്ങളും ജോലികളുമാണ് തദ്ദേശ സ്വയംഭരണ എഞ്ചിനീയർമാർക്ക് ഉള്ളത്. മറ്റു വകുപ്പുകളിലെ അസിസ്റ്റന്റ് എൻജിനീയർമാർക്ക് ഒരു പ്രവർത്തികളുടെയും ടെൻഡർ ക്ഷണിക്കുന്നതിനോ കരാറിൽ ഏർപ്പെടുന്നതിനോ അധികാരമില്ലാത്തപ്പോൾ കോടിക്കണക്കിന് രൂപയുടെ ടെൻഡർ വിളിക്കുന്നതിനും കരാറിൽ ഏർപ്പെട്ട് നിർവഹണം നടത്തുന്നതിനുമുള്ള ചുമതലയാണ് തദ്ദേശസ്വയംഭരണ എൻജിനീയർമാർക്കുള്ളത്. ഇ -ടെൻഡർ പ്രൈസ്,സ്കോർ സോഫ്റ്റ് വെയറുകൾ കൂടാതെ ഐ കെ എമ്മിന്റെ വിവിധ സോഫ്റ്റ്വെയറുകൾ കൂടി ഉപയോഗി ക്കേണ്ടതായി വരുന്നു. പബ്ലിക് ഇൻഫർമേഷൻ ഓഫീസിന്റെ ചുമതലകൾ, വിവിധതരം വാലുവേഷൻകൾ, സ്കൂൾ, അംഗൻവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് എന്നിങ്ങനെ നിരവധിയായ ഉത്തരവാദിത്തങ്ങളാണ് എൻജിനീയർമാർക്ക് നിർവഹിക്കാൻ ഉള്ളത്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടവുമായി ബന്ധപ്പെട്ട ചുമതലകളും നിർവഹിക്കേണ്ടതായുണ്ട്. പദ്ധതിവിഹിതത്തിന്റെ 65 ശതമാനത്തിലധികം തുക ചെലവഴിക്കേണ്ടുന്ന സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായ ത്തിലെ എൻജിനീയറിങ് വിഭാഗം ഓഫീസുകളിൽ 682 സ്ഥലത്തും ഒരു ക്ലാർക്ക് തസ്തിക പോലുമില്ല .

916 ഗ്രാമപഞ്ചായത്തുകളിൽ രണ്ട് ഓവർസിയർ തസ്തികയും 17 ഗ്രാമപഞ്ചായത്തുകളിൽ 3 ഓവർസിയർ തസ്തികകളും ഉള്ളപ്പോൾ 8 ഗ്രാമപഞ്ചായ ത്തുകളിൽ ഒരു ഓവർസിയർ തസ്തിക മാത്രമാണ് ഉള്ളത്. ശരാശരി 6 ഗ്രാമപഞ്ചായ ത്തുകൾക്ക് ഒരു ബ്ലോക്ക് തല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറാണ് ഉള്ളത്. ഏകീകരണം മൂലം സാങ്കേതിക മേലധികാരികൾക്ക് തങ്ങളുടെ ഭരണപരമായ അധികാ രങ്ങൾ നഷ്ടപ്പെടുന്നതു മൂലം സാങ്കേതിക വിഷയങ്ങളിൽ തീർപ്പു കൽപ്പിക്കാൻ പോലും

സാങ്കേതിക വിജിലൻസ് വിഭാഗത്തെ നിയമിച്ചതും എൻജിനീയർമാരുടെ ഇടയിൽ കടുത്ത നിരാശയാണ് സൃഷ്ടിച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി എൻജിനീയറിങ് വിഭാഗം ആവശ്യമാണ് എന്ന് കൃത്യമായി മനസ്സിലാക്കി കൊണ്ടാണ് തദ്ദേശ സ്വയംഭരണ എൻജിനീയറിങ് വിഭാഗം രൂപീകരിച്ചത്. അത്തരത്തിൽ രൂപീകൃതമായ എൻജിനീയറിങ് വിഭാഗത്തിന് സർക്കാരാണ് ശമ്പളം നൽകിക്കൊണ്ടിരുന്നത്. ഓരോ വർഷവും സംസ്ഥാന ബജറ്റിലെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നുമാണ് എൻജിനീയറിങ് വിഭാഗത്തിന്റെ ശമ്പളം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത നൽകിവന്നിരുന്നത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ തനത് ഫണ്ടിന്റെ ലഭ്യത കുറവു മൂലം പല സ്ഥാപനങ്ങളിലും ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന സ്ഥിതിയുണ്ട്. എൻജിനീയറിങ് വിഭാഗത്തിന്റെ ശമ്പളവും അത്തരത്തിൽ മുടങ്ങുമോ എന്ന ആശങ്ക ജീവനക്കാർക്കിടയിൽ ഉണ്ട്. ഏകീകൃത വകുപ്പിലെ ജീവനക്കാർക്കും ശമ്പളം സ്പാർക്ക് മുഖേന തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.

സാങ്കേതിക വിഭാഗം ഡി ഡി ഓ മാരെ നിലനിർത്തി സ്പാർക്ക് മുഖേന തന്നെ എല്ലാ ജീവനക്കാർക്കും ശമ്പളം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കണം.

എൻജിനീയറിങ് വിഭാഗത്തിന് ഓൺലൈൻ ട്രാൻസ്ഫർ അപ്ലിക്കേഷനിൽ നിന്നും തങ്ങളുടെ ഓഫീസുകൾ നീക്കം ചെയ്തതിനും തങ്ങളുടെ മേലധികാരികളെ അപ്രൂവർ സ്ഥാനത്തുനിന്ന് മാറ്റിയതിനുമാണ് എതിർപ്പുണ്ടായിട്ടുള്ളത്. ഏകീകൃത വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും നടത്തുന്നതുപോലെ ഓൺലൈൻ ആപ്ലിക്കേഷൻ മുഖേന ട്രാൻസ്ഫർ, മാനദണ്ഡങ്ങൾക്ക് വിധേയമായി നടത്തുന്നതിന് തീരുമാനിക്കേണ്ടതാണ്. ഓൺലൈൻ ആപ്ലിക്കേഷൻ മുഖേന ട്രാൻസ്ഫർ ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാരെ ചീഫ് എൻജിനീയർ മുഖേന മാറ്റി നിയമിക്കണമെന്ന ആവശ്യമാണുള്ളത്.

മേൽപ്പറഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് എൻജിനീയറിങ് വിഭാഗം ജീവനക്കാരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസപൂർവ്വം

ജനറൽ സെക്രട്ടറി

Phone : 0471 - 2314367, 2313776
Fax : 0471 - 2315694
e-mail : ngouniontvpm@gmail.com

KERALA N.G.O. UNION

N. G. O. UNION BUILDING
P.M.G. JN., THIRUVANANTHAPURAM - 695 033

President : M.V. SASIDHARAN
Gl. Secretary : M.A. AJITH KUMAR

30.01.2024

കൺവീനർ (ചീഫ് എഞ്ചിനീയർ)
ടെക്നിക്കൽ കമ്മിറ്റി
തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ് - എഞ്ചിനീയർമാരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ-സംഘടനകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നത് - സംബന്ധിച്ച്

സൂചന:- താങ്കളുടെ 4.10.2023 ലെ LSGD/PD/58660/2023-DBI നമ്പർ കത്ത്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന എൽ.ഐ.ഡി&ഡബ്ല്യു എഞ്ചിനീയർമാരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങളെ സംബന്ധിച്ച് സംഘടനകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുവാൻ ആവശ്യപ്പെട്ടതനുസരിച്ച് യൂണിയന്റെ നിർദ്ദേശങ്ങൾ തയ്യാറാക്കി ഇതോടൊപ്പം തുടർനടപടികൾക്കായി നൽകുന്നു.

വിശ്വസ്തതയോടെ

ജനറൽ സെക്രട്ടറി

കേരള എൻ.ജി.ഒ. യൂണിയൻ, തിരുവനന്തപുരം

1. **ഡി.പി.ആർ തയ്യാറാക്കൽ – സാങ്കേതിക അനുമതി സമയബന്ധിതമായി ലഭ്യമാക്കൽ**

സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളും, ഇതരമേഖലയിൽ എം.പി, എം.എൽ.എ, പ്രളയം, വരൾച്ച, സി.എം.എൽ.ആർ.ആർ.പി., കിഫ്ബി, CADA തുടങ്ങിയ പദ്ധതികളുടെയും ഭാഗമായിട്ടുള്ള മരാമത്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് പൂർണ്ണമായും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാരാണ്. പ്രവർത്തിയുടെ രൂപകൽപ്പനയും നടപ്പിലാക്കലും എല്ലാം ഓരേ ജീവനക്കാരാണ് നിർവ്വഹിക്കുന്നത്. ചെറുതും വലുതുമായ പ്രവർത്തികൾ ഇതേതരത്തിൽ നടപ്പിലാകുമ്പോൾ പ്രവർത്തിയുടെ സാങ്കേതിക കൃത്യതയും ഗുണമേന്മയും ഉറപ്പാക്കുന്നതിന് വേണ്ടത്ര സാധിക്കാറില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് സമാനമായി എൽ.എസ്.ജി.ഡി.യിലും ഡിസൈൻവിംഗ് രൂപീകരിക്കേണ്ടതുണ്ട്. പദ്ധതിയുടെ തുകയ്ക്ക് ആനുപാതികമായി സംസ്ഥാനതലത്തിലും മേഖലാതലത്തിലും വകുപ്പിലെ നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരിൽ നിന്നും വിദഗ്ധരായ ഉദ്യോഗസ്ഥരെ കണ്ടെത്തി ഡിസൈൻവിഭാഗം രൂപീകരിക്കാൻ സാധിക്കും. ഈ വിഭാഗത്തെ ഉപയോഗപ്പെടുത്തി പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കൽ സാങ്കേതികമായ കൃത്യത ഉറപ്പാക്കൽ സാങ്കേതിക അനുമതി ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയും. നിലവിൽ സ്വകാര്യമേഖലയെ ഉപയോഗപ്പെടുത്തി തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന പദ്ധതി ചെലവ് കുറയ്ക്കുന്നതിനും സഹായകമാവും.

(a) തസ്തികകൾ സൃഷ്ടിച്ചോ, പുനർവിന്യാസം നടത്തിയോ, സമാനമായ ഇതരവിഭാഗത്തെ ഉൾപ്പെടുത്തിയോ, ക്വാളിറ്റി കൺട്രോൾ വിഭാഗം, ഡിസൈൻവിംഗ് എന്നിവ രൂപീകരിക്കണം.

(b) ഡി.പി.ആർ. തയ്യാറാക്കുന്നതിൽ ഏകീകൃത സ്വഭാവം വേണം.

(c) ഏപ്രിൽ 1-ാം തീയതിക്കകം പുതിയ വർഷത്തേക്കുള്ള ഡി.പി.സി.കൾ ചേർന്ന് പദ്ധതി അംഗീകരിക്കുകയും തുടർ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും വേണം.

2. **എൻജിനീയറിംഗ് വകുപ്പിന്റെ മെച്ചപ്പെട്ട പ്രവർത്തനക്ഷമത-സംവിധാനത്തിൽ ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുക.**

01-01-2008 ൽ എൻജിനീയറിങ് വിഭാഗം രൂപീകരിക്കുമ്പോൾ ഉള്ളതിനേക്കാൾ വലിയ ജോലിഭാരം ഇന്ന് ആ വിഭാഗത്തിലുണ്ട്. ഈ കാലയളവിനിടയിൽ വകുപ്പിൽ എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടെയും തസ്തിക സൃഷ്ടിക്കുകയും ഓരോ തദ്ദേശ സ്ഥാപനത്തിനും ഒരു എഞ്ചിനീയറിംഗ് വിഭാഗം എന്ന നിലയിൽ പ്രവർത്തനത്തിലേക്ക് എത്തിയിട്ടുണ്ടെങ്കിലും ജോലിഭാരത്തിന് ആനുപാതികമായി ഇനിയും തസ്തികകൾ ഉണ്ടാകേണ്ടതുണ്ട്. ഓരോ പ്രവർത്തിയുടെയും കാര്യക്ഷമമായ നിർവ്വഹണത്തിന് സഹായകമായ തരത്തിൽ മേൽനോട്ടം വഹിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും ജോലിഭാരം തടസം സൃഷ്ടിക്കാറുണ്ട്. ഇക്കാര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കണം.

(I) സാങ്കേതിക വിഭാഗം

വകുപ്പിലെ സാങ്കേതിക മേഖല ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പുതിയ തസ്തികകൾ ഓരോ ഘട്ടത്തിലും സൃഷ്ടിക്കുന്നതിന് പരിശ്രമിച്ചിട്ടുണ്ട്. പദ്ധതികളുടെ എണ്ണം വർദ്ധിച്ചതിന്റെ ഫലമായി സാങ്കേതിക മേഖലയിൽ ജോലിഭാരം വർദ്ധിച്ചിട്ടുണ്ട്. പരിമിതമായ ജീവനക്കാരും, ഒഴിവുള്ള തസ്തികകൾ നികത്തപ്പെടാത്തതിന്റെ ഭാഗമായും പദ്ധതി നിർവ്വഹണം സമയബന്ധിതമായും ഫലപ്രദമായും പൂർത്തിയാക്കാൻ കഴിയാതെ വരുന്നു.

എ) ഗ്രാമപഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും അസി.എഞ്ചിനീയർ, 1/2/3 ഗ്രേഡ് ഓവർസിയർ എന്നീ തസ്തികകൾ ഉണ്ടാവണം.

ബി) വർഷം മുഴുവനും പദ്ധതി ആസൂത്രണം റിവിഷനും ആവർത്തിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കലും മൂലം ധാരാളം സമയം അപഹരിക്കപ്പെടുന്നു. ഇത് പദ്ധതിനിർവ്വഹണത്തെ സാരമായി ബാധിക്കുന്നുണ്ട്. ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള പദ്ധതികൾ മുൻകൂട്ടി നിശ്ചയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രോജക്ട് സെല്ലുകൾ ഉണ്ടാക്കണം.

(II) മിനിസ്റ്റീരിയൽ വിഭാഗം

2008-ൽ എഞ്ചിനീയറിംഗ് വകുപ്പ് രൂപീകരിച്ചപ്പോൾ, പൊതുമരാമത്ത്, ജലസേചന വകുപ്പിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചാണ് മിനിസ്റ്റീരിയൽ ജീവനക്കാരെ വിന്യസിച്ചത്. എഞ്ചിനീയറിംഗ് വകുപ്പ് വിപുലീകരിക്കപ്പെട്ടതിന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പുതിയ സ്ഥാപനം ആരംഭിച്ച് എഞ്ചിനീയർ തസ്തികകളും ഓവർസിയർ തസ്തികകളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിൽ ഓവർസിയർ മുതൽ ചീഫ് എഞ്ചിനീയർ വരെ നിലവിൽ 4508 തസ്തികകൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ ടെക്നിക്കൽ വിഭാഗം ചെയ്യുന്ന പ്രവർത്തനങ്ങൾ പോലെ തന്നെ ഭാരിച്ച ഉത്തരവാദിത്തമാണ് ഭരണനിർവ്വഹണ മേഖലയിലെ മിനിസ്റ്റീരിയൽ വിഭാഗവും നിർവ്വഹിക്കുന്നത്. മാത്രമല്ല, ബൃഹത്തായ നിർമ്മാണ പ്രവർത്തനം സുതാര്യമായി നടപ്പിലാക്കുന്നതിന് ഭരണനിർവ്വഹണ പ്രവർത്തനവും കാര്യക്ഷമമാക്കേണ്ടത് സുപ്രധാനമാണ്. വകുപ്പിന്റെ വളർച്ചയ്ക്ക് അനുസരിച്ചും ഏറ്റെടുക്കുന്ന പദ്ധതികളുടെ ഭാഗമായും സൃഷ്ടിക്കപ്പെട്ട ടെക്നിക്കൽ തസ്തികകളുടെ ആനുപാതികമായോ വകുപ്പിന്റെ വളർച്ചയ്ക്ക് ആനുപാതികമായോ മതിയായ മിനിസ്റ്റീരിയൽ/മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. രൂപീകരണ ഘട്ടത്തിലുള്ള തസ്തികകളാണ് ഇപ്പോഴും തുടരുന്നത്. സൂപ്പർവൈസറി തസ്തികകൾ ഉൾപ്പെടെയുള്ള മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ കേഡർ സ്ട്രെങ്ത് നാളിതുവരെ നിശ്ചയിച്ചിട്ടുമില്ല. വകുപ്പിൽ ആകെയുള്ള 533 ക്ലറിക്കൽ ജീവനക്കാർക്ക് സൂപ്പർവൈസറി കേഡറിലായി 2 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും 1 സീനിയർ സൂപ്രണ്ടും 22 ജൂനിയർ സൂപ്രണ്ടും 22 ഹെഡ്ക്ലാർക്ക് തസ്തികയുമാണ് നിലവിലുള്ളത്. പുനർവിന്യാസത്തിനു മുൻപ് പൊതുമരാമത്ത്, ജലസേചന വകുപ്പിൽ സർവീസിലുണ്ടായിരുന്ന ജീവനക്കാർക്ക് പ്രസ്തുത വകുപ്പിൽ ലഭിച്ചിരുന്ന പ്രൊമോഷൻസാധ്യത പോലും കൂടുതൽ ജോലിഭാരമുള്ള എഞ്ചിനീയറിംഗ് വകുപ്പിന്റെ ഭാഗമായി വന്നവർക്ക് ലഭിക്കാത്ത സ്ഥിതിയുണ്ട്. സൂപ്പർവൈസറി തസ്തികകളുടെ അഭാവം ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. പ്രൊമോഷൻ ലഭിക്കാതെ എൻട്രി കേഡറിൽ തന്നെ വിരമിക്കേണ്ട സാഹചര്യം ജീവനക്കാരുടെ മനോവീര്യത്തെ ദുർബലപ്പെടുത്തുന്നതിനും ഇടയാക്കുന്നു. ഈ സാഹചര്യങ്ങൾ കൂടി പരിഗണിച്ച് താഴെപറയുന്ന കാര്യങ്ങൾ പരിഗണിക്കണം.

(എ) ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ക്ലർക്ക് തസ്തിക സൃഷ്ടിക്കണം.
(ബി) ആവശ്യമായ മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കണം.

3. **മാന്വലിൽ ആവശ്യമായ ഭേദഗതികൾ പ്രൈസ് സോഫ്റ്റ് വെയറിലെ ആവശ്യമായ മാറ്റങ്ങൾ**

വകുപ്പിൽ പൊതുമരാമത്ത് മാന്വൽ ബാധകമാണെങ്കിലും വകുപ്പിന്റെ സവിശേഷതകൾ പരിഗണിച്ചും വകുപ്പിലെ വിവിധ ശ്രേണികളിലുള്ള ജീവനക്കാരുടെ ചുമതലകൾ നിർവചിക്കപ്പെടും വിധം തനതായ മാന്വൽ രൂപീകരിക്കണം. സുലേഖ-പ്രൈസ്-ഇ ടെണ്ടർ-സാംഖ്യ-സങ്കേതം-ഐ.എൽജിഎംഎസ്., കെസ്മാർട്ട് തുടങ്ങി വിപുലമായ സോഫ്റ്റ് വെയറുകൾ വകുപ്പിൽ ഉപയോഗിച്ചുവരുന്നു. പല ഘട്ടങ്ങളിലും ഒരേ ആവശ്യത്തിന് ഒന്നിലധികം സോഫ്റ്റ് വെയറുകൾ ഉപയോഗിക്കേണ്ടി വരുന്നതിനാൽ ജോലിഭാരം വർദ്ധിക്കുന്നതിനും, സമയനഷ്ടത്തിനും കാരണമാകുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിനു കഴിയണം.

(എ) നിലവിലുള്ള സോഫ്റ്റ് വെയറുകളെ ബന്ധിപ്പിച്ച് ഏകീകരിക്കണം.
(ബി) പുതിയ സോഫ്റ്റ് വെയർ സംവിധാനം വകുപ്പിൽ നടപ്പിലാക്കണം.

4. **വകുപ്പിലെ ഭരണ-സാങ്കേതിക നിയന്ത്രണങ്ങൾ - തദ്ദേശ സ്ഥാപന സെക്രട്ടറിയും എഞ്ചിനീയറിംഗ് വിഭാഗവുമായുള്ള ഏകോപനം-തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുമായുള്ള ബന്ധം.**

2008ൽ തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വകുപ്പ് രൂപീകരിച്ച ഘട്ടം മുതൽ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സംവിധാനമാണ് നിലനിന്നിരുന്നത്. ഭരണപരവും സാങ്കേതികപരവുമായ മുഴുവൻ നിയന്ത്രണങ്ങളും ഈ സംവിധാനത്തിന് കീഴിലാണ് ഉണ്ടായിരുന്നത്. ഏകീകൃത പൊതുസർവ്വീസ് നടപ്പിലായതോടെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും എഞ്ചിനീയറിംഗ് വിഭാഗം അതാത് സ്ഥാപനത്തിലെ ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭരണപരമായ നിയന്ത്രണത്തിലേക്ക് മാറ്റപ്പെട്ടിട്ടുണ്ട്. ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുമ്പോൾ സാങ്കേതിക വിഭാഗത്തിന്റെ അഭിപ്രായം തേടേണ്ടതുണ്ടെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രൊഫഷണലിസത്തിന് ഉയർന്ന പരിഗണ നൽകുന്ന തരത്തിലായിരിക്കണം നടപടികൾ സ്വീകരിക്കേണ്ടത്.

5. **ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണ ശേഷം ഭരണപരവും സാങ്കേതികവുമായ നിയന്ത്രണം**

ഭരണപരമായി നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങൾ പൂർണ്ണമായും പ്രിൻസിപ്പൽ ഡയറക്ടറിലേക്കും/ജോയിന്റ് ഡയറക്ടറിലേക്കും മാറിയതോടെ സാങ്കേതിക ജോലികളുടെ നിർവ്വഹണത്തിന്റെ വിവിധ തലത്തിലുള്ള ക്രമീകരണങ്ങൾ പുനർ നിർവ്വചിക്കപ്പെടണം. സാങ്കേതികമായ എല്ലാകാര്യങ്ങളും സാങ്കേതിക വിഭാഗം തന്നെയായിരിക്കണം നിർവ്വഹിക്കേണ്ടത്. അത് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. **ഗുണനിലവാര നിയന്ത്രണം - നിലവിലുള്ള സംവിധാനങ്ങളിലെ വെല്ലുവിളി നേരിടുന്നതിന് സർട്ടിഫൈഡ് കൺസ്ട്രക്ഷൻ പ്രൊഫഷണലുകളെ ഉൾപ്പെടുത്തിയും നൂതനസാങ്കേതിക വിദ്യകളുടെ സംവിധാനങ്ങളെ ഉൾപ്പെടുത്തിയും ഗുണമേന്മ പരിശോധന നടത്തുന്നതിനുള്ള സാധ്യത.**

(എ) പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് നിലവിൽ ജില്ലകളിൽ ആരംഭിച്ചിട്ടുള്ള ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പ്രവർത്തനം വിപുലപ്പെടണം.

(ബി) ജീവനക്കാർക്ക് വിവിധ നിർമ്മാണ രീതികൾ, സ്പെസിഫിക്കേഷൻ എന്നിവയിൽ പരിശീലനം നൽകണം.

(സി) കോസ്റ്റ് എഫക്റ്റീവ് നിർമ്മാണ രീതികളെ പ്രോത്സാഹിപ്പിക്കുന്നതരത്തിൽ സ്പെസിഫിക്കേഷനിൽ മാറ്റം വരണം. വർക്ക് മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കണം.നിശ്ചിതസമയം ബന്ധപ്പെട്ട ജീവനക്കാർ സൈറ്റിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കണം.

7. **മാലിന്യ സംസ്കരണം - സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ചുമതലകൾ - മാലിന്യ സംസ്കരണം ആരോഗ്യവിഭാഗം ജീവനക്കാരുടെ ചുമതലയായി കാണാതെ നിലവിലുള്ള സംവിധാനം പ്രയോജനപ്പെടുത്തി കാര്യക്ഷമമായി ഏതെല്ലാം രീതിയിൽ ഇടപെടാം.**

ഈ മേഖലയിലെ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് വകുപ്പിൽ നിലവിലുള്ള ജീവനക്കാരിൽ നിന്നും വൈദഗ്ദ്യമുള്ളവരെ കണ്ടെത്തി പ്രത്യേക വിഭാഗം ഉണ്ടാക്കണം. മാലിന്യ സംസ്കരണം ഒരു വിഭാഗത്തിന്റെ മാത്രം ചുമതലയിൽപ്പെടുത്താതെ കൂട്ടായ പ്രവർത്തനമായി ഏറ്റെടുക്കണം.

8. **ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സേവനമില്ലാത്തതിനാൽ ഇലക്ട്രിക്കൽ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് വലിയ പോരായ്മയാണ്. ഇത്തരം കാലതാമസം മറികടക്കാനുള്ള വഴികൾ എന്തെല്ലാം.**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഭാഗമായി ഇലക്ട്രിക്കൽ മെക്കാനിക്കൽ വിഭാഗം പ്രവർത്തികളുടെ നിർവ്വഹണത്തിന് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ഇലക്ട്രിക്കൽ കമ്മറ്റി അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ സേവനം ലഭ്യമാക്കിയാണ് നടപ്പിലാക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇത്തരത്തിലുള്ള പദ്ധതികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇലക്ട്രിക്കൽ മെക്കാനിക്കൽ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകമായ സംവിധാനങ്ങൾ രൂപീകരിക്കണം. ജില്ലാതലത്തിൽ ഇലട്രിക്കൽ കമ്മിറ്റി സംവിധാനം പുന:സംഘടിപ്പിക്കണം. ഇലക്ട്രിക്കൽ/മെക്കാനിക്കൽ വിഭാഗങ്ങൾ പ്രത്യേകമായി രൂപീകരിക്കണം.

9. **ജൽജീവൻ പദ്ധതി ദുരന്തനിവാരണം പ്രാദേശിക കാലാവസ്ഥ വ്യതിയാനം എന്നിവയുടെ പശ്ചാത്തലം ജലം ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക സഹായം ആവശ്യമാണ്. ആയത് എങ്ങനെ ഉറപ്പാക്കാം. എന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുക.**

കുടിവെള്ളമേഖല, ദുരന്തനിവാരണം, കാലാവസ്ഥ വ്യതിയാനം സംബന്ധിച്ചുള്ള വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിവിധങ്ങളായ പദ്ധതികൾ വിവിധ ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. ഈ മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ സാങ്കേതികമേൽനോട്ടത്തിനും പരിശീലനത്തിനും ആവശ്യമായ വിഭാഗത്തെ സജ്ജമാക്കേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് എല്ലാവിഭാഗത്തിന്റെയും കൂട്ടായ പ്രവർത്തനങ്ങളും ഏകോപനവുമാണ് ഉണ്ടാവേണ്ടത്.

ജനറൽ സെക്രട്ടറി

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

LSGD എഞ്ചിനീയറിംഗ് വിങ്ങിലെ ജീവനക്കാരുടെ പ്രശ്നങ്ങളെ കുറിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച കമ്മിറ്റിക്കു മുൻപാകെ LSGD എഞ്ചിനീയറിംഗ് വിങ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ കൂട്ടായ്മ സമർപ്പിക്കുന്ന റിപ്പോർട്ട്

പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആക്ട് 1994 നിലവിൽ വന്നതോടെ അധികാര വികേന്ദ്രീകരണ പ്രക്രിയ ആരംഭിക്കുകയും അതിന്റെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുകയും ചെയ്തു.

1. **GO(MS) 269/03/LSGD/TVPM/05-09-2003.**

മേൽ ഉത്തരവ് പ്രകാരം ജലവിഭവ/പൊതുമരാമത്ത് വകുപ്പുകളിൽനിന്നും താൽക്കാലിക പുനർവിന്യാസം വഴി മിനിസ്റ്റീരിയൽ/സാങ്കേതിക വിഭാഗം ജീവനക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നിയമിക്കപ്പെട്ടു.

സൂചന ഒന്ന് പ്രകാരം തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ് വിങ്) വകുപ്പിലേക്ക് പുനർവിന്യസിക്കേണ്ട ഓരോ തസ്തികയിലും പെട്ട 1364 ജീവനക്കാരെ പൊതുമരാമത്ത് വകുപ്പിൽ നിന്നും ജലവിഭവ വകുപ്പിൽ നിന്നും താഴെ പറയും പ്രകാരം വിട്ടു കിട്ടേണ്ടതായിരുന്നു.

		പൊതുമരാമത്ത്	ജലവിഭവം
1	അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ്റഡ്	1	0
2	ഡിവിഷണൽ അക്കൗണ്ടന്റ്	14	0
3	ജൂനിയർ സൂപ്രണ്ട്	18	0
4	എൽ.ഡി / യു . ഡി ക്ലാർക്ക്	324	380

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

5	ടൈപ്പിസ്റ്റ്	105	80
6	ഓഫീസ് അറ്റന്ഡന്റ്	102	100
7	പാർട്ട് ടൈം സ്വീപ്പർ	85	85
8	ഡ്രൈവർ	0	67
9	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	0	3
		649	715

2008 ജനുവരി ഒന്നിന് LSGD (Engineering Wing) എന്ന പുതിയ വകുപ്പ് രൂപീകൃതമായപ്പോൾ മുതൽ ടെക്നിക്കൽ വിഭാഗവും മിനിസ്റ്റീരിയൽ വിഭാഗവും ഒന്നിച്ചാണ് പ്രവർത്തനം തുടങ്ങിയത്. ജലവിഭവം പൊതുമരാമത്തു, എന്നീ വകുപ്പുകളിൽ നിന്നും താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട ജൂനിയർ ആയ ജീവനക്കാരെയാണ് ആദ്യ കാലത്ത് പുതിയ വകുപ്പിൽ നിയമിച്ചിരുന്നത്.

2. **GO(MS) 038/08/PWD/TVPM/08.09.2008.**
3. **GO(MS) 283/08/LSGD/TVPM/25.10.2008.**

പുതിയതായി രൂപീകൃതമായ വകുപ്പിലേക്ക് മേൽ ഉത്തരവ് പ്രകാരമാണ് ജീവനക്കാരെ പുനർവിന്യസിച്ചിരുന്നത്. പൊതുമരാമത്ത് വകുപ്പിൽനിന്നും 649 തസ്തികകളും ജലവിഭവവകുപ്പിൽനിന്നും 715 തസ്തികകളും വിട്ടു നല്കാൻ സർക്കാർ ഉത്തരവായിരുന്നു.

4. **GO(MS) 09/12/PWD/TVPM/20.01.2012.**
5. **GO(MS) 40/12/LSGD/TVPM/17.02.2012.**

എന്നാൽ സൂചന നാലും അഞ്ചും പ്രകാരം 564 തസ്തികകൾ/ജീവനക്കാർ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് വിട്ടുനല്കിയത്. (649 – 564 = 85) അതായത് 85 തസ്തികകൾ കുറച്ചാണ് നൽകിയിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും 564 മിനിസ്റ്റീരിയൽ ജീവനക്കാരെ സ്ഥിരമായി തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ് വിങ്) വകുപ്പിലേക്ക് താഴെ പറയും പ്രകാരം പുനർവിന്യസിക്കുകയും, ചെയ്തിട്ടുള്ളതുമാണ്.

ജീവനക്കാരും തസ്തികകളും

1. അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റഡ്	1
2. ഡിവിഷണൽ അക്കൗണ്ടന്റ്	14
3. ജൂനിയർ സൂപ്രണ്ട്	18
4. എൽ.ഡി / യു.ഡി ക്ലാർക്ക്	324
5. ടൈപ്പിസ്റ്റ്	105
6. ഓഫീസ് അറ്റന്ഡന്റ്	102

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

ആകെ 564

6. GO(Rt) 699/12/WRD/TVPM/12-06-2012.
7. GO(MS) 326/12/LSGD/TVPM/17-02-2012.

സൂചന ആറും ഏഴും പ്രകാരം ജലവിഭവവകുപ്പിൽ നിന്നും 364 തസ്തികകൾ/ജീവനക്കാരെ വിട്ടുനല്കിയിട്ടുണ്ട് (715-364=351). 351 തസ്തികകൾ ജലവിഭവവകുപ്പ് കൈവശം വച്ചിരിക്കുകയാണ് ഇതിൽ എടുത്തു പറയേണ്ട ഒരു കാര്യം 364 ജീവനക്കാർ/തസ്തികകൾ വിട്ടുതന്നതിൽ സൂപ്പർവൈസറി പോസ്റ്റിലുള്ള ഒരു ജീവനക്കാർ/തസ്തിക യും LSGD ക്ക് വിട്ടു തന്നില്ല. ജലവിഭവവകുപ്പിൽ നിന്നും നീക്കം ചെയ്യേണ്ട 189 ക്ലറിക്കൽ പോസ്റ്റുകളുടെ സൂപ്പർവൈസറി പോസ്റ്റുകൾ അവർ കൈവശം വച്ചിരിക്കുകയും ചെയ്തു. എന്ന് മാത്രമല്ല ആനുപാതികമായി LSGD ക്ക് ലഭിക്കേണ്ടിയിരുന്ന പോസ്റ്റുകൾ നഷ്ടപ്പെടുകയും ചെയ്തു. തദ്ദേശ സ്വയം ഭരണ (എഞ്ചിനീയറിംഗ് വിങ്) വകുപ്പിലേക്ക് താഴെ പറയും പ്രകാരം പുനർവിന്യസിക്കുകയും, ചെയ്തിട്ടുള്ളതുമാണ്.

ജീവനക്കാർ മാത്രം

1. യു.ഡി ക്ലാർക്ക്	30
2. എൽ.ഡി ക്ലാർക്ക്	69
3. എൽ.ഡി ടൈപ്പിസ്റ്റ്	27
4. ഓഫീസ് അറ്റന്റന്റ്	16
5. ഡ്രൈവർ	05
6. പാർട്ട്ടൈം സ്വീപ്പർ	02
ആകെ	**207**

തസ്തികകൾ മാത്രം

1. യു.ഡി/ എൽ.ഡി ക്ലാർക്ക്	90
2. ഓഫീസ് അറ്റന്റന്റ്	42
3. ഡ്രൈവർ	13
4. പാർട്ട്ടൈം സ്വീപ്പർ	12
ആകെ	**157**

8. GO(MS) 2869/13/LSGD/TVPM/23-11-2013.

മേൽ സൂചന സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കി പുനർവിന്യസിപ്പിക്കപ്പെട്ട ഒഴിവുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

നടത്തിയും ബാക്കിയുള്ള തസ്തികകളിൽ PSC വഴിയുള്ള നിയമനങ്ങൾ നടത്തുകയും ചെയ്തു

9. GO(MS) 52/216/LSGD/04/03/2016

മേൽ സർക്കാർ ഉത്തരവിൽ 29 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. നിലവിൽ 964 തസ്തികകൾ ഉള്ളതിൽ 45 സൂപ്പർവൈസറി തസ്തികകളും 3 ഗസറ്റഡ് പോസ്റ്റുകളും മാത്രമേ ഉള്ളു. **1985ലെ 515/85/Fin** ശമ്പള പരിഷ്കരണ ഉത്തരവുപ്രകാരമുള്ള 1:1:3:6 എന്ന അനുപാതത്തിലുള്ള Staff Strength അനുവദിക്കുകയോ കേഡർ രൂപീകരിക്കുകയോ ചെയ്തിട്ടില്ല. ക്ലർക്കായി സർവീസിൽ കയറുന്ന ഒരു വ്യക്തി യാതൊരുവിധ പ്രൊമോഷനുകളും ലഭിക്കാതെ ക്ലർക്കായി തന്നെ വിരമിക്കുന്ന അവസ്ഥയാണ് ഇപ്പോൾ LID (EW) ൽ ഉള്ളത്.

നിലവിലുള്ള LID (EW) ജീവനക്കരുടെ പട്ടിക ചുവടെ ചേർക്കുന്നു

1.	അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റഡ്	2
2.	സീനിയർ സൂപ്രണ്ട്	1
3.	ജൂനിയർ സൂപ്രണ്ട്	22
4.	ഹെഡ് ക്ലാർക്ക്	22
5.	ഫെയർ കോപ്പി സൂപ്രണ്ട്	1
6.	എൽ.ഡി / യു.ഡി ക്ലാർക്ക്	533
7.	ടൈപ്പിസ്റ്റ്	149
8.	ഓഫീസ് അറ്റന്റഡന്റ്	202
9.	ഡ്രൈവർ	18
10.	പാർട്ട്ടൈം സ്വീപ്പർ	14
	ആകെ	**964**

ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിനെ അടിസ്ഥാനമാക്കിയാണ് ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കപ്പെടുന്നത്. നാലു മുതൽ പന്ത്രണ്ടു വരെ സെക്ഷനുകൾ ഒരു സബ് ഡിവിഷന് കീഴിൽ ഉണ്ടാകും, ഈ സെക്ഷനുകളിൽ ജോലി ചെയ്യുവരുന്ന ജീവനക്കാർ സബ് ഡിവിഷൻ സ്റ്റാഫ് ആണെന്നിരിക്കെ ഒരേ ഒരു ക്ലാർക്ക് മാത്രമാണ് ഇത്രയധികം ജീവനക്കാരുടെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നത് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ സൂപ്പർവൈസറി പോസ്റ്റുകൾ ഇല്ല. സബ് ഡിവിഷൻകളിലെ ചില സെക്ഷൻ ഓഫീസുകളിൽ ക്ലർക്കുമാർ

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

ഉണ്ടെങ്കിലും മഹാ ഭൂരിപക്ഷം സെക്ഷൻ ഓഫീസികളിലും ക്ലർക്കുമാർ ഇല്ല. ഒരു സബ്ഡിവിഷനിൽ കുറഞ്ഞത് 25 മുതൽ 50 വരെ മിനിസ്റ്റീരിയൽ /ടെക്നിക്കൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ജീവനക്കാര്യം യഥാ സമയങ്ങളിൽ ചെയ്തു കൊടുക്കാൻ സാധിക്കാതെ വരുന്നുണ്ട്. പൊതുവെ ജൂനിയർ ആയിട്ടുള്ള ക്ലറിക്കൽ സ്റ്റാഫിന് സംശയ ദൂരീകരണത്തിനു യാതൊരു മാർഗവും ഇല്ലാതാക്കിയിരിക്കുന്നു.

ഒരു സബ് ഡിവിഷൻ ക്ലാർക്ക് ചെയ്തു തീർക്കേണ്ട ചുമതലകൾ ചുവടെ പ്രതിപാദിക്കുന്നു

ഗസറ്റഡ് /നോൺഗസറ്റഡ് ജീവനക്കാരുടെ സാലറി ബിൽ, ഹയർ ഗ്രേഡ്, പ്രൊബേഷൻ, ലീവുകൾ, പുതിയ PSC നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സർവീസ് ബുക്കുളുടെ ശരിയായ പരിപാലനം, അക്കൗണ്ടന്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട കത്തിടപാടുകൾ

കോടതി വ്യവഹാരങ്ങൾ, വിജിലൻസ് കേസുകൾ, Reconciliation of accounts, ഓഡിറ്റ് റിപ്പോർട്ട്, Payment to the contingent bills, ആയിരത്തോളം വർക്ക് ബില്ലുകളുടെ ഓഡിറ്റിംഗ്, വർക്കുകളുടെ ഫയൽ ഉണ്ടാക്കൽ, ഇ ടെൻഡർ ചെയ്ത ഡോക്യുമെന്റുകളുടെ ഫയലിംഗ്, financial evalualuation of E Tender, Releasing of EMD, Accounts of M Book / LF Book, ലോഗ് ബുക്ക്, Preparing Salary Budget, Maintaining Registers (എഗ്രിമെന്റ്, സർവീസ് ബുക്ക്, സെക്യൂരിറ്റി, ടെൻഡർ, ഇൻകിമെന്റ്, ക്യാഷ് ബുക്ക്, ചെക്ക് ബുക്ക്, ക്യാപിറ്റൽ goods രജിസ്റ്റർ)

Maintaining work files, സെക്യൂരിറ്റി ഡെപ്പോസിറ്റ് ചെക്ക് ബുക്കുകൾ, GST റിട്ടേൺ ഫയലിംഗ്, IT റിട്ടേൺ ഫയലിംഗ്, എല്ലാവിധ ടഷറി ഇടപാടുകളും

Maintaining സംഖ്യാസുലേഖ സോഫ്റ്റ്വെയർകൾ, ദിവസേന ഉള്ള ഇ മെയിലുകൾ, ഗൂഗിൾ ഷീറ്റുകൾ

സബ് ഡിവിഷൻ തലത്തിൽ ചെയ്യുന്ന എല്ലാവിധ ജോലികളും (Establishment കാര്യങ്ങൾ ഒഴികെയുള്ള) ഒരു സെക്ഷനിൽ ജോലി നോക്കുന്ന ക്ലർക്കിന്റെ ഉത്തരവാദിത്തം ആണ്

ഒരു ഡിവിഷൻ ഓഫീസിൽ 4 ക്ലർക്കുമാരും ജൂനിയർ സൂപ്രണ്ടും ആണ് ഉള്ളത് സബ് ഡിവിഷൻ തലത്തിൽ ചെയ്യുന്ന എല്ലാവിധ ജോലികളും ഈ ഓഫീസിൽ ചെയ്തു വരുന്നു. work ബില്ലുകളുടെ കാര്യത്തിൽ ജോലിഭാരം കൂടുതൽ ഉണ്ട്.

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

പുതിയതായി രൂപം കൊള്ളുന്ന സംയോജിത LSGD പൊതു സർവീസ് ലേക്ക് വരുന്ന ഗ്രാമവികസന/പഞ്ചായത്ത്/നഗരകാര്യ/ടൌൺ പ്ലാനിംഗ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് സ്റ്റാഫ് പാറ്റേൺ, പ്രമോഷൻ തസ്തികകൾ എന്നിവ ഉള്ളതിനാലും പൊതു സർവീസ് ലേക്ക് യോജിക്കുന്ന ഓരോ വകുപ്പിലും നിലവിലുള്ള പ്രമോഷൻ സാധ്യതകൾ നിലനിർത്തുന്നതിനാലും ഇതോടൊപ്പം വരുന്ന **LSGD (EW)** മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പ്രമോഷൻ തസ്തികകൾ ഇല്ലാത്തതിനാലും ഒരേ സേവന കാലയളവും സീനിയോറിട്ടിയും ഉള്ള *മറ്റു വകുപ്പുകളിലെ ജീവനക്കാരോ ജൂനിയർ ആയിട്ടുള്ളവരോ പൊതു സർവീസിൽ പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവരോ* എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരേക്കാൾ ഉയർന്ന തസ്തികകളിൽ എത്തുന്ന സാഹചര്യമാണ് നിലവിൽ ഉള്ളത്. വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ എണ്ണം, തസ്തികകൾ തമ്മിലുള്ള അനുപാതം 11 ആം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു

വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ എണ്ണം

Department	*Clerk*	*Senior clerk*	*HC/Accountant*	*JS/AS*	*SS/Secretary*
Panchayath	3632	3631	1551	1477	1041
Rural development	298	330	323	10	30
Municipal common service	1504	1452	246	303	39
Urban Affairs	32	32	0	11	6
Town planning	36	36	9	11	5
LSGD (EW)	267	266	22	22	1

തസ്തികകൾ തമ്മിലുള്ള അനുപാതം

Department	*Clerk*	*Senior Clerk*	*HC/Accountant*	*JS/AS*	*SS/Secretary*
Panchayath	1	1	4.7	4.9	6.8
Rural Development	1	1	1.9	90	21
Municipal common service	1	1	12	9.7	75
Urban Affairs	1	1	0	5.8	10.6

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

Town planning	1	1	8	6.5	14
LSGD (EW)	1	1	24	24	533

കരട് ചട്ട പ്രകാരം നിലവിൽ ഈ വകുപ്പിൽ ലഭിച്ചുകൊണ്ടിരിക്കുന്ന തസ്തികകൾക്കു അനുസ്യൂതമായി മാത്രമേ ഉദ്യോഗക്കയറ്റം ലഭിക്കൂ എന്നത് സാമാന്യ നീതി നിഷേധത്തിന് തുല്യമാണ്. മറ്റു വകുപ്പുകളിൽ ഉദാഹരണത്തിന് ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ **36:36:9:11:5:1(98post)** എന്നാൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ **263:263:22:22:1:2 (964 post)** എന്ന അനുപാതത്തിലാണ്. 2008 മുതൽ ക്ലസ്റ്റർ പഞ്ചായത്തുകളായിരുന്നു നിലവിലുണ്ടായിരുന്നത്, വകുപ്പ് സംയോജനത്തിനു മുന്നോടിയായി എല്ലാ പഞ്ചായത്തുകളും ക്ലസ്റ്റർ വേർപ്പെടുത്തുകയും ടി പഞ്ചായത്തുകളിലേക്കു അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർ സീയർ തസ്തികകൾ സൃഷ്ടിക്കുകയോ പുനർ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ട്. .

ഏകദേശം 80 ക്ലസ്റ്റർ പഞ്ചായത്തുകളിൽ ഒരു ക്ലർക്കാണ് ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിലെയും ജോലികൾ ചെയ്തിരുന്നത്. അമിത ജോലി ഭാരം മൂലം ക്ലാർക്ക് ആത്മഹത്യ ചെയ്യുന്ന സാഹചര്യം പോലും ഉണ്ടായിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയർക്കു നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ക്ലസ്റ്റർ പഞ്ചായത്തുകൾ ഒഴിവാക്കി ഉത്തരവായിട്ടുണ്ട് . ടി പഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് പകരം താത്കാലിക അടിസ്ഥാനത്തിൽ ക്ലർക്കുമാരെ നിയമിക്കുന്നതിനും ടി ആളുകൾക്ക് തനതു ഫണ്ടിൽ നിന്നും ശമ്പളം നൽകണമെന്നും നിർദേശിച്ചു ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുവെങ്കിലും ആയതു പ്രാവർത്തികമാക്കി നടപ്പാക്കിയിട്ടില്ല .

സംയോജിത വകുപ്പ് അംഗീകരിച്ച ശേഷം LID& EW വിഭാഗത്തിൽ ജോലി ചെയ്തിരുന്ന പരിമിതമായ ക്ലറിക്കൽ ജീവനക്കാർ ടി കാര്യാലയങ്ങളിൽ തന്നെ ജോലി ചെയ്തു വരികയായിരുന്നു. എന്നാൽ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ നേരിട്ട ബുദ്ധിമുട്ടുകൾ താഴെ വിവരിക്കുന്നു

സംയോജിത വകുപ്പ് രൂപീകരണത്തിന് ശേഷം നടപ്പിൽ വരുത്തിയ ജനറൽ ട്രാൻഫറിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലിയുടെ സ്വഭാവത്തിൽ പ്രകടമായ മാറ്റം അനുഭവപ്പെട്ടു. ജീവനക്കാരുടെ Establishment കാര്യങ്ങൾ

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

നോക്കിനടത്തുന്നതിനായി ബ്ലോക്ക് തലത്തിൽ സൂപ്പർവൈസറി പോസ്റ്റുകൾ ഒന്നുംതന്നെ നിലവിലില്ലാത്തതിൻറെ ബുദ്ധിമുട്ടുകൾ നിലനിൽക്കെ ഏകീകൃത വകുപ്പ് രൂപീകരണത്തിന്റെ ഭാഗമായി നടത്തിയ സ്ഥലംമാറ്റത്തിന് വിധേയമായി ഇതര വകുപ്പുകളിൽ നിന്നും Establishment ഉം Technical കാര്യങ്ങളുമായി യാതൊരു ബന്ധമില്ലാത്ത ജീവനക്കാരുടെ നിയമനം ഈ വകുപ്പിലെ വ്യവസ്ഥിതി മൊത്തത്തിൽ അവതാളത്തിലാക്കിയിരിക്കുകയാണ്. അതായത് ഒരു സബ്ഡിവിഷനിൽ ഒരേ ഒരു ക്ലാർക്ക് മാത്രമേയുള്ളൂ എന്നതാണ് നിലവിലെ വ്യവസ്ഥ. ഒരു സബ്ഡിവിഷനിൽ കുറഞ്ഞത് 25 മുതൽ 50 വരെ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ജീവനക്കാര്യം സമയാ സമയങ്ങളിൽ ചെയ്തു കൊടുക്കാൻ അറിയാതെ ഇരുട്ടിൽ തപ്പുന്ന ക്ലർക്കുമാരെയാണ് നാം ഇപ്പോൾ കാണുന്നത്. ഇത്തരക്കാർക്കു സർവീസ് ബുക്ക് എഴുതാനോ, Leave Calculation നുകളോ, Higher Grade fix ചെയ്യാനോ, വർക്ക് ബില്ലുകൾ ഓഡിറ്റ് ചെയ്യാനോ ഉള്ള അടിസ്ഥാന അറിവുപോലുമില്ല. ഫലത്തിൽ സബ് ഡിവിഷനിലെ ഇപ്പോഴത്തെ ക്ലാർക്ക് വെറും ഒരുകാഴ്ചക്കാരൻ മാത്രമായിമാറി. ജീവനക്കാരന്റെ കാര്യങ്ങൾ ശരിയായ സമയത്ത് നടക്കാതെ വരുമ്പോഴുള്ള വേവലാതി മറുവശത്ത്

മറ്റു വകുപ്പുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ അപേക്ഷിച്ചു കൂടുതൽ യോഗ്യതയും സാങ്കേതികവുമായ കാര്യങ്ങളെ കുറിച്ചു ആഴത്തിലുള്ള അറിവും പരിശീലനവും ആവശ്യമായ ജോലിയാണ് എഞ്ചിനീയറിംഗ് വിങ്ങിലേത്. **PWD A code, D code** തുടങ്ങിയ വകുപ്പ്തല വിഷയങ്ങളിൽ അധിക യോഗ്യത വേണ്ടതുകൊണ്ടും അത്തരത്തിൽ യോഗ്യതയും പരിശീലനവും നൽകി പ്രാവിണ്യവത്കരിച്ച ക്ലർക്കുമാരെ വർഷാവർഷം പൊതുസ്ഥലം മാറ്റത്തിലൂടെ ഇതര ഓഫീസുകളിലേക്ക് മാറ്റിനിയമിക്കുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സ്ഥലം മാറ്റം മുഖേനയോ പ്രൊമോഷൻ മുഖേനയോ ഉണ്ടാകുന്ന ഒഴിവുകളിലേക്ക്, യാതൊരുകാരണവശാലും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരെ നിയമിക്കരുതെന്ന നിർബന്ധബുദ്ധിയോടെ, പഞ്ചായത്ത് വകുപ്പിൽ നിന്നുള്ള ജീവനക്കാരെ മാത്രം നിയമിക്കുന്നതിലെ വിവേചനം തിരിച്ചറിയേണ്ടതുണ്ട്. പൊതുസ്ഥാലം മാറ്റം നടത്തുന്നതിന് വേണ്ടി ഉപയോഗിച്ചിരിക്കുന്ന സോഫ്റ്റ്വെയറിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് മാത്രം അവരുടെ ഓഫീസ് തെരഞ്ഞെടുക്കാനുള്ള ഓപ്ഷൻ ഇല്ല, മറ്റു വകുപ്പുകാർക്കു എല്ലാം ഓഫീസ് തെരഞ്ഞെടുക്കാനുള്ള അവസരം നൽകിയിട്ടുമുണ്ട്.

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

സംയോജിത വകുപ്പുകളിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ ഒഴികെ മറ്റെല്ലാവർക്കും transfer module ൽ അവരവരുടെ ഓഫീസ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ നിലയ്ക്കാണ് കാര്യങ്ങൾമുന്നോട്ടു പോകുന്നതെങ്കിൽ അടുത്ത 3 വർഷത്തിനുള്ളിൽ LSGD (EW) ലെ ജീവനക്കാർ അവരുടെ ഓഫീസുകളിൽ നിന്നും നിഷ്ക്രാസനം ചെയ്യപ്പെടാൻ പോവുകയാണ്. 5 വകുപ്പുകൾ സംയോജിപ്പിച്ച രൂപീകൃതമായ LSGD വകുപ്പിൽ ഇപ്പോൾ 4 വകുപ്പുകൾ മാത്രമായി ചുരുങ്ങി. LSGD (EW) മിനിസ്റ്റീരിയൽ വിഭാഗത്തിന് വകുപ്പ് തന്നെ ഇല്ലാതെയായി എല്ലാ വകുപ്പുകൾക്കും പ്രത്യേക വകുപ്പ് തലവന്മാർ ഉണ്ട്. എന്നാൽ LSGD (EW) ലെ മിനിസ്റ്റീരിയൽ വിഭാഗത്തിന് മാത്രം തലവൻ ഇല്ല. കൂടാതെ ഇപ്പോ ഓഫീസുമില്ല. കുറച്ചു വർഷങ്ങൾക്കു ശേഷം ഞങ്ങളുടെ കൂടെ ജോലി ചെയ്തിരുന്നവരെ കണ്ടു കാണാൻ പോലും കിട്ടാത്ത അവസ്ഥ ഉണ്ടാകും. കാരണം മറ്റെല്ലാ വകുപ്പിനും അവരുടേതായ Functional maunal ഉണ്ട്.

പ്രൊമോഷൻ ഇല്ലാത്തതുകൊണ്ട് തന്നെ അവർ എപ്പോഴും ക്ലാർക്ക് മാരായി തുടരും. ഇത് മൂലം ദൂരെ സ്ഥലങ്ങളിലേക്ക് മാറ്റപ്പെടുകയും അതുമൂലം ക്ലേശങ്ങൾ വന്നു ചേരുകയും സാമ്പത്തികമായ ഒരുപാട് നഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്യും. സംയോജിതവകുപ്പിൽ സ്റ്റാഫ് പാറ്റേൺ, സ്പെഷ്യൽ റൂൾ എന്നിവ ഈ വിഭാഗത്തിന് നിലവിൽ ഇല്ല. മറ്റു സംയോജിത വകുപ്പിനെല്ലാം സ്റ്റാഫ് പാറ്റേൺ നിലവിൽ ഉണ്ട്. ആയത് ഭാവിയിൽ ഈ വിഭാഗം ജീവനക്കാർക്ക് കൂടുതൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും അവരുടെ ജോലി ചെയ്യാനുള്ള കാര്യക്ഷമത ഇല്ലാതാക്കുകയും ചെയ്യും. നിലവിൽ സ്വായത്തമാക്കിയ അറിവുകൾ ഉപയോഗപ്പെടുത്താൻ സാധിക്കാത്തതും പുതിയ ലാവണത്തിൽ അറിവുകളുടെ പരിമിതി മൂലം അതാതു വകുപ്പിലെ ഉദ്യോഗസ്ഥരെ അമിതമായി ആശ്രയിക്കേണ്ടതായി വരുന്നതുംമൂതലെടുപ്പിന് സാധ്യതയുള്ളതിനാൽ കൂടുതൽ സമയമെടുത്തു ഫയലിൽ തീരുമാനമെടുക്കുന്നത് പൊതുജനത്തെ ബുദ്ധിമുട്ടിലാകുന്നതും പരാതിക്കിടയാക്കുന്നതുമാണ്. മാസങ്ങളും വർഷങ്ങളും കൊണ്ടുള്ള പ്രായോഗിക പരിചയം കൊണ്ടാണ് ഒരു മിനിസ്റ്റീരിയൽ ജീവനക്കാരൻ സാങ്കേതികമായ പരിശീലനം സ്വായത്തമാക്കുന്നത്. ഇങ്ങനെ സ്വായത്തമാക്കുന്ന അറിവുകൾ നിഷ്ഫലമാക്കുന്ന രീതിയാണ് ഇപ്പോഴത്തെ inter department transfer കൊണ്ട് അർത്ഥമാക്കുന്നത്. എഞ്ചിനീയറിംഗ് വിഭാഗക്കാർക്ക് ഏറെ പരിചിതമായ സാങ്കേതിക വിഷയങ്ങളോടും പദങ്ങളോടും ഉള്ള പരിചയം അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും കൂടുതൽ എളുപ്പത്തിൽ കാര്യങ്ങൾ ചെയ്തു തീർക്കാനുള്ള കഴിവ്

ഉണ്ടാക്കി എടുക്കുകയും ചെയ്തിരുന്നു. സംയോജനത്തിന്റെ ഭാഗമായി ഉഴുതുമറിക്കപ്പെട്ട വ്യവസ്ഥിതി മിനിസ്റ്റീരിയൽ വിഭാഗക്കാരുടെ കാര്യക്ഷമത കുറച്ചു കാലത്തേക്കെങ്കിലും ബാധിക്കും, (2 വർഷം മുതൽ 25 വർഷം വരെ ജോലി ചെയ്തിട്ടുള്ളവർ, വർഷങ്ങളായി ആർജിച്ച അനുഭവ സമ്പത്തു കൊണ്ട് മനപ്പാഠമാക്കിയ സർക്കാർ ഉത്തരവുകളും പരിപത്രങ്ങളും മുതലായവയിൽ നേടിയ അറിവ് ഉപയോഗരഹിതമായി. ഇന്റഗ്രേഷൻ മൂലം മറ്റു വകുപ്പുകളിൽ - പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമ വികസന വകുപ്പ് എന്നീ കാര്യാലയങ്ങളിലേക്കു മാറ്റം ചെയ്യപ്പെട്ട ജീവനക്കാർക്ക് പുതുതായി ജോലിയിൽ പ്രവേശിച്ച അനുഭവമാണ് ഉണ്ടായിട്ടുള്ളത്. ആയതിനു പ്രത്യേക പരിശീലനം നൽകാമെന്ന് സർക്കാർ ഉറപ്പു നല്കിയിട്ടുള്ളതാണെങ്കിലും നാളിതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല.

LSGD/PD/1224/2023-DED1 Part(1) dated 19/07/2023.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള Principal Director ടെ ഉത്തരവ് പ്രകാരം ഏറ്റവും ജൂനിയർ ആയിട്ടുള്ള ക്ലർക്കിനെയാണ് LSGD(EW) ൽ നിയമിക്കേണ്ടത്, എന്നാൽ സെക്രട്ടറിയുടെ മുന്നിൽ ജോയിൻ ചെയ്യുന്ന ക്ലർക്കുമാരിൽ കാര്യക്ഷമത കുറഞ്ഞ ജീവനക്കാരെ എഞ്ചിനീയറിംഗ് വിങ്ങിലേക്കു അയക്കുന്നു. ഈ വരുന്നവർക്കു യാതൊരു വിധത്തിലുള്ള establishment കാര്യങ്ങളോ technical കാര്യങ്ങളോ അറിയില്ല. പുതിയതായി നിയമിക്കപ്പെടുന്ന ക്ലർക്കിനെ തുടക്കം മുതൽ പരിശീലിപ്പിക്കേണ്ട ഉത്തരവാദിത്വം അതാതിടങ്ങളിലെ AEE/AE മാർക്കായി മാറ്റിയിരിക്കയാണ്. ഇങ്ങനെ പരിശീലിപ്പിച്ചെടുക്കുന്ന ക്ലർക്കിനെ മൂന്നുവർഷം കഴിയുമ്പോഴേക്കും മാറ്റി പുതിയൊരാളെ നിയമിച്ചിട്ടുണ്ടാവും, പിന്നെ പുതിയതായി വന്നവരെ പരിശീലിപ്പിക്കലാവും അടുത്തപണി. ചുരുക്കി പറഞ്ഞാൽ ഇതൊരു process ആയി തുടർന്നു കൊണ്ടേ ഇരിക്കും. ഓഫീസിലെ മറ്റ് സാങ്കേതിക ആവശ്യങ്ങൾക്കു വിനിയോഗിക്കേണ്ട സമയം ഒന്നുമറിയാത്ത പുതിയ ക്ലർക്കിനെ പരിശീലിപ്പിച്ചെടുക്കുവാൻ നിർബന്ധിതനായിത്തീരുന്നു. 2014 ൽ നിയമിതരായ പ്രൊമോഷൻ ഒട്ടും തന്നെ ലഭിക്കാൻ വിദൂരസാദ്ധ്യതപോലുമില്ലാത്ത എഞ്ചിനീയറിംഗ് വിഭാഗം ക്ലർക്കുമാരാണ് സീനിയർ ആയിട്ടുള്ളത്. അതുപോലെ ഈ വകുപ്പിലെ HC മാരാണ് ഏറ്റവും ജൂനിയർ ആയിട്ടുള്ളത്. ഇവരെ എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും മാറ്റിനിർത്താൻ വേണ്ടിയിട്ടാണ്.LSGD/PD/1224/2023/DED-1Part(1) എന്ന 19/07/2023 പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് ഇറക്കിയിട്ടുള്ളത്.

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

അതിൽ പറയുന്നത് പ്രകാരം **ഗ്രാമപഞ്ചായത്തുകളിൽഏറ്റവും ഗ്രാമപഞ്ചായത്തുകളിൽഏറ്റവും ജൂനിയർ ആയിട്ടുള്ള ക്ലർക്കുമാരെ EW വിഭാഗത്തിലും ബ്ലോക്ക് പഞ്ചായത്തുകളിൽ സീനിയർ ആയിട്ടുള്ള ഹെഡ് ക്ലാർക്ക്/എക്സ്റ്റൻഷൻ ഓഫീസർ മാരെ എഞ്ചിനീയറിംഗ് വിഭാഗത്തിലും നിയമിക്കാനാണ് ഉത്തരവ്.** ചുരുക്കി പറഞ്ഞാൽ എഞ്ചിനീയറിംഗ് വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർ സ്വന്തം ഓഫീസുകളിൽ ജോലി ചെയ്യാൻ പാടില്ല. ഞങ്ങളെ മാത്രം ലക്ഷ്യംവച്ച് കൊണ്ടുള്ള ഒരു ഉത്തരവ്.

ഉന്നത തസ്തികകളിലേക്ക് ഉള്ള സ്ഥാനക്കയറ്റം കിട്ടാക്കനിയായിരിക്കെ വല്ലപ്പോഴും ലഭിച്ചുകൊണ്ടിരുന്ന Divisional Accountant officer പോസ്റ്റിലേക്കുള്ള deputation ഒരു അനുഗ്രഹമായിരുന്നു. എഞ്ചിനീയറിംഗ് വിങ്ങിലേക്ക് പുതിയതായി നിയമിക്കപ്പെടുന്ന ഒരു ക്ലാർക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ഗ്രാമവികസന വകുപ്പിലേക്ക് ആണ് നിയമിക്കപ്പെടുന്നതെങ്കിൽ സാങ്കേതികമായ യാതൊരു പരിജ്ഞാനവുമില്ലാത്ത ഈ ക്ലർക്കിനെ എങ്ങനെയാണ് ഒരു ഡിവിഷണൽ അക്കൗണ്ടിന്റെ തസ്തികയിലേക്ക് deputation ന് അയക്കാൻ സാധിക്കുക. **PWD A code, D code test** പാസ്സായതുകൊണ്ട് മാത്രം സാങ്കേതികമായ പരിജ്ഞാനം ലഭിക്കുന്നതല്ല, ഈ വകുപ്പിൽ ക്ലാർക്ക് ഒരു ഓഡിറ്റർ എന്ന നിലയിലാണ് ഫയൽ കൈകാര്യം ചെയ്യുന്നത്. ഒരു പ്രവൃത്തിയുടെ ഏല്ലാ തലത്തിലുമുള്ള ജോലികൾ ഉചിതമായി പൂർത്തിയാക്കി ശരിയായ വിധത്തിൽ നികുതികൾ, ഫൈനുകൾ, Retention എന്നിവ കിഴിവു വരുത്തി എന്ന് ഉറപ്പുവരുത്തിയാണ് ബില്ലുകൾ മാറിനൽകുന്നത്. എന്നാൽ മറ്റു വകുപ്പുകളിൽ നിന്നും വരുന്നവർ ഈ യോഗ്യതകൾ നേടാൻ വർഷങ്ങൾ വേണ്ടിവരും. പ്രായോഗിക പരിശീലനം കൊണ്ട് മാത്രമേ ഇത് സ്വായത്തമാക്കാൻ കഴിയുകയുള്ളു. **വകുപ്പ് സംയോജനത്തിനു ശേഷം ഇതര വകുപ്പുകളിലെ ജീവനക്കാർ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തികകളിലേക്ക് അപേക്ഷിക്കുകയും അത് നേടിയെടുക്കുന്നതിന് വേണ്ടിയുള്ള ഭഗീരഥ പ്രയത്നത്തിലുമാണ്.** ഇത് നിരുത്സാഹപ്പെടുത്തേണ്ടതുമാണ്. കാരണം മറ്റു വകുപ്പുകളിലെ പ്രമോഷന് വേണ്ടി ഞങ്ങളെ പരിഗണിക്കുകയുമില്ല പ്രമോഷന് യാതൊരു സാധ്യതയും ഇല്ലാത്ത ഈ വകുപ്പിൽ വല്ലപ്പോഴും കിട്ടുന്ന ഒരു അവസരം ഇല്ലാതാക്കുകയും ചെയ്യുന്നു.

LSGD MINISTERIAL STAFF ASSOCIATION
LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംയോജിത വകുപ്പിന് മുൻപ് LID& EW വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് സ്റ്റാഫ് പാറ്റേൺ, സ്പെഷ്യൽ റൂൾ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ചു സർക്കാരിന്റെ പരിഗണയിൽ ഉണ്ടെന്നുള്ള വിവരം പ്രഖ്യാപിച്ചിട്ടുള്ളതാണെങ്കിലും തുടർ നടപടികൾ ഒന്നും ആയിട്ടില്ല നിലവിലെ സാഹചര്യത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ജൂനിയർ സൂപ്രണ്ടിൽ നിന്നും ഡിവിഷണൽ അക്കൗണ്ടന്റ് ഓഫീസർ താത്കാലിക സ്ഥാനക്കയറ്റം. സംരക്ഷിക്കണം എന്നും, ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ പരിഗണിക്കണം എന്നീ ആവശ്യം ഉന്നയിച്ചു നിവേദനം നല്കിയിട്ടുള്ളതാണ്.

ഏറ്റവും അത്യാവശ്യം നടപ്പിലാക്കേണ്ട ആവശ്യങ്ങൾ

1. 1985ലെ 515/85/Fin പേ റിവിഷനിൽ പറഞ്ഞിരിക്കുന്ന **1:1:3:6** അനുപാതത്തിലുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിൽവരുത്തുക.
2. കോമൺ സീനിയോറിറ്റി നടപ്പിലാക്കുക .
3. മറ്റ് വകുപ്പുകളിലേക്ക് മാറ്റി നിയമിക്കപ്പെട്ട ജീവനക്കാർക്ക് SPARK വഴി Salary നൽകുക
4. ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്യുന്ന PF, SLI, GIS MEDISEP , NPS എന്നിവ യഥാസമയം ശരിയായ വിധത്തിൽ അടവ് വരുത്തുക.
5. പ്രിസം സോഫ്റ്റ്വെയർ വഴി പെൻഷൻ പേപ്പറുകൾ നീക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
6. പുറത്തുപോയ ജീവനക്കാരുടെ PF Loan/NRA എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
7. Divisional Accountant തസ്തികകൾ Engineering Wing വിഭാഗം ജീവനക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തുക.
8. എഞ്ചിനീയറിംഗ് വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർക്കു Joint Director തസ്തിക അനുവദിക്കുക
9. പൊതുസ്ഥാലം മാറ്റം നടത്തുന്നതിന് വേണ്ടി ഉപയോഗിച്ചിരിക്കുന്ന സോഫ്റ്റ്വെയറിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് അവരുടെ ഓഫീസ് തെരഞ്ഞെടുക്കാനുള്ള ഓപ്ഷൻ ഉൾപ്പെടുത്തുക

LSGD MINISTERIAL STAFF ASSOCIATION LSGD

കേരള എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിങ്ങ്
മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ

മുകളിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ വിവിധങ്ങളായ സർക്കാർ ഉത്തരവുകളുടെയും മറ്റു ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നത് ആയതു കമ്മറ്റി/~~കാര്യനിർവ്വ~~ പ്രിൻസിപ്പൽ ഡയറക്ടർ മുൻപാകെ തുടർ നടപടികൾക്കായി സമർപ്പിക്കുന്നു..

M. Rajamalents

Association of Engineers Kerala

PMG Junction, Thiruvananthapuram - 695 033
[Recognized vide G.O.(M.S) No.506/63 Dated 21-11-63 of Public (Services D) Department]
www.associationofengineers.com, e-mail : aoekerala@gmail.com

President
Er. Binu Baby
(Executive Engineer, PVIP Division No. 2, Aluva)
Beth-Haran, Makkamkunnu, Pathanamthitta-689645
binubabypta@gmail.com
Mob : 94473 58701

General Secretary
Er. Vinod. S
(Assistant Executive Engineer, LID &EW, Parakode block panchayath, PTA)
Shreyas, MRA 85, Mamom, Kizhuvilam PO.,
Attingal, Thiruvananthapuram - 695104
vinodshamsudeenattingal@gmail.com
Mob : 9847062932

Vice President
Er.Sajith E I
AEE, PWD, Thrissur

Joint Secretary
Er.Sina P. Raveendran
AEE, Irrigation, Thrissur

Treasurer
Er. Devakumar E K,
AEE, PWD, Ernakulam

Editor
Er.Jayadeep Kumar. K
AE, PWD, Kannur

Web Administrator
Er. Vishnu K.R
AE, PWD, Kozhikode

Executive Committee Members
Er. Ajithkumar V. V.
Er. Alexander. K. Thomas
Er. Anoopraj. P. R
Er. Baiju. P. B
Er. Cyril Vimal Mendez
Er. Harindranathan V. T.
Er. Jose H. Jones
Er. Kiran Abraham Thomas
Er. Majeed K. S
Er. Markose. A
Er. Muhammed Ajmal. U
Er. Muraleedharan B.
Er. Prasannabhas. E. R
Er. Radhakrishnan M.
Er. Rajesh. R. R
Er. Rajendran Nair. K
Er. Sajith. P
Er. Sajish. R
Er. Subeesh C.S.
Er. Suresh Babu. C. V
Er. Usman. P
Er. Vijayakumar V.
Er. Vishnu Jayaprakash
Er. Deepu. S (IPP)
Er. Susheel. I. V(IPS)

Date : 24-01-2024

സ്വീകർത്താവ്,

കൺവീനർ ടെക്നിക്കൽ കമ്മിറ്റി

(ചീഫ് എൻജിനീയർ)

സർ,

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയർമാരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങളും പരിഹാരവും പ്രൊപ്പോസൽ നൽകുന്നത് സംബന്ധിച്ച്:

സൂചന : ജി ഒ (ആർ.ടി) നമ്പർ 17/ 22/2023 എൽ എസ് ജി ഡി തീയതി 23/ 8 /2023

മേൽ സൂചന ശ്രദ്ധിച്ചാലും, തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിങ് വിഭാഗം ജീവനക്കാരുടെ പ്രശ്നങ്ങളും പരിഹാരവും, സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയത്, ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു. ആയത് പരിശോധിച്ചു എൻജിനീയറിങ് വിഭാഗം ജീവനക്കാരുടെ ആശങ്കകൾ അകറ്റുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ,

വിനോദ്. എസ്
ജനറൽ സെക്രട്ടറി

1. ഡി.പി.ആർ തയ്യാറാക്കലും സാങ്കേതിക അനുമതി നൽകലും കാര്യക്ഷമമാക്കൽ

നിലവിലെ സ്ഥിതി

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനായാണ് എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം നിലവിൽ വന്നത്. എന്നാൽ നിലവിൽ ചെറിയ പ്രോജക്ടുകളോടൊപ്പം തന്നെ സോയിൽ ടെസ്റ്റിംഗ്,സ്ട്രക്ച്ചറൽ ഡിസൈനിംഗ്, സൂപ്പർവിഷൻ ആവശ്യമായതും കൃത്യമായ സാങ്കേതിക വൈദഗ്ധ്യത്തോടെയുള്ള സൂപ്പർ വിഷൻ ആവശ്യമായതുമായ മേജർ പ്രോജക്ടുകളും എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുക്കേണ്ടിവരുന്നു.
- പ്രതിവർഷം 16 കോടി രൂപയോളം മേജർ പ്രോജക്ടുകളുടെ D.P.R തയ്യാറാക്കുന്നതിനും മറ്റുമായി സ്വകാര്യ/അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകുന്നുണ്ട്.
- D.P.R തയ്യാറാക്കുന്നതിനും മറ്റുമുണ്ടാകുന്ന കാലതാമസം പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണം വൈകിപ്പിക്കുന്നതിനിടയാകുന്നു.

നിർദ്ദേശങ്ങൾ

- ഓരോ ജില്ലയിലെയും മേജർ പ്രവർത്തികളുടെ DPR തയ്യാറാക്കുന്നതിനും, ഡിസൈനിംഗിനുമായി ജില്ലാതല എഞ്ചിനീയറിംഗ് വിഭാഗം മേധാവിയുടെ നിയന്ത്രണത്തിൽ ഒരു അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, 2 അസി. എഞ്ചിനീയർ, 2 ഓവർസീയർമാർ ഉൾപ്പടെയുള്ള ഡിസൈൻ വിഭാഗം രൂപീകരിക്കുക.

- സോയിൽ ടെസ്റ്റിംഗ്,സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി ടെസ്റ്റിംഗ് മുതലായവ വേഗത്തിലാക്കുന്നതിന് സംസ്ഥാനതലത്തിൽ ഏജൻസികളെ ലിസ്റ്റ് ചെയ്ത് ഉത്തരവാക്കാവുന്നതാണ്.

2. സാങ്കേതിക വിഭാഗത്തിന്റെ മെച്ചപ്പെട്ട പ്രവർത്തനക്ഷമത

നിലവിലെ സ്ഥിതി

- ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും നിലവിലെ എഞ്ചിനീയറിംഗ് വിഭാഗം ജോലിഭാരത്തിലും, ജീവനക്കാരുടെ കുറവ് മൂലവും ഏറെ ബുദ്ധിമുട്ട് അനുഭവിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.
- **വാർഷിക പദ്ധതി പ്രവർത്തികൾ**

  a) വാർഡ് തലത്തിൽ ഫണ്ട് വിഭജിക്കുന്നതിനാൽ, പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നു. ഓരോ പ്രവർത്തികളുടെയും പ്രോജക്ട് രൂപീകരണം, ടെണ്ടർ, നിർവ്വഹണം എന്നതിനായി കൂടുതൽ സമയം ചിലവഴിക്കേണ്ടിവരുന്നു.

  b) 941 ഗ്രാമപഞ്ചായത്തുകളിൽ 276 ഓഫീസുകളിലാണ് ക്ലാർക്കുമാരുള്ളത്. കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഉത്തരവുണ്ടെങ്കിലും തനത് ഫണ്ട് ഉപയോഗിക്കേണ്ടതിനാൽ ഗ്രാമപഞ്ചായത്തുകൾ ക്ലാർക്കുമാരെ നിയമിക്കുന്നില്ല. PRICE 3 സോഫ്റ്റുവെയറിലും മറ്റും ഓവർസീയർമാർക്ക് ക്ലാർക്കുമാരുടെയും ചുമതലകൾ നൽകിയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

  c) ഓരോ വർഷവും വാർഷിക പദ്ധതിക്കായി തൊട്ടുമുൻപ് വർഷം തന്നെ പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുകയും തുടർന്ന് അതാത് സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കുമ്പോൾ മിക്ക പ്രോജക്ടുകളും ഭേദഗതി ചെയ്യുകയും ചെയ്യുന്ന സാഹചര്യമാണ്.

- **മേജർ പ്രോജക്ടുകൾ**

  മിക്ക ഗ്രാമപഞ്ചായത്തുകളിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസീയർമാരുമാണ് ഉള്ളത്.ഒരു കോടി മുതൽ 30 കോടി രൂപ വരെ അടങ്കൽ തുകയുള്ള പ്രവർത്തികൾ ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന സ്ഥിതിയാണുള്ളത്. ഇവയൊക്കെ എല്ലാ പദ്ധതി പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തേയും ഒപ്പം തന്നെ പൂർത്തീകരണ കാലാവധി വർദ്ധിക്കുന്നതിനുമിടയാക്കുന്നു.

നിർദ്ദേശങ്ങൾ

- വാർഷിക പദ്ധതി പ്രവർത്തനങ്ങൾ രൂപീകരിക്കുമ്പോൾ ഫണ്ട് ലഭ്യത ഉറപ്പാക്കിയതിന് ശേഷം വിശദമായ എസ്റ്റിമേറ്റ് എടുക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് അതാത് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ മതിയായ സമയം ലഭ്യമാക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോജക്ടുകൾ മാത്രം തൊട്ടു മുമ്പത്തെ സാമ്പത്തിക വർഷം തയ്യാറാക്കുകയും, അതാത് സാമ്പത്തിക വർഷം തുടക്കത്തിൽത്തന്നെ നിർവ്വഹണം നടത്തുന്നതുമാണ് അഭികാമ്യം.
- വർക്ക് ലോഡ് സ്റ്റഡി നടത്തി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സുഗമമായി സാങ്കേതിക പ്രവർത്തികൾ നടപ്പിലാക്കാൻ വിധം തസ്തികകൾ സൃഷ്ടിക്കുകയോ പുനർവിന്യാസം നടത്തുകയോ ചെയ്യേണ്ടതാണ്.
- ജില്ലാതലത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സാങ്കേതിക വിഭാഗത്തിന്റെ ഭരണപരമായ ചുമതലകൾക്ക് ഉൾപ്പടെ മേൽ ഉദ്യോഗസ്ഥനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണ്.അത്തരത്തിൽ 2.50 കോടി രൂപവരെയുള്ള പ്രവർത്തികളുടെ സാങ്കേതിക അനുമതിയും മറ്റും ജില്ലയ്ക്കകത്ത് തന്നെ വേഗത്തിൽ നടപ്പിലാക്കുന്നതിന് കഴിയും.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽപെടാത്ത ബജറ്റ് വർക്കുകൾ, NABARD, LAC-ADS, MLA SDF,KIIFB മുതലായ സ്കീമുകളിൽപ്പെടുന്ന പ്രവർത്തികൾ കേരളത്തിലെ മറ്റ് എല്ലാ എഞ്ചിനീയറിംഗ് വിഭാഗങ്ങൾക്കും ബാധകമായ ഫിനാൻസ് വകുപ്പിന്റെ ഡെലിഗേഷൻ ഓഫ് പവർ അനുസരിച്ച് തന്നെ ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്

- അനുദിനം വികസച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ എല്ലാ ഒന്നാം ഗ്രേഡ് നഗരസഭകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ & അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളും, രണ്ടാം ഗ്രേഡ് നഗരസഭകളിലും മൂന്നാം ഗ്രേഡ് നഗരസഭകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളും ഉറപ്പാക്കേണ്ടതാണ്.

3. P.W.D Manual & PRICE 3

- **നിലവിലെ സ്ഥിതി**

  കേരളത്തിലെ മറ്റ് സാങ്കേതിക ഡിപ്പാർട്ട്മെന്റുകളെ പോലെ നിലവിൽ PWD മാന്വൽ ആണ് LSGD പ്രൊജക്ടുകൾക്കായുള്ള Standard Guidelines ആയി ഉപയോഗിക്കുന്നത്.

- വലിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഉണ്ടെങ്കിലും മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി LSGD യിൽ ചെറിയ പ്രോജക്ട് തുകയ്ക്കുള്ള കൂടുതൽ എണ്ണം പ്രോജക്ടുകൾ ഓരോ വർഷവും നടപ്പിലാക്കുന്നു. ആയതിനാൽ മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായ ചുമതലകൾ ആണ് LSGD എൻജിനീയറിങ് വകുപ്പിനുള്ളത്.

- PWD മാന്വലിന് പുറമെ Kerala Panchayath Raj (Execution of Public works) Rules 1997, Kerala Municipality (Execution of Public works and Purchase of materials) Rules 1997 ഉം LSGD യിൽ നിലവിലുണ്ട്. ഇവ കാലികമായി പരിഷ്കരിച്ചിട്ടില്ല.

- മറ്റു സാങ്കേതിക വകുപ്പുകളിൽനിന്നും വിഭിന്നമായി പദ്ധതി മാർഗ്ഗരേഖകളിൽ കൂടി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ “Delegation of Powers” ഉയർത്താറുണ്ട്.

- Price 3 - Software LSGD യിൽ ഇസ്റ്റിമെന്റ് ചെയ്തത് ബില്ലുകൾ തയ്യാറാക്കുന്നതിനും, Revised Estimate തയ്യാറാക്കുന്നതിനും, പ്രവർത്തികളുടെ അളവുകൾ യഥാസമയം രേഖപ്പെടുത്തുന്നതിനുമൊക്കെ ഏറെ ഫലപ്രദമാണ്. എങ്കിലും നിലവിൽ ക്ലർക്ക് മാരില്ലാത്ത ഓഫീസുകളിൽ ടെൻഡറിംഗിന്റെയും ബില്ലിന്റെയും മറ്റും വിവിധ ഘട്ടങ്ങളിൽ ഒരേ ഉദ്യോഗസ്ഥൻ തന്നെ 2 തവണ (ഓവർസിയർന്റെയും,ക്ലർക്കിന്റെയും) ഫയലുകൾ പരിശോധിക്കേണ്ടുന്ന സ്ഥിതിയുണ്ട്.

കൂടാതെ Tender documents നിലവിൽ etender site ൽ ഉണ്ടെങ്കിലും, ആയത് ഓരോന്നും വീണ്ടും PRICE 3 Software ൽ upload ചെയ്യേണ്ടുന്ന സാഹചര്യമാണുള്ളത്.

- Petty works കളുടെ തുക കാലികമായി പരിഷ്കരിച്ചിട്ടില്ല. ആയതിനാൽ അടിയന്തര സാഹചര്യങ്ങളിൽ പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

- **<u>നിർദ്ദേശങ്ങൾ</u>**

  മറ്റു സാങ്കേതിക വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും വ്യത്യസ്തമായ ഉത്തരവാദിത്തങ്ങളും, ജോലികളും ഉള്ളതിനാൽ LSGD എൻജിനീയറിങ് വിങ്ങ് ജീവനക്കാരുടെ Duties & Responsibilities വ്യക്തമാക്കികൊണ്ടുള്ള Functional manual തയ്യാറാക്കേണ്ടതായിട്ടുണ്ട്.

- LSGD എൻജിനീയറിങ് വിഭാഗത്തിനായി തയ്യാറാക്കിയ " LSGD Manual for Public works - Draft " No. 952/2019/LSGD - Dated 08/05/2012 പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പരിശോധിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു.

എന്നാൽ ഇത്തരത്തിൽ ഒരു LSGD Manual ന് പ്രകാരം സാങ്കേതിക ജീവനക്കാരുടെ Duties & Responsibilities വ്യക്തമാക്കുന്നതിനായി functional മാനവലും മറ്റ് സാങ്കേതിക വിഷയങ്ങൾക്കായി PWD മാനവലും Follow ചെയ്യുന്നതാണ് അഭികാമ്യം.

- പദ്ധതി മാർഗ്ഗരേഖ വഴി ഓരോ വർഷവും മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായ സാങ്കേതിക അനുമതി അധികാരങ്ങൾ LSGD എൻജിനീയറിങ് വിഭാഗത്തിന് വർദ്ധിപ്പിച്ച് നൽകുന്നുണ്ട്.Finance വകുപ്പ് പുറത്തിറക്കുന്ന കേരളത്തിലെ വിവിധ എഞ്ചിനീയറിങ് വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ Delegation of Power ഉത്തരവിനനുസരിച്ച് മാത്രമേ LSGD എൻജിനീയറിങ് വിഭാഗത്തിനും അധികാരങ്ങൾ നൽകാവൂ. എന്നാൽ നിലവിലെ Finance വകുപ്പിന്റെ Delegation of Power ഉത്തരവിൽ LSGD അസിസ്റ്റന്റ് എൻജിനീയർമാർക്ക് നൽകിയിട്ടുള്ള Tender Invitation & Execution agreement Powers അതുപോലെ നിലനിർത്തേണ്ടതുമാണ്.

- Etender Site ഉം PRICE - 3 യുമായി Integrate ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. ക്ലർക്കുമാരുടെ തസ്തിക ഇല്ലാത്തയിടങ്ങളിൽ ഒരേ ഉദ്യോഗസ്ഥൻ തന്നെ വിവിധ റോളുകളിൽ PRICE 3 സോഫ്റ്റ്വെയറിൽ ഒരേ സ്റ്റേജുകളും പരിശോധിക്കേണ്ടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

4 .ഭരണ /സാങ്കേതിക വിഭാഗങ്ങൾ- ജീവനക്കാരുടെ ചുമതലകൾ സംബന്ധിച്ച്-ഭരണസമിതിയും അംഗങ്ങളുമായുള്ള ബന്ധം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ചേർന്ന് നിന്നുകൊണ്ട് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓരോ സാമ്പത്തിക വർഷത്തെയും ഏറ്റവും കൂടുതൽ പ്രോജക്ടുകളും, പദ്ധതി തുകയുടെ ഏകദേശം 70% തുകയുടെ പ്രോജക്ടുകളും നിർവ്വഹണം നടത്തുന്നത് എഞ്ചിനീയറിങ് വിഭാഗമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ 2 പ്രധാനപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ആയ പൊതുമരാമത്ത്, കുടിവെള്ളം-ശുചിത്വം എന്നിവയുടെ കൺവീനർ അതാത് ഓഫീസിലെ മുതിർന്ന എഞ്ചിനീയറാണ്. ഇത്തരത്തിൽ ഗ്രാമസഭകൾ കൂടുന്നതു മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള എല്ലാ ഘട്ടങ്ങളിലും എഞ്ചിനീയറിങ് വിഭാഗം തദ്ദേശസ്വയംഭരണ സംവിധാനവുമായി ഇഴുകി ചേർന്ന് ഒത്തൊരുമയോടെ പ്രവർത്തിക്കുന്നതിനാലാണ് പദ്ധതി ചിലവിനത്തിൽ ഉണ്ടാകുന്ന വർദ്ധനവ്.

2020 -21 വർഷത്തെ പദ്ധതി തുകയുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ 1200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1109 സ്ഥാപനങ്ങളും (92.41%) പ്ലാൻ ഫണ്ടിന്റെ 80 ശതമാനത്തിലധികം തുക ചിലവഴിച്ചതായി കാണാൻ കഴിയും.

അമിത ജോലിഭാരത്താലും മതിയായ സ്റ്റാഫുകളുമില്ലാതെ പ്രവർത്തിക്കുന്ന എഞ്ചിനീയറിങ് വിഭാഗം ഓഫീസുകളുമായി ബന്ധപ്പെട്ട് പരാതികൾ ഉണ്ടാകാറുണ്ട്. പൊതുജനങ്ങളും ഒപ്പം ജനപ്രതിനികളുമായി നേരിട്ട് ഇടപെടുന്ന ആഫീസ് ആയതിനാൽ ഫയലുകളിലെ തെറ്റുകൾ ചൂണ്ടിക്കാട്ടുന്നതും,കാലതാമസവുമൊക്കെ പരാതികൾക്കിടയാകാറുണ്ട്

കെട്ടിട നിർമ്മാണ ചട്ടവുമായി ബന്ധപ്പെട്ട ഫയലുകൾ ലൈസൻസികൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകുകയും, സാങ്കേതികപരിശോധനയ്ക്കായി ടി ഫയലുകൾ എഞ്ചിനീയറിങ് വിഭാഗം ഓഫീസുകളിലേക്ക് അയക്കുന്നു. ലൈസൻസിയും ഉടമയും ചിലപ്പോൾ നിയമാനുസൃത പ്ലാൻ തയ്യാറാക്കാതെയും, അല്ലെങ്കിൽ മതിയായ രേഖകൾ ഇല്ലാതെയുമാണ് ഫയൽ സമർപ്പിക്കുന്നത്. ചിലപ്പോൾ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ടാകും, സ്ഥലപരിശോധന നടത്തുമ്പോഴാണ് ഈ തെറ്റുകൾ മനസ്സിലാക്കുന്നത്.തെറ്റുകൾ ചൂണ്ടിക്കാട്ടുമ്പോൾ ആയത് പരിഹരിക്കുന്നതിനോ,അനധികൃതമായി നിർമ്മിച്ചിരിക്കുന്ന കെട്ടിട ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിനോ ഉടമ വിസമ്മതിക്കാറുണ്ട്. ഒടുവിൽ അത് പരാതിയായി ജനപ്രതിനിധികളുടെ അടുത്തെത്തുമ്പോൾ തെറ്റ് ചൂണ്ടിക്കാട്ടുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്കെതിരെ ആരോപണം വരുന്നു.

വ്യക്തിഗത ഗുണഭോക്താക്കളുടെ വാലുവേഷനും മറ്റും നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാതെ നൽകാൻ ഗുണഭോക്താവ് ആവശ്യപ്പെടാറുണ്ട്. പൂർത്തീകരിക്കാതെ നൽകാൻ സാധ്യമല്ലെന്ന് അറിയിക്കുന്നതും തർക്കങ്ങൾക്കിടയാക്കാറുണ്ട്.

എഞ്ചിനീയറിങ് വിഭാഗത്തിനെതിരെ അഴിമതി ആരോപണങ്ങൾ ഉണ്ടാകാറുണ്ട്. മറ്റ് ഡിപ്പാർട്ട്മെന്റുകളിലും സമൂഹത്തിലൊന്നാകെയും ഉള്ളത് പോലെ എഞ്ചിനീയറിങ് വിഭാഗത്തിലും അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഒരു വിഭാഗം ഉദ്യോഗസ്ഥർ ഉണ്ട്. അഴിമതിക്കെതിരെ കർശന നിലപാടെടുത്ത് അർഹിക്കുന്ന ശിക്ഷ ഈ കൂട്ടർക്ക് നൽകേണ്ടതാണ്. അഴിമതി ഇല്ലാതാക്കുന്നതിനായി ഏകീകരണം മൂലം എഞ്ചിനീയറിങ് വിങ്ങിന്റെ നിയന്ത്രണം ജനറൽ വിങ്ങിനെ ഏൽപ്പിക്കുന്നതിന് ഒരു വിഭാഗം ശ്രമിക്കുന്നു. അത്തരത്തിൽ ഒരു നിയന്ത്രണം നൽകുന്നത് കൊണ്ട് അഴിമതി ഇല്ലാതാകുന്നില്ല

തദ്ദേശസ്വയംഭരണ അധ്യക്ഷൻമാരുമായും തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുമായി ചേർന്ന് പ്രവർത്തിക്കുന്നില്ല എന്നതാണ് മറ്റൊരു ആരോപണം. ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഭരണസമിതിയോട് ചേർന്ന് എഞ്ചിനീയറിങ് വിഭാഗം പ്രവർത്തിക്കുന്നു എന്നതിനാലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചിലവിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്. ജീവനക്കാർ തങ്ങളുടെ തൊഴിലിൽ മനപൂർവ്വമായ വീഴ്ച വരുത്തുകയോ നിയമപരമായ തെറ്റുകൾ വരുത്തുകയോ ചെയ്താൽ സസ്പെൻഷൻ വരെയുള്ള അർഹമായ ശിക്ഷ നടപടികൾ നൽകുന്നതിനും, സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ അധ്യക്ഷൻമാർക്ക് മുൻസിപ്പൽ ആക്ടിലും, പഞ്ചായത്ത് രാജ് ആക്ടിലും അധികാരം നൽകിയിട്ടുണ്ട്, നിലവിൽ തന്നെ അത്തരത്തിൽ അധികാരം ഉണ്ടായിട്ടും, എൻജിനീയറിങ് വിഭാഗത്തിന്റെ നിയന്ത്രണം തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്ക് നൽകിയാൽ മാത്രമേ പ്രവർത്തനങ്ങൾ മെച്ചപ്പെടുകയുള്ളൂ എന്ന് ഒരു വിഭാഗം വ്യാപകമായി പ്രചരണം നടത്തുന്നുണ്ട്.

5 ഏകീകൃത തദ്ദേശ സ്വയംഭരണ സംവിധാനം നിലവിൽ വന്നതിനുശേഷം സാങ്കേതികവും ഭരണപരവുമായ കാര്യങ്ങളുടെ നിയന്ത്രണം

പ്രൊഫഷണൽ ജീവനക്കാരായ ഉദ്യോഗസ്ഥരുടെ നിയന്ത്രണം പ്രൊഫഷണൽ ഇതര ജീവനക്കാർക്ക് നൽകുന്ന നടപടിയാണ് ഏകീകരണം മൂലം സംഭവിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കിട്ടിയ മറ്റ് പ്രൊഫഷണലുകളായ ഡോക്ടർമാർ, കൃഷി ഓഫീസർമാർ, മുതലായ പ്രൊഫഷണലുകൾക്ക് എല്ലാം തന്നെ പ്രൊഫഷണൽ മേൽ അധികാരികൾ ഉള്ളപ്പോൾ എൻജിനീയർമാർക്ക് മാത്രമാണ് പ്രൊഫഷണൽ ഇതര മേധാവി ആവശ്യമാണെന്ന് ഒരു വിഭാഗം നിരന്തരമായി പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്. പരിമിതമായ പ്രമോഷൻ സാധ്യത മാത്രമുള്ള ഒരു എൻജിനീയറിങ് വിഭാഗമാണ് LSGD എൻജിനീയറിങ് വിംഗ്. സാങ്കേതിക വിദ്യാഭ്യാസ യോഗ്യത എന്ന അധിക വിദ്യാഭ്യാസ യോഗ്യത ഉള്ളതുകൊണ്ട് മാത്രം ഓഫീസ് മേധാവി സ്ഥാനം നൽകാത്ത സ്ഥിതിയാണുള്ളത്.

സാങ്കേതിക വിഭാഗം ജീവനക്കാർ സർവീസിൽ പ്രവേശിക്കുന്ന സമയത്ത് ജനറൽ വിഭാഗത്തിലെ താഴ്ന്ന തസ്തികയിൽ ഉണ്ടായിരുന്ന പലരും പ്രമോഷൻ വാങ്ങി തങ്ങളുടെ തന്നെ ഓഫീസ് മേധാവിയായി വരുന്നതും അവരെ നിയന്ത്രിക്കുന്നതും സാങ്കേതിക വിഭാഗം ജീവനക്കാരുടെ മനോവീര്യം കെടുത്തുന്നതാണ്. ഈ വകുപ്പിലെ 50%ത്തിലധികം എൻജിനീയർമാരും കേരളത്തിലെ എൻജിനീയറിങ് കോളേജുകൾക്ക് പുറമെ ഇന്ത്യയിലെ മികച്ച സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആയ IIT കളിൽ നിന്നും NIT കളിൽ നിന്നും എൻജിനീയറിങ്ങിൽ ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയവരാണ്.

സാങ്കേതിക വിഭാഗം ജീവനക്കാർ ഭൂരിഭാഗവും ഫീൽഡ് തല ഉദ്യോഗസ്ഥരാണ്. അവരുടെ പ്രവർത്തന സമയവും സാങ്കേതിക ഇതര ജീവനക്കാരുടെ പ്രവർത്തന രീതിയും വ്യത്യസ്തമാണ്. സാങ്കേതിക പരിജ്ഞാനം ഉള്ള ഒരു മേലുദ്യോഗസ്ഥന് മാത്രമേ എൻജിനീയറിങ് വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടികൾ വിഭജിച്ചു നൽകുന്നതിനും അത് യഥാസമയം നടക്കുന്നുണ്ടോ എന്നും മോണിറ്റർ ചെയ്യാൻ കഴിയൂ.

2008 ൽ എൽ എസ് ജി ഡി എൻജിനീയറിങ് വിഭാഗം മുനിസിപ്പൽ കോമൺ സർവീസിലെ ഒരു വിഭാഗം സാങ്കേതികതര ജീവനക്കാർ എൻജിനീയറിങ് വിഭാഗം ജീവനക്കാരെ തങ്ങളുടെ തന്നെ നിയന്ത്രണത്തിൽ ആക്കുന്നതിന് ശ്രമിക്കുകയും ഹാജരും മറ്റും മുനിസിപ്പൽ സെക്രട്ടറിമാരുടെ മുമ്പാകെ വന്നു രേഖപ്പെടുത്തണമെന്ന് ആവശ്യം ഉന്നയിക്കുകയും ചെയ്തിരുന്നു. ബഹു.കേരള ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ടു വന്ന WP (No.) 7528/2014 നമ്പർ കേസിന്റെ വിധിപ്പകർപ്പിലും തുടർന്ന് 5/12/2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇറക്കിയ G.O(Rt) No.3647/2015/LSGD ഉത്തരവിലും എൻജിനീയറിങ് വിഭാഗം മേൽ അധികാരികൾക്ക് തങ്ങളുടെ താഴെത്തട്ടിൽ ഉള്ള ജീവനക്കാരുടെ മേലുള്ള നിയന്ത്രണ അവകാശങ്ങൾ നൽകേണ്ടത് തന്നെയാണെന്ന് പ്രതിപാദിച്ചിരുന്നു. ("All the engineers are authorised to control and supervisor subordinate staff and the engineering is functioning effectively under the chief engineer as any other engineering departments").

തദ്ദേശസ്വയംഭരണ ഏകീകരണം - അദാലത്തുകൾ അധിക ജോലികൾ-

ഏകീകരണത്തെ തുടർന്ന് പുതുതായി ഏർപ്പെടുത്തിയ അദാലത്തിലും മറ്റും വരുന്ന പരാതികൾ,പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബ്ലോക്ക് തലത്തിലെയും മുനിസിപ്പാലിറ്റികളിലെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധിക ജോലി കൈവന്നിരിക്കുകയാണ്.

കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പെർമിറ്റ് നൽകാൻ കഴിയുകയില്ല എന്ന് താഴെ ഓഫീസുകളിൽ നിന്നുള്ള ഫയലുകൾ മിക്കവയും ഇപ്പോൾ അദാലത്തിലെത്തുകയാണ്. ഇന്റേണൽ വിജിലൻസ് ഓഫീസർക്കും, അസിസ്റ്റന്റ് ടൗൺ പ്ലാനർക്കും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും ആണ് അദാലത്തിന്റെ പ്രശ്നപരിഹാരത്തിന് ചുമതല നൽകിയിട്ടുള്ളത്

ഇന്റേണൽ വിജിലൻസ് ഓഫീസർമാരെ പോലുള്ള സാങ്കേതിക ഇതര ഉദ്യോഗസ്ഥർക്ക് ഇത് അവരുടെ ജോലിയുടെ ഭാഗം മാത്രമാണ്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് തങ്ങളുടെ അധികാരപരിധിയിലുള്ള ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്, മറ്റു സ്കീമുകളിൽ പെട്ട 800 മുതൽ 1000 വരെ പ്രോജക്ടുകൾ സ്ഥല പരിശോധന നടത്തി ചെക്ക്മേഷർ ചെയ്യേണ്ടതാണ്.

പുതുതായി വന്ന അദാലത്ത് പോലുള്ള സംവിധാനങ്ങൾക്ക് സമയം ചെലവഴിക്കേണ്ടി വരേണ്ടതിനാൽ ചെക് മേഷർ ചെയ്യുന്നതിനോ മതിയായ സാങ്കേതിക ഉപദേശം നൽകുന്നതിനോ സാധിക്കുന്നില്ല. പ്രൈസ് സോഫ്റ്റ്വെയറുകളിൽ ഓരോ ദിവസവും വരുന്ന ഫയലുകൾ അപ്രൂവ് ചെയ്യുന്നത് രാത്രിയിലും അവധി ദിവസങ്ങളിലും മറ്റുമായി മാറി. ഇതുമൂലം പ്രവർത്തികളുടെ ഗുണനിലവാര ഉറപ്പുവരുത്തുന്നതിനോ വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനോ കഴിയാത്ത സാഹചര്യമാണുള്ളത്

കോർപ്പറേഷൻ ഉള്ള ജില്ലകളിലെ കോർപ്പറേഷനുമായി ബന്ധപ്പെട്ട സാങ്കേതികപരാതികളുടെ റിപ്പോർട്ടുകളും മറ്റും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൊണ്ട് തയ്യാറാക്കുന്ന സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. കോർപ്പറേഷനുകളിലെ സൂപ്രണ്ട്

എൻജിനീയറിന്റെ പരിധിയിലുള്ള റിപ്പോർട്ടുകൾ / പരാതികൾ തങ്ങളേക്കാൾ താഴ്ന്ന തസ്തികയിലുള്ള ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിനെ കൊണ്ട് നോക്കുന്നത് അഭിലഷണീയമല്ല. മിക്ക ജില്ലകളിലും ജോയിൻ ഡയറക്ടർമാർ ഇത് ആവശ്യപ്പെടുന്നുമുണ്ട്.

ഏകീകരണത്തിന് മുമ്പ് ചീഫ് എൻജിനീയർ ഓഫീസുമായി ബന്ധപ്പെട്ടിട്ടുണ്ടായിരുന്ന സാങ്കേതിക വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തേണ്ടതും അതാത് ജില്ലകളിൽ രൂപീകരിക്കുന്ന കാളിറ്റി വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരെ ഇത്തരത്തിൽ ആവശ്യമായ സാങ്കേതിക വിജിലൻസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്താവുന്നതാണ്

ഭരണ വിഭാഗത്തിന് മാത്രമായി ഉയർന്ന ശമ്പളവും, പുതിയ തസ്തികകളും, അധികാരങ്ങളും ഏർപ്പെടുത്തി

ഏകീകൃത വകുപ്പിൽ ജനറൽ വിഭാഗത്തിന് മാത്രമായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയും എൻജിനീയറിങ് വിഭാഗത്തിന് സമാനമായതോ അതിന് താഴെയോ ഉണ്ടായിരുന്ന തസ്തികകൾ Upgrade ചെയ്യുകയും ജോലിഭാരം വർദ്ധിപ്പിക്കാതിരുന്നിട്ട് പോലും അവർക്ക് മാത്രം ഉയർന്ന പേ സ്കെയ്ൽ അനുവദിച്ചതും എൻജിനീയറിങ് വിഭാഗത്തിന്റെ മനോവീര്യം കെടുത്തിയിട്ടുള്ളതാണ്.

ജനറൽ വിങ്ങിലെ ജീവനക്കാരുടെ പേ സ്കെയിലും എൻജിനീയറിങ് വിഭാഗത്തിന്റെ പേ സ്കെയിലും താരതമ്യം

Sl No	Designation	Scale of pay before integration	Upgraded Scale of Pay	Remarks
1	Corporation Secretary	95600-153200	107800-160000	scale of pay അപ്ഗ്രേഡ് ചെയ്തു
2	Additional Corporation Secretary	95600-153200	107800-160000	scale of pay അപ്ഗ്രേഡ് ചെയ്തു
3	Executive Engineer	95600-153200	No Change	no change
4	District Panchayath Secretary	77200-140500	107800-160000	scale of pay അപ്ഗ്രേഡ് ചെയ്തു
5	Municipal secretary Grade 1	77200-140500	95600-153200	നിലവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ scale of pay ലേക്ക് അപ്ഗ്രേഡ് ചെയ്തു
6	Deputy Director of Panchayaths	63700-123700	95600-153200	scale of pay അപ്ഗ്രേഡ് ചെയ്തു
7	Assistant Executive Engineer (HG)	63700-123700	No Change	no change
8	Administrative Assistant	59300-120900	63700-123700	scale of pay അപ്ഗ്രേഡ് ചെയ്തു
9	Assistant Director of Panchayaths	59300-120900	63700-123700	scale of pay അപ്ഗ്രേഡ് ചെയ്തു
10	Assistant Executive Engineer	59300-120900	No Change	No change
11	Municipal secretary Grade III	55200-115300	59300-120900	scale of pay അപ്ഗ്രേഡ് ചെയ്തു
12	Assistant Engineer	55200-115300	No Change	No change

ഏകീകൃത വകുപ്പിലെ ജില്ലാ മേധാവിമാരായി ജനറൽ വിഭാഗത്തിലെ ജോയിന്റ് ഡയറക്ടർമാരെ നിയമിക്കുകയുണ്ടായി. ഒരേ ശമ്പള സ്കെയിലിൽ സർവീസിൽ പ്രവേശിക്കുന്നവരായിട്ടും എൻജിനീയറിങ് വിഭാഗം ജില്ലാതല ഉദ്യോഗസ്ഥരെക്കാൾ 10 മുതൽ 15 വർഷം വരെ താഴ്ന്ന സർവ്വീസുള്ള ജനറൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർമാർക്കാണ് ജില്ലാ മേധാവി സ്ഥാനം നൽകിയത്. തങ്ങളെക്കാൾ ജൂനിയറായ ഉദ്യോഗസ്ഥർ ഓഫീസ് മേധാവിയാകുന്നത് വഴി എൻജിനീയറിങ് വിഭാഗത്തിനെ തരംതാഴ്ത്തിയ സ്ഥിതിയാണുള്ളത്.

എൻജിനീയറിങ് വിഭാഗം ജീവനക്കാരുടെയും ജനറൽ വിഭാഗം ജീവനക്കാരുടെയും സർവീസ് കാലയളവ് താരതമ്യം.

ജനറൽ വിഭാഗം		
തസ്തിക	PSC Advice No.	Date
ജോയിന്റ് ഡയറക്ടർ/ജില്ലാ പഞ്ചായത്ത് സെക്രട്ടറി/കോർപ്പറേഷൻ സെക്രട്ടറി	RIA (2) 13889/12 GW	6/05/2014
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി	RIC (3) 14703/11/ GW	07/10/2015
എൻജിനീയറിങ് വിഭാഗം		
തസ്തിക	PSC Advice No.	Date
സൂപ്രണ്ടിങ് എഞ്ചിനീയർ	RIA (3) 1868/99 GW	24/02/1999
എക്സിക്യൂട്ടീവ് എഞ്ചിനീയർ	RIA (3) 1868/99 GW	19/07/2001
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	RIA (3) 20559/06 GW	03/10/2006
അസി. എഞ്ചിനീയർ	RE III (3) 426/2010	20/12/2011

കേരള PSC Advice മുഖേനെ 1999ൽ സർവീസിൽ കയറിയ സൂപ്രണ്ടിങ് എൻജിനീയർമാർ കോർപ്പറേഷനുകളിൽ ഉണ്ടായിട്ടും 2001ൽ സർവീസിൽ പ്രവേശിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജില്ലാതലത്തിൽ ഉണ്ടായിട്ടും തങ്ങളെക്കാൾ 10 മുതൽ 15 വർഷം കുറവ് സർവീസിലുള്ള സമാന പേ സ്കെയിൽ ഉള്ള തസ്തികയിൽ പ്രവേശിച്ചവർ എൻജിനീയറിങ് വിഭാഗക്കാരുടെ ആഫിസ് മേധാവിയാകുന്ന സ്ഥിതിയാണ് ഏകീകരണം മൂലം സംജാതമായിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ എൻജിനീയറിങ് വിഭാഗം മേധാവിമാരേക്കാൾ 9 വർഷം ഗ്രാമപഞ്ചായത്ത് തലത്തിൽ 4 വർഷം വരെ കുറവ് സർവീസുള്ള സെക്രട്ടറിമാരാണുള്ളത്.

പ്രിൻസിപ്പൽ ഡയറക്ടറുടെ 20.1.2024ലെ LSGD / PD /1701 സർക്കുലർ അനുസരിച്ച് അസിസ്റ്റന്റ് എൻജിനീയർ തസ്തിക ഒഴിവുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓവർസിയർമാർക്കും മറ്റും അധിക ചുമതല നൽകേണ്ടുന്ന അധികാരം ജോയിൻ ഡയറക്ടർമാർക്ക് നൽകിയിരിക്കുകയാണ്. നിലവിൽ മേൽ ഉദ്യോഗസ്ഥരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് ഇത്തരത്തിൽ ചാർജ് അറേഞ്ച് മെന്റ് ചെയ്തിരുന്നത്. ഈ വകുപ്പിന്റെ ഫംഗ്ഷൻ എങ്ങനെയാണെന്ന് നിശ്ചയിക്കുന്നതിന് ഒരു ഫംഗ്ഷണൽ മാനുവൽ പോലും ഇറക്കാതെ സർക്കുലറുകളിൽ കൂടെയും മറ്റും അധികാരങ്ങൾ പിടിച്ചെടുത്തു നൽകുന്ന നടപടികൾ ആണ് വന്നിട്ടുള്ളത്

മറ്റു സർക്കാർ എഞ്ചിനീയറിങ് വകുപ്പുകളിലെതിന് സമാനമായ സാങ്കേതിക പ്രവർത്തനങ്ങൾ , വേണ്ട തൊഴിലപരമായ സ്വാതന്ത്ര്യം, അനുഭവസമ്പത്തുള്ള സാങ്കേതിക മേലുദ്യോഗസ്ഥരുടെ കീഴിലുള്ള ഓഫീസ് അന്തരീക്ഷം തുടങ്ങി നാളിതുവരെയായി ലഭിച്ചുകൊണ്ടിരുന്ന രീതിയിലുള്ള ശമ്പളം എന്നിവ ഉറപ്പുവരുത്തിയാൽ മാത്രമേ എൻജിനീയറിങ് വിഭാഗത്തിന് സുഗമമായി പ്രവർത്തിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇടയാകുകയുള്ളൂ

എഞ്ചിനീയറിങ് വിഭാഗത്തിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ അവരുടെ സാങ്കേതിക പരിജ്ഞാനവും, കൃത്യനിഷ്ഠതയും, പ്രവർത്തികൾ നടപ്പിലാക്കുന്നതിന്റെ നേതൃത്വപാടവും, വ്യക്തമാക്കേണ്ടതാണ് ആയതിനാൽ നിലവിലുള്ളത് പോലെ എൻജിനീയറിവിഭാഗം ജീവനക്കാരുടെ അറ്റൻഡൻസ്, ലീവ്,ശമ്പളം മുതലായവയും കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിശോധിക്കേണ്ടതും സാങ്കേതിക വിഭാഗം മേലുദ്യോഗസ്ഥൻ തന്നെ ആകേണ്ടതാണ്

6. ഗുണനിലവാര നിയന്ത്രണം

- **നിലവിലെ സ്ഥിതി**

  കേരളത്തിലെ ഏറ്റവും വലിയ സാങ്കേതിക വകുപ്പായിട്ട് പോലും ഓരോ പദ്ധതികളും Quality ഉറപ്പാക്കിയാണോ നടപ്പിലാക്കിയത് എന്ന് പരിശോധിക്കുന്നതിന് യാതൊരു സംവിധാനവുമില്ല.

- വിജിലൻസ് പരിശോധനകളും മറ്റും നടത്തുമ്പോൾ Quality Test റിസർട്ടുകളും, രജിസ്റ്ററുകളും ആവശ്യപ്പെടാറുണ്ട്. വ്യക്തമായ സംവിധാനങ്ങളോ, ഉത്തരവുകളോ ഇല്ലാത്തതിനാൽ ഇതുമൂലം പലപ്പോഴും ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്ന സാഹചര്യമാണുള്ളത്.

- നിലവിലെ മിക്കകരാറുകാരും S.B.D യുടെ ഭാഗമായിട്ടുള്ള ക്വാളിഫൈഡ് Diploma, Engineering graduates നെ പ്രവർത്തി നടപ്പിലാക്കുന്നതിനായി നിയമിക്കാറില്ല അവർക്ക് നൽകേണ്ടുന്ന തുക ബില്ലിൽ നിന്നും കുറവ് ചെയ്യാറുമില്ല.

- ജില്ലാ പഞ്ചായത്തുകളിലും ചില ബ്ലോക്ക് പഞ്ചായത്തുകളിലും വാങ്ങിയ Quality Testing ഉപകരണങ്ങൾ പരിശോധിക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഉപയോഗിക്കാത്ത സ്ഥിതിയാണുള്ളത്.

നിർദ്ദേശങ്ങൾ

പൊതുമരാമത്ത് ക്വാളിറ്റി മാനുവൽ LSGD എൻജിനീയറിങ് വിഭാഗത്തിലും പ്രാവർത്തികമാക്കേണ്ടതാണ് ആയതിനുള്ള തസ്തികൾ സൃഷ്ടിക്കേണ്ടതാണ്.

- PWD Quality Manual പ്രകാരമുള്ള Three tier Quality control system നടപ്പിലാക്കുന്നതിനായി നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള 3 റീജിയണൽ ലാബുകളും,ആയവ ഇല്ലാത്ത 11 ജില്ലകൾക്കായി ജില്ലാതല Quality ലാബുകളും ഏർപ്പെടുത്തേണ്ടതാണ്.

- പൊതുമരാമത്ത് ക്വാളിറ്റി മാനുവലിൽ First - tier QC Testing നിർബന്ധമാക്കിയിരിക്കുന്നത് 15 ലക്ഷം രൂപയിൽ കൂടുതലുള്ള പ്രവർത്തികൾക്കാണ്. LSGD യിൽ താരതമ്യേന അടങ്കൽ തുക കുറവുള്ള പ്രോജക്ടുകളും ഉള്ളതിനാൽ First tier QC testing ന് പുറമേ പുതുതായി രൂപീകരിക്കുന്ന ക്വാളിറ്റി വിഭാഗം മുഖേനെ 15 ലക്ഷം രൂപയിൽ താഴെയുള്ള പ്രവർത്തികൾക്കായി Random ആയി പരിശോധിക്കേണ്ടതും അത്തരത്തിൽ എല്ലാ പ്രവർത്തികൾക്കും Quality ഉറപ്പാക്കേണ്ടുന്നതാണ്.

- കരാറുകാർ നിലവിൽ Supervisers നെയും Engineers നെയും നിയമിക്കുന്നതിന് വിമുഖത കാണിക്കുന്നതിനാൽ Certified Construction Professionals നെ നിയമിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

7. മാലിന്യ സംസ്കരണം

നിലവിലെ സ്ഥിതി

മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരുപോലെയുള്ള Waste Management Project കളാണ് നടപ്പിലാക്കുന്നത്. ഇത് മൂലം പലതും ഉപയോഗശൂന്യമായി കിടക്കുന്നു eg. Plastic shredding units

- ശുചിത്വമിഷണിലെ പരിമിതമായ സാങ്കേതിക വിഭാഗം ജീവനക്കാരും, Impact കേരള SPV യുമാണ് നിലവിൽ Environmental Project കൾക്കുള്ള സാങ്കേതിക സഹായം നൽകുന്നത്. എന്നാൽ കേരളം ഏറെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന മാലിന്യസംസ്കരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നിലവിലെ സംവിധാനങ്ങൾ പര്യാപ്തമല്ല.

- വ്യക്തമായ സാങ്കേതിക മേൽനോട്ടം ഇല്ലാതെ നടപ്പിലാക്കിയ പല പദ്ധതികളും പൂർണ്ണതയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

- ഈ മേഖലയുമായി ബന്ധപ്പെട്ട ധാരാളം അക്രഡിറ്റഡ് ഏജൻസികൾ, സെന്റേജ് ചാർജ്ജ് ഇനത്തിൽ ഭീമമായ തുകയാണ് ഓരോ വർഷവും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

- LSGD - Environmental Engineering വിഭാഗം രൂപീകരിക്കേണ്ടതാണ് ഇന്ത്യയിലെ പ്രശസ്തമായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എൻവിയോൺമെന്റൽ എഞ്ചിനീയറിങ്ങിൽ ബിരുദാനന്തര ബിരുദമുള്ള നൂറോളം എൻജിനീയർമാർ LSGD യിൽ ജോലി ചെയ്യുന്നു. അവരുടെ അനുഭവ സമ്പത്തും മറ്റും Waste management പ്രവർത്തനങ്ങൾ ഒരു പ്രൊഫഷണൽ വൈദഗ്ദ്ധ്യത്തോടെ കൈകാര്യം ചെയ്യുന്നതിനിടയാക്കും.

50 ലക്ഷത്തിൽ അധികം അടങ്കൽ തുകയുള്ളതും സാങ്കേതികപരമായി കൂടുതൽ ശ്രദ്ധിക്കേണ്ടതുമായ പ്രവർത്തികൾ Environmental Engineering വിഭാഗം മുഖേനെ തന്നെ നടപ്പിലാക്കേണ്ടതാണ്.

- അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് ഇനത്തിൽ നൽകുന്ന തുകയിൽ നിന്നും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ തുക കണ്ടെത്താവുന്നതാണ്.

8. ഇലക്ട്രിക്കൽ പ്രവർത്തികൾ

നിലവിലെ സ്ഥിതി

- ജില്ലാതല ഇലക്ട്രിക്കൽ കമ്മറ്റി മുഖേനെ യാണ് നിലവിൽ LSGD യിൽ ഇലക്ട്രിക്കൽ പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്.

- KSEB യിൽ നിന്നും പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും റിട്ടയറായ വളരെ സീനിയറായ കമ്മറ്റി അംഗങ്ങളാണ് ജില്ലയിലെ മുഴുവൻ ഇലക്ട്രിക്കൽ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത്.

- പ്രോജക്ട് അടങ്കലിന്റെ 2.5 % തുകയാണ് ടി കമ്മറ്റി അംഗങ്ങൾക്ക് ഓണറേറിയാം ആയി നൽകുന്നത്. കൂടാതെ യോഗങ്ങൾ കൂടുമ്പോൾ സിറ്റിംഗ് ഫീസിനത്തിൽ ഓരോ അംഗത്തിനും 750 മുതൽ 1000 രൂപ വരെ നൽകുന്നുമുണ്ട്.

- നിലവിലെ ഇലക്ട്രിക്കൽ പ്രവർത്തികൾ ഓഡിറ്റ് ചെയ്യുന്നതിന് യാതൊരു സംവിധാനവും നിലവിലില്ല.

നിർദ്ദേശങ്ങൾ

- ഓണറേറിയം ആയി നൽകുന്ന തുക ഉപയോഗിച്ച് തന്നെ ഓരോ ജില്ലയിലും ഇലക്ട്രിക്കൽ വിഭാഗത്തെ രൂപീകരിക്കാവുന്നതാണ്. തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനും ഇത് മൂലമിടയാകും.

- മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറുകളും മറ്റു ആധുനിക ഇലക്ട്രോണിക്സ് സംവിധാനങ്ങളും മതിയായ രീതിയിൽ പരിപാലിക്കാത്തതിനാലും, വ്യക്തമായ ഓഡിറ്റ് ഇല്ലാത്തതിനാലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി വൻ തുക ചിലവഴിക്കുന്നുണ്ട്. ഓരോ രണ്ടു ജില്ലകൾക്കുമായെങ്കിലും LSGD ഇലക്ട്രോണിക്സ് വിഭാഗം രൂപീകരിക്കേണ്ടതാണ്.

9.ജൽ ജീവൻ പദ്ധതി, ദുരന്തനിവാരണം, പ്രാദേശിക കാലാവസ്ഥ വ്യതിയാനം

ഏകീകരണത്തിന് മുമ്പ്, പ്രളയകാലത്ത് കെട്ടിടങ്ങൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾ യഥാസമയം വാലുവേഷൻ എടുത്ത് നൽകുന്ന പ്രവർത്തനങ്ങളിലും, കോവിഡ് മഹാമാരികാലത്ത്, സി എഫ് എൽ ടി സി പോലെയുള്ള സെന്ററുകൾ തയ്യാറാക്കുന്നതിനും എൻജിനീയറിങ് വിഭാഗം തങ്ങളുടെ സാങ്കേതിക വിഭാഗം മേലധികാരികളോടും ഭരണസമിതിയോടൊപ്പം ചേർന്നു മികച്ച പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചിട്ടുള്ളത്. ജലജീവൻ പദ്ധതി പോലെയുള്ള പുതിയ പദ്ധതികൾ ഭാവിയിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടി വരുമ്പോൾ, ആയവയുടെ പരിപാലനത്തിന് മതിയായ വൈദഗ്ദ്യം നേടിയ സാങ്കേതിക ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

No - 13/LEAF/2023-24 19.10.2023

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ
തദ്ദേശ സ്വയംഭരണ വകുപ്പ്

ശ്രീ.സുന്ദരൻ
Retd. ചീഫ് എഞ്ചിനീയർ &
Chairman, Technical Committee

സർ,

വിഷയം : ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് : ചീഫ് എഞ്ചിനീയറുടെ കാര്യാലയം - GO (Rt) No. 1722/2023 dated 23.08.2023 മായി ബന്ധപ്പെട്ട പ്രൊപ്പോസൽ നൽകുന്നത് : സംബന്ധിച്ച് :-

സൂചന : 1) 04.10.2023 നു ലഭിച്ച email സന്ദേശം
2) ചീഫ് എഞ്ചിനീയറുടെ 04.10.2023 ലെ LSGD /PD / 58660 / 2023-DB1 നമ്പർ കത്ത്
3) 23.08.2023 ലെ 1722 / 2023 / ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

മേൽ വിഷയവുമായി ബന്ധപ്പെട്ട് സൂചനകളുടെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി യിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സംഘടനയായ LEAF ന്റെ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഏറ്റവും താഴെ തട്ടിലുള്ള ഓവർസിയർമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ജോലിഭാരം ഏവർക്കും അറിവുള്ളതാണല്ലോ. എന്നാൽ ജോലിഭാരത്തിനൊപ്പം ഉത്തരവാദിത്തങ്ങളും ബാദ്ധ്യതകളും ശിക്ഷാനടപടികളും കൊണ്ട് കൂടുതൽ കലുഷിതമാണ് ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ ജീവിതം. എൽ.എസ്.ജി.ഡി യിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് വേണ്ടി മാത്രമുള്ള സംഘടനയായതിനാൽ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർമാർ നേരിടുന്ന പ്രശ്നങ്ങളും മാനസിക സമ്മർദ്ദവും പരിഹാര നിർദ്ദേശങ്ങളും ശ്രദ്ധയിൽ പെടുത്തുകയും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതു വഴി എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മൊത്തത്തിലുള്ള മെച്ചപ്പെടുത്തലുമാണ് LEAF ഉദ്ദേശിക്കുന്നത്.

പൊതു നിർദ്ദേശം

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നശേഷം ആയതുമായി ബന്ധപ്പെട്ട ചുമതലകൾ വലിയതോതിൽ തന്നെ പഞ്ചായത്തുകളിൽ വർദ്ധിച്ചിട്ടുണ്ട്. വളരെ വിപുലവും എന്നാൽ മരാമത്ത് പ്രവൃത്തികളുടെ പൊതുസ്വഭാവത്തിൽ നിന്ന് തീർത്തും വ്യത്യസ്തവുമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധമായ ജോലികൾ മരാമത്ത് പ്രവൃത്തികളോടൊപ്പം ഇടകലർത്തി നിർവഹിക്കുന്നത് ഗ്രാമപഞ്ചായത്ത് തലത്തിലുള്ള

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

അസിസ്റ്റന്റ് എൻജിനീയർമാരുടെ കാര്യക്ഷമത കുറയ്ക്കുവാൻ കാരണമാകുന്നു. കൂടാതെ കേന്ദ്ര പദ്ധതികൾ ഉൾപ്പെടെ പദ്ധതി തുക നഷ്ടമാകുന്ന അവസ്ഥ ഇന്ന് നിലവിലുണ്ട്. ഇതിനൊരു പരിഹാരം ഉണ്ടാകേണ്ടതുണ്ട്. നിലവിൽ നഗരസഭകളിൽ പെർമിറ്റ് സംബന്ധമായ ഫയലുകൾ കൈകാര്യം ചെയ്യുന്ന രീതിയിൽ ബ്ലോക്ക്, ജില്ലാ, മേഖല, സംസ്ഥാന അടിസ്ഥാനത്തിൽ AEE, EE, SE, CE മാരെ ഉൾക്കൊള്ളിച്ച് സിവിൽ വിംഗിനു കീഴിൽ Building Rule Enforcement Group എന്ന പുതിയ ഒരു സബ് ഗ്രൂപ്പ് ഉണ്ടാക്കണമെന്ന നിർദ്ദേശം ലീഫ് മുന്നോട്ടു വയ്ക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മാണ സാങ്കേതികതയിൽ നവീന ആശയങ്ങൾ ഉരുവാക്കുന്നതിന് സിവിൽ വിംഗിന് കീഴിൽ Design Research Investigation & Quality control (DRIQ) എന്ന പുതിയ ഒരു സബ് ഗ്രൂപ്പ് രൂപീകരിക്കണമെന്ന നിർദ്ദേശം LEAF മുന്നോട്ടുവയ്ക്കുന്നു. ഈ രണ്ട് സബ് ഗ്രൂപ്പുകൾ കൂടാതെ താഴെപ്പറയും പ്രകാരം പുതിയ ചീഫ് എൻജിനീയർ തസ്തികകൾ സൃഷ്ടിച്ച് പ്രത്യേക ഗ്രൂപ്പുകൾ ഉണ്ടാകേണ്ടതാണ്.

1) Chief Engineer (TA to PD) - പ്രിൻസിപ്പൽ ഡയറക്ടർക്ക് എൻജിനീയറിംഗ് സംബന്ധമായി സാങ്കേതിക ഉപദേശം നൽകൽ

2) Chief Engineer (Administration & Public Health Engineering) - ഉദ്യോഗസ്ഥരുടെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കൽ (അച്ചടക്കനടപടികൾ ഉൾപ്പെടെ)

3) Chief Engineer (Roads & Bridges) - ത്രിതലപഞ്ചായത്ത് മുൻസിപ്പാലിറ്റി തലങ്ങളിലെ റോഡുമായി ബന്ധപ്പെട്ട പദ്ധതികളുടെ സാങ്കേതികകാര്യങ്ങൾ

4) Chief Engineer (Buildings) - ത്രിതലപഞ്ചായത്ത് മുൻസിപ്പാലിറ്റി തലങ്ങളിലെ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ സാങ്കേതിക കാര്യങ്ങൾ

5) Chief Engineer (Schemes) - ത്രിതല പഞ്ചായത്ത് മുൻസിപ്പാലിറ്റി തലങ്ങളിലെ എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്, ഫ്ലഡ്, അമൃത തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങൾ

6) Chief Engineer (DRIQ) - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിങ് വിഭാഗമായി ബന്ധപ്പെട്ട പദ്ധതികളുടെ Structural Design, Testing, Architecture, Research, Investigation, Quality Control എന്നിവ

7) Chief Engineer (BREG) - ത്രിതല പഞ്ചായത്ത് മുൻസിപ്പാലിറ്റി തലങ്ങളിലെ നിശ്ചിത പ്ലിന്ത് ഏരിയയ്ക്ക് മുകളിൽ വരുന്ന കെട്ടിടങ്ങളുടെ അനുമതിയും ബിൽഡിംഗ് റൂൾ സംബന്ധമായ പൊതുവായ മേൽനോട്ടവും

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

8) Chief Engineer (PMGSY) - പി.എം.ജി.എസ്.വൈ സംബന്ധമായ പദ്ധതികൾ

9) Chief Engineer (Internal Vigilance) - അഴിമതി തടയുന്നതിനായുള്ള പരിശോധനകൾ, അതിൻമേലുള്ള നടപടികൾ

10) Chief Engineer - തിരുവനന്തപുരം കോർപ്പറേഷൻ

11) Chief Engineer - കൊല്ലം കോർപ്പറേഷൻ

12) Chief Engineer - കൊച്ചി കോർപ്പറേഷൻ

13) Chief Engineer - തൃശ്ശൂർ കോർപ്പറേഷൻ

14) Chief Engineer - കോഴിക്കോട് കോർപ്പറേഷൻ

15) Chief Engineer - കണ്ണൂർ കോർപ്പറേഷൻ

തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിൽ അനുവദിക്കപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകളും, പൊതുമരാമത്ത് വകുപ്പ് പാറ്റേൺ പ്രകാരം കണക്കാക്കിയാൽ പോലും ഏറ്റവും കുറവ് ആവശ്യമുള്ള തസ്തികകളുടെ എണ്ണവും അവയുടെ വ്യത്യാസവും ചുവടെ ചേർക്കുന്നു. ഈ അധിക തസ്തികകൾ അനുവദിക്കണം. കൂടാതെ ആനുപാതികമായി വിവിധ ഗ്രേഡിലുള്ള ഓവർസിയർമാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും തസ്തികകൾ PWD പാറ്റേൺ പ്രകാരം അനുവദിക്കേണ്ടതാണ്.

തസ്തിക	അനുവദിക്കപ്പെട്ടത് (എണ്ണം)	ആവശ്യമുള്ളത് (PWD പാറ്റേൺ പ്രകാരം)	വ്യത്യാസം
Chief Engineer	2	15	13
Superintending Engineer	10	49	39
Executive Engineer	50	178	128
Assistant Executive Engineer	232	568	336
Assistant Engineer	1293	1293	0

Group 2 Public Health & Environment Management Wing LSGD എന്ന വിഭാഗത്തിൽ എൻജിനീയറിംഗ് വിദഗ്ധരുടെ സേവനം അത്യന്താപേക്ഷിതമാണ്. ആയതിലേക്ക് എൻജിനീയറിംഗ് വിഭാഗത്തിന്റെ ഉചിതമായ കാറ്റഗറികൾ അനുവദിക്കേണ്ടതാണ്. (നിലവിൽ പ്രധാന നഗരസഭകളിലും

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

ശുചിത്വ മിഷൻ പോലെയുള്ള സർക്കാർ ഏജൻസികളിലും ഈ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ നേരിട്ടും ഡെപ്യൂട്ടേഷൻ മുഖേനയും പ്രവർത്തിച്ചു വരുന്നുണ്ട്.)

ജനപങ്കാളിത്തം വർധിപ്പിക്കുക എന്ന ആശയത്തോടെ പ്രാദേശിക ഭരണത്തിൽ സുതാര്യതയും കാര്യക്ഷമതയും കൊണ്ട് വരുന്നതിനും പദ്ധതി നിർവ്വഹണം കൂടുതൽ പങ്കാളിത്തമുള്ളതാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് കേഡർ 2008 ൽ സജ്ജമാക്കിയ നമ്മുടെ ഈ ജനകീയ സർക്കാർ തുടർന്നുള്ള വർഷങ്ങളിൽ, കൃത്യമായി പറഞ്ഞാൽ 2011-2012 ൽ 10.02.2011 ലെ ബജറ്റ് പ്രസംഗത്തിൽ (EXHIBIT 1) നമ്മുടെ വകുപ്പ് / വിഭാഗത്തിനായി ഉദ്യോഗസ്ഥ/പ്രവർത്തന സംവിധാനം കാര്യമായി ശക്തിപ്പെടുത്തുന്നതിനും വർദ്ധിച്ചുവരുന്ന ജോലി ഭാരം കണക്കിലെടുത്ത് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുമെന്നും ഇതിനായി 85 തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അറിയാമല്ലോ. എന്നാൽ തുടർന്ന് ഇതെല്ലാം യാഥാർഥ്യമായിട്ടില്ല. അതായത് മുൻപ് മുനിസിപ്പാലിറ്റികൾ ആയിരുന്നതും തുടർന്ന് സൃഷ്ടിക്കപ്പെട്ടതുമായ ഇടങ്ങളിൽ, അതായത് ഏകദേശം 55 മുനിസിപ്പാലിറ്റികളിൽ അസിസ്റ്റന്റ് എൻജിനീയർമാർ തന്നെയാണ് എഞ്ചിനീറിംഗ് മേഖല കൈകാര്യം ചെയ്യുന്നത്. ഇതിന് ഒരു പരിഹാരം ഉണ്ടാകും എന്ന് കരുതുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ താഴെ തട്ടിലുള്ള ഓഫിസുകളിൽ അനുഭവപ്പെടുന്ന ചില പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനായി സംഘടനയുടെ ചിന്തകളും ചുവടെ പങ്കു വയ്ക്കുന്നു.

1) പ്രശ്നം : Valuation for Police cases & Court Cases. പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളായി നിർവഹിച്ചു കൊണ്ടിരുന്ന പോലീസ് കേസ് വാല്യുവേഷനുകളും കോടതി അറ്റാച്ച്മെന്റ് കേസുകളിലെ വാല്യുവേഷനുകളും ഇപ്പോൾ എൽ.എസ്.ജി.ഡി യിലേക്ക് ധാരാളമായി വന്നുകൊണ്ടിരിക്കുന്ന പ്രവണത ഇപ്പോൾ കണ്ടുവരുന്നു.

പരിഹാരം : പോലീസ് കേസുകൾക്കും കോടതിയുടെ ഉത്തരവ് പ്രകാരമുള്ളവയ്ക്കും വാല്യുവേഷന് Fee വാങ്ങേണ്ടതില്ല എന്ന് PWD വകുപ്പ് GO (Rt) No. 426/2020/PWD of PW(E)D dated 05.05.2020 (EXHIBIT No 2) പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരം വാല്യുവേഷനുകൾ PWD Buildings ൽ നിന്നും തന്നെ നൽകുന്നതിന്

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

LEAF
Social Technocrats

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

നൽകുന്നതിന് നടപടി സ്വീകരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം ആസ്തികളിലെ നിർമ്മാണങ്ങളിൽ അക്രമസംഭവങ്ങളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കേസ് അന്വേഷണത്തിന്റെ ഭാഗമായി ത.സ്വ.ഭ.വ അസിസ്റ്റന്റ് എഞ്ചിനീയർമാർ കണക്കാക്കി നൽകാവുന്നതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയർ 14.12.2016 ന് കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്തിൽ (EXHIBIT No 3) വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കത്തിൽ ത.സ്വ.ഭ.വ അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നത് നിലവിലുള്ള ധനകാര്യ വകുപ്പിന്റെ Delegation of Powers ന് അനുസൃതമായി ത.സ്വ.ഭ.വ എഞ്ചിനീയർമാർ എന്ന് ഭേദഗതി ചെയ്ത് ഒരു ഉത്തരവ് / സർക്കുലറായി പുറപ്പെടുവിക്കേണ്ടതാണ്.

2) പ്രശ്നം : സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകേണ്ടുന്ന ഉത്തരവാദിത്വം എൽ.എസ്.ജി.ഡി എൻജിനീയറിങ് വിഭാഗത്തിൽ നിക്ഷിപ്തമാണ്. ഇപ്പോഴത്തെ കാലാവസ്ഥാ വ്യതിയാനത്തിലും അതിശക്തമായ മഴയിലും മറ്റും സ്കൂൾ കെട്ടിടങ്ങൾ തകർന്നുവീഴുന്നത് പതിവായിരിക്കുന്നു. ഇത് മുൻകൂട്ടി മനസ്സിലാക്കുവാനോ ഫിറ്റ്നസ് നൽകാതിരിക്കുന്നതിനോ പല പ്പോഴും സ്കൂളിലെ അധ്യാപകരുടെ പ്രയാസങ്ങളും കുട്ടികൾ വഴിയാധാരമാകും എന്നുള്ള ഭീതിയും പല ഭാഗത്തുനിന്നുമുള്ള അതിശക്തമായ സമ്മർദ്ദ തന്ത്രങ്ങളും കാരണം കഴിയാറില്ല. എന്നാൽ പല സാഹചര്യങ്ങളിലും വേണ്ടത്ര ഫലപ്രദമായി പരിശോധന നടത്താൻ കഴിയാതെ ഫിറ്റ്നസ് കൊടുക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഉദാഹരണമായി സീലിംഗ് സ്ഥാപിച്ചിരിക്കുന്ന കെട്ടിടങ്ങളിൽ ഓടിന്റെ പൊട്ടലോ ഫ്രെയിം വർക്കിന്റെ അപാകതകളോ ഒന്നും തന്നെ പരിശോധിക്കുവാൻ സാധിക്കുന്നില്ല. പലപ്പോഴും നീളമുള്ള ഒറ്റ ഹാൾ തട്ടി വച്ച് മറച്ച് പല ക്ലാസ്സ് മുറികൾ ക്രമീകരിച്ചിരിക്കുകയാകും. ഇപ്പോൾ ഇത്തരം ക്ലാസ് റൂമുകളുടെ സൈസ് അഥവാ എത്ര ക്ലാസുകൾ ഉണ്ട് എന്നുകൂടി സാക്ഷ്യപ്പെടുത്തി കൊടുക്കേണ്ട സ്ഥിതിയിലാണ് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർമാർ. കൃത്യമായ ഡ്രോയിങ് ഒരിക്കലും ഫിറ്റ്നസ് അപേക്ഷയോടൊപ്പം ലഭിക്കാറില്ല. ഫിറ്റ്നസ് നൽകി ഒരുവർഷത്തിനുള്ളിൽ പൊട്ടിയ ജനാലയിലൂടെ പാമ്പു കയറിയാലും മതിൽ മറിഞ്ഞാലും മരം വീണാലും മാളം ഉണ്ടായാലും എല്ലാത്തിനും ഉത്തരവാദി ഫിറ്റ്നസ് കൊടുത്ത ഉദ്യോഗസ്ഥൻ തന്നെ.

പരിഹാരം : സ്കൂളുകൾക്ക് ഇൻഷുറൻസ് നിർബന്ധമാക്കുക. എല്ലാ സ്കൂളുകൾക്കും കൈവശമുള്ള സ്ഥലവും അതിനുള്ളിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളുടെ സ്ഥാനവും കൃത്യമായി രേഖപ്പെടുത്തിയ ഡ്രോയിങ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുക. സർക്കാർ സ്കൂളുകൾക്ക് Licensed Engineers നെ കൊണ്ട് പ്ലാൻ തയ്യാറാക്കുന്നതിന്

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

പ്രത്യേകം തുക അനുവദിക്കുക. ഫാൾസ് സീലിംഗ് സ്ഥാപിച്ചിരിക്കുന്ന കെട്ടിടങ്ങളിൽ ഉൾപ്പെടെ പരിശോധന നടത്തേണ്ടുന്ന കാര്യങ്ങളും പരിശോധന നടത്തേണ്ടുന്ന വിധവും സ്കൂൾ അധികൃതരുടെ ഭാഗത്തു നിന്നും ചെയ്തു നൽകേണ്ട കാര്യങ്ങളും കൃത്യമായ നിർദ്ദേശങ്ങളായി രേഖപ്പെടുത്തിയും നാളിതു വരെയുള്ള സ്കൂൾ ഫിറ്റ്നസ്സുമായി ബന്ധപ്പെട്ടുള്ള വിവിധ ഉത്തരവുകൾ എല്ലാം ക്രോഡീകരിച്ചും ഫിറ്റ്നസ് നൽകുന്ന ഉദ്യോഗസ്ഥരുടെ Liability കൃത്യമായി നിർവചിച്ചും ഒറ്റ ഉത്തരവാക്കി നൽകുക. സ്കൂളുകളെയും LSGD എഞ്ചിനീയറിംഗ് വിഭാഗത്തെയും ബന്ധിപ്പിക്കുന്ന എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെയോ മറ്റാരുടേയെങ്കിലുമോ ഏതൊരു ഉത്തരവും ചീഫ് എഞ്ചിനീയർ മുഖാന്തിരം മാത്രം കീഴാഫീസുകളിലേക്കു നൽകുക. കഴിയുമെങ്കിൽ സ്കൂളുകളുടെ ഫിറ്റ്നസ് മാനേജ് മെന്റിന്റെ മാത്രം ഉത്തരവാദിത്തം ആക്കുക.

3) പ്രശ്നം : ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല LSGD എഞ്ചിനീയറിംഗ് വിഭാഗത്തിനായിരിക്കുമെന്നും ആവശ്യമായ തുടർ നിർദ്ദേശങ്ങളും നടപടികളും ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണെന്നും GO(Rt)No. 2573/2014 of LSG(EW) Wing dated 01.10.2014 പ്രകാരം സർക്കാർ ഉത്തരവ് (EXHIBIT 4) പുറപ്പെടുവിച്ചിരുന്നു. എന്നാൽ നാളിതുവരെ യാതൊരു വിധ നിർദ്ദേശങ്ങളും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കേണ്ടതില്ലെന്ന് GO(MS)No.37/2016/LSGD of LSG(EW) Wing dated 18.02.2016 പ്രകാരം (EXHIBIT 5) വ്യക്തമാക്കിയിരുന്നു. ഈ ഉത്തരവിൽ അപേക്ഷാഫീസിനെപ്പറ്റി ഒന്നും തന്നെ പറയുന്നില്ല. ഇത് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പല രീതിയിൽ അപേക്ഷ ഫീസ് സ്വീകരിക്കുന്ന നിലയിലേക്കും ചിലർ അപേക്ഷ ഫീസ് തന്നെ ഒഴിവാക്കി കൊടുക്കുന്ന നിലയിലേക്കും എത്തിച്ചിരിക്കുന്നു. ഇതു കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിലേക്കായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നിർബ്ബന്ധമാണെന്നും അതിനാൽ സൂപ്പർവിഷൻ ചാർജ്ജ് ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെടുന്നവരും ഉണ്ട്. രജിസ്ട്രേഷൻ ഉണ്ടെങ്കിലേ സൂപ്പർവിഷൻ ചാർജ്ജ് ഒഴിവുള്ളൂ, എന്നാൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാലേ രജിസ്ട്രേഷൻ ഉള്ളൂ എന്നത് കോഴിയാണോ മുട്ടയാണോ ആദ്യമുണ്ടായതെന്നതു പോലെ ആശയക്കുഴപ്പം ഉണ്ടാകുന്ന സ്ഥിതിവിശേഷമാണ്. ഇത് ശരിയാണെങ്കിൽ നിലവിൽ രജിസ്ട്രേഷൻ ഉള്ള ഒരു ഓർഫനേജ് മറ്റൊരു കെട്ടിടത്തിലേക്ക്

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

LEAF
Social Technocrats

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

മാറുകയാണെങ്കിൽ മാത്രമേ സൂപ്പർവിഷൻ ചാർജ്ജ് ഒഴിവാക്കുന്നതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ എന്ന് മനസ്സിലാക്കുന്നു.

പരിഹാരം : ഓർഫനേജുകളുടെ ഫിറ്റ്നസ്സ് സംബന്ധിച്ച് കൃത്യമായ മാർഗ്ഗരേഖ ഉത്തരവായി തയ്യാറാക്കി നൽകുക.

14) പ്രശ്നം : R ട്രാക്ക്

2009 ൽ പോളിടെക്നിക്കിൽ പഠിക്കുന്ന കുട്ടികളെയും സന്നദ്ധപ്രവർത്തകരെയും ചേർത്ത് പഞ്ചായത്തിന്റെ ആസ്തികൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ അഭിനന്ദനങ്ങൾ അർഹിക്കുന്നു. എന്നാൽ അപ്രകാരം തയ്യാറാക്കിയ ആസ്തി രജിസ്റ്ററിൽ കടന്നുകൂടിയ തെറ്റുകളുടെ പരിണിതഫലങ്ങൾ ഇന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുഭവിക്കുന്നുണ്ട്. ഇപ്പോൾ ഏകദേശം 5 കൊല്ലത്തോളം ആയി നടന്നുവരുന്ന R ട്രാക്ക് വഴി ആസ്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെയും ഗതി ഇതു തന്നെയായിരിക്കില്ലേ എന്ന് ഭയമുണ്ട്. ചെറിയ തുകകൾ നൽകി പ്രവൃത്തി ഏൽപ്പിച്ച വ്യക്തികൾക്ക് പഞ്ചായത്ത് മെമ്പർമാർ കാണിച്ചുകൊടുത്ത റോഡുകൾ അതേപടി R ട്രാക്കിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. സ്വകാര്യ വ്യക്തികളുടെ വഴികളും R ട്രാക്കിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഇനി ഇതെല്ലാം വെരിഫൈ ചെയ്തു കൊടുക്കേണ്ട ചുമതല അസിസ്റ്റന്റ് എൻജിനീയറിൽ നിക്ഷിപ്തമാണ്. R ട്രാക്ക് വെരിഫൈ ചെയ്യാൻ വേണ്ടി വളരെ ചുരുങ്ങിയ സമയമാണ് നൽകുന്നത്. ആ സമയത്തിനിടയ്ക്ക് തന്നെ വെരിഫിക്കേഷൻ പൂർത്തീകരിക്കണമെന്നത് അസിസ്റ്റന്റ് എൻജിനീയർമാരിൽ വളരെയേറെ സമ്മർദ്ദം ഉളവാക്കുന്നു. റോഡുകൾ പരിശോധിക്കാനാവാതെ വെരിഫൈ ചെയ്യപ്പെടപ്പെടുന്നത് തെറ്റായ വിവരങ്ങൾ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുവാൻ കാരണമായിത്തീരുന്നു. അതേസമയം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ആസ്തി ഡിജിറ്റലൈസ് ചെയ്യുന്ന ജോലി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, ഗ്രാമീണ പഠന കേന്ദ്രം മുതലായ ഏജൻസികളെ ഏൽപ്പിക്കുകയുണ്ടായി. അവർ ടി പഞ്ചായത്തുകളിലെ കൃഷി സ്ഥലവും വീടുകളും ഉൾപ്പെടെ സമ്പൂർണ്ണമായി സർവ്വേ ചെയ്തു ഡിജിറ്റലൈസ് ചെയ്തു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയുണ്ടായി. എല്ലാ തദ്ദേശസ്വരണ സ്ഥാപനങ്ങളും ഇതേ രീതിയിൽ തന്നെ ആസ്തി അപ്ഡേറ്റ് ചെയ്യേണ്ടതാണ് എന്നൊരു നിർദ്ദേശം ഉണ്ടായിരുന്നെങ്കിൽ എല്ലാ പഞ്ചായത്തുകൾക്കും എല്ലാ അർത്ഥത്തിലും സമ്പൂർണ്ണമായ ഒരു ഡിജിറ്റൽ ആസ്തി രജിസ്റ്റർ ലഭിക്കുമായിരുന്നു.

പരിഹാരം : കഴിയുമെങ്കിൽ പുനർചിന്തക്കായി മാത്രം

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

5) പ്രശ്നം : റോഡിന് ഫിറ്റ്നസ് നൽകൽ.

പുതിയ ബസ് റൂട്ട് തുടങ്ങുന്നതിനായി ചില അവസരങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അപേക്ഷ ലഭിക്കാറുണ്ട്. പലപ്പോഴും അപേക്ഷകൻ നേരിട്ട് ഫിറ്റ്നസിന് വേണ്ടി അപേക്ഷിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. എന്നാൽ RTO ആണ് ഫിറ്റ്നസിന് വേണ്ടി അപേക്ഷ നൽകേണ്ടത് എന്നാണ് അറിയാൻ കഴിയുന്നത്. പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എൻജിനീയറും RTO യും അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റിയാണ് റോഡ് ഫിറ്റ്നസ് പരിഗണിച്ച് പെർമിറ്റ് നൽകുന്നതെന്ന് അറിയുന്നു. തന്റെ വാർഡിലൂടെ ഒരു പുതിയ ബസ് റൂട്ട് ലഭിക്കുന്നത് പ്രതീക്ഷിച്ചിരിക്കുന്ന ബന്ധപ്പെട്ട വാർഡ് മെമ്പർക്ക് അസിസ്റ്റൻറ് എൻജിനീയറുടെതായാലും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് കിട്ടണമെന്നേ ഉള്ളൂ. ഇതിനെ തുടർന്നുണ്ടാകുന്ന സമ്മർദ്ദത്തെ അതിജീവിക്കുക ദുഷ്കരമാണ്. വളരെ വിശദമായ പരിശോധനകൾ ആവശ്യമുള്ള റോഡ് ഫിറ്റ്നസ് അസിസ്റ്റന്റ് എഞ്ചിനീയർ തലത്തിൽ നിന്നും നൽകേണ്ടി വരുന്നത് അപാകതകൾ സംഭവിക്കുന്നതിന് കാരണമായിത്തീരും.

പരിഹാരം : പി.ഡബ്ല്യു.ഡി റോഡുകളുടെ ഫിറ്റ്നസ് നൽകുന്ന മാതൃകയിൽ അതാത് ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തന്നെ റോഡ് ഫിറ്റ്നസ് നൽകേണ്ടതാണെന്നും ആയതിന് ആവശ്യമായ സഹായ സൗകര്യങ്ങൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തേണ്ടതാണെന്നും ഒരു നിർദ്ദേശം ലഭ്യമാക്കുന്ന പക്ഷം ഈ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്. റോഡ് ഫിറ്റ്നസ്സുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാനദണ്ഡങ്ങൾ (ഉദാഹരണത്തിന് റോഡിനാവശ്യമായ സൂപ്പർ എലിവേഷൻ ഉണ്ടോ, ഘടനാപരമായ ഉറപ്പ് ഉണ്ടോ, റോഡിലേക്ക് തള്ളി നിൽക്കുന്ന മരങ്ങൾ ഉണ്ടോ, പ്രസ്തുത റോഡിൽ സ്കൂളുകളോ മറ്റു പ്രധാനപ്പെട്ട സ്ഥാപനങ്ങളോ ഉണ്ടോ, അവയുടെ മുന്നിൽ ഹമ്പുകൾ നിർമ്മിച്ചിട്ടുണ്ടോ, റോഡുകളിൽ ഹമ്പുകൾ ഉണ്ടെങ്കിൽ ആയത് പെട്ടെന്ന് അറിയാവുന്ന വിധം മാർക്ക് ചെയ്തിട്ടുണ്ടോ, ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ, വേഗത പരിധി സൂചന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ, റോഡിന് ഇടയിൽ കലുങ്കുകളോ പാലങ്ങളോ ക്രോസ് ഡ്രെയിനുകളോ ഉണ്ടോ, ഉണ്ടെങ്കിൽ അവയുടെ ബലം സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ etc) വിശദമായി രേഖപ്പെടുത്തി ഒരു ഉത്തരവ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. സമാനമായ ഒരു സാഹചര്യം നേരിട്ടപ്പോൾ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഹെൽപ് ഡെസ്കിലേക്ക് സ്വീകരിക്കേണ്ട തുടർ നടപടികൾ അറിയുന്നതിനായി ചോദ്യങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു (EXHIBIT 6).

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

6) പ്രശ്നം : Transit Pass

കെട്ടിട നിർമ്മാണ അപേക്ഷയുടെ കാര്യത്തിൽ, ഫീൽഡ് പരിശോധന നടത്തി, സെക്രട്ടറിക്ക് സാങ്കേതിക റിപ്പോർട്ട് നൽകണമെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തോടും, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങിയേ ഫയലിൽ തീരുമാനമെടുക്കാവൂ എന്ന് സെക്രട്ടറിയോടും സർക്കാർ (സർക്കുലർ & ഉത്തരവ് വഴി) പറഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നമ്മൾ ആ ചുമതല നിർവഹിച്ചു വരുന്നു, അക്കാരണം കൊണ്ട് തന്നെ വിജിലൻസ് കേസ് അടക്കമുള്ള എല്ലാ പീഢനത്തിനും വിധേയരാകുന്നുമുണ്ട്. ഇപ്പോൾ KMMC ചട്ടങ്ങളിൽ അതി വിചിത്രമായ ഭേദഗതിയിലൂടെ Mining & Geology വകുപ്പ് ചെയ്തു കൊണ്ടിരുന്ന ഒരു ജോലി (3000 SqFt വരെയുള്ള വീട് നിർമ്മാണത്തിന് വേണ്ടി Extract ചെയ്യുന്ന Ordinary earth പുറത്തേക്ക് കൊണ്ടുപോകുന്നതിനുള്ള Transit Pass & Movement Permit നൽകുന്ന പണി) വെറുതെ പഞ്ചായത്ത് / നഗരസഭകളിലേക്ക് മാറ്റിയിരിക്കുന്നു.

The Kerala Minor Mineral Concession Rules, 2015

14. Quarrying Permit for Ordinary earth.

(2) Notwithstanding anything contained in sub-rule (1), no quarrying permit is required under these rules for the extraction of ordinary earth in connection with the construction and digging of foundations for building that do not require environmental clearance under the Environment (Protection) Act, 1986 (Central Act 29 of 1986), if the owner of the land obtained a prior valid building permit from the Local Self Government authorities concerned. In cases where levelling of land involve extraction and transportation of ordinary earth outside the property, authorities who grant building permit under the Kerala Panchayat Building Rules, 2019 and Kerala Municipality Building Rules, 2019, shall ensure that following particulars are provided in the plans submitted by the applicant, namely:-

a. precise area proposed for extraction of ordinary earth with demarcation details is provided and that such precise area does not exceed the sum of plinth area of ground floor, the open space around the building as per Building Rules, and the space required for implementing safety provisions, including the driveway.

b. dimensioned plan and sectional drawing showing the abutting road level, the levels and depths of cutting at all places in respect of excavations for building construction

c. quantity of ordinary earth proposed to be extracted, quantity of ordinary earth proposed to be used for filling and balance quantity of ordinary earth proposed to be transported outside the property, and

d. drawings, specifications and details of temporary and permanent protective measures including retaining walls where excavations to a depth of more than 1.5 meters is involved.

Provided that, if the proposed building construction site is located in a hilly terrain with steep slopes where excavation of ordinary earth may result in slope failures, the building permit granting authority may insist the applicant to submit a slope stability study report prepared by any reputable agency providing geotechnical investigation services and the decision to grant permit may be taken based on the recommendations provided in the report.

(4) The Secretary of the Local Self Government Institution shall issue a movement permit in Form S along with the necessary number of mineral transit passes in Form O(A) in the case of buildings with a plinth area up to 3000 square feet (278.7 square meters) ; and

LEAF
Social Technocrats

LSGD EW AEs Federation {LEAF}

Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

in the case of buildings with a plinth area above 3000 square feet (278.7 square meters), the movement permit and transit passes shall be issued by the District Geologist of the Department of Mining and Geology on an application made by the building permit holder.

ജില്ലയിൽ ഒന്ന് വീതം 14 അസിസ്റ്റന്റ് ജിയോളജിസ്റ്റ് തസ്തിക പുതുതായി സൃഷ്ടിച്ചു കൊണ്ടാണ്, അതി വിചിത്രമായ ചട്ട ഭേദഗതിക്ക് വ്യവസായ വകുപ്പ് തയ്യാറായതെന്ന് ഓർമ്മിപ്പിക്കട്ടെ. തദ്ദേശ സ്ഥാപനങ്ങളിൽ തസ്തിക സൃഷ്ടിക്കാതെ, മറ്റ് പലരും ചെയ്തു കൊണ്ടിരുന്ന ജോലികൾ, യാതൊരു എതിർപ്പുമില്ലാതെ ഏറ്റെടുത്ത തദ്ദേശ സ്ഥാപന സെക്രട്ടറിമാർ, നാളിതു വരെ കൈകാര്യം ചെയ്തിട്ടില്ലാത്ത Kerala Prevention of Illegal (mining, storage & transportation) Act & Rule, KMMC Rule തുടങ്ങിയവ പഠിക്കാൻ വേണ്ടി പരിശീലനം ആവശ്യപ്പെടുകയും ചെയ്യുന്നു.

GO (Rt) No. 1795/2021/LSGD of LSG (RD) Department dated 18.09.2021 ഉത്തരവിലെ നിർദേശങ്ങൾ (EXHIBIT 7), കെട്ടിട നിർമ്മാണ അനുമതി ഫയലിനെ സംബന്ധിച്ച് മാത്രമാണ്. അതിന് മുമ്പ് No.12900/RA 1/2015/LSGD dated 02.12.2015 of LSG(RA)Department പ്രകാരമുള്ള ത.സ്വ.ഭ.വ. സർക്കുലറും (EXHIBIT 8) കെട്ടിടനിർമ്മാണ/പൂർത്തീകരണ ഫയലുകളെ സംബന്ധിച്ചാണ്. 18.09.2021 - ലെ ഉത്തരവിൽ പറഞ്ഞിരിക്കുന്നതു പോലെ, കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള drawing ൽ സാധാരണ മണ്ണിന്റെ cutting depth, qty, proposed levels etc. -രേഖപ്പെടുത്തിയാൽ, അത് പരിശോധിച്ച് Building Permit ശുപാർശ ചെയ്യുന്ന ജോലി തുടർന്നും ചെയ്യുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് പരാതിയില്ല. എന്നാൽ ഇത്തരത്തിൽ ലഭ്യമായ Approved Drawing സഹിതമാണ്, Transit Pass നുള്ള അപേക്ഷ Front Office ൽ ലഭിക്കുക എന്നിരിക്കെ അതിൽ ആവശ്യമില്ലാതെ വീണ്ടും പരിശോധന നടത്താൻ എഞ്ചിനീയറോ ഓവർസിയറോ നിർബന്ധിക്കപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളത്. അപ്രകാരം നേരത്തേ തന്നെ കെട്ടിടനിർമ്മാണ അപേക്ഷയിന്മേൽ നീക്കം ചെയ്യേണ്ടതായ മണ്ണിന്റെ അളവുൾപ്പെടെ റിപ്പോർട്ട് നൽകിയിട്ടുള്ളതിനാൽ Transit Pass നുള്ള അപേക്ഷ വീണ്ടും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനയ്ക്കായി അയക്കേണ്ട ആവശ്യമില്ല എന്ന നിലപാട് എടുത്തതിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് എതിരെ സ്വീകരിച്ച നടപടിയുടെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു (EXHIBIT 9).

പരിഹാരം : ഈ വിഷയത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന സംബന്ധിച്ച് ആവർത്തന സ്വഭാവമുള്ള റിപ്പോർട്ട് ആവർത്തിച്ച് ആവശ്യപ്പെടുന്നതിനെ നിരുത്സാഹപ്പെടുത്തി കൊണ്ടുള്ള വ്യക്തമായ നിർദേശം സർക്കാർ നൽകണം. കൂടാതെ മറ്റു വകുപ്പുകൾ ചെയ്യേണ്ട ജോലി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ബാദ്ധ്യതയാക്കി മാറ്റരുതെന്ന് അഭ്യർത്ഥിക്കുന്നു.

LEAF
Social Technocrats

LSGD EW AEs Federation {LEAF}

Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

7) പ്രശ്നം : പഠനമുറിയുടെ ഫിറ്റ്നസ്സ്

SC പഠനമുറി നിലവിലുള്ള വീട്ടിൽ Ground Floor ൽ ചേർത്ത് നിർമ്മിക്കാൻ സ്ഥലപരിമിതി അനുവദിക്കാത്ത സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ ഫിറ്റ്നസ്സ് വാങ്ങി ഒന്നാം നിലയിൽ അനുവദിക്കാമെന്ന് ഉത്തരവുണ്ടല്ലോ. പല വീടുകളും പരിശോധനക്കായി സന്ദർശിക്കുമ്പോൾ 15 cm കനമോ 10 cm കനമോ മാത്രം ഉള്ള ചുമരുകൾ ആണ് ഉണ്ടാകുക. സാങ്കേതിക മേൽനോട്ടമൊന്നുമില്ലാതെ നിർമ്മിച്ച ഈ വീടുകളുടെ അടിത്തറയുടെ ഗുണനിലവാരം പരിശോധിക്കുവാനും മാർഗ്ഗങ്ങളില്ല. ഇത്തരം കെട്ടിടങ്ങളുടെ ഘടനാപരമായ സുരക്ഷിതത്വം ഉറപ്പാക്കാൻ കാഴ്ചയിലൂടെ പരിശോധിക്കാമെന്നല്ലാതെ ആധുനിക സംവിധാനങ്ങൾ ഒന്നും തന്നെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ലഭ്യമല്ലെന്ന വസ്തുത ഏവർക്കും അറിവുള്ളതാണെന്നിരിക്കെ എങ്ങനെയെങ്കിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും എന്തെങ്കിലും ദൗർഭാഗ്യകരമായ സംഭവവികാസങ്ങൾ ഉണ്ടാകുന്ന പക്ഷം ജോലിയും സമ്പത്തും ജീവിതം തന്നെയും നഷ്ടപ്പെടുത്താൻ വേണ്ടി മാത്രം ഞങ്ങളെ ബലിയാടുകളാക്കേണ്ടതുണ്ടോ? അങ്ങനെയുള്ള ഭവനങ്ങൾക്ക് Fitness നൽകുന്നതിന് പല വിധമായ സമ്മർദ്ദങ്ങൾ (അപേക്ഷകന്റെയും മെമ്പർമാരുടെയും രാഷ്ട്രീയ നേതാക്കളുടെയും) അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ ഉണ്ടാകുന്നു.

പരിഹാരം : അങ്ങനെയുള്ള ഭവനങ്ങളുടെ Stability ഉടമസ്ഥന്റെ തന്നെ ഉത്തരവാദിത്തമാക്കി മാറ്റണം. അല്ലെങ്കിൽ SC ഓഫീസ് വഴി നിയമിക്കുന്ന Accredited Engineers ന് ഈ ചുമതല കൈമാറുക.

8) പ്രശ്നം : എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനസൗകര്യം

എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളും ചീഫ് എഞ്ചിനീയറുടെ സർക്കുലറുകളും CC തീരുമാനവുമൊക്കെ ഉണ്ടെങ്കിലും ഏകദേശം 40% ലധികം പഞ്ചായത്തുകളിൽ ഇതുവരെയും വാഹനസൗകര്യം അനുവദിച്ചിട്ടില്ല എന്നു കാണാം. കൃത്യമായ കണക്കെടുത്താൽ ഒരു പക്ഷേ ഇതിലുമധികവുമാകാം. എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം അനുവദിക്കുന്നതിന് GO (Rt) No. 690 / 18 / LSGD Dated 14.03.2018 of LSG (DB) Department പ്രകാരം ഉത്തരവും (EXHIBIT 10) ആയത് കർശനമായി നടപ്പിലാക്കുന്നതിനായി DA1 / 159 / 2019 / LSGD Dated 22.05.2019 of LSG(DA) Department സർക്കുലർ (EXHIBIT 11) പ്രകാരം നിർദ്ദേശവും നൽകിയിട്ടുണ്ടെങ്കിലും ഒരു നല്ല പങ്ക് എഞ്ചിനീയറിംഗ് വിഭാഗത്തിനും സ്വന്തമായി വാഹനമെന്നത് കിട്ടാക്കനിയായി തന്നെ തുടരുന്നു.

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

LEAF
Social Technocrats

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ട് കൂടെ വാഹനം ക്രമീകരിക്കുന്നതിനായി ഉപയോഗിക്കാമായിരുന്നു. എന്നാൽ ടി ആനുകൂല്യം ഈ പഞ്ചവത്സരപദ്ധതിക്കാലത്ത് അനുവദിക്കാത്തതും വാഹനം നൽകണമെന്ന് ആഗ്രഹമുണ്ടെങ്കിലും തനതു ഫണ്ട് കുറവായ കുറച്ചു സ്ഥാപനങ്ങളെ ഈ സൗകര്യം ഏർപ്പെടുത്തി നൽകുന്നതിൽ നിന്നും പിന്നോട്ട് വലിക്കുന്നു. എന്നാൽ പെർമിറ്റ് ഫീസും മറ്റും ഇത്രത്തോളം വർദ്ധിപ്പിച്ചതിലൂടെ തനതു ഫണ്ടിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്നുള്ളത് പകൽ പോലെ വ്യക്തമായ കാര്യമായതിനാൽ തനതു ഫണ്ടിൽ തുക ഇല്ല എന്ന വാദം അംഗീകരിക്കാനാകില്ല. പലപ്പോഴും വാഹനത്തിനു വേണ്ടി അപേക്ഷ കൊടുത്ത് ചർച്ച ചെയ്യുന്ന കമ്മിറ്റികളിലെല്ലാം അവഹേളിതരാകുന്ന എഞ്ചിനീയർമാരും കുറവല്ല. ഇക്കാരണങ്ങളാൽ പല സ്ഥലങ്ങളിലും എന്തുദ്ദേശത്തോടെയാണോ വാഹന സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചത്, അതിനു വിരുദ്ധമായി ഇപ്പോഴും കരാറുകാരന്റെയും അപേക്ഷകന്റെയും പരാതിക്കാരന്റെയും വാഹനത്തിലും അത്യപൂർവ്വമായി ലഭിക്കുന്ന പഞ്ചായത്ത് വാഹനത്തിലും യാത്ര ചെയ്ത് ജോലി പൂർത്തിയാക്കേണ്ട ഗതിയിലാണ് എഞ്ചിനീയറിംഗ് വിഭാഗം. എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് എന്തെല്ലാം ആവശ്യങ്ങൾക്കാണ് വാഹനം എന്ന് DB 3 - 753/2012/CE/LSGD dated 19.03.2018 സർക്കുലർ (EXHIBIT 12) പ്രകാരം LSGD ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും വ്യതിചലിച്ച് പ്രസിഡന്റിനും പഞ്ചായത്തിന്റെ മറ്റാവശ്യങ്ങൾക്കും കൂടെ ഉപയോഗിക്കുന്നതിനായി എന്നു കമ്മിറ്റി തീരുമാനമെടുത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം നൽകുന്നതിൽ ആശ്വാസം കണ്ടെത്തുന്നവരാണ് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ഇത് അനുവദിക്കാനാകില്ലെന്നു നിലപാടെടുക്കുന്നതോടെ മേൽ തീരുമാനമെടുത്തവർ തന്നെ വാഹനം അനുവദിക്കാതിരിക്കാൻ കാരണം തേടുകയായി.

പരിഹാരം : 4.50 ലക്ഷം രൂപയിൽ കുറയാതെ നിർബ്ബന്ധിത Project രൂപീകരിച്ചാൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കാവൂ. പദ്ധതിരേഖ ഈ നിർദ്ദേശം ഉൾപ്പെടുത്തി ഭേദഗതി ചെയ്യണം. GO (Rt) No. 680/2023/LSGD Dated 21.03.2023 of LSG (DA) Department പ്രകാരം (EXHIBIT 13) റീ കാട്ടേഷൻ ക്ഷണിക്കുമ്പോൾ വാഹനത്തിന്റെ പഴക്കം കണക്കാക്കേണ്ടതില്ല എന്ന് സ്പഷ്ടീകരണം നൽകുകയുണ്ടായി. രണ്ടു വർഷത്തിലൊരിക്കൽ ഫിറ്റ്നസ്സ് പുതുക്കേണ്ടവയാണ് നമ്മൾ വാടകയ്ക്കെടുക്കുന്ന ടാക്സി പെർമിറ്റ് ഉള്ള വാഹനങ്ങൾ. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ആദ്യ ടെണ്ടറിൽ തന്നെ പഴക്കം സംബന്ധിച്ച നിബന്ധന ഒഴിവാക്കിക്കൂടാ എന്നതും പരിഗണിക്കേണ്ടതുണ്ട്.

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

9) പ്രശ്നം : ചിറ്റൂർ തഹസിൽദാർ (ഭൂരേഖ) ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നൽകിയതും അധികം വൈകാതെ മറ്റു സ്ഥലങ്ങളിലേക്ക് പകർച്ചപ്പനിയായി പടർന്നു പിടിക്കാനുമിടയുള്ള കത്ത്.

TLKCTR/3380/2023-F1 dated 14.09.2023 കത്ത് (EXHIBIT 14) പ്രകാരം തഹസിൽദാർ (ഭൂരേഖ) ചിറ്റൂർ, കത്തു മുഖേനയും Phone മുഖേനയും അദ്ദേഹത്തിന്റെ സഹായം തേടുന്ന പഞ്ചായത്തുകളിലെ സെക്രട്ടറിമാരെ അറിയിക്കുന്നത് കയ്യേറ്റവും മറ്റും അളന്ന് തിട്ടപ്പെടുത്തേണ്ടത് പഞ്ചായത്തിലെ സർവ്വേ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥനാണെന്നും താലൂക്ക് സർവ്വേയർ പരിശീലനം നൽകുമെന്നുമാണ്. കേട്ടപാതി കേൾക്കാത്ത പാതി സെക്രട്ടറിമാർ പരിശീലനത്തിന് ദിവസം നിശ്ചയിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്തു നൽകുന്നു. (ഉദാ : SC 2-3116/2023 dated 04.10.2023 (EXHIBIT 15) ഉം SC 2-3116/2023 dated 05.10.2023 (EXHIBIT 16) ഉം). മറ്റു വകുപ്പുകളുടെ സർവ്വേ ജോലികൾക്കായി LRM സർവ്വേയർമാരെ നിയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് പാലക്കാട് ജില്ലാ കലക്ടർ പുറപ്പെടുവിച്ച സർക്കുലർ അപ്രായോഗികമാണെന്നു കണ്ടതിനെ തുടർന്ന് Circular No. DCPKD/394/2022-LRG 9 dated Nil/12/2022 പ്രകാരം (EXHIBIT 17) നേരത്തേ പുറപ്പെടുവിച്ച സർക്കുലറിനെ അദ്ദേഹം തന്നെ ഭേദഗതി ചെയ്തിട്ടുള്ളതാണ്. അളവുകൾ സംബന്ധിച്ച് അവസാനവാക്ക് താലൂക്ക് സർവ്വേയറുടെതാണെന്ന് ആണ് മനസ്സിലാക്കുന്നത്. അതിർത്തി തർക്കമുള്ള പല കേസുകളിലും കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന് സഹായകമാകുന്നതിനോ തോട് സംരക്ഷണ പ്രവർത്തികൾക്കു മുന്നോടിയായി തോടിന്റെ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തുന്നതിനോ വളരെ മുമ്പേ നിലവിലുള്ളതും എന്നാൽ ആസ്തിയിൽ ഇല്ലാത്തതുമായ റോഡുകൾ ആസ്തിയിൽ ഉൾപ്പെടുത്തും മുമ്പ് കൈയ്യേറ്റമുണ്ട് എന്ന് ബോദ്ധ്യപ്പെട്ടാലോ ഒക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ / സർവ്വേ വകുപ്പിന്റെ സേവനം ആവശ്യപ്പെടാറുണ്ട്. നാളിതുവരെ ആ സഹായം ലഭിച്ചിരുന്നതുമാണ്. എന്നാൽ അടുത്തിടെയായി അപ്രകാരം സഹായിക്കാൻ എന്തെങ്കിലും സാഹചര്യങ്ങളാൽ അവർക്ക് ബുദ്ധിമുട്ട് നേരിടുന്നതിന്റെ സൂചനയായി മേൽ കത്തുകളെ കണക്കാക്കാം. ടി കത്തുകൾ കിട്ടുന്നതിനു മുമ്പേ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്താൻ കാത്തിരിക്കുന്ന സെക്രട്ടറിയും. എന്തായാലും പണ്ടേ ദുർബ്ബല, പോരാത്തതിന് ഗർഭിണിയും എന്ന നിലയിൽ ജോലി ഭാരം കൊണ്ട് നടുവൊടിഞ്ഞിരിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം ഈ സ്നേഹപൂർവ്വമായ ക്ഷണം സ്വീകരിക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾക്കായി കോടതിയിൽ കയറിയിറങ്ങുന്നതിനുമുള്ള മാനസികാവസ്ഥയിലല്ല. ഇനിയൊരു പൊൻതൂവൽ കൂടി ചേർക്കാൻ ഞങ്ങളുടെ തൊപ്പിയിൽ സ്ഥലമില്ല.

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

പരിഹാരം : സർവ്വേയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ Revenue / Survey വകുപ്പുകൾ നൽകി വന്നിരുന്ന സഹായം തുടരുന്നതിന് വ്യക്തമായ നിർദ്ദേശം നൽകുക. കൂടാതെ അവരവരുടെ ചുമതലകളിൽ പെടാത്ത കാര്യങ്ങൾ ആരും ഏറ്റെടുത്ത് നടപ്പാക്കാതിരിക്കുന്നതിന് ഒരു ബോധവൽക്കരണ സർക്കുലർ ഞങ്ങൾക്കും നൽകുക.

10) പ്രശ്നം : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സ്ഥലം ഏറ്റെടുക്കൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിങ് ഭാഗത്തെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിക്കുന്ന ഒരു കാര്യമാണ് റോഡുകൾ ഏറ്റെടുത്ത് ആസ്തിയിൽ ഉൾപ്പെടുത്തൽ. GO (P) No. 09/2020/TD Dated 30.01.2020 of Taxes (J) Department പ്രകാരം (EXHIBIT 18) സ്റ്റാമ്പ് ഡ്യൂട്ടിയും GO (P) No. 10/2020/TD Dated 30.01.2020 of Taxes (J) Department പ്രകാരം (EXHIBIT 19) രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കി സെക്രട്ടറിയുടെ പേർക്ക് വസ്തു രജിസ്റ്റർ ചെയ്ത് നൽകുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അവസരം ഒരുക്കിയിട്ടുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ ആരും തന്നെ തയ്യാറല്ല. ഇപ്പോഴും റിലിങ്കിഷ്മെന്റ് ഫോമിൽ ഒപ്പിട്ട് നൽകുകയാണ് സാധാരണ ചെയ്തുവരുന്നത്. റിലിങ്കിഷ്മെന്റ് ഫോം ഒപ്പിട്ടു കൊണ്ടുവരുമ്പോൾ അതിലുള്ള ഒപ്പ് വ്യാജമാണോ എന്നും ആ റോഡ് കടന്നുപോകുന്ന വഴിയിലെ എല്ലാ സ്ഥല ഉടമകളും ഒപ്പിട്ടു നൽകിയിട്ടുണ്ടോ എന്നും പരിശോധിക്കുന്നതിൽ നിലവിലെ സംവിധാനങ്ങൾ പരാജയപ്പെടുന്നു. പലപ്പോഴും കുറച്ചു പേരെങ്കിലും ഈ ഫോം ഒപ്പിട്ട് നൽകാതിരിക്കുകയും വർക്ക് കഴിഞ്ഞതിനു ശേഷം ഇതിൻറെ പേരിൽ പരാതി ഉന്നയിക്കുകയും അങ്ങനെ അനാവശ്യ വ്യവഹാരങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം കുടുങ്ങിപ്പോകുന്നതും പതിവാണ്. നിയമസഭാ ചോദ്യങ്ങളുടെ മറുപടിയായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 22.02.2022 നും 15.07.2022 നും 01.02.2023 നും നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്ന സ്ഥലം രജിസ്റ്റർ ചെയ്തു തന്നെ നൽകേണ്ടതാണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും (EXHIBIT 20, EXHIBIT 21, EXHIBIT 22) അതിനെ സാധൂകരിക്കുന്ന ഉത്തരവുകൾ ഉണ്ടെങ്കിലും ആയത് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വളരെയേറെ വൈമുഖ്യം നേരിടുന്നു. നിലവിൽ പൊതുവഴി ആയിട്ടുള്ള ഒരു റോഡ് ആസ്തിയിൽ ചേർക്കുമ്പോൾ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടത്, എന്തെല്ലാമാണ് പരിശോധിക്കപ്പെടേണ്ടത്, പുതുതായി ഒരു റോഡ് വിട്ടു നൽകുമ്പോൾ പാലിക്കേണ്ടതും പരിശോധിക്കേണ്ടതുമായ കാര്യങ്ങൾ എന്തൊക്കെ, അംഗൻവാടിക്കോ മറ്റ് ആവശ്യങ്ങൾക്കോ സ്ഥലം വിട്ടു നൽകുമ്പോൾ എന്തെങ്കിലും പ്രത്യേകതകൾ ഉണ്ടോ ഇക്കാര്യങ്ങളിൽ എല്ലാം തന്നെ

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

വ്യക്തത വരേണ്ടതുണ്ട്. പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 178 പ്രകാരം ഭൂമി ഏറ്റെടുക്കാവുന്നതാണ് എന്ന് മാത്രം പറഞ്ഞു പോകുന്നത് എൻജിനീയറിംഗ് വിഭാഗത്തിന്റെ ആശങ്കകൾ വർദ്ധിപ്പിക്കാനേ ഉതകുന്നുള്ളൂ. പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 178 പ്രകാരം ഭൂമി എങ്ങനെയാണ് ഏറ്റെടുക്കേണ്ടത് എന്ന് കൃത്യമായി വിശദീകരിച്ചു തരേണ്ടതുണ്ട്. പല പ്പോഴും അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രോസിക്യൂട്ട് ചെയ്യപ്പെടുന്ന നി ലയിൽ വരെ ഇത്തരം കേസുകൾ എത്തിച്ചേരുന്നു. തെറ്റായ രീതിയിലാണ് ഒരു റോഡ് ആസ്തിയിൽ ഉൾപ്പെടുത്തിയതെന്ന് അറിയാവുന്ന മെമ്പർമാ രും വിവരാവകാശ പ്രവർത്തകരും ഭാവിയിൽ എഞ്ചിനീയറിംഗ് വിഭാ ഗത്തെ തങ്ങളുടെ വരുതിയിലാക്കി നിർത്തുവാൻ ഇക്കാര്യങ്ങൾ ഉപ യോഗിക്കുന്നു.

പരിഹാരം : ഇക്കാര്യങ്ങൾ എല്ലാം ഉൾപ്പെടുത്തിയും പഞ്ചായത്ത് രാജ് ആ ക്ടിന്റെ വകുപ്പ് 178 പ്രകാരം ഭൂമി എങ്ങനെയാണ് ഏറ്റെടുക്കേണ്ടത് എന്ന് കൃത്യമായി വിശദീകരിച്ചു കൊണ്ടും ഒരു വിശദമായ ഉത്തരവ് ചീഫ് എ ൻജിനീയറുടെ ഭാഗത്ത് നിന്നും ഉണ്ടായാൽ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം അനുഭവിക്കുന്ന ഒരു വലിയ പ്രതി സന്ധിക്ക് അവസാനം ഉണ്ടാകും.

11) പ്രശ്നം : ആസ്തി രജിസ്റ്റർ

GO (MS) No. 218/2013/LSGD Dated 10.06.2023 of LSG (EPA) Department പ്രകാരം (EXHIBIT 23) അസിസ്റ്റന്റ് സെക്രട്ടറിയുടെ പോസ്റ്റ് ക്രിയേറ്റ് ചെയ്തപ്പോൾ പഞ്ചായത്തിന്റെ ആസ്തിയുടെ കസ്റ്റോഡിയൻ എന്നുള്ള ചുമതല അദ്ദേഹത്തിന് നൽകിയിരുന്നു. എന്നാൽ അപ്ഡേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലയാണ്. കൂടാതെ പുതിയ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതും അസിസ്റ്റന്റ് എൻജിനീയറുടെ ലോഗിനിൽ നിന്നാണ്. എന്നാൽ പല പഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർ ഇത് അറിയുന്നുണ്ടോ എന്നത് സംശയമാണ്. സുരക്ഷിതത്വത്തിന്റെ പേരി ൽ സെർവർ കമ്പ്യൂട്ടറിൽ മാത്രമേ സചിത്ര software ഇൻസ്റ്റാൾ ചെയ്യൂ എ ന്ന് വാശിയുള്ള IKM ടെക്നിക്കൽ അസിസ്റ്റന്റിന്റെ സഹായത്തോടെ ആ കമ്പ്യൂട്ടറിൽ തന്നെ ലോഗിൻ ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തുകയാണ് പല സ്ഥലങ്ങളിലും ചെയ്തു വരുന്നത്. സചിത്ര സോഫ്റ്റ് വെയറിലെ പ ാസ്സ്വേർഡും യൂസർ നെയിമും ചോദിച്ചു വാങ്ങി മാറ്റം വരുത്തി ഭദ്രമാക്കി വയ്ക്കേണ്ടത് അസിസ്റ്റന്റ് എൻജിനീയറുടെ ചുമതല ആണെന്നുള്ള കാ ര്യം മറക്കുന്നില്ല. എന്നിരുന്നാലും ആസ്തി updation ൽ ഉണ്ടാകാവുന്ന അപ ാകതകളിന്മേലും തെറ്റുകളിന്മേലും ബന്ധപ്പെട്ട കേസുകളിൽ നടപടി സ്വീ കരിക്കപ്പെടുന്നത് അസിസ്റ്റന്റ് എൻജിനീയർക്കെതിരെയാണ്.

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

LEAF
Social Technocrats

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

പരിഹാരം : ആസ്തി Updation മായി ബന്ധപ്പെട്ട് നിലവിലുള്ള നിരവധി ഉത്തരവുകൾ ഒരു സംക്ഷിപ്ത രൂപത്തിലാക്കി ഏതൊക്കെ ആസ്തികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ കാലികമാക്കേണ്ടതെന്നും ആയതിന് എന്തൊക്കെ പരിശോധനകളാണ് നടത്തേണ്ടതെന്നും വ്യക്തത വരുത്തി ഒരു സർക്കുലർ നൽകുന്ന പക്ഷം തദ്ദേശ സ്വയംഭരണ വിഭാഗം എൻജിനീയറിങ് വിഭാഗത്തിന് വലിയൊരു ആശ്വാസമാകും എന്ന് പറയാതെ വയ്യ. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്, നിലവിൽ എല്ലാ എൻട്രികൾക്കും IKM ടെക്നിക്കൽ അസിസ്റ്റന്റിന്റെയോ ഡാറ്റ എൻട്രി ഓപ്പറേറ്ററുടെയോ സേവനം പ്രയോജനപ്പെടുത്തി എൻട്രി നടത്തൽ എന്ന ചുമതല ആസ്തി രജിസ്റ്ററിന്റെ ചുമതലക്കാരനായ അസിസ്റ്റന്റ് സെക്രട്ടറിക്ക് കൈമാറുന്നതാകും ഉചിതം. അളവ് സംബന്ധമായ വിഷയമാണ് എങ്കിൽ അത് എൻജിനീയറിങ് വിഭാഗത്തിന്റെ സാങ്കേതിക റിപ്പോർട്ട് ലഭ്യമാക്കി അസിസ്റ്റന്റ് സെക്രട്ടറിക്ക് തുടർനടപടി സ്വീകരിക്കാം.

12) പ്രശ്നം : തെറ്റായ വാർത്തകൾ പ്രചരിപ്പിക്കപ്പെടുന്നു.

സർക്കാരുദ്യോഗസ്ഥരെ അനുകൂലിക്കുന്ന സമീപനമല്ല എക്കാലത്തെയും മുഖ്യധാരാ മാധ്യമങ്ങളുടെ മുഖമുദ്ര. എന്നാൽ സമീപകാലത്തായി തെറ്റായ വാർത്തകൾ നൽകി ഉദ്യോഗസ്ഥരെ തേജോ വധം ചെയ്യുന്നതിനുള്ള പ്രവണത മാധ്യമങ്ങളിൽ വല്ലാതെ വർദ്ധിച്ചു വരുന്നതായി കാണുന്നു. ഇപ്രകാരം സംഭവിക്കുന്ന അവസരങ്ങളിൽ ആ ഉദ്യോഗസ്ഥന് ഉണ്ടാകാവുന്ന മാനസിക വിഷമവും അവരുടെ കുടുംബാംഗങ്ങൾക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് ഉൾപ്പെടെ ഉണ്ടാകാവുന്ന മാനസികാഘാതവും മാനക്കേടും ആരും തന്നെ ചിന്തിക്കുന്നില്ല. പലപ്പോഴും തെറ്റായ വാർത്തകളിലൂടെയാണ് ഇത് സംഭവിക്കുന്നത് എന്നുള്ളതാണ് ഏറെ ഖേദകരം. ഉദാഹരണത്തിന് ഓപ്പറേഷൻ സരൾ രാസ്തയ്ക്കു ശേഷം അടുത്തിടെ നടന്ന ഓപ്പറേഷൻ ബ്ലൂ പ്രിന്റ് വിജിലൻസ് റെയ്ഡിന്റെ കാര്യം തന്നെ എടുക്കാം. കോൺക്രീറ്റ് ക്യൂബിന്റെ ഏഴു ദിവസത്തെ റിസൾട്ട് 17 ഉണ്ടായിരിക്കെ റോഡിന് ആവശ്യമായ ബലം ഇല്ലെന്നും ക്വാളിറ്റി ഇല്ലാത്ത റോഡ് പ്രവൃത്തിക്ക് കരാറുകാരന് തുക നൽകി എന്നും പഞ്ചായത്തിൻറെ പേര് സഹിതം നൽകി ഒരു പ്രമുഖ മാധ്യമം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ വാർത്ത വായിക്കുകയും വളരെയേറെ അന്വേഷണങ്ങൾക്ക് മറുപടി പറയേണ്ടിവരികയും ചെയ്ത ഒരു വിധം നന്നായി നിയമങ്ങൾ പാലിച്ചു പ്രവൃത്തി ചെയ്യിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ അനുഭവിച്ച മാനസിക സംഘർഷം വളരെ വലുതാണ്. ഈ ചെറിയ സംഭവം ഇത്തരത്തിലുള്ള അനേക സംഭവങ്ങളിൽ ഒന്ന് മാത്രമാണ്. സാമൂഹ്യ മാധ്യമങ്ങളിലെ കാര്യം, പ്രത്യേകിച്ച് ഇത്തരം ഒരു വാർത്ത പോസ്റ്റ് ചെയ്യുന്നതിന്റെ അടിയിൽ വരുന്ന സംസ്കാര സമ്പന്നമായ കമന്റുകൾ, പറയാതിരിക്കുകയാണ് ഭേദം.

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

പരിഹാരം : ഇത്തരത്തിൽ തെറ്റിദ്ധാരണാജനകമായ ഒരു റിപ്പോർട്ടിംഗ് മാധ്യമങ്ങളിൽ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആ ഓഫീസിലെ എൻജിനീയറിംഗ് വിഭാഗത്തിന് ചീഫ് എൻജിനീയർ ചുമതലപ്പെടുത്തുന്ന ഒരു കമ്മിറ്റിയോട് പരാതി അറിയിക്കുന്നതിനും പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയ്ക്കും ബോദ്ധ്യപ്പെടലിനും ശേഷം ശരിയായ വാർത്ത പത്രത്തിൽ തന്നെ വാർത്തയായി നൽകുന്നതിനുമുള്ള ഒരു സംവിധാനം ഏർപ്പെടുത്താമെങ്കിൽ ആയത് ഞങ്ങളുടെ ആത്മവിശ്വാസത്തെ വാനോളം ഉയർത്തും.

13) പ്രശ്നം : ട്രാൻസ്ഫർ എന്ന പേടി സ്വപ്നം

ഈ അടുത്തകാലത്തായി എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്ന ഒരു സാഹചര്യം ആണ് ട്രാൻസ്ഫർ. ശരാശരി ജീവിത നിലവാരമുള്ള ജീവനക്കാർ ഇപ്പോൾ ഒരുപക്ഷേ ഏറ്റവും കൂടുതൽ ഭയക്കുന്നത് വിജിലൻസ് പരിശോധനയും വ്യക്തി ഹത്യയുമൊന്നുമായിരിക്കില്ല, ട്രാൻസ്ഫറിനെ ആകും. അതിനു കാരണം എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥൻ ട്രാൻസ്ഫറായി കഴിഞ്ഞാൽ ചുരുങ്ങിയത് നാലു മാസത്തേക്ക് അദ്ദേഹത്തിന്റെ സാലറി കിട്ടില്ല എന്നുള്ള ഒരു സവിശേഷതയാണ്. എണ്ണിച്ചുട്ട അപ്പം പോലെ ലഭിക്കുന്ന ശമ്പളം ചെറുതാണെങ്കിലും കൃത്യസമയത്തു ലഭിക്കുന്നതു കൊണ്ടു മാത്രം പാൽ, പത്രം, കുട്ടികളുടെ സ്കൂൾ ഫീസ്, ബസ് ഫീസ്, ട്യൂഷൻ ഫീസ്, കേബിൾ TV, വീട്ടുവാടക തുടങ്ങി എല്ലാ ചിലവുകളും നടത്തിപ്പോകാൻ കഴിഞ്ഞിരുന്നു. എന്നാൽ നിർഭാഗ്യവശാൽ നിർബ്ബന്ധിത ട്രാൻസ്ഫറിന്റെ ഭാഗമാകുന്നതോടു കൂടി താളം തെറ്റുന്ന കുടുംബ ബജറ്റുകളാണ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥന്റെ വീട്ടിൽ കാണാൻ കഴിയുക. ഒരാൾക്ക് മാത്രമേ ജോലിയുള്ളൂ എങ്കിൽ ശോചനീയം എന്നു മാത്രമേ പറയാനാകൂ. ട്രാൻസ്ഫർ ഓർഡർ PD യുടെ ഓഫീസിൽ നിന്നും SPARK ൽ upload ചെയ്യുന്നതടക്കമുള്ള ട്രാൻസ്ഫർ ആയ വ്യക്തിക്ക് ശമ്പളം ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും ഇഴയുകയാണ്. ട്രാൻസ്ഫർ പ്രതീക്ഷിച്ചിരിക്കുന്നവർ ഈ ദൂരവസ്ഥ മുൻകൂട്ടിക്കണ്ട് NRI എടുക്കുന്ന നിലയിലേക്ക് വരെ കാര്യങ്ങൾ എത്തിയെങ്കിൽ എവിടെയാണ് എന്തിനു വേണ്ടിയാണ് ഈ താമസം എന്ന് നമ്മൾ ചിന്തിക്കേണ്ടതുണ്ട്.

പരിഹാരം : ട്രാൻസ്ഫർ ആകുന്നയാൾക്ക് ശമ്പളം കൃത്യസമയത്ത് SPARK വഴി തന്നെ ലഭ്യമാകുന്നതിന് വേണ്ട ഇടപെടലും കർശന നിർദ്ദേശവും നടപ്പാക്കലും. കേരളത്തിലങ്ങോളമിങ്ങോളമുള്ള എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ശമ്പളം ഉൾപ്പെടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ ഫോൺ ചെയ്ത് അന്വേഷിക്കുന്നതിനും മാന്യമായ പ്രതികരണം ലഭിക്കുന്നതിനും

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

SPARK ഓഫീസുമായി നിരന്തരം ബന്ധം പുലർത്താനുമായി ഒരു Quick Response Team ഉണ്ടാകണം.

14) പ്രശ്നം : ഗുണനിലവാരം ഉറപ്പാക്കൽ

ഏറ്റവും പ്രധാനവും വരും കാലങ്ങളിൽ ഒഴിവാക്കാൻ ആകാത്തതുമായ ഒന്നാണ് ചെയ്യുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ചു ബോധ്യപ്പെടുക എന്നത്. ഏത് ഏജൻസികൾ ഫണ്ട് നൽകിയാലും അവർ നൽകുന്ന തുക വിനിയോഗിച്ച് നിർവ്വഹിക്കുന്ന പ്രവൃത്തിയ്ക്ക് ഒരു നിശ്ചിത ഗുണനിലവാരം വേണമെന്ന് വാശിപിടിക്കുന്നതിൽ യാതൊരു അസ്വാഭാവികതയും അപാകതയും ഇല്ല. എന്നാൽ MoRD സ്പെസിഫിക്കേഷൻ പ്രകാരവും കാളിറ്റി മാന്വൽ പ്രകാരവും 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖ ഉറപ്പാക്കി മാത്രമേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവൂ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് അതിനു താഴെയുള്ള പ്രവൃത്തികൾക്ക് ഗുണനിലവാര പരിശോധനയേ ആവശ്യമില്ല എന്ന രീതിയിൽ വ്യാഖ്യാനിക്കപ്പെടുന്ന നിലയിലേക്ക് എത്തിയിരിക്കുന്നു. തുടർന്ന് ഇത്തരം പ്രവൃത്തികളിൽ പരാതികളോ മറ്റ് അന്വേഷണ ഏജൻസികളുടെ പരിശോധനകളോ ഉണ്ടാകുമ്പോഴാണ് ഇതിനും കരാറുകാരന്റെ ചെലവിൽ ചെയ്യേണ്ടിയിരുന്ന First Tier Quality ടെസ്റ്റ് ഒന്നും ചെയ്തിട്ടില്ലല്ലോ എന്ന ബോധ്യം നിർവഹണോദ്യോഗസ്ഥന് ഉണ്ടാകുന്നത്. അപ്പോഴേക്കും കാര്യങ്ങൾ കൈവിട്ടു പോയിരിക്കും. എല്ലാ പ്രവൃത്തികളുടെയും ഗുണനിലവാരപരിശോധനകളുടെ ആവശ്യം ബോധ്യപ്പെടുത്താനും ബോധവൽക്കരിക്കാനും LEAF എപ്പോഴും ശ്രമിക്കാറുണ്ടെങ്കിലും ചീഫ് എൻജിനീയറുടെ ഒരു നിർദ്ദേശത്തെയോ ഒരു ഉത്തരവിനെ പോലെ അത് എപ്പോഴും ഫലപ്രാപ്തിയിൽ എത്തുകയില്ല എന്നുള്ളത് പകൽ പോലെ വ്യക്തമാണല്ലോ. ആയതിനാൽ നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നാം സാധാരണഗതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെയും അവയുടെ സ്വഭാവം അനുസരിച്ച് സാധാരണ ഗതിയിൽ ചെയ്യേണ്ടുന്ന ടെസ്റ്റുകളുടെയും വ്യക്തമായ ലിസ്റ്റ് ഉൾപ്പെടുത്തി ഒരു സർക്കുലർ പുറപ്പെടുവിച്ചാൽ അത് കരാറുകാരുടെ സമ്മർദ്ദങ്ങളിൽ നിന്നും പരാതികളിൽ നിന്നും രക്ഷപ്പെടുന്നതിനും ഒരു പഞ്ചായത്തിൽ മാത്രം ഗുണമേന്മാ പരിശോധനയുടെ പേരിൽ ഉപദ്രവിക്കുന്നു, മറ്റു പഞ്ചായത്തുകളിൽ ഇവയൊന്നും ചെയ്യിക്കുന്നില്ല തുടങ്ങിയ സ്ഥിര വാദഗതികൾ ഉയർത്തി ബന്ധപ്പെട്ട ജനപ്രതിനിധികളെ തെറ്റിദ്ധരിപ്പിച്ച് അവരെ എൻജിനീയറിങ് വിഭാഗത്തിന് വിരോധികൾ ആക്കുന്നതിന് തടയിടാൻ കഴിയും.

പരിഹാരം : പുതിയ വർഷത്തെ പ്രവൃത്തികൾ നടന്നുവരുന്ന സമയമായ

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

തിനാൽ ഇത് വളരെയേറെ പ്രാധാന്യമുള്ള ഒരു കാര്യമായി കണക്കാക്കി എത്രയും വേഗം ചീഫ് എൻജിനീയറുടെ ഓഫീസിൽ നിന്നും ഒരു വ്യക്ത മായ ഉത്തരവ് ഇക്കാര്യത്തിൽ തയ്യാറാക്കി നൽകുക.

15) പ്രശ്നം : കരാർ നിയമനം

PMGSY ചീഫ് എഞ്ചിനീയറുടെ കീഴിൽ 14 ജില്ലകളിലും PIU ഓഫീസുകൾ ഉണ്ട്. അവിടെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാ രുടെയും താഴെ പറയുന്ന രീതിയിലുള്ള പോസ്റ്റുകൾ ഉണ്ട്.

PIU Thiruvananthapuram - AE 4 nos, Overseer 7 nos
PIU Kollam - AE 4 nos, Overseer 7 nos
PIU Pathanamthitta - AE 3 nos, Overseer 4 nos
PIU Alappuzha - AE 2 nos, Overseer 6 nos
PIU Kottayam - AE 4 nos, Overseer 7 nos
PIU Idukki - AE 4 nos, Overseer 4 nos
PIU Ernakulam - AE 4 nos, Overseer 8 nos
PIU Thrissur - AE 3 nos, Overseer 5 nos
PIU Palakkad - AE 5 nos, Overseer - 6 nos
PIU Malappuram - AE 4 nos, Overseer 8 nos
PIU Kozhikkode - AE 3 nos, Overseer 7 nos
PIU Wayanad - AE 3 nos, Overseer 4 nos
PIU Kannur - AE 4 nos, Overseer 9 nos
PIU Kasaragode - AE 3 nos, Overseer 7 nos

PIU ഓഫീസുകളിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിലാണ് നിയമനം നടത്തി വരുന്നത്.

പരിഹാരം : ടി പോസ്റ്റുകൾ എല്ലാം തന്നെ LSGD Engg വിഭാഗത്തിൽ നി ന്നും Transfer & Promotion വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്ക ണം.

16) പ്രശ്നം : Engineering Wing ന് സാങ്കേതികജോലി ചെയ്യാൻ സമയം ഇല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, പ്രത്യേകിച്ച് മുനിസിപ്പാലിറ്റികളി ലും കോർപ്പറേഷനുകളിലും ഉള്ള എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ Civil Engineering ന്റെ വിവിധ തലത്തിലുള്ള കോഴ്സുകൾ കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച എഞ്ചിനീയർമാരും ഓവർസിയർമാരും ചെയ്യുന്ന വൈവിധ്യമാ ർന്ന ജോലികൾ ഒന്നു പരിശോധിക്കാം. Street light Maintenance, Current charge കൂടുതലാണെന്ന് ഭരണസമിതിക്ക് തോന്നുമ്പോൾ പ്രവർത്തിക്കുന്ന Street light കളുടെ കണക്കെടുക്കൽ, എണ്ണത്തിലുള്ള പൊരുത്തക്കേട് പരിശോ

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

LEAF
Social Technocrats

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

ധിക്കാൻ KSEB യോടൊപ്പം സംയുക്തമായി വീണ്ടും Street light കളുടെ കണക്കെടുക്കൽ, പൊതു കുടിവെള്ള പൈപ്പുകളുടെ കണക്കെടുക്കൽ, എണ്ണത്തിലുള്ള പൊരുത്തക്കേട് പരിശോധിക്കാൻ KWA യോടൊപ്പം സംയുക്തമായി വീണ്ടും പൊതു കുടിവെള്ള പൈപ്പുകളുടെ കണക്കെടുക്കൽ, മാലിന്യ നിർമ്മാർജ്ജന yard ലേക്കും അവിടെ മാലിന്യം അധികമാകുമ്പോൾ അവിടെ നിന്നും പുറത്തേക്കും വാഹനങ്ങളിൽ കൊണ്ടു പോകുന്ന ലോഡ് കണക്കെടുക്കൽ, ചെയർമാന്റേതുൾപ്പെടെ പാസഞ്ചർ വാഹനങ്ങളുടെയും മാലിന്യം നീക്കം ചെയ്യുന്ന വാഹനങ്ങളുടെയും അറ്റകുറ്റപ്പണികൾക്ക് റിപ്പോർട്ട് തയ്യാറാക്കൽ, ഇന്ധനത്തിന് indent നൽകൽ, ലോഗ്ബുക്കിലെ ദൂരവും മൈലേജുമായുള്ള താരതമ്യ പഠനം, വോട്ടർ പട്ടികയിൽ ആളെ ചേർക്കാൻ ഹിയറിംഗ് നടത്തുക, ഇലക്ട്രിക്കൽ പ്രവൃത്തികൾ, വേസ്റ്റ് പേപ്പറിന്റെയും കാലൊടിഞ്ഞ പ്ലാസ്റ്റിക് കസേരയുടെയും അടിഭാഗം പൊട്ടിയ പി.വി.സി വാട്ടർ ടാങ്കിന്റെയും വില നിശ്ചയിക്കുക, അയൽക്കാരന്റെ പരാതിയിന്മേൽ വീടിനു മുകളിലേക്ക് അടുത്ത വീട്ടിലെ മരം വീഴുമോ എന്ന് നോട്ടത്തിൽ കണ്ടു പിടിക്കുക, ശില്പി പ്രതിമ ഉണ്ടാക്കിയതിനുള്ള ചെലവ് കണ്ടു പിടിച്ചു കൊടുക്കുക, വയോജനങ്ങൾക്ക് നൽകാൻ കൊണ്ടുവരുന്ന കട്ടിലിന്റെ ഗുണനിലവാര പരിശോധനയും സർട്ടിഫിക്കറ്റ് നൽകലും, മുയൽക്കൂട്, പട്ടിക്കൂട്, പന്നിക്കൂട്, പശു തൊഴുത്ത്, പെട്ടിക്കട, ഉന്തുവണ്ടി, ഗ്രീൻ ഹൗസ്, പോളി ഹൗസ്, മീൻകുളം, മഴക്കുഴി, ബയോഗ്യാസ്, പ്രകൃതിക്ഷോഭം വാല്യുവേഷൻ, ഗ്രാമ വാർഡ് സഭകളുടെ മിനിറ്റ്സ് തയ്യാറാക്കൽ, തൊഴിലുറപ്പ്, കെട്ടിട നിർമ്മാണ പെർമിറ്റ്, ഓക്കുപ്പൻസി സർട്ടിഫിക്കറ്റ്, സ്വകാര്യ പാലം നിർമ്മിക്കാൻ അനുമതി, മണ്ണെടുപ്പ്, മഴക്കെടുതി, പെർമിറ്റ് ലഭിക്കാത്തതോ മറ്റെന്തെങ്കിലും ഇച്ഛാഭംഗം വന്നതോ ആയ ആൾക്കാർ നൽകുന്ന വൈവിധ്യമാർന്ന വിവരാവകാശ ചോദ്യങ്ങൾക്ക് മറുപടി നൽകുക... പട്ടിക നീളുകയാണ്.... ഇതിനിടയിൽ സാങ്കേതിക സഹായവും പരിശോധനയും ആവശ്യമായി വരുന്ന എണ്ണമറ്റ മരാമത്ത് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കാൻ കഴിയുന്നില്ല.

പരിഹാരം : സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്തതും പരിചയ സമ്പന്നതയുടെ അടിസ്ഥാനത്തിൽ അതാത് നിർവ്വഹണോദ്യോഗസ്ഥന്മാർക്ക് നൽകാൻ കഴിയുന്നതുമായ വാല്യുവേഷനുകൾ, പരിശോധനകൾ തുടങ്ങിയവയെല്ലാം എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലയിൽ നിന്നും ഒഴിവാക്കി നൽകുക. ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികൾ ചെയ്യുന്നതിന് അതതു മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരെ നിയമിക്കുക.

17) പ്രശ്നം : KWA യുടെ റോഡ് cutting

വിവിധ ഏജൻസികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനത

LEAF
Social Technocrats

LSGD EW AEs Federation {LEAF}

Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

യിലുള്ള റോഡുകൾ പല ആവശ്യങ്ങൾക്കുമായി കുഴിക്കാറുണ്ടെങ്കിലും KWA യുടെ റോഡ് കുഴിക്കലിനെപ്പറ്റി പ്രത്യേകം പരാമർശിക്കാതെ വയ്യ. ടാർ ചെയ്തു തീരാനായി JCB യുമായി നോക്കിയിരിക്കുന്ന രസകരമായ എത്രയോ ട്രോളുകൾ നാം ഇതിനോടകം കണ്ടു കഴിഞ്ഞു. ഏറ്റവും പുതിയതായും വ്യാപകമായ രീതിയിലും റോഡ് കുഴിക്കുന്നതിനായി KWA യ്ക്ക് ഇപ്പോൾ അവസരം കിട്ടിയിരിക്കുന്നത് ജൽ ജീവൻ മിഷൻ എന്ന പദ്ധതിയിലൂടെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡിലൂടെയും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിലൂടെയും ഒരേ പദ്ധതിക്കായി Trench എടുക്കേണ്ടതുണ്ടെങ്കിൽ PWD റോഡിനു മാത്രമേ KWA, Restoration Charge അടയ്ക്കുകയുള്ളൂ. റോഡിനെക്കാളും കുടിവെള്ളമാണ് പ്രധാനമെന്നറിയാവുന്ന ജനപ്രതിനിധികളും ഭരണ സമിതിയും ഈ അപാകത റിപ്പോർട്ട് ചെയ്താലും കണ്ണടയ്ക്കാൻ നിർബ്ബന്ധിതരാകുന്നു. CEPWD/2675/2021-C4(W)-RD of Chief Engineer (Roads) dated 10.02.2023 സർക്കുലർ പ്രകാരം (EXHIBIT 24) Road Restoration Charges പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. CE/R&B/GL-RC/3/2018 of Chief Engineer (Roads) dated 24.09.2020 സർക്കുലറിൽ (EXHIBIT 25) റോഡ് കട്ടിംഗിന്റെ വ്യത്യസ്ത രീതികളും ജാമ്യ നിക്ഷേപത്തിന്റെ ആവശ്യകതയും പ്രതിപാദിക്കുന്നു. GO (Rt) No.1143/2022/LSGD dated 06.05.2022 of LSG(DC) Department ഉത്തരവ് (EXHIBIT 26) KWA trench എടുക്കുന്ന റോഡുകൾ നിലവിലുണ്ടായിരുന്ന Specification ലേക്ക് KWA യുടെ തന്നെ എസ്റ്റിമേറ്റിൽ തുക വകയിരുത്തി പുന:സ്ഥാപിക്കുന്നതിനെപ്പറ്റി വിശദമാക്കുന്നു. എന്നാൽ ഇതൊന്നും തന്നെ തങ്ങൾക്ക് ബാധകമല്ല എന്ന രീതിയിലാണ് KWA ത.സ്വ.ഭ.വ റോഡുകൾ കുഴിച്ച് പൈപ്പിടുന്നത്. നമ്മുടെ ആസ്തി ടാർ റോഡായിരുന്നാലും പൈപ്പിട്ട ശേഷം യാതൊരു വിധ compaction ഉം നൽകാതെ കുഴികളിൽ മണ്ണ് നിറച്ചും മേൽ പറഞ്ഞ ഉത്തരവുകളിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള കനത്തിൽ Granular layers ഇല്ലാതെയും നാമമാത്രമായ കനത്തിൽ കോൺക്രീറ്റ് ചെയ്തു പോകുന്നതാണ് പൊതുവിൽ കണ്ടുവരുന്ന രീതി. പലപ്പോഴും പൈപ്പിട്ടതിനു ശേഷം ടെസ്റ്റിംഗ് കഴിയാത്തതിനാൽ ദീർഘനാളുകൾ മേൽ പറഞ്ഞ രീതിയിൽ പോലും പുനരുദ്ധരിക്കാത്ത കേസുകളും കുറവല്ല. കുഴിച്ചിട്ടിരിക്കുന്ന റോഡിലൂടെ യാത്ര ചെയ്തു പൊറുതി മുട്ടുന്ന ജനത്തിന്റെയും അവരെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികളുടെയും സമ്മർദ്ദം നിമിത്തം വാർഷിക പദ്ധതിയിലുൾപ്പെടുത്തി മേൽ റോഡ് പുനരുദ്ധരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുന്നതോടു കൂടി KWA -ചെലവഴിക്കേണ്ട തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചതിനുള്ള ബാദ്ധ്യത നിർവ്വഹണോദ്യോഗസ്ഥനു മേൽ വന്നു ചേരുന്നു. ഈ ഭയം കാരണം നിർവ്വഹണം നടത്താനാകാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ട് ഉൾപ്പെടുത്തിയ മുഴുവൻ പദ്ധതികളും മുടങ്ങിക്കിടക്കുന്ന സ്ഥാപനങ്ങളെയും പരിശോധിച്ചാൽ കാണാൻ കഴിയും.

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

പരിഹാരം : KWA Restore ചെയ്യേണ്ട റോഡുകളിൽ ത.സ്വ.ഭ.വ ഫണ്ട് ഉപയോഗിച്ച് പദ്ധതി രൂപീകരിക്കുകയും പ്രവൃത്തി നിർവ്വഹിച്ചവരുടെയും കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകലും ഇപ്രകാരം ചെയ്തു പോയ പ്രവൃത്തികൾക്ക് ബാദ്ധ്യത നിശ്ചയിച്ചു കൊണ്ട് എന്തെങ്കിലും ഓഡിറ്റ് പരാമർശങ്ങൾ ഉണ്ടാകുന്ന പക്ഷം ആവശ്യമായ ഇടപെടലുകളും ചീഫ് എഞ്ചിനീയറുടെ ഭാഗത്തു നിന്നും പ്രതീക്ഷിക്കുന്നു.

18) പ്രശ്നം : Software ന്റെ വരവ് ജോലി ഭാരം മൂന്നിരട്ടിയാക്കുന്നു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി IKM രൂപീകരിച്ച സങ്കേതം നിലവിൽ വന്നതോടു കൂടി അന്നുവരെ Hard copy യിൽ റിപ്പോർട്ട് എഴുതിയിരുന്നതിൽ നിന്നും നല്ല ഒരു മാറ്റം വരുമെന്നാണ് കരുതിയിരുന്നത്. മാറ്റം വന്നു. Hard Copy ക്ക് പുറമേ Check Slip പൂരിപ്പിക്കലും റിപ്പോർട്ട് എഴുതലും സങ്കേതത്തിലും കൂടെ ചെയ്യേണ്ടി വന്നു. സങ്കേതം തുടങ്ങിയ സ്ഥാനത്തു തന്നെ ഒരു പുരോഗമനവുമില്ലാതെ നിൽക്കുമ്പോൾ ILGMS വന്നു. ഇപ്പോൾ Hard copy ലും സങ്കേതത്തിലും ചെയ്തു കൊണ്ടിരുന്നതിനു പുറമേ ILGMS ലും കൂടെ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിൽ മാത്രമേ ഒരു ഫയൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഒഴിവാക്കാനാകൂ എന്ന നിലയിലേക്കെത്തിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ മൂന്നിരട്ടി പണി.

പരിഹാരം : കോർപ്പറേഷനുകളിൽ ഇപ്പോൾ ബാധകമാക്കിയിട്ടുള്ള, തെറ്റുകൾ Software തന്നെ കണ്ടു പിടിക്കുന്ന രീതിയിൽ Develop ചെയ്തിട്ടുള്ള IBPMS പഞ്ചായത്തുകളിലും ബാധകമാക്കുക.

19) പ്രശ്നം : Stress

Stress കൂടുന്നതുമായി ബന്ധപ്പെട്ട് നമ്മുടെ വകുപ്പിൽ ഉണ്ടാകുന്ന മരണങ്ങളും അകാലനര ബാധിക്കുന്നവരുടെയും രോഗികളാകുന്നവരുടെയും എണ്ണം കൂടുന്നതുമെല്ലാം നമുക്ക് ഏവർക്കും അറിയാവുന്നതാണല്ലോ. ഒരു പക്ഷേ കുട്ടികളില്ലാത്ത Lady ഉദ്യോഗസ്ഥരും കൂടുതൽ നമ്മുടെ വകുപ്പിലായിരിക്കാം. ഇവിടെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്നവർ മറ്റൊരു വകുപ്പിലേക്ക് 2nd ഗ്രേഡ് ഓവർസിയർ ആയി മാറിപ്പോയെങ്കിൽ കൂടിയ ശമ്പളമൊന്നുമല്ല ആ രക്ഷപ്പെടലിനു പിന്നിൽ എന്ന് ഊഹിക്കാമല്ലോ. സത്യത്തിൽ ഞങ്ങളെല്ലാം വലിയൊരളവിൽ Stress ന് കീഴ്പ്പെട്ടിരിക്കുന്നു.

പരിഹാരം : വിദേശ രാജ്യങ്ങളിലുള്ള മാതൃകയിൽ Stress ലീവ് അനുവദി

LSGD EW AEs Federation {LEAF}
Sneha Bhavan, ABRA, Aruviyode, Mannanthala P.O
Thiruvananthapuram - 695015.
leafederation@gmail.com

President:
Er. Muhammed Shafeek E
94463 37450

General Secretary:
Er. Smitha M
94864 22210

Vice President
Er. Salil Clittus
99952 68803

Treasurer
Er. Soumya RS
85473 35993

Secretary - North Zone
Er. Ebinu Mashood A
99951 11787

Secretary - Central Zone
Er. Shamitha P
95672 66649

Secretary - South Zone
Er. Ambily NS
97465 68126

Executive Members
Er. Poly Edayanal
98461 76327

Er. Alan Jose
82813 37049

Er. Jeevan P
94975 92503

Er. Anil DJ
94473 89417

ക്കുക. 50 പ്രവൃത്തി ഉള്ളവരെയും 200 പ്രവൃത്തി ഉള്ളവരെയും ഒരു പോലെ വിലയിരുത്തുന്നത് അവസാനിപ്പിക്കുക. ഗൂഗിൾ ഷീറ്റുകൾ അത്യാവശ്യത്തിനു മാത്രമാക്കുകയും പൂരിപ്പിക്കാൻ മതിയായ സമയം അനുവദിക്കുകയും ചെയ്യുക. കഴിയുമെങ്കിൽ ഒരു വർഷം മുഴുവനും ഉപയോഗിക്കാൻ കഴിയുന്ന മാതൃകയിൽ ഉള്ള ഒരു ഗൂഗിൾ ഷീറ്റ് മാത്രം തയ്യാറാക്കി നൽകുക.

ഉള്ളടക്കം : EXHIBITS 1 - 26

വിശ്വസ്തതയോടെ
For LSGD EW AEs Federation (LEAF)
General Secretary
ജനറൽ സെക്രട്ടറി

LEAF
Social Technocrats

L. S. G. D. ENGINEERS ASSOCIATION, KERALA

(തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയേഴ്സ് അസ്സോസിയേഷൻ, കേരള)

(Registration No: 302 Vide G.O(MS) 28/2013/P&ARD, Thiruvananthapuram dated: 3.10.2013)

H.Q. : Ernakulam; Ansary Building, Civil Station - Kunnumpuram Road, Kakkanad P.O., Cochin - 30

E-Mail : lsgdengineers@gmail.com Mob : 94475 09516 Website : www.lsgdengineers.com

Er. K.T.Sajan M.Tech (Structures), M.I.E
Executive Engineer
State President, 94 47 50 95 16

Er. M.U. Hazramol B.Tech (Civil)
Assistant Executive Engineer
State General Secretary, 94 47 80 67 16

Dr. N.K. Manjula M.Tech (Structures), PhD.
Assistant Engineer
State Treasurer, 96 33 57 82 89

State Vice Presidents

Er. Joji Paul
Executive Engineer
LSGD Division, Thrissur

Er. M.S. Dileep
Superintending Engineer
Kozhikode Corporation

Er. A. Asokan
Executive Engineer
LSGD Division, Kottayam

State Zonal Secretaries

Er. Ajith Kumar
Superintending Engineer
KSRRDA, Trivandrum

Er. K. Boban
Superintending Engineer
Kochin Corporation

Er. R.Sajish
Superintending Engineer
North Circle, Kozhikode

State Secretary (HRM)

Er. P.B.Pradeesh
Asst. Executive Engineer
Sub Division, Chalakudy

State Secretary (Org.)

Er. Sooraj
Asst. Executive Engineer
Sub Division, Perambra

State Exe. Members

Er. A. Beena
Superintending Engineer
Kannur Corporation

Er. R.S. Ganga
Executive Engineer
Trivandrum Corporation

Er. Jude Joseph
Asst. Executive Engineer
Kalamassery Municipality

Er. Shiju Chandran
Asst. Executive Engineer
RKI, Trivandrum

Er. Gopakumar
Asst. Executive Engineer
Sub Division, Malampuzha

Er. Reji Philip
Asst. Executive Engineer
Sub Division, Ettumannur

Er. Ushanadan
Asst. Executive Engineer
Sub Division, Peerumedu

Er. K.Shabana
Assistant Engineer
Sub Division, Puzhakkal

Er. Sadir Ibnu Kasim
Assistant Engineer
LSGD Division, Malapuram

Er. Harikrishnan
Assistant Engineer
LSGD Section,Karakkurissi

Er. Munavar
Assistant Engineer
Bathery Municipality

Er. Santhosh Kumar
Asst. Executive Engineer
Muvattupuzha Municipality

Er. Amritha
Asst. Executive Engineer
Sub Division, Haripad

Er. Santhosh Kumar
Asst. Executive Engineer
Sub Division, Kondotty

State commt.Invitees

Er. G.S. Aneesh
Executive Engineer
PIU, Palakkad

Er. Jose H John
Asst. Executive Engineer
Trivandrum Corporation

Er. Mohammedali
Asst. Executive Engineer
Sub Division, Nilambur

Er. Shyju
Asst. Executive Engineer
LSGD Division, Kozhikode

LSGD ENGINEERS ASSOCIATION KERALA

FINAL REPRESENTATION BEFORE SUNDARAN COMMITTEE

വികേന്ദ്രികാസൂത്രണം ശക്തിപ്പെടുത്താൻ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994, കേരള മുനിസിപ്പൽ ആക്റ്റ് 1994 പ്രകാരം സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും ഫണ്ടും കൈമാറുകയുണ്ടായി. പൊതുമരാമത്ത് / ഇറിഗേഷൻ വകുപ്പുകൾ ആയിരുന്നു നേരത്തേ ഈ ഫണ്ടുകൾ പ്രധാനമായും കൈകാര്യം ചെയ്തിരുന്നത്. ഫണ്ടുകൾ വികേന്ദ്രീകൃതാസൂത്രണം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സാഹചര്യത്തിൽ എഞ്ചിനീയർമാരേയും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുവാൻ G.O (P) NO.. 186/2000/LSGD തീയതി 04.07.2000 എന്ന ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചു.

തുടർന്ന് പൊതുമരാമത്ത് വകുപ്പിലും ഇറിഗേഷൻ വകുപ്പിലും എത്രത്തോളം എഞ്ചിനീയർമാരും ജീവനക്കാരും അധികമായി ഉണ്ടെന്ന് സർക്കാർ പരിശോദിക്കുകയുണ്ടായി. അധികമുള്ള എഞ്ചിനീയർമാരുടേയും ജീവനക്കാരുടേയും തസ്തികകളും എണ്ണവും സർക്കാർ കണ്ടെത്തുകയും അവരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് കൈമാറുവാൻ G.O (MS) NO.. 222/2002/LSGD തിയതി 18.12.2002 G.O. (MS) NO. 268/2003/LSGD തിയതി 05.09.2003 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം തീരുമാനിക്കുകയും ചെയ്തു.

2003 മുതൽ എഞ്ചിനീയർമാരെ പൊതുമരാമത്ത് / ഇറിഗേഷൻ വകുപ്പുകളിൽ നിന്ന് നിർബന്ധമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിച്ച് തുടങ്ങി. ശമ്പളവും ആനുകൂല്യങ്ങളും മാതൃവകുപ്പിൽ നിന്നും ജോലി തദ്ദേശസ്വയംഭരണ വകുപ്പിലും ആയി എഞ്ചിനീയർമാർ വർഷങ്ങളോളം ജോലിയെടുത്തു

പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പുകളിൽ നിന്ന് 2003 മുതൽ LSGD എഞ്ചിനീയറിംഗ് കേഡറിലേക്ക് പുനർവിന്യസിച്ച ജീവനക്കാർ :

ചീഫ് എഞ്ചിനീയർ	1
സൂപ്രണ്ടിംഗ് എഞ്ചിനീയർ	4
എക്സിക്യൂട്ടീവ് എഞ്ചിനീയർ	31
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	119
അസിസ്റ്റൻറ് എഞ്ചിനീയർ	633
മൊത്തം എഞ്ചിനീയർമാർ	788
സാങ്കേതിക ജീവനക്കാർ	2102
മിനിസ്റ്റീരിയൽ ജീവനക്കാർ	928
മൊത്തം ജീവനക്കാർ	3818

ഈ സമയത്തുതന്നെ 999 ഗ്രാമപഞ്ചായത്തുകളിൽ 41 അസിസ്റ്റൻറ് എഞ്ചിനീയർമാർ ഉൾപ്പെടെ 125 ഓളം സാങ്കേതികവിഭാഗം ജീവനക്കാർ പഞ്ചായത്ത് കോമൺ സർവ്വീസിൽ നിലവിലുണ്ടായിരുന്നു. ഇവരുടെ നിയമനം, പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങൾ പഞ്ചായത്ത് കോമൺ സർവ്വീസ് എഞ്ചിനീയറിംഗ് സർവ്വീസ് റൂളും പഞ്ചായത്ത് കോമൺ സർവ്വീസ് എഞ്ചിനീയറിംഗ് സബ് ഓർഡിനേറ്റ് സർവ്വീസ് റൂളും ഉണ്ടായിരുന്നു.

അതുപോലെതന്നെ മുനിസിപ്പൽ കോമൺ സർവ്വീസിൽ താഴെപ്പറയുന്ന രീതിയിൽ എഞ്ചിനീയർമാരും സാങ്കേതിക ജീവനക്കാരും ഉണ്ടായിരുന്നു.

സൂപ്രണ്ടിംഗ് എഞ്ചിനീയർ	4
എക്സിക്യൂട്ടീവ് എഞ്ചിനീയർ	14
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	43
അസിസ്റ്റൻറ് എഞ്ചിനീയർ	103
മൊത്തം എഞ്ചിനീയർമാർ	164
ഓവർസിയർ ഗ്രേഡ് 1	186
ഓവർസിയർ ഗ്രേഡ് 2	137
ഓവർസിയർ ഗ്രേഡ് 3	193
മൊത്തം സാങ്കേതിക ജീവനക്കാർ	516

ഇത്തരത്തിൽ മൊത്തം 680 എഞ്ചിനീയർമാരും ജീവനക്കാരുമാണ് മുനിസിപ്പൽ കോമൺ സർവ്വീസിൽ ഉണ്ടായിരുന്നത്. ഈ ജീവനക്കാർ മുനിസിപ്പൽ എഞ്ചിനീയേഴ്സ് സർവ്വീസ് റൂളിൻറേയും മുനിസിപ്പൽ എഞ്ചിനീയറിംഗ് സബ് ഓർഡിനേറ്റ് സർവ്വീസ് റൂളിൻറേയും പരിധിയിൽ ആണ് വന്നിരുന്നത്.

എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിക്കൂടി പൊതുമരാമത്ത് / ഇറിഗേഷൻ വകുപ്പുകളിൽ നിന്ന് 3818 ജീവനക്കാരും, മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്ന് 680 ജീവനക്കാരും, പഞ്ചായത്ത് കോമൺ സർവ്വീസിൽ നിന്നുള്ള 125 ജീവനക്കാരെയും ഉൾപ്പെടുത്തിയാണ് സർക്കാർ 01.01.2008 മുതൽ LSGD എഞ്ചിനീയറിംഗ് കേഡർ നിലവിൽ വരുത്തിയത്.

G.O (P) No. 271/2007/LSGD തീയതി 27.11.2007 പ്രകാരമുള്ള LSGD എഞ്ചിനിയറിംഗ് സർവ്വീസ് റൂൾ G.O (P) No.272/2007/LSGD തീയതി 27.11.2007 LSGD എഞ്ചിനീയറിംഗ് സബ് ഓർഡിനേറ്റ് സർവ്വീസ് റൂൾ എന്നീ Special Rule -കൾ പ്രകാരമാണ് LSGD എഞ്ചിനീയറിംഗ് കേഡർ 01.01.2008 മുതൽ നിലവിൽ വന്നത്. പഞ്ചായത്ത് കോമൺ സർവ്വീസ് / മുനിസിപ്പൽ കോമൺ സർവ്വീസ് എന്നിവടങ്ങളിൽ ഉണ്ടായിരുന്ന 2 വീതം Special Rule-കൾ ഇതിന്റെ ഭാഗമായി 31.12.2007 ലെ തിയതി വെച്ച് സർക്കാർ റദ്ദ് ചെയ്തിരുന്നു.

എഞ്ചിനീയർമാരെ സംബന്ധിച്ച് ഇപ്പോൾ പൊതുസർവ്വീസായാണ് പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും, PMGSY-ലും ആയി മാറി മാറി ജോലി എടുക്കുവാൻ എഞ്ചിനീയർമാർക്കും സാങ്കേതിക ജീവനക്കാർക്കും ഇപ്പോൾ സാധിക്കുന്നുണ്ട്.

നിലവിലെ LSGD എഞ്ചിനീയറിംഗ് സർവ്വീസ്:

എഞ്ചിനീയർമാർക്കും ജീവനക്കാർക്കും വളരെയധികം പ്രതീക്ഷ നൽകിയാണ് 2008-ൽ, സർക്കാർ ഓപ്ഷൻ ക്ഷണിച്ചത്. ആവശ്യത്തിനു എഞ്ചിനീയർമാർ ഓപ്ഷൻ നൽകാത്ത സാഹചര്യത്തിൽ നിർബന്ധപൂർവ്വം ആണ് പുനർവിന്യസിക്കപ്പെട്ടത്. പുതിയ വകുപ്പായതു കൊണ്ട് പെട്ടെന്നുതന്നെ പ്രൊമോഷൻ ലഭിക്കും എന്നാണ് ഓപ്ഷൻ നൽകിയവർ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ LSGD എഞ്ചിനീയറിംഗ് സർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി ഉണ്ടായ കേസുകളുടെ ഫലമായി 1999 ൽ നേരിട്ട് അസിസ്റ്റൻറ് എഞ്ചിനീയർ ആയി പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പിൽ കയറി പുനർവിന്യാസം വഴി LSGD എഞ്ചിനീയറിംഗ് വകുപ്പിലേക്ക് വന്ന എഞ്ചിനീയർ ഇപ്പൊഴും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി തന്നെ നിൽക്കുന്നു. എന്നാൽ മാതൃവകുപ്പിൽ നിന്ന എഞ്ചിനീയർമാർ ഇന്ന് ചീഫ് എഞ്ചിനീയർമാർ വരെയായി.

നിലവിലുള്ള സ്ഥിതി:

LSGD എഞ്ചിനീയറിംഗ് കേഡറിലെ സബ്ഡിവിഷൻ ഓഫീസറായ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുതൽ ചീഫ് എഞ്ചിനീയർമാർ വരെയുള്ള എഞ്ചിനീയർമാർ സ്പാർക്ക് മാഖാന്തരം ട്രെഷറിയിൽ നിന്നാണ് 5329 ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും

സുഗമമായി വിതരണം ചെയ്യുന്നത്. സർക്കാർ ജീവനക്കാരായ അവരെ സംബന്ധിച്ചിടത്തോളം വളരെ നല്ലരീതിയിലുള്ള ഒരു സിസ്റ്റം ആണ് നിലവിലുള്ളത്.

പൊതുസർവ്വീസ് നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ, എഞ്ചിനീയർമാർക്കുള്ള ശമ്പളം പഞ്ചായത്ത് ഫണ്ടിൽ നിന്ന് പഞ്ചായത്ത് സെക്രട്ടറിമാർ നൽകുകയും പ്രസ്തുത ഫണ്ട് സർക്കാർ റി ഇംബേഴ്സ് ചെയ്യും എന്നാണ് പറയുന്നത്. ഇത് പ്രായോഗികമല്ല നിലവിലുള്ള പല പഞ്ചായത്തുകളും പഞ്ചായത്ത് ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാൻ നൽകുന്ന സർക്കാൻ ഗ്രാൻറ് വകമാറ്റി ചിലവഴിക്കുകയും ജീവനക്കാർക്ക് യഥാസമയം ശമ്പളം കൊടുക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷവുമുണ്ട്. ഇത്തരത്തിൽ 400-ൽ കൂടുതൽ പഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. എഞ്ചിനീയർമാരുടെ ശമ്പളം കൂടി പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ സ്ഥിതി കൂടുതൽ ഗുരുതരമാകാനേ ഇടയുള്ളു. ശമ്പളത്തിൽ നിന്നും ഈടാക്കുന്ന റിക്കവറികൾ (GPF, SLI, LIC മുതലായവ) യഥാസമയം അതാത് അക്കൗണ്ടുകളിൽ അടയ്ക്കാത്ത സ്ഥിതിവിശേഷമാണ് പഞ്ചായത്തുകളിൽ നിലവിലുള്ളത്. ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ എഞ്ചിനീയർമാർക്കുള്ള സാമൂഹിക പദവി ഇതോടെ ഇല്ലാതാക്കുകയാണ്. ഇത് എഞ്ചിനീയർമാരുടെ കാര്യക്ഷമതയെയും പ്രോഫഷണലിസത്തേയും പ്രതികൂലമായി ബാധിക്കുന്നതാണ്.

<u>നിലവിലുള്ള സ്ഥിതി</u> :

എഞ്ചിനീയർമാർ നിലവിൽ അതാത് തദ്ദേശ സ്വയംഭരണ സമിതിയുടേയും ഒപ്പം തന്നെ മേലുദ്യോഗസ്ഥന്മാരായ എഞ്ചിനീയർമാരുടേയും നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ, ഇറിഗേഷൻ പദ്ധതികൾ, ഹൗസിംഗ് പദ്ധതികൾ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർമ്മിച്ചു നൽകുക എന്നതാണ് എഞ്ചിനീയർമാരുടെ പ്രധാന കർത്തവ്യം, ഇവ നടപ്പിലാക്കുന്നത് പൊതുമരാമത്ത് മാനവൽ അനുസരിച്ചാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റൻറ് എഞ്ചിനീയർ ,ഓവർസീയർമാർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഒരു നിർമ്മാണപ്രവൃത്തി നടപ്പിലാക്കേണ്ടതെന്നാണ് പൊതുമരാമത്ത് മാനവൽ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്പോഴത്തെ സിസ്റ്റം അനുസരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് തങ്ങളുടെ കീഴുദ്യോഗസ്ഥാന്മാരിൽ നിയന്ത്രണം ഉണ്ട്. ആ നിയന്ത്രണം ഉള്ളതുകൊണ്ടാണ് മാനവൽ അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നത്.

പൊതുസർവ്വീസ് നിർദ്ദേശം അനുസരിച്ച് അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ നിയന്ത്രണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയാൽ പൊതുമരാമത്ത് മാനവൽ അനുസരിച്ച് ഗുണമേന്മയോടുകൂടി പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരും. ഗ്രാമപഞ്ചായ്ത്തിൻെറ കീഴിലേക്ക്

അസി – എഞ്ചിനീയർമാരെ കൈമാറുമ്പോൾ പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്ക് മാത്രമേ മുൻ തൂക്കം നൽകി നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളു.

ജില്ലാ പഞ്ചായത്ത്, എം.എൽ.എ., എം.പി. തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിനെ ഇത് പ്രതികൂലമായി ബാധിക്കുന്നതാണ്. മറ്റു എഞ്ചിനീയറിംഗ് വകുപ്പുകളിലേതിനുസമാനമായ സാങ്കേതിക പ്രവർത്തനങ്ങൾക്ക് വേണ്ട തൊഴിൽപരമായ സ്വാതന്ത്ര്യം, അനുഭവ സമ്പത്തുള്ള സാങ്കേതിക മേലുദ്യോസ്ഥരുടെ കീഴിലുള്ള ഓഫീസ് അന്തരീക്ഷം തുടങ്ങിയവ ആവശ്യമാണ്.

നിലവിലെ-സ്ഥിതി:

LSGD സ്പെഷ്യൽ റുൾ പ്രകാരമുള്ള ഡെസിഗ്നേഷൻ ആണിപ്പോൾ നിലവിലുള്ളത്. PWD, Irrigation, Harbour, Water Authority, KSEB, Housing Board തുടങ്ങിയ എല്ലാ എഞ്ചിനീയറിംഗ് വകുപ്പുകളിലും സമാനരീതിയിലുള്ള ഡെസിഗ്നേഷനുകളാണ് നിലവിലുള്ളത്.

പൊതുസർവ്വീസ് നിർദ്ദേശത്തിലൂടെ എഞ്ചിനീയർമാരുടെ ഡെസിഗേഷൻ മാറ്റുന്നത്. നിലവിൽ എഞ്ചിനീയർമാർക്ക് സമൂഹത്തിലുള്ള പദവിയും, വിലയും നഷ്ടപ്പെടാൻ മാത്രമേ ഉപകരിക്കുകയുള്ളു. PSC Notification അനുസരിച്ചാണ് പ്രസ്തുത എഞ്ചിനീയറിംഗ് തസ്തികകളിലേക്ക് എഞ്ചിനീയർമാർക്ക് നിയമനം ലഭിച്ചത്. ആയതിനാൽ അതേ ഡെസിഗ്നേഷൻ തന്നെ നിലനിർത്തേണ്ടത് അനിവാര്യമാണ്. അസിസ്റ്റൻറ് എഞ്ചിനീയറെ പഞ്ചായത്ത് എഞ്ചിനീയർ എന്ന രീതിയിൽ മാറ്റാതിരിക്കുക. LSGD Engineer Wing-ന്റെ പേരു LID & EW എന്ന് കഴിഞ്ഞ വർഷം മാറ്റിയിരുന്നു. LID&EW എന്ന പേര് മാറ്റി പഴയത് പോലെ എഞ്ചിനീയറെ LSGD Engineer Wing എന്ന് തന്നെ മാറ്റേണ്ടതാണ്.

നിലവിലെ സ്ഥിതി:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകിയിട്ടുള്ള സർക്കാർ ജീവനക്കാർ എന്ന നിലയിൽ തന്നെ എഞ്ചിയീയർമാർക്കെതിരായ അച്ചടക്ക നടപടികൾ ശുപാർശ ചെയ്യുവാൻ നിലവിൽ പ്രാദേശിക സർക്കാരുകൾക്ക് അധികാരം ഉണ്ട്. എഞ്ചിനീയർമാർക്കെതിരായുള്ള അച്ചടക്കനടപടികൾ കൈക്കൊള്ളനുള്ള അധികാരം നിലവിൽ വകുപ്പ് മേധാവിക്കും സർക്കാരിനുമാണുള്ളത്.

പൊതുസർവ്വീസ് നിർദ്ദേശത്തിലൂടെ എഞ്ചിയീയർമാർക്കുള്ള നിയന്ത്രണവും ശമ്പളവും അച്ചടക്കനടപടികളും പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയാൽ സംസ്ഥാന വ്യാപകമായി വൻ അഴിമതികൾക്കും കെടുകാര്യസ്ഥതക്കും വഴിയൊരുക്കും നിലവിലുള്ള വിജിലൻസ് റിപ്പോർട്ടുകൾ അനുസരിച്ച് മറ്റ് സർക്കാർ വകുപ്പുകളെ അപേഷിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കൂടുതൽ അഴിമതി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എഞ്ചിനീയർമാരുടെ പൂർണ്ണ നിയന്ത്രണം പഞ്ചായത്തിനു കൈമാറിയാൽ അഴിമതി കൂടാൻ ഇടയാക്കുന്നതാണ്. കെട്ടിട നിർമ്മാണ അനുമതി നൽകുന്ന

വിഷയത്തിൽ ഭരണസമിതിക്ക് ബാദ്ധ്യത ഇല്ലാത്ത സാഹചര്യത്തിൽ നിയമ വിധേയമല്ലാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയില്ലെങ്കിൽ, അച്ചടക്കനടപടി, ശമ്പളം തുടങ്ങിയ ആയുധങ്ങൾ ഉപയോഗിച്ച് എഞ്ചിനീയർമാരെ സമ്മർദ്ദത്തിലാക്കി ഇവ നേടിയെടുക്കാൻ വഴിയൊരുങ്ങും.

നിലവിലെ സ്ഥിതി:

1997 ലെ സെൻകമ്മറ്റി റിപ്പോർട്ട് മുതൽ എഞ്ചീയർമാർ, കൃഷി ഓഫീസർമാർ, ICDS ഓഫീസർമാർ, ഡയറി ഓഫീസർമാർ, ആയുർവേദ, അലോപ്പതി, ഹോമിയോ ഡോക്ടർമാർ, വെറ്റിനറി ഡോക്ടർമാർ എന്നിവർ ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എക്സ് ഒഫീഷ്യോ സെക്രട്ടറിമാരായാണ് നിലവിലുള്ളത്. ഇവരുടെയെല്ലാം ഹാജർ പുസ്തകം അതാത് ഓഫീസുകളിൽ സൂക്ഷിക്കുകയും ഈ ഹാജർ പുസ്തകങ്ങൾ ഭരണസമിതിക്ക് പരിശോധിക്കാൻ അധികാരമുള്ളതുമാണ്

പൊതുസർവ്വീസ് പരാമർശത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എഞ്ചിനീയർ എന്ന എക്സ് ഒഫീഷ്യോ സെക്രട്ടറിയെ മാത്രം പഞ്ചായത്ത് ഹാജർ പുതകത്തിലേക്ക് കൊണ്ടുവരുന്ന രീതി നീതിക്ക് നിരക്കാത്തതാണ്. സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഹാജർ മുതലായ നിയന്ത്രണങ്ങൾ, മേലുദ്യോഗസ്ഥരായ എഞ്ചിനീയർമാർക്ക് ലഭിക്കാത്ത സാഹചര്യത്തിൽ എഞ്ചിനീയറിംഗ് പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകും. LSGD എഞ്ചിനീയറിംഗ് കേഡർ രൂപീകരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത്/ഇറിഗേഷൻ വകുപ്പുകളിൽ നിന്ന് എഞ്ചിനീയർമാരെ നിർബന്ധപൂർവ്വം പുനർവിന്യസിച്ചപ്പോൾ 200 ഓളം കേസുകൾ ബഹു: ഹൈക്കോടതിയിലും, 74 കേസുകൾ ബഹു:സുപ്രീംകോടതിയിലും ഉണ്ടായിരുന്നു. ഈ കേസുകളിലെല്ലാം സർക്കാർ നൽകിയ സത്യവാങ്മൂലങ്ങളിൽ പുനർവിന്യസിക്കപ്പെട്ട എഞ്ചിനീയർമാരുടെ മാതൃവകുപ്പിൽ നിലവിലുണ്ടായിരുന്ന സേവനവേതന വ്യവസ്ഥകൾ, സാമൂഹിക പദവി എന്നിവ് നിലനിർത്തുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്.

“The Learned Government Pleader also submitted that as a result of absorption of the Engineering staff in the LSGD, none of their service conditions is changed. They will continue in the same grade with all service benefits, which they were enjoying hither to.”

ബഹു: ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയുടെ ഭാഗമാണ് മേൽ സൂചിപ്പിച്ച വരികൾ ബഹു: ഹൈക്കോടതി വിധിയുടെ നേർലംഘനമാണ് പൊതുസർവ്വീസിലൂടെ വന്നിരിക്കുന്നത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിയെടുക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരാണ് എഞ്ചീയർമാർ കഴിഞ്ഞ 20 വർഷത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളുടെ കണക്കെടുപ്പ് ഇപ്പോൾ നടക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നേട്ടങ്ങളുടെ പട്ടികയിലെ 90% വും എഞ്ചിനീയർമാരുടെ പ്രവർത്തനനേട്ടം തന്നെയാണ്.

20 വർഷങ്ങൾ കൊണ്ട് LSGD എഞ്ചിനീയർമാരുടെ ജോലി ഭാരം വർദ്ധിച്ചു വന്ന സാഹചര്യങ്ങൾ താഴെ ചേർക്കുന്നു

2003- 2004 കാലഘട്ടത്തിൽ 3818 എഞ്ചിനീയർമാരെയും ജീവനക്കാരെയും ത്രിതല പഞ്ചായത്തുകളിലേക്ക് നിർബന്ധപൂർവ്വം പുനർവിന്യസിച്ചത് ത്രിതല പഞ്ചായത്തുകളിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാൻ വേണ്ടിയായിരുന്നു. സെൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ജീവനക്കാരെ മുഴുവൻ പുനർവിന്യാസം നടത്തിയില്ല. എന്നിരുന്നാലും പുനർവിന്യസിക്കപ്പെട്ട എൻജിനീയർമാർ ത്രിതല പഞ്ചായത്തുകളിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഭംഗിയായി നിർവഹിച്ചുവന്നു. ഒരു പഞ്ചായത്തിലെ പ്രസ്തുത പ്രവൃത്തികൾ ചെയ്യുവാൻ ഒരു അസിസ്റ്റൻറ് എൻജിനീയറും രണ്ട് **ഓവർസീയർമാരും** മാത്രമാണ് ഉള്ളത്.

1. KMBR 2007

195 ക്ലസ്റ്റർ പഞ്ചായത്തുകൾ വിഭജിച്ചു 195 AE/Overseer പോസ്റ്റുകൾ കൊണ്ടുവന്നത് അല്ലാതെ 2008 ലെ സ്റ്റാഫ് പാറ്റേർണിൽ നിന്നും ജോലി ഭാരത്തിനു അനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ഒരു പഞ്ചായത്തിലെ സെക്ഷൻ ഓഫിസിൽ 1 Assistant Engineer, 2 Overseers എന്നിവരുടെ ചുമതലയാണ് മുകളിൽ കാണിച്ചവ എല്ലാം തന്നെ. ഇതിനു പുറമെ നിരവധി സാങ്കേതികേതര ചുമതലകളും ഈ ജീവനക്കാരെ ഏല്പിക്കുന്നതായി കാണാനാകും. സിവിൽ എൻജിനീയറിങ് യോഗ്യത യുള്ള എൻജിനീയർമാർ മെക്കാനിക്കൽ/ഓട്ടോമൊബൈൽ/ ഇലക്ട്രിക്കൽ ചുമതലകൾ നിർവ്വഹിക്കേണ്ടി വരുന്ന അപൂർവ്വ കാഴ്ചകൾ LSGD എൻജിനീയറിങ് വിങ്ങിൽ മാത്രം കാണാവുന്ന ഒന്നാണ്. അതിനു പുറമെ സ്ട്രീറ്റ് ലൈറ്റിന്റെ എണ്ണം എടുക്കൽ പൊതു ടാപ്പുകളുടെ എണ്ണം എടുക്കൽ വഴിയരികിൽ പൊട്ടി കിടക്കുന്ന കേബിളുകളുടെയും ഇലെക്ട്രിക്കൽ ലൈനിന്റെയും പരിശോധന തുടങ്ങി നഗര സഭകളിൽ വാഹനത്തിന്റെ ടയർ മാറ്റുന്നത് വരെ സിവിൽ overseer റിപ്പോർട്ട് നൽകണം എന്ന തരത്തിലേക്ക് കാര്യങ്ങൾ കൊണ്ടുപോകുന്നുണ്ട്. ഇത്രയധികം ജോലി ഭാരം ഉണ്ടായിട്ടും അതിനു പുറമെ

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

തദ്ദേശ സ്ഥാപനങ്ങളിൽ മറ്റു പല സാങ്കേതികേതര ചുമതലകളും എൻജിനീയറിങ് ജീവനക്കാർക്ക് നൽകാറുണ്ട്. വാർഡ് സഭ, അതിദരിദ്ര സർവ്വേ, കേരളോത്സവം വരെ അതിൽ പെടുന്നു.

സോഫ്റ്റ്വെയറുകളുടെ സഹായത്തോടെ ജോലിഭാരം കുറക്കാൻ ശ്രമിക്കുമ്പോൾ ഒരേ കാര്യത്തിന് ഒന്നിലധികം സോഫ്റ്റ്വെയറുകൾ കൈകാര്യം ചെയ്യുകയും എന്നാൽ അവ പരസ്പരം ബന്ധിപ്പിക്കാത്തതിനാൽ ജോലിഭാരം ഇരട്ടിക്കുകയും ചെയ്യുന്ന അവസ്ഥകൂടി ഉണ്ട്. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ ഹാർഡ് കോപ്പി ആയും സങ്കേതം വഴിയും തുടർന്ന് ILGMS സോഫ്റ്റ്വെയർ വഴിയും മൂന്ന് തട്ടിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ട അവസ്ഥ ഉണ്ട്. പദ്ധതി നിർവഹണത്തിൽ പ്രൈസ്-3 സോഫ്റ്റ്വെയർ, ഇ ടെൻഡർ സോഫ്റ്റ്വെയറും തമ്മിൽ ബന്ധിപ്പിക്കാത്തതിനാൽ സോഫ്റ്റ് വെയറുകൾ ജോലിഭാരം വർധിപ്പിക്കുന്ന ഒന്നായി മാറുകയാണ്.

ബ്ലോക്ക് പഞ്ചായത്തുകൾ-സബ് ഡിവിഷനുകൾ ഓഫീസുകളിൽ drawing branch ൻറെ ചുമതല ഉള്ള ജീവനക്കാരെ പദ്ധതി നിർവഹണത്തിൽ നിന്നും ഒഴിവാക്കണമെന്ന് പദ്ധതി മാർഗ രേഖയിൽ പറയുമ്പോഴും ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതികൾക്ക് പുറമെ MLA/MP/Flood/Draught തുടങ്ങി ഒട്ടനവധി പ്രവർത്തികൾ സബ് ഡിവിഷൻ ഓഫീസ് വഴി നിർവ്വഹണം നടത്തുമ്പോൾ അതിന്റെ നടത്തിപ്പിനായി 1 Assistant Engineer മാത്രമാണ് സബ് ഡിവിഷനിൽ ഉള്ളത്.ഏറ്റവും കുറഞ്ഞത് 4 ഓവർസീയർമാർ (5 മുതൽ 9 വരെ ഗ്രാമ പഞ്ചായത്ത് വരെ ഉണ്ടാകും ഒരു ബ്ലോക്ക് പഞ്ചായത്തിൽ) ഈ പദ്ധതി നിർവഹണത്തിന് ആവശ്യമാണെന്ന് വരികെ ഒരു തസ്തിക പോലും ഇതിനായി അനുവദിച്ചിട്ടില്ല.

എന്ന് മാത്രമല്ല drawing branch ചുമതല ഉള്ള ഓവർസീയർമാർക്ക് ഈ നിർവഹണ ചുമതല കൂടി നൽകുകയാണ് ചെയ്തിട്ടുള്ളത്

ചില നിർദ്ദേശങ്ങൾ

1) LSGD എഞ്ചിനീയറിംഗ് ജീവനക്കാരെ സാങ്കേതികേതര ചുമതലകളിൽ നിന്നും, മെക്കാനിക്കൽ / ഓട്ടോമൊബൈൽ / ഇലക്ട്രിക്കൽ തുടങ്ങി മറ്റു സാങ്കേതിക ചുമതലകളിൽ നിന്നും ഒഴിവാക്കുക.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

2) വകുപ്പ് ഏകീകരണം നടത്തിയെങ്കിലും ടൌൺ പ്ലാനിംഗ് വിഭാഗത്തിന്റെ സേവനം തദ്ദേശ സ്ഥാപന തലത്തിൽ ലഭിക്കുന്നില്ല. അതിനാൽ നഗരസഭകളിലേതു പോലെ 300 sqm ലോ റിസ്ക് കാറ്റഗറി കെട്ടിടങ്ങൾക്ക് സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് ബാധകമാക്കുക. മറ്റു പെർമിറ്റുകൾ IBPMS പോലുള്ള പൂർണമായും AI ശേഷിയുള്ള സോഫ്റ്റ്വെയറുകളിലൂടെ മാത്രം നടപ്പിലാക്കുക. സെല്ഫ് സർട്ടിഫൈഡ് പെർമിറ്റുകളുടെ പ്ലിന്ത് ലെവൽ ഇൻസ്പെക്ഷൻ കംപ്ലീഷൻ മറ്റു പെർമിറ്റുകളുടെ സൈറ്റ് പരിശോധന എന്നിവക്ക് മാത്രമായി ഒരു ടൌൺ പ്ലാനിങ് ഓവർസിയറെ ഓരോ പഞ്ചായത്തിലും കൂടാതെ സൂപ്രവൈസറി ഉദ്യോഗസ്ഥനായി ഒരു Assistant Town Planner-യെ ബ്ലോക്ക് തലത്തിലും നിയമിക്കുകയും നഗരസഭക്ക് അവരുടെ പരിശോധനക്ക് അനുസരിച്ചുള്ള ടൌൺ പ്ലാനിങ് ജീവനക്കാരെ നൽകുക. മറ്റു പല എഞ്ചിനീയറിംഗ് വകുപ്പുകളിലും അധികമുള്ള സമാന യോഗ്യത ഉള്ള ജീവനക്കാരെ ഡിപ്ലോയ് ചെയ്ത ടൌൺ പ്ലാനിങ് വിഭാഗം വിപുലീകരിക്കുക. എഞ്ചിനീയറിംഗ് വിഭാഗത്തിനെ പൂർണമായും എഞ്ചിനീയറിംഗ് ചുമതലകൾക്കു തന്നെ വിനിയോഗിക്കുക. അതിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനവും മരാമത്ത് പണികൾക്ക് കൃത്യമായ സൂപ്പർ വിഷനിലൂടെ ഗുണമേന്മയും ഈടും നിലനിർത്തി സർക്കാരിന് പണം നഷ്ടമാകാത്ത സാഹചര്യം ഉണ്ടാകും.

3) ഒരു ഗ്രാമ പഞ്ചായത്ത് സെക്ഷൻ ഓഫീസിന് ഒരു അസിസ്റ്റൻറ് എഞ്ചിനീയർ ഒന്ന്, രണ്ട്, മൂന്ന് ഗ്രേഡുകളിലായി മൂന്ന് ഓവർസീയർമാർ ഒരു ക്ലാർക്ക് എന്ന തരത്തിൽ സ്റ്റാഫ് പാറ്റേൺ കൊണ്ടുവരിക. ബ്ലോക്ക് തലത്തിൽ അധിക ഓവർസീയർ തസ്തികകൾ സൃഷ്ടിച്ചു സബ്ഡിവിഷൻ തലത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം പൂർണമായും അവരിലൂടെ നടത്തുക.

4) PWD കോഡ് തുടങ്ങിയ വകുപ്പ് തല യോഗ്യതയുള്ള ക്ലറിക്കൽ ജീവനക്കാരുടെ സേവനം എല്ലാ സെക്ഷൻ ഓഫീസുകളിലും ലഭ്യമാക്കുക.

5) പ്രകൃതി ക്ഷോഭം മൂലം വീടുകൾക്കുണ്ടാകുന്ന നാശനഷ്ടം ശതമാനക്കണക്കിൽ കണ്ടെത്തുന്നതിന് സ.ഉ.(കൈ) നം. 5 / 2021 /DMD ഉത്തരവ് പ്രകാരം അഞ്ച് കാറ്റഗറികളിലായി നാശനഷ്ടം കണക്കാക്കുന്നതിനുള്ള തലങ്ങൾ സർക്കാർ തന്നെ നിശ്ചയിച്ച് തന്നിട്ടുള്ളതാണ്. ആയത് സൈറ്റിൽ പരിശോധിക്കുന്നതിന് എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമില്ലാത്തതാണ്.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

ആയതിനാൽത്തന്നെ പ്രാഥമിക പരിശോധന നടത്തുന്ന റവന്യൂ വകുപ്പിന് തന്നെ ടി സർക്കാർ ഉത്തരവ് പ്രകാരമുള്ള നാശനഷ്ടത്തിന്റെ തോതും മനസിലാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിനെയും എഞ്ചിനീയറിംഗ് വിഭാഗത്തിനെയും ഈ ചുമതലയിൽനിന്നും ഒഴിവാക്കേണ്ടതാണ്.

6) ജോലിഭാരം കൊണ്ട് വീർപ്പ് മുട്ടുന്ന താഴെത്തട്ടിലെ ജീവനക്കാർക്ക് അർഹമായ സേവന വേതന വ്യവസ്ഥകൾ കൂടി ഉറപ്പാക്കിയാൽ ജീവനക്കാരുടെ ആത്മവിശ്വാസവും പ്രവർത്തന ക്ഷമതയും വർദ്ധിക്കും. വകുപ്പിലെ ഒന്ന്, രണ്ട്, മൂന്ന് ഗ്രേഡ് ഓവർസീയർമാർക്ക് ഏഴാം ശമ്പള പരിഷ്കരണ കമ്മീഷൻ അനുവദിച്ച് നൽകിയ വേതന വ്യവസ്ഥിതികളിൽ നിന്നും ആനുപാതിക വർദ്ധനവ് തുടർന്ന് വന്ന ശമ്പളകംമീഷനുകളിൽ ലഭിച്ചിട്ടില്ലാത്തതും സമാന യോഗ്യതയുള്ള തസ്തികകളെക്കാൾ വളരെ കുറഞ്ഞ സ്കെയിൽ മാത്രം അനുവദിച്ച് നൽകിയിട്ടുള്ളത് പുനഃ പരിശോധിക്കേണ്ടതും ഏഴാം ശമ്പള പരിഷ്കരണ കമ്മീഷന് ആനുപാതികമായതും സമാന യോഗ്യതയുള്ള മറ്റ് തസ്തികയ്ക്ക് നൽകുന്നതുമായ ശമ്പള സ്കെയിൽ ഒന്ന്, രണ്ട്, മൂന്ന് ഗ്രേഡ് ഓവർസീയർമാർക്കും അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും അനുവദിച്ചുനൽകേണ്ടതാണ്. കൂടാതെ

(i)കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിലെ പ്രൊമോഷൻ റേഷ്യോ 7:3 ആണ്. 7 പേരെ പ്രൊമോട്ട് ചെയ്യുമ്പോൾ 3 പേരെ നേരിട്ട് നിയമിക്കുന്നു. കൂടാതെ നേരിട്ടുള്ള നിയമനത്തിൽ 10% സബോർഡിനേറ്റ് സർവ്വീസിലെ ഡിപ്ലോമ യോഗ്യതയുള്ളവർക്ക് ഡിപ്പാർട്ട്മെൻ്റ് കാട്ടയായും അനുവദിക്കുന്നു. എന്നാൽ LSGD സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ഒന്നാം ഗ്രേഡ് ഓവർസീയറുടെ പ്രൊമോഷൻ റേഷ്യോ 1:1 ആണ്. കൂടാതെ ഡിപ്പാർട്ട്മെൻറ് കാട്ടയും അനുവദിക്കുന്നില്ല. കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വിസ് റൂൾസ് പ്രകാരം ലഭ്യമാകുന്ന ഈ ആനുകൂല്യങ്ങൾ LSGD സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലും ലഭ്യമാക്കുക.

(ii) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശകൾ ആയ

o രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തിക പൂർണമായും മൂന്നാം ഗ്രേഡ് ഓവർസീയറുടെ പ്രൊമോഷൻ തസ്തികയാക്കുക.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

o തസ്തികാ പുനർനാമകരണം

a) ഒന്നാം ഗ്രേഡ് ഓവർസീയർ - സബ് എഞ്ചിനീയർ

b) രണ്ടാം ഗ്രേഡ് ഓവർസീയർ - ഒന്നാം ഗ്രേഡ് ഓവർസിയർ

c) മൂന്നാം ഗ്രേഡ് ഓവർസീയർ - രണ്ടാം ഗ്രേഡ് ഓവർസീയർ.

എന്നിവയും വകുപ്പിൽ നടപ്പിലാക്കുക

III)മാനുവലിൽ ആവശ്യമായ ഭേദഗതികൾ, പ്രൈസ് സോഫ്ടെയറിലെ ആവശ്യമായ മാറ്റങ്ങൾ

(i) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിന് പൊതുമരാമത്ത് മാനുവൽ ബാധകമാണെങ്കിലും ഈ വകുപ്പിലെ ജീവനക്കാരുടെ അധികാര പരിധിയും ചുമതലകളും ഉത്തരവാദിത്തങ്ങളും പൊതുമരാമത്ത് മാനുവലിനേക്കാൾ വളരെ കൂടുതലാണ്. സൂചന 3 ഉത്തരവ് പ്രകാരം ഒരു അസിസ്റ്റൻറ് എഞ്ചിനീയറുടെ വാല്യൂവേഷൻ പവർ അൻപതിനായിരം രൂപയാണ്. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ പ്രകാരം LSGD വകുപ്പിലെ ഒരു മൂന്നാം ഗ്രേഡ് ഓവർസീയർക്ക് രണ്ട് ലക്ഷം രൂപ വരെ വാല്യൂവേഷൻ നൽകാനാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നത് പരിശോധിക്കപ്പെടേണ്ടത് തന്നെയാണ്. പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് തുകയുടെ പരിധിയില്ലാതെ വാല്യൂവേഷൻ കൊടുക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നതും വിരോധാഭാസമാണ്. ആയതിനാൽ മാനുവൽ കസ്റ്റമൈസ് ചെയ്യുകയല്ല വേണ്ടത് പകരം മാനുവൽ പ്രകാരമുള്ള ചുമതലകൾ നൽകി പ്രവൃത്തികളിൽ ഗുണമേന്മയും ഈടും ഉറപ്പ് വരുത്തുകയാണ് വേണ്ടത്. മരാമത്ത് പദ്ധതികളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ പൂർണമായ സൂപ്പർവിഷൻ ആവശ്യമാണ്. എന്നാൽ ജോലിഭാരം മൂലം അത് സാധ്യമാകുന്നില്ല. ടൗൺ പ്ലാനിംഗ് ചുമതലകൾ ടൗൺ പ്ലാനിംഗ് വിംഗിനെ ഏൽപ്പിച്ചും, സാങ്കേതികേതര ചുമതലകളിൽ നിന്നും സാങ്കേതിക ജീവനക്കാരെ ഒഴിവാക്കിയും, മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് പ്രവൃത്തികളുടെ Quality /Durability എന്നിവയിൽ കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകിയും എഞ്ചിനീയറിംഗ് ജീവനക്കാരെ മാനുവലിന് വിധേയമായി പൂർണമായും എഞ്ചിനീയറിംഗ് ചുമതലകൾക്ക് മാത്രം നിയോഗിക്കുമ്പോൾ മികച്ച സേവനം സാധ്യമാകും.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

(ii)തദ്ദേശ സ്ഥാപനത്തിൻറെ വാർഷിക പദ്ധതി കമ്മറ്റി അംഗീകരിച്ച് വന്നാൽ സുലേഖ സോഫ്ടെയറിൽ പ്രോജക്ട് തയ്യാറാക്കുകയും പ്രൈസ് സോഫ്ടെയറിൽ എസ്റ്റിമേറ്റ്, അളവുകൾ, ബില്ല് എന്നിവ തയ്യാറാക്കുകയും അതിനിടയിൽ ഇ-ടെണ്ടർ സോഫ്ടെയറിൽ ടെണ്ടർ നടപടികൾ നടത്തുകയും ഒടുവിൽ സാംഖ്യ സോഫ്ടെയർ വഴി പേയ്മെൻറ് നൽകുകയും ചെയ്യുന്നു. അമ്പതിനായിരം രൂപയുടെ പദ്ധതിയ്ക്കും ഒരു കോടി രൂപയുടെ പദ്ധതിയ്ക്കും ഒരേ നടപടിക്രമമാണ് ഉള്ളത്. ശരാശരി ഒരു തദ്ദേശ സ്ഥാപനത്തിൽ ഒരു വർഷം നൂറിലധികം പദ്ധതികളാണ് ഇത്തരത്തിൽ നടപ്പിലാക്കുന്നത്. സുലേഖയിൽ തുടങ്ങി സാംഖ്യയിൽ അവസാനിക്കുന്ന ഈ ശ്രേണിയിലെ സോഫ്ടെയറുകൾ തമ്മിൽ ബന്ധിപ്പിക്കാൻ കഴിഞ്ഞാൽത്തന്നെ ജോലിഭാരവും പ്രവർത്തന സമയവും ഗണ്യമായി കുറയ്ക്കാൻ സാധിക്കും. പ്രൈസ് 3 ലെ ഡോക്കുമെൻറ് അപ്ലോഡിങ് പോലുള്ളവ ഒഴിവാക്കി സുലേഖ സാംഖ്യ ഇ-ടെണ്ടർ സോഫ്ടെയറുകൾ പ്രൈസുമായി ബന്ധിപ്പിക്കുക.

IV). വകുപ്പിലെ ഭരണ/സാങ്കേതിക നിയന്ത്രണങ്ങൾ- തദ്ദേശ സ്ഥാപന സെക്രട്ടറിയും എഞ്ചിനീയറിംഗ് വിഭാഗവുമായുള്ള ഏകോപനം -തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുമായുള്ള ബന്ധം

ഒരു എഞ്ചിനീയറിംഗ് വകുപ്പിന്റെ നിലനിൽപ് പ്രവർത്തന ക്ഷമത തുടങ്ങിയവ ഒന്നോ രണ്ടോ തട്ടിലെ ജീവനക്കാരിൽ മാത്രമായി ലഭിക്കുന്നതല്ല. ഓവർസീയർ മുതൽ ചീഫ് എൻജിനീയർ വരെയുള്ള ശ്രേണി നിലനിൽക്കുമ്പോൾ മാത്രമാണ് എഞ്ചിനീറിംഗ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളും പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പും സാധ്യമാവുകയുള്ളൂ. തദ്ദേശ സ്ഥാപന തലത്തിൽ ഓവസീയാർ/ എ ഇ എന്നിവർക്ക് മാത്രമായി ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ആവില്ല. PWD മനുവലും ഫിനാൻസ് വകുപ്പിന്റെ ഡെലിഗേഷന് ഓഫ് പവർ ഉത്തരവും പദ്ധതി മാർഗ രേഖയും ഒക്കെ പരിശോധിച്ചാൽ അത് മനസിലാക്കാവുന്നതാണ്. 50000 രൂപയുടെ ചെറു പദ്ധതികൾ മാത്രമല്ല കോടികൾ ചിലവഴിച്ചു നിർമ്മിക്കുന്ന കെട്ടിട സമുച്ചയങ്ങളും റോഡുകളും എല്ലാം LSGD എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കി വരുന്നുണ്ട്. അവയൊക്കെ നടപ്പിലാക്കുന്നതിന് ഓവർസീയർ മുതൽ ചീഫ് എൻജിനീയർ വരെയുള്ള സാങ്കേതിക വും ഭരണപരവുമായുള്ള ഹയരാർക്കി നില നിർത്തേണ്ടത് ആവശ്യമാണ്.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി തുകയുടെ 70 % ഉം ചിലവഴിക്കുന്നത് എഞ്ചിനീയറിംഗ് വിങ്ങിലൂടെയാണ്. ബാക്കിയുള്ള 30 % ത്തിലും മുഖ്യ പങ്കു വഹിക്കുന്നത് എഞ്ചിനീയറിംഗ് വിഭാഗ നൽകുന്ന എസ്റ്റിമേറ്റ്/വാല്യൂവേഷൻ എന്നിവയിലൂടെയാണ്. ഇത് കൂടാതെ തദ്ദേശ സ്ഥാപന പദ്ധതികൾക്ക് പുറമെ KIFFB, RKI, CMLRRP, MP, MLA ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രവർത്തികളും നടപ്പിലാക്കുന്നത് എഞ്ചിനീയറിംഗ് വിഭാഗമാണ്. ഇവയൊന്നും താഴെ തട്ടിലുള്ള ഓവസീയർ/ എ ഇ തലത്തിൽ മാത്രം നടപ്പിലാക്കാൻ സാധിക്കുന്നവയല്ല. അതിനു ഭരണപരവും സാങ്കേതികപരവുമായ ഹയറാർക്കി നിലനിർത്തിയാൽ മാത്രമേ കാര്യശേഷിയുള്ള ഒരു എഞ്ചിനീയറിംഗ് സംവിധാനത്തിലൂടെ സർക്കാരിന്റെ ഈ പ്രവർത്തികൾ നടപ്പിലാകൂ.

തദ്ദേശ സ്ഥാപനങ്ങളിൽ ഇവ കൂടാതെ നിരവധി പ്രവർത്തങ്ങളും സേവനങ്ങളും പൊതുജനങ്ങൾക്കായി നൽകി വരുന്നുണ്ട്. അവയെല്ലാം തന്നെ തദ്ദേശ സ്ഥാപന സെക്രട്ടറി യുടെ മേൽനോട്ടത്തിൽ നടക്കുകയും മരാമത്ത് പദ്ധതി നിർവഹണം എഞ്ചിനീയറിംഗ് വിംഗിൻറെ മേൽനോട്ടത്തിലുമാണ് നടന്നു വരുന്നത്. ഇവയെല്ലാം തന്നെ ജനാധിപത്യ സംവിധാനങ്ങളിൽ തദ്ദേശ സ്ഥാപന ഭരണ സമിതിയുടെ നിയന്ത്രണത്തിൽ തന്നെയാണ് നടന്നു വരുന്നത്.

സൂചന 5 ഉത്തരവ് പരോശോധിക്കുമ്പോളും എഞ്ചിനീയറിംഗ് വിഭാഗം എഞ്ചിനീയറിംഗ് ഹയരാർക്കി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് സർക്കാരിന് ബോധ്യപ്പെട്ടത് കാണാനാകും. എല്ലാ എഞ്ചിനീയറിംഗ് വകുപ്പുകൾ പരിശോധിച്ചാലും ഭരണ പരവും സാങ്കേതിക പരവും ആയ എഞ്ചിനീയറിംഗ് ഹയറാർക്കിയിലൂടെ ആണ് ആ വകുപ്പുകൾ എല്ലാം കടന്നു പോകുന്നത് എന്ന് മനസിലാക്കാം. അതുകൊണ്ടു തന്നെയാണ് പൊതുമരാമത്തു മാനുവൽ അടക്കം സാങ്കേതിക നിയന്ത്രണങ്ങൾകൊപ്പം ഭരണ നിയന്ത്രണവും എഞ്ചിനീയറിംഗ് ഹയറാർക്കി നിലനിർത്തിയിരിക്കുന്നത് എന്ന് മനസിലാകും. പ്രിൻസിപ്പൽ ഡയറക്ടറിന് കീഴിൽ ജനറൽ വിംഗും എഞ്ചിനീയറിംഗ് വിംഗും പ്രവർത്തിക്കുന്നത്പോലെ തദ്ദേശ സ്ഥാപനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്കു കീഴിൽ സെക്രട്ടറിയിലൂടെ ജനറൽ വിംഗും എക്സ്-ഒഫിഷ്യോ സെക്രട്ടറിയായ എഞ്ചിനീയറിലൂടെ എഞ്ചിനീയറിംഗ് വിംഗും പ്രവർത്തിക്കാവുന്നതാണ്. അതിലൂടെ ഒരു മികച്ച എഞ്ചിനീയറിംഗ് വിംഗും ഉണ്ടാകുകയും വർഷാവർഷം 6000 കോടിയിലധികം രൂപയുടെ പദ്ധതികൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാനും സാധിക്കും.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

V). Nature of control, technical and administrative that need to be exercised within the framework of the Principal Directorate.

2020 ജൂലൈ 17 ലെ വകുപ്പ് ഏകീകരണ ഉത്തരവ് 106/2020/LSGD -ൽ എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലും ടൗൺ പ്ലാനിംഗ് വിഭാഗം ചീഫ് ടൗൺ പ്ലാനറുടെ നിയന്ത്രണത്തിലും തുടരുമെന്ന് പറയുന്നു. സ്പെഷ്യലൈസ്ഡ് കാറ്റഗറിയുടെ നിയമനം/ സ്ഥലം മാറ്റം എന്നിവ അതാത് വിംഗ് മേധാവിയായിരിക്കുമെന്ന് പറയുന്നുണ്ട്. 2021 ഫെബ്രുവരി 15ന് കരട് വിശേഷാൽ ചട്ടങ്ങളിൻമേൽ സംഘടനകളുമായി നടത്തിയ ചർച്ചയിൽ കരട് സ്റ്റേറ്റ്/സബോർഡിനേറ്റ് വിശേഷാൽ ചട്ടങ്ങളിൽ മാറ്റം വരുത്തി എഞ്ചിനീയറിംഗ് വിഭാഗത്തിൻ്റെ നിയമന/ നിയന്ത്രണാധികാരം ചീഫ് എഞ്ചിനീയർക്ക് നൽകിയതായി കാണാനാകും. 22-02-2022 ന് നിയമസഭാ ചോദ്യത്തിന് മറുപടിയായി നിയമസഭയിൽ വച്ച കരട് വിശേഷാൽ ചട്ടങ്ങൾ പരിശോധിച്ചാൽ ആയത് കാണാനാകും.

ചീഫ് എഞ്ചിനീയറുടെ ഭരണപരമായ അധികാരങ്ങൾ ഇല്ലാതെ എഞ്ചിനീയറിംഗ് ഹയറാർക്കി നഷ്ടപ്പെടുമ്പോൾ അസിസ്റ്റൻ്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരൊക്കെ അതാത് തദ്ദേശ സ്ഥാപനത്തിൻ്റെ മാത്രം ജീവനക്കാരാകുകയും താഴേത്തട്ടിലെ സാങ്കേതിക ജീവനക്കാരുടെ മേലുള്ള നിയന്ത്രണം ഇല്ലാതാകുകയും ഓരോ തദ്ദേശ സ്ഥാപനതലത്തിലും എഞ്ചിനീയറിംഗ് വിഭാഗം വെട്ടിമുറിക്കപ്പെട്ട് അവ ഓരോ എഞ്ചിനീയറിംഗ് തുരുത്തുകളായി മാറും. കിഫ്ബി, RKI, CMLRRP, MP, MLA അടക്കമുള്ള അനവധി വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് താഴേത്തട്ടിലെ AE/ഓവർസീയർ തലത്തിൽ മാത്രമായി നിർവ്വഹിക്കാൻ സാധിക്കില്ല. അതിന് AEE/EE/SE തലത്തിലുള്ള മേൽനോട്ടവും നിയന്ത്രണവും ആവശ്യമാണ്. ഭരണപരമായ നിയന്ത്രണം ഇല്ലാതാകുമ്പോൾ കേരളത്തിലെ ഏറ്റവും വലിയ എഞ്ചിനീയറിംഗ് വിഭാഗത്തിൻ്റെ കാര്യശേഷി നഷ്ടപ്പെട്ട് സർക്കാരിൻ്റെ പദ്ധതി പ്രവർത്തനങ്ങൾ പോലും പാടെ താളം തെറ്റും. പൊതുജനങ്ങൾക്ക് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെയും ഇത് ഇത്തരത്തിൽ പ്രതികൂലമായി ബാധിക്കും. കേരളത്തിലെ മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകൾ പരിശോധിച്ചാലും പൊതുമരാമത്ത് മാന്വൽ പരിശോധിച്ചാലും എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ നിയമന/നിയന്ത്രണ/ശിക്ഷണാധികാരം ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

27 -10 -2022 ന് പ്രസിദ്ധീകരിച്ച LSGD സ്റ്റേറ്റ്/ സബോർഡിനേറ്റ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ വകുപ്പ് അധ്യക്ഷനായും അതിന് താഴെ വകുപ്പിനെ 4 വിംഗുകളായി തിരിച്ചുമാണ് ഭരണം നടത്തുന്നത്. എല്ലാ വിംഗുകളുടെയും അഡ്മിനിസ്ട്രേഷൻ ചുമതല ജനറൽ വിംഗിലെ ഒരു അഡീഷണൽ ഡയറക്ടർ നിർവഹിക്കുന്നതുമൂലം ഇപ്പോൾ ഭരണ പ്രതിസന്ധി വകുപ്പിലുണ്ട് എന്നത് യാഥാർഥ്യമാണ്. 30000 ൽ അധികം ജീവനക്കാരുടെ ഭരണ നിയന്ത്രണം ഒരാളിലേക്ക് കേന്ദ്രീകരിക്കുന്നതുമൂലം നൂറുകണക്കിന് ഫയലുകളാണ് ഓരോ സീറ്റിലും തീർപ്പാകാതെ കെട്ടിക്കിടക്കുന്നത്. ആയത് ജീവനക്കാരുടെ സർവീസ് വിഷയങ്ങളിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. മേൽ വിഷയങ്ങൾ എല്ലാം പരിഗണിച്ച് പ്രിൻസിപ്പൽ ഡയറക്ടർ വകുപ്പ് അധ്യക്ഷനായും അതിന് താഴെ LIDE വിംഗിൻറെ അഡ്മിനിസ്ട്രേഷൻ ചുമതല ചീഫ് എഞ്ചിനീയർക്കും നൽകി വകുപ്പ് ഏകീകരണ ഉത്തരവ് 106/2020/LSGD- പ്രകാരം വകുപ്പിൻറെ ഭരണം നടത്താവുന്നതാണ്.

VI). Quality management - the challenge in the existing system, the changes that can be brought about including the CCPs (Certified Construction Professionals) and new technology and processes, suggestions on technical quality auditing.

നിലവിൽ ഉള്ള സ്ഥിതി:- ക്വാളിറ്റി നിലനിർത്തുന്നതിനായി നമ്മുടെ ഉദ്യോഗസ്ഥർക്കിടയിൽ ആദ്യം വേണ്ടത് സാങ്കേതിക അറിവാണ്. വർക്ക് സൈറ്റിൽ ഒരു കോൺക്രീറ്റ് മിക്സ് ഉണ്ടാക്കിയാൽ അതിന്റെ വാട്ടർ സിമൻറ് റേഷ്യോ, വെള്ളത്തിൻറെയും സിമൻറിൻറെയും ഗുണമേന്മ എന്നിങ്ങനെയുള്ളവ പെട്ടെന്ന് തിരിച്ചറിയുന്നതിനുള്ള ട്രെനിങ്ങുകൾ കാലാനുസൃതമായി കിട്ടുന്നില്ല. മാറി മാറി വരുന്ന നിർമാണ രീതികൾ സ്പെഷ്ഫിക്കേഷൻ അനുസരിച്ചു നടപ്പിലാക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. കരാറുകരുടെ സാങ്കേതിക അറിവില്ലായ്മകൾ തൊഴിലാളികളുടെ ക്രമക്കേടുകൾ എല്ലാം വെല്ലുവിളികൾ ആണ്. ഒരു പഞ്ചായത്തിലെ കെട്ടിട നിർമാണ അപേക്ഷകൾ /വാല്യൂവേഷൻ /പരാതികൾ /ഗ്രാമ സഭകൾ തുടങ്ങി എണ്ണിയാൽ ഒടുങ്ങാത്ത ഉത്തരവാദിത്തങ്ങൾ സമയബന്ധിതമായി തീർക്കണം എന്നിരിക്കെ എല്ലാ മരാമത്ത് പ്രവർത്തികൾക്കും മുഴുവൻ സമയവും മേൽനോട്ടം വഹിക്കുക എന്നുള്ളത് ഒരു അസിസ്റ്റൻറ് എഞ്ചിനീയർ / ഓവർസിയറെ സംബന്ധിച്ച് വെല്ലുവിളിയുയർത്തുന്ന ഒന്നാണ്.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

കാളിറ്റി ചെക്കിങ്ങിനായുള്ള നിർബന്ധിത ടെസ്റ്റിംഗ് എവിടെയും നടക്കുന്നില്ല. ബ്ലോക്ക് തലത്തിൽ ഒരു ലാബുകൾ പോലും നിലവിൽ ഇല്ല. പ്രവർത്തികൾ നടക്കുന്ന സമയത്തോ അത് കഴിഞ്ഞോ ബില്ലുകൾ പോകുന്നതിനു മുൻപ് കാളിറ്റി ചെക്കിങ് റിസൾട്ടുകൾ ലഭ്യമാകുന്നതിനുള്ള സംവിധാനം ഇല്ല. പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിചുള്ള വർക്കിംഗ് മോഡൽ തയ്യാറാക്കുന്നതിനു ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള നിർദേശങ്ങൾ മുകളിൽ നിന്നും ലഭ്യമല്ല.

നിർദ്ദേശങ്ങൾ :-

ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കാളിറ്റി കൺട്രോൾ വിംഗ് രൂപീകരിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ നോർത്ത് /സെൻട്രൽ /സൗത്ത് സോണുകളായി തിരിക്കുകയും ഓരോ ജില്ലകൾക്കും ഒരു എക്സിക്യുട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള കാളിറ്റി കൺട്രോൾ വിംഗും കൊണ്ടുവരേണ്ടതാണ്. കാളിറ്റി ടെസ്റ്റിംഗിനായുള്ള വിംഗ് സൈറ്റിൽ വരികയും ടെസ്റ്റുകൾ നടത്തി കാളിറ്റി ഉറപ്പുവരുത്തി റിസൾട്ടുകൾ നൽകുന്ന രീതി വേണം. ഇത് വർക്ക് ബില്ലിനോടൊപ്പം സൂക്ഷിക്കുന്നത് ഓഡിറ്റിംഗ്/ വിജിലൻസ് പരിശോധനക്കെല്ലാം ഉപകാരപ്രദമാണ്.

ഉദ്യോഗസ്ഥർക്കു onsite ടെസ്റ്റിംഗ് പോലെ വർക്ക്/മെറ്റീരിയൽ കാളിറ്റി മനസിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകണം.

ഓരോ ബ്ലോക്ക്കളിലും ഒരു ലാബ് തുറക്കണം. ഉദ്യോഗസ്ഥർക്ക് ആവശ്യനുസരണം ടെസ്റ്റുകൾ ചെയ്യുന്നതിന് ഉള്ള സൗകര്യം വേണം.

പുതിയ സാങ്കേതിക വിദ്യകൾ/രീതികൾ ഉള്ള നിർമ്മാണങ്ങൾ കൊണ്ടുവരുന്നതിനു തദ്ദേശ തലങ്ങളിൽ നിർദേശങ്ങൾ നൽകണം. പുത്തൻ പദ്ധതികൾ വരണം. അതുവഴി നല്ല മാതൃകകൾ ഉണ്ടാക്കാൻ കഴിയണം.

കോസ്റ്റ് എഫക്റ്റീവ് ആയുള്ള നിർമാണ രീതികളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ നമ്മുടെ സ്പെസിഫിക്കേഷനുകൾ മാറണം. ഡാറ്റാ അനാലിസിസുകൾ ഉണ്ടാക്കുന്നതിലും നമ്മൾ കൂടുതൽ മെച്ചപ്പെട്ട രീതികൾ നടപ്പിലാക്കണം.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

വർക്ക് സൈറ്റിൽ മുഴുവൻ സമയം വർക്ക് മോണിറ്ററിങ് നടത്തുന്നതിനായി ആവശ്യമായ സമയം ഉദ്യോഗസ്ഥർക്ക് നൽകണം. വർക്ക് സൈറ്റിൽ ഉള്ള സമയങ്ങളിൽ ഓഫീസ് ഡ്യൂട്ടി ഒഴിവാക്കി കൊടുക്കുന്നതിനുള്ള സംവിധാനം വരണം.

കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കായി ടൗൺ പ്ലാനിങ് ഉദ്യോഗസ്ഥർ വന്നാൽ തന്നെ മരമത്തു പണികളുടെ ഗുണനിലവാര ഉറപ്പാക്കാൻ കഴിയും

VII). The significant role in waste management needs to be highlighted. As the same generally being considered as public health wing's responsibility, the system and infrastructure of the Department have to be mobilized as much to be desired.

നമുക്കറിയാം മാലിന്യ സംസ്കരണം നാട്ടിലെ ഏറ്റവും വലിയ വെല്ലുവിളിയായി നിലനിൽക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. കൊച്ചിയിലെ ബ്രഹ്മപുരം നമ്മുടെ മുന്നിലെ ഉദാഹരണം ആണ്. അനവധി വിഷയങ്ങൾ വേറെയും ഉണ്ട്.

നിലവിലെ അവസ്ഥ:-

തദ്ദേശ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ 20 വർഷം കൊണ്ടാടുന്ന സമയത്ത് ബഹുമാനപെട്ട അഡീഷണൽ ചീഫ് സെക്രട്ടറി നമ്മളോട് പറഞ്ഞത് വരും കാലത്തു ഏറ്റവും ഊന്നൽ നൽകേണ്ട ഒരു മേഖലയാണ് മാലിന്യ സംസ്കരണം എന്നും അതിൽ ഏറ്റവും വലിയ റോൾ വഹിക്കേണ്ടുന്നത എഞ്ചിനീയറിംഗ് വിംഗ് ആണെന്നുമാണ്. എന്നാൽ നാൾ ഇതുവരെ നമ്മളെ അത്തരത്തിൽ മുന്നോട്ടു നയിക്കുന്ന ഒരു ഇടപെടലുകളും ഉണ്ടായിട്ടില്ല.

നിലവിൽ CFC TIED ഗ്രാന്റ് ഉപയോഗിച്ചാണ് മാലിന്യ സംസ്കാരണ പദ്ധതികൾ രൂപീകരിക്കാൻ നിർദ്ദേശങ്ങൾ ഉള്ളത്. എന്നാൽ ഓരോ തദ്ദേശ സ്ഥാപനവും ഈ ഫണ്ട് ചിലവാക്കുന്നതു എത്രത്തോളം പഠിച്ചിട്ടാണെന്ന് വ്യക്തമല്ല. ടൈഡ് ഗ്രാൻറുകൾ നിലവിൽ - എംസിഫ് നിർമ്മാണം/നവീകരണം, RRF നിർമ്മാണം /നവീകരണം, മിനി എംസിഫ്-കൾ, ഡ്രൈനേജ് നിർമ്മാണം, സോക്പിറ്റുകൾ നിമ്മണം എന്നിവ ഒഴികെ മറ്റു നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാറില്ല എന്ന് തന്നെ കരുതേണ്ടി വരും. ഘര/ ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള പദ്ധകികൾ ഇല്ല. ഇതിനായി പ്രത്യേക കണ്ടെത്തലുകളോ വർക്കിംഗ് മോഡലുകളോ നമുക്ക് ഇല്ല. മാലിന്യ സംസ്കരണത്തിന് പ്രാദേശിക സപ്പോർട്ടും പൊതുജങ്ങളുടെ കൂട്ടായ്മയും പൊതു

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

സ്ഥലത്തിൻറെ ആവശ്യകതയും എല്ലാം വേണ്ടതുണ്ട്. ഇതെല്ലാം സംയോജിച്ചാലേ എഞ്ചിനീയറിംഗ് വിഭാഗത്തിന് പുതിയ മോഡലുകൾ കൊണ്ടുവരാൻ കഴിയൂ. ഓരോ പ്രദേശത്തിനും അതിനനുയോജ്യമായ തലത്തിൽ പദ്ധതികൾ വേണം.

നിർദേശങ്ങൾ

ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു എൻവയോൺമെൻറൽ വിംഗ് കൊണ്ടുവരികയും യോഗ്യതയുള്ള ജീവനക്കാരെ ആ വിംഗിൻറെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്.

ഉറവിട മാലിന്യ സംസ്കരണം മുതൽ തുമ്പൂർമൂഴി / മറ്റ് നൂതന സാങ്കേതിക വിദ്യകളിലൂടെയുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ എല്ലാ തദ്ദേശ സ്ഥാനങ്ങളിലും നിർബന്ധമാക്കുക.

ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തുക, വർക്കിംഗ് മോഡലുകൾ തയ്യാറാക്കുക, ആവശ്യമായ ട്രെയിനിങ്ങുകൾ നടത്തുക ലാൻഡ്ഫില്ലുകൾ പോലെ ഉള്ള മോഡലുകൾ കേരളത്തിൽ എവിടെയും ഇല്ല. അതിനായി പ്രത്യേക സ്ഥലങ്ങൾ കണ്ടെത്തണം.

റീസൈക്ലിംഗ് തത്വത്തിൽ മാലിന്യങ്ങളിൽ നിന്നും പാചകവാതകം, വളം എന്നിവയും മലിന ജലത്തിൽ നിന്നും ശുദ്ധ ജലവും ലഭിക്കുന്ന നൂതന പദ്ധതികൾ ആസൂത്രണം ചെയ്യുക

VIII). The inability to complete electrical works is a major cause of delay. How the delay can be circumvented may be explored.

തദ്ദേശ സ്വയംഭരണ വകുപ്പിൽ തൃശൂർ നഗരസഭയിലെ ഇലക്ട്രിക്കൽ വിഭാഗം ഒഴികെ മറ്റെവിടെയും ഇലക്ട്രിക്കൽ പ്രവർത്തികൾ നടയിലാക്കുന്നതിനു സംവിധാനമില്ലാത്ത സാഹചര്യത്തിലാണ് പഞ്ചായത്തുകളുടെ ഇലക്ട്രിക്കൽ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി ജില്ലാപഞ്ചായത്തിൽ അക്രഡിറ്റഡ് ഇലക്ട്രിക്കൽ എഞ്ചിനീയർമാരുടെ സേവനം ലഭ്യമാക്കിയത്. എന്നാൽ സംസ്ഥാനത്താകെയുള്ള 941 ഗ്രാമ പഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും 14 ജില്ലാ പഞ്ചായത്തുകൾക്കുമായി ഇത്തരത്തിലുള്ള 14 അക്രഡിറ്റഡ് സെക്ഷനുകളാണ് ഉള്ളത്. ആയത് ഏറെ ആര്യാപ്തമാണ് എന്നതിലുപരി പദ്ധതി നിർവ്വഹണത്തിൽ ഇലക്ട്രിക്കൽ പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാനാകാതെ പദ്ധതി പൂർത്തീകരണം അനന്തമായി നീണ്ടുപോകുന്നതിനും കാരണമാകുന്നു. 6000 കോടിയിലധികം രൂപ വർഷാവർഷം പദ്ധതിയിനത്തിൽ ചെലവഴിക്കുന്ന ഈ

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

വകുപ്പിന് ഒരു സുശക്തമായ ഇലക്ട്രിക്കൽ / മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. അത് സാധ്യമാകുന്നത് വരെ ബ്ലോക്ക് തലത്തിലും നഗരസഭകൾക്ക് പ്രത്യേകമായും അക്രഡിറ്റഡ് ഇലക്ട്രിക്കൽ സെക്ഷനുകൾ കൊണ്ട് വന്ന് പദ്ധതികളിലെ ഇലക്ട്രിക്കൽ പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാവുന്നതാണ്.

IX). Water and other natural resource management especially in the wake of Jaljeevan, disaster management plants, localized climate action needs are also specialized areas of technical expertise which the local engineering division has to provide. How best this can be ensured may also be proposed.

ഭാരതത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലെ വീടുകളിലും 2024 ഓടുകൂടി കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച ജൽ ജീവൻ മിഷൻ വഴി കേരളത്തിലെ 7081963 കുടുംബങ്ങളെ ലക്ഷ്യമാക്കിയും നിലവിൽ 09 -10 -2023 ലെ കണക്കുകൾ പ്രകാരം 3619896 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. അതുപോലെ ജലനിധി പദ്ധതി വഴി 227 ഗ്രാമ പഞ്ചായത്തുകളിലായി 5884 പൊതു കുടിവെള്ള പദ്ധതികൾ വഴി 4.52 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധ ജല വിതരണം സാധ്യമാക്കിയിട്ടുണ്ട്. അതിന് പുറമെ 2.28 ലക്ഷം പൊതു ശുചിത്വ സംവിധാനങ്ങൾ നിർമ്മിച്ച് ശുചിത്വ മേഖലയിലും വിപ്ലവം സൃഷ്ടിച്ചിരിക്കുകയാണ്. കേരള റൂറൽ വാട്ടർ സപ്ലൈ & സാനിറ്റേഷൻ ഏജൻസി - KRWSA - എന്ന സർക്കാർ സംവിധാനം വഴിയാണ് ഈ പ്രോജക്ടുകൾ കേരളത്തിലെ ഗ്രാമ മേഖലകളിൽ ജന പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതികളുടെ നടത്തിപ്പ് പ്രദേശത്തെ ഗുണഭോക്തൃ സമിതികൾ വഴിയാണ്. ലോക ബാങ്കിൻറെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതികളുടെ നടത്തിപ്പിനായുള്ള ആകെ ഫണ്ടിൻറെ നല്ലൊരു ഭാഗവും ഉപയോഗിച്ചിട്ടുള്ളത് ഇതിലെ ജീവനക്കാരെ പര്യാപ്തരാക്കുന്നതിനാണ്. നിരവധി സാങ്കേതിക ട്രെയിനിംഗുകൾ നൽകി ഈ പദ്ധതികൾ നടത്തിയെടുക്കുന്നതിനും ഗുണഭോക്തൃ സമിതികൾക്ക് പരിശീലനം നല്കുന്നതിനുമൊക്കെ ഉതകുന്ന രീതിയിൽ പാകപ്പെടുത്തിയെടുത്ത സാങ്കേതിക ജീവനക്കാർ KRWSA എന്ന സ്ഥാപനത്തിലും ജൽ ജീവൻ മിഷനിലും ഉണ്ട്.

L.S.G.D (EW) STATE LEVEL COORDINATION COMMITTEE
(Confederation of Organisations in LSGD Engineering Wing)

Chairman
Er. Sajeesh. R
9447856466

Convenor
Er. Jose. H. Jones
9447698652

Association of Engineers Kerala
Er. Binu Baby
94473 58701
Er. Vinod. S
9847062932

LSGD Graduate Engineers Association
Er. Sunil Kumar. K
9446590175
Er. Shibu L Nalpat
9061919427

LSGD Engineers Association
Er. Sajan. K. T.
9447509516
Er Hazramol. M. U
9447406916

LSGD EW AE's Fedaration
Er. Jeevan. P.
9497592503
Er Saj M
9746259112

FEELA
Sri. Chandran.P
9495372591
Sri. K.B. Prasanth
9961012666

KESA
Sri. P. Suresh Babu
9495249508
Sri. P.A Rajeev
9727762110

കുടിവെള്ള- ശുചിത്വ മേഖലയിൽ വേണ്ടത്ര പരിശീലനങ്ങളോ പരിജ്ഞാനമോ ഇല്ലാതെയും ജോലിഭാരം താങ്ങാനാകാതെ വീർപ്പുമുട്ടുകയും ചെയ്യുന്ന തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തെ പഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ മേൽ പദ്ധതികളുടെ നടത്തിപ്പും മേൽനോട്ടവും ഏൽപ്പിക്കുന്നത് വകുപ്പിന്റെ കാര്യക്ഷമത കുറയ്ക്കുന്നതിനേ ഉപകരിക്കൂ. ആയതിനാൽത്തന്നെ KRWSA മുതലായ സർക്കാർ ഏജൻസികളിൽ കഴിവ് തെളിയിച്ച സാങ്കേതിക വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തി കുടിവെള്ള-ശുചിത്വ പദ്ധതി മേൽനോട്ട വിഭാഗം - Water Supply & Sanitation Project Monitoring Wing - ഈ വകുപ്പിൽ രൂപീകരിച്ച് കുടിവെള്ള- ശുചിത്വ പദ്ധതികൾ മികവുറ്റ രീതിയിൽ യാദാർഥ്യമാക്കേണ്ടതാണ്. ഈ വിംഗിൻറെ വിന്യാസം തദ്ദേശ സ്ഥാപന തലത്തിൽ വരെ കൊണ്ട് വരികയും തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വന്തമായി കുടിവെള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പദ്ധതികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ശുചിത്വ മേഖല കൈകാര്യം ചെയ്യുന്നതിനും ഈ വിംഗിനെ പ്രയോജനപ്പെടുത്താവുന്നതാണ്.

ഏകീകൃത തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിനെ ഒരു മികച്ച എഞ്ചിനീയറിംഗ് സർവീസ് ആക്കാനും അതിലൂടെ സർക്കാരിൻറെയും തദ്ദേശ സ്ഥാപനങ്ങളുടെയും പദ്ധതിപ്രവർത്തനങ്ങൾ മികവുറ്റതാക്കാനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ടതും സമയബന്ധിതവുമായ സേവനങ്ങൾ ഉറപ്പുവരുത്താനും ഉതകുന്നതാണ് എന്ന കാഴ്ചപ്പാടോടെ തയ്യാറാക്കിയ മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് ലെവൽ കോർഡിനേഷൻ കമ്മിറ്റിക്ക് വേണ്ടി,

കൺവീനർ

KERALA GOVERNMENT CONTRACTORS' ASSOCIATION

Reg No: A149/2002

ADMINISTRATIVE OFFICE, NEAR PUBLIC OFFICE, VIKAS BHAVAN P.O., THIRUVANANTHAPURAM

12.03.2024

സ്വീകർത്താവ്
കൺവീനർ
സാങ്കേതിക സമിതി(ചീഫ് എഞ്ചിനീയർ)
എൽ.എസ്.ജി.ഡി
സ്വരാജ് ഭവൻ, തിരുവനനന്തപുരം

സർ,

വിഷയം:- എൽ.എസ്.ജി.ഡിയിലെ സാങ്കതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

സൂചന:- അങ്ങയുടെ ഓഫീസിലെ 06.03.2024 ലെ LSGD/PD/58660/2023-BB1

1. ഏതൊരു പ്രവർത്തിയുടെയും രൂപകല്പനയും അടങ്കലും തയാറാക്കുന്നതിന് മുമ്പ് വിശദമായ സാങ്കേതിക സർവ്വേ ആവശ്യമാണ്. സർവ്വേ ഫലങ്ങളുടെയും നാട്ടറിവുകളുടെയും അടിസ്ഥാനത്തിൽ എഞ്ചിനീനീയറിംഗ് തത്വങ്ങൾക്ക് അനുസൃതമായി സാങ്കേതിക പൂർണ്ണതയോടുകൂടി തയ്യാറാക്കപ്പെടണം.

   സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥന് അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഉണ്ടായിരിക്കണം.റോഡുകൾ ഭാവിഗതാഗത തിരക്കിന്റെയും (PCU) വാഹനങ്ങളുടെ ആക്സിൽ ലോഡിന്റെയും (MSA) അടിസ്ഥാനത്തിലായിരിക്കണം രൂപകല്പന നടത്തേണ്ടത്.

   ജനപ്രതിനിധികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തീർച്ചയായും പരിഗണിക്കപ്പെടണം. എങ്കിലും അന്തിമ തീരുമാനം എഞ്ചിനീയറിംഗ് വിംഗിന്റേതായിരിക്കണം. അഞ്ചു കൊല്ലം കൊണ്ട് നടപ്പാക്കാവുന്ന മാസ്റ്റർ പ്ലാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തയ്യാറാക്കണം.

2. അസി.എഞ്ചിനീയർമാർക്കും അസി.എക്സി.എഞ്ചിനീയർന്മാർക്കും അവരുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന തൊഴിൽ സാഹചര്യമല്ല ഇപ്പോൾ ഉള്ളത്. വിവിധതരത്തിലുള്ള വർക്കും ബിൽഡിംഗ് പെർമിറ്റുകളും നിരവധി സർട്ടിഫിക്കറ്റ് നൽകലും അസി.എഞ്ചിനീയറന്മാരുടെ ജോലിയാണ്. സഹായിക്കാൻ ഒരു ടെക്നിക്കൽ സ്റ്റാഫ് അനിവാര്യമാണ്.

3. പൊതുമരാമത്ത് വകുപ്പ് മാന്വലും, എസ്.ബി.ഡി യും പരിഷ്കരിക്കുന്നതിനായി ദേശീയ സെമിനാർ സംഘടിപ്പിക്കാമെന്ന് ബഹു. പൊതുമരാമത്ത് മന്ത്രി ഉറപ്പ് നൽകിയിരുന്നു. എൽ.എസ്.ജി.ഡി വിഭാഗവും സഹകരിക്കണം. ജനപ്രതിന്ധികളുടെ ഇഷ്ടാനിഷ്ടങ്ങൾ മാത്രം കണക്കിലെടുത്ത് പ്രവർത്തികൾ ക്രമീകരിക്കുന്ന രീതി അവസാനിപ്പിക്കണം. സാങ്കേതിക പൂർണ്ണതയാണ് ആവശ്യമായിട്ടുള്ളത്. റോഡുകളുടെ വീതിയും ഉപരിതല ഘടനയും അവഗണിക്കപ്പെടുന്നു. നീളത്തിനുമാത്രമാണ് പ്രധാന്യം ലഭിക്കുന്നത്.
4. നിർവ്വഹണ നിയന്ത്രണം ഭരണസമിതിക്ക് വിട്ടുകൊടുക്കുന്നത് അഭികാമ്യമല്ല. ഭരണസമിതിയുടെ നിർദ്ദേശങ്ങൾ ആസൂത്രണത്തിന് മുഖവിലക്കെടുക്കണം. എന്നാൽ സാങ്കേതിക കാര്യങ്ങളിൽ അവർ നിയന്ത്രണം ഏറ്റെടുക്കുന്ന സ്ഥിതി അനുവദനീയമല്ല. എം.എൽ.എ മാരും എം.പി മാരും പ്രവർത്തികളുടെ നടത്തിപ്പിൽ നേരിട്ട് ഇടപെടുന്നില്ല. എൽ.എസ്.ജി.ഡിയിൽ സ്ഥിതി വ്യത്യസ്ഥമാണ്.
5. LID &EW നിയമാനുസൃതമായി പ്രവർത്തിക്കണം ബാഹ്യ സമ്മർദ്ദങ്ങൾക്ക് വിധേയമാകരുത്.
6. ഗുണമേന്മയില്ലാത്ത നിർമ്മാണ വസ്തുക്കൾ വിപണിയിൽ നിന്നും ഉൽപ്പാദന സ്രോദസ്സുകളിൽ നിന്നും പടിച്ചെടുത്ത് നടപടി സ്വീകരിക്കാൻ സംവിധാനം ഉണ്ടാകണം. ബ്ലോക്ക്- താലൂക്ക് തലങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കണം. എഞ്ചിനീയറിംഗ് വിഭാഗത്തിനും കരാറുകാർക്കും നിർമ്മാണ തൊഴിലാളികൾക്കും പരിശീലനം നൽകണം.
7. സാനിറ്റേഷൻ എഞ്ചിനീയറിംഗ് അവഗണിക്കപ്പെടുന്നു. എഞ്ചിനീയറിംഗ് സ്റ്റാഫിന് സാനിറ്റേഷൻ, പ്ലംബിംഗ് പ്രവർത്തികൾക്ക് നല്ല പരിശീലനം കൊടുക്കണം.
8. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ സാങ്കേതിക സഹായം തേടണം.
9. ദുരന്ത നിവാരണ മുന്നറിപ്പിയുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനേ ഫലപ്രദമായി നടത്തണം. ജപ്പാൻ മാതൃക സ്വീകരിക്കണം. മണൽ വാരൽ, ക്വാറിയിംഗ് തുടങ്ങിയവ പൂർണ്ണമായും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരണം.

മേൽപ്പറഞ്ഞ കാര്യങ്ങൾക്കൊപ്പം സംഘടന മുമ്പ് നൽകിയിട്ടുള്ള നിവേദനങ്ങളും ഇന്നത്തെ ചർച്ചയുടെ അടിസ്ഥാനത്തിൽ നൽകപ്പെടുന്ന നിവേദനങ്ങളും അർഹമായ പ്രാധാന്യത്തോടുകൂടി പരിഗണിക്കപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്

വർഗ്ഗീസ് കണ്ണമ്പള്ളി
സംസ്ഥാന പ്രസിഡന്റ്
ഫോ:9447115696

KERALA GOVT. CONTRACTORS FEDERATION

STATE COMMITTEE OFFICE

"Amaravathy Complex", Near Head Post Office, Kozhikode - 673 001. E-mail: kgcfsoss@gmail.com

Patron	President	General Secretary	Treasurer
MAMMED KOYA Ex. MLA	V. JOY, MLA	P.V. KRISHNAN	P. MOHANDAS
ode, Mob: 9847002412	Tvm, Mob: 9447206270	Kannur, Mob: 9447415992	Kozhikode, Mob : 984

12-03-2024
Date:.....

പ്രേഷിതൻ

ജനറൽ സെക്രട്ടറി

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ (LSGD)
LID & EW, സ്വരാജ് ഭവൻ,
നന്തൻകോട്, തിരുവനന്തപുരം.

സർ,

വിഷയം : 12-03-2024ലെ ചീഫ് എഞ്ചിനീയർ ഓഫീസിലെ മീറ്റിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ:

താഴെപ്പറയുന്ന വിഷയങ്ങൾ ചീഫ് എഞ്ചിനിയറുടെയും, ഗവണ്മെന്റിന്റെയും പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1. ടെൻഡർ ഏറ്റെടുത്ത പണികൾ റിവൈസ് ചെയ്യേണ്ടിവന്നാൽ, റിവൈസ് ചെയ്ത ആകെ തുകയ്ക്കും അധിക നിരക്ക് ബാധകമാക്കുക.
2. അധിക നിരക്ക് (Above rate)കോട്ട് ചെയ്യുന്ന വർക്കുകൾക്കും അഡീഷണൽ പി.ജി. കെട്ടിവയ്ക്കണമെന്ന് കാണിച്ച് price ൽ letter of acceptanceൽ ഉൾപ്പെടുത്തി കത്ത് വരുന്നു. ഇത് ഒഴിവാക്കണം.
3. കരാറുകാരൻ ആവശ്യപ്പെടുന്നതനുസരിച്ച് പണിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കണം. അത് പല സ്ഥലത്തും തരാൻ തയ്യാറാകുന്നില്ല.
4. Letter of acceptance, priceൽ നൽകുന്നതോടൊപ്പം കരാറുകാരന് മെസേജ് അയക്കുവാനുള്ള നടപടി സ്വീകരിക്കുക.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെറിയ പ്രവൃത്തികൾക്കുകൂടി ഇൻഷുറൻസ് ഏർപ്പെടുത്തിയ നടപടി പിൻവലിക്കുക.
6. എത്ര തുകയ്ക്കുള്ള പണികൾക്കാണ് ക്വാളിറ്റി ടെസ്റ്റ് നിർബന്ധമാക്കിയിട്ടുള്ളത്.

7. എത്ര തുകയ്ക്കുള്ള പണികൾക്കാണ് സൂപ്പർവൈസിംഗ് സർട്ടിഫിക്കറ്റ് ബാധകമാക്കിയിട്ടുള്ളത്.
8. പൊതുമാരാമത്ത് വകുപ്പിൽ പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ Morth അനുസരിച്ചാണ്. എന്നാൽ LSGDയിൽ Mord സ്പെസിഫിക്കേഷനാണ് ഉപയോഗിക്കുന്നത്. ഡബിൾ ഡ്രം പ്ലാന്റ് (Pugmill)ഉപയോഗിക്കണം എന്നുള്ള നിബന്ധന നടപ്പാക്കുന്നതോടൊപ്പം Morth സ്പെസിഫിക്കേഷൻ കൂടി നടപ്പാക്കാൻ നിർദ്ദേശിക്കണം.
9. ഇ-മെഷർമെന്റ് സംവിധാനം നടപ്പാക്കിയതോടുകൂടി ബില്ലിന്റെ ഹാർഡ് കോപ്പി സമർപ്പിക്കണമെന്നുള്ള വ്യവസ്ഥ പിൻവലിക്കണം.
10. ഒരേ പഞ്ചായത്തിൽ പൂർത്തീകരിച്ച പണികളുടെ ബിൽതുക യഥാസമയം കരാറുകാരന് നൽകാതിരിക്കുകയും അതേ കരാറുകാരൻ ഏറ്റെടുത്ത മറ്റ് പണികൾ യഥാസമയം പൂർത്തീകരിക്കാത്തതിന്റെ പേരിൽ ഫൈൻ ഈടാക്കുന്ന നടപടി പിൻവലിക്കുക.
11. LMR റേറ്റ് നിശ്ചയിക്കുന്നതിന് മുന്നോടിയായി ജില്ലയിലെ കരാർ സംഘടനാപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ച് റേറ്റ് നിശ്ചയിക്കാൻ നടപടി സ്വീകരിക്കണം.
12. ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയതോടുകൂടി, L_1 അംഗീകരിച്ചുകഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ അയാൾ എഗ്രിമെന്റ് വയ്ക്കാതിരുന്നാൽ IInd Lowest (L_2) കാരനെ പരിഗണിക്കാൻ നടപടി സ്വീകരിക്കണം.
13. ഇ-ടെൻഡറിൽ Single tender ലഭിച്ചാൽ കരാറുകാരന് ടെൻഡർ ഫാറംവിലതിരിച്ചു നൽകണം.
14. ഇ-ടെൻഡർ സംവിധാനത്തിൽ ലഭിക്കുന്ന ടെൻഡർ Single tenderആയാലും ടെൻഡർ സ്വീകരിക്കുവാൻ നടപടി ഉണ്ടാവണം.
15. Pugmill plantഉപയോഗിക്കണമെന്ന നിബന്ധന നടപ്പിലാക്കിയതോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾക്ക് കുറഞ്ഞത് 500 മീറ്റർ നീളമെങ്കിലും ഉൾപ്പെടുത്തി പണി നടപ്പാക്കണം.
16. നിലവിലെ വ്യവസ്ഥ പ്രകാരം 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്കുള്ള പണിക്ക് EMD ആയി എത്ര രൂപയാണ് കെട്ടിവയ്ക്കേണ്ടത്.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

അനുബന്ധം 5:

വിവിധ സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ

G.O.(Rt)No.1722/2023/LSGD

GOVERNMENT OF KERALA

Abstract

Local Self Government Department - LID&EW - Constituting a Technical Committee to look into the issues of Engineers - Orders Issued.

LOCAL SELF GOVERNMENT (EWB) DEPARTMENT

G.O.(Rt)No.1722/2023/LSGD Dated,Thiruvananthapuram, 23-08-2023

ORDER

It has been brought to the attention of Govt that various issues ie, administrative, systemic,technical etc have been languishing the engineering set up of the LSG Department which affects the professional nature of the Department badly . It has therefore decided to identify those elements detrimental to the present needs and to extract the measures to be resorted to in future so as to equip and empower the engineering structure of the Department in line with the modern technical patterns required to be followed in the new integrated Department . Government is therefore pleased to constitute a Technical Committee comprising the following as its members to look into the administrative,technical and systemic issues being faced by the engineering personnel of the Department and to suggest specific recommendations thereon.

Sl No.	Name and Residential address	
1.	Sri.Sundaran, Retd. Chief Engineer,LSGD *Panolil House, Marykunnu Post, Kozhikode-673012*	Chairman
2.	Sri.Anwar Hussain, Rtd.Superintending Engineer ,LSGD *TC 10/980(2), MRA 107 B, Mannamoola,*	Member

G.O.(Rt)No.1722/2023/LSGD

	Peroorkada P.O., Thiruvananthapuram-695005	
3.	Dr. Shylaja Nair, Retd Professor, Engg. College *'Visala', Pacheri Hills, Pananvila Road, Powdikonam-695588*	Member
4.	Sri. Padmakumar R.D., Retd Deputy Chief Engineer, HUDCO *'Geeth', Pacheri Hills, Pananvila Road, Powdikonam-695588*	Member
5.	Dr.Binoy. J. Kattadiyil , Director, CMD *Kattadiyil,No.I, Skyline Royale, Panampilly Nagar, Ernakulam-682036*	Member

Sri.Sandeep K G, Chief Engineer, LSGD, Thiruvananthapuram and Smt. Beena.A, Deputy Chief Engineer ,Office of the Chief Engineer, LSGD, Thiruvananthapuram will act as the Convenor and Joint Convenor of the Committee respectively. They will assist the Committee with any data or information as required by them.

Areas to be examined/looked into by the Committee are given below.

1. Streamlining DPR preparations and issue of TS so that timeliness is ensured

   - role of technical personnel project identification and determining technical solutions, developing DPRs and SOPs touching on technical aspects.

   - Assimilation with larger project including managerial, system specific and developmental interventions.

2. Optimisation of output of the Engineering wing - system improvements needed.

3. Customisation of Manual to the current environment and

...o.1722/2023/LSGD

challenges faced in local works - including changes to be brought to PRICE-3 Software to accommodate the challenges faced in undertaking micro works

4. Role clarity. between technical and administrative wings, particularly the Secretary ULB and the Engineering wing; the nature of delegation and inter se responsibility; the interface with the elected body and its committees.
5. Nature of control, technical and administrative that need to be exercised within the framework of the Principal Directorate.
6. Quality management - the challenge in the existing system, the changes that can be brought about including the CCPs (Certified Construction Professionals) and new technology and processes, suggestions on technical quality auditing.
7. The significant role in waste management needs to be highlighted. As the same generally being considered as public health wing's responsibility, the system and infrastructure of the Department have to be mobilized as much to be desired.
8. The inability to complete electrical works is a major cause of delay.How the delay can be circumvented may be explored.
9. Water and other natural resource management especially in the wake of Jaljeevan, disaster management plants,localized climate action needs are also specialized areas of technical expertise which the local engineering division has to provide.How best this can be ensured may also be proposed.

(By order of the Governor)
BIJUKUTTAN.M.S
ADDITIONAL SECRETARY

To:

1.The Principal Director, LSGD, Thiruvananthapuram
2.All Members (through the Principal Director, LSGD)
3.Sri.Sandeep K.G., Chief Engineer, LSGD, Thiruvananthapuram
4.Smt. Beena.A, Deputy Chief Engineer ,Office of the Chief Engineer, LSGD, Thiruvananthapuram

Office of the Chief Engineer
LSGD, Thiruvananthapuram
10/10/14

CE	
DCE	
EE	
AEE	
AA	
JS	

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - അനാഥാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ) വകുപ്പ്

സ.ഉ. (സാധ) നം.2573/2014/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 01-10-2014.

പരാമർശം: തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23-06-2014-ലെ ഡി.ബി.6/11914/13/സി.ഇ./തസ്വഭവ നമ്പർ കത്ത്

ഉത്തരവ്

ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നിർദ്ദേശങ്ങളും നടപടികളും തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്. വേണുഗോപാലൻ നായർ,
ഗവ. ഡെപ്യൂട്ടി സെക്രട്ടറി.

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗത്തിന്)
2. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ് & ഭരണം) തിരുവനന്തപുരം.
3. മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം.
4. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (എല്ലാ നഗരസഭ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും)
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാർക്കും)
6. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
8. പൊതുമരാമത്ത് വകുപ്പ്.
9. സാമൂഹ്യ നീതി വകുപ്പ്.
10. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സ്വാധ്രവാം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഗ്രാമ പഞ്ചായത്തുകൾ ക്ലർക്കിന്റെ സേവനം വിട്ടുനൽകുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് - ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം. 3225/2009/തസ്വഭവ. തിരുവനന്തപുരം, തീയതി, 05.12.2009.

പരാമർശം:- 1) 18.03.2009 ലെ സഉ(സാ) നമ്പർ 676/09/ തസ്വഭവ.
2) 25.04.2009 ലെ തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ E4/2570/ 06/CE/LSGD നമ്പർ കത്ത്.
3) 14.10.2009 ലെ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 2.6 നമ്പർ തീരുമാനം.

ഉത്തരവ്

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനത്തിന് അാവശ്യമായ ക്ലർക്കുമാരുടെ സേവനം ലഭ്യമാക്കണമെന്ന സർക്കാരിന്റെ നിരന്തരമായ നിർദ്ദേശമുണ്ടായിട്ടും മിക്ക പഞ്ചായത്തുകളും ക്ലറിക്കൽ ജീവനക്കാരുടെ സേവനം എഞ്ചിനീയറിംഗ് വിഭാഗത്തിന് ലഭ്യമാക്കുന്നില്ലായെന്ന് പരാമർശം മൂന്നിലെ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശം മൂന്നിലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓരോ ഗ്രാമ പഞ്ചായത്തും തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് സേവനം നൽകേണ്ട ക്ലർക്കുമാരെ നിശ്ചയിച്ച് ടി ആളുകളുടെ പേരുകൾ സഹിതം പഞ്ചായത്ത് ഡയറക്ടർ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ഈ രീതിയിൽ ചുമതല നൽകുന്ന ഉദ്യോഗസ്ഥന് സ്ഥലംമാറ്റം ഉണ്ടാകുകയോ ഉദ്യോഗക്കയറ്റം ലഭിക്കുകയോ ചെയ്യുന്ന അവസരത്തിൽ പകരം നിയമിതനാകുന്ന ഉദ്യോഗസ്ഥനായിരിക്കണം തുടർ ചുമതല വഹിക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ.എസ്സ്സതീഷ് ചന്ദ്രൻ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
കമ്മ്യൂണിറ്റി ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.



കേരള സർക്കാർ
തദ്ദേശസ്വയംഭരണ (ഇഡബ്ലിയു) വകുപ്പ്.

സർക്കുലർ

നം.42448/ഇഡബ്ലിയു3/11/ തസ്വഭവ. തീയതി, തിരുവനന്തപുരം, 12.09.2011.

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്– എഞ്ചിനിയറിംഗ് വിംഗ് - എഞ്ചിനിയർമാരുടെ മേൽനോട്ടം ഇല്ലാതെ ചെയ്യുന്ന നിർമ്മാണ പ്രവൃത്തികൾ - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്.

സൂചന: തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 05.08.2011 ലെ ഡി.ബി-4/6142/11/CE/ത.സ്വ.ഭ.വ (1)നമ്പർ കത്ത്.

സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾക്ക് ആദ്യതവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ആയി 1.25% തുക ഈടാക്കുന്നുണ്ട്. ഈ തുക ഈടാക്കിയില്ലായെങ്കിൽ സർക്കാരിലേക്ക് റവന്യൂ നഷ്ടമായി കണക്കാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിന് അക്കൌണ്ടന്റ് ജനറൽ ആഡിറ്റ് നടത്തുമ്പോൾ നിർദ്ദേശം നൽകാറുണ്ട്. സൂപ്പർവിഷൻ നടത്താതെ സൂപ്പർവിഷൻ ചാർജ് നൽകുന്നതിന് സ്കൂളിന്റെ ഉടമസ്ഥരിൽ നിന്നും വൈമനസ്യം ഉണ്ടാകാറുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ ഉദ്ദേശം തന്നെ കെട്ടിടത്തിന്റെ തുടക്കം മുതലുള്ള നിർമ്മാണ പ്രവൃത്തികൾ നിയമപ്രകാരമുള്ള അംഗീകൃത ഗുണനിലവാരത്തിനും കോഡുകൾക്കും അനുസൃതമായി ബലവത്തും ഈടുറ്റതും ആയുള്ള നിർമ്മിതിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നതിന് വേണ്ടിയാണ്. എന്നാൽ പല കെട്ടിടങ്ങളും നിർമ്മിക്കുന്നത് അറിവുള്ള എഞ്ചിനിയർമാരുടേയോ സൂപ്പർവൈസർമാരുടെയോ മേൽനോട്ടത്തിലല്ല. കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ചില മേസ്തിരിമാരാണ് പല കെട്ടിടങ്ങളും നിർമ്മിക്കാറുള്ളത്. ഇത്തരം കെട്ടിടങ്ങൾക്ക് ആത്മവിശ്വാസത്തോടെ ഫിറ്റ്നസ് കൊടുക്കാൻ ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ലായെന്ന് എക്സിക്യൂട്ടീവ് എഞ്ചിനിയർമാരുടെ യോഗത്തിൽ പൊതു അഭിപ്രായമായി ഉയരുകയുണ്ടായി. മാത്രമല്ല നിർഭാഗ്യവശാൽ എന്തെങ്കിലും അപകടങ്ങൾ സംഭവിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ഫിറ്റ്നസ് കൊടുത്ത ഉദ്യോഗസ്ഥർക്കായിരിക്കും.

മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേമായിരിക്കണം.
2. കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് പ്ലാൻ, എസ്റ്റിമേറ്റ് , structural drawing , soil investigation details എന്നിവ പരിശോധനയ്ക്ക് നൽകിയിരിക്കണം.
3. എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമേ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
4. സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്. (G.O(Rt)No.1304/74/PWD dated, 11.11.1974).
5. ഫിറ്റ്നസ് ആവശ്യമായി വരുന്ന എല്ലാ പ്രവൃത്തികളും രൂപകല്പന മുതൽ പൂർത്തീകരണം വരെയുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാരുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവ്വഹിക്കേണ്ടതാണ്

രാജേഷ് കുമാർ സിംഗ്
സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(പകർപ്പ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.)

ഡയറക്ടർ , പബ്ലിക് ഇൻസ്ട്രക്ഷൻസ്.
പൊതു വിദ്യഭ്യാസ വകുപ്പ്
